**ധനകാര്യം**

## 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി.സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്ക് വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക റവന്യൂ (രൂപ) | മൂലധനം (രൂപ) | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXXVII | വ്യവസായങ്ങൾ | 147,25,97,000 | 194,97,33,000 | 294,51,93,000 | 389,94,68,000 | 684,46,61,000 |
| I | സംസ്ഥാന നിയമസഭ | 29,38,55,000 | - | 58,77,09,000 | - | 58,77,09,000 |
| IV | തെരഞ്ഞെടുപ്പുകൾ | 37,41,49,000 | - | 74,82,98,000 | - | 74,82,98,000 |
| X | ട്രഷറികളും അക്കൗണ്ടുകളും | 79,34,55,000 | - | 158,69,11,000 | - | 158,69,11,000 |
| XVI | പെൻഷനും പലവകയും | 6070,97,01,000 | -- | 12141,94,02,000 | - | 12141,94,02,000 |
| XXIII | വാർത്താവിതരണവും പ്രചരണവും | 23,51,06,000 | 4,15,01,000 | 47,02,13,000 | 8,30,01,000 | 55,32,14,000 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 46,97,60,000 | 696,29,36,000 | 93,95,20,000 | 1392,58,71,000 | 1486,53,91,000 |

| | | | | | | |
|---|---|---|---|---|---|---|
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2164,34,98,000 | - | 4328,69,95,000 | - | 4328,69,95,000 |
| XLV | പലവക വായ്പകളും മുൻകൂറുകളും | - | 73,60,21,000 | - | 147,20,43,000 | 147,20,43,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല

ഡോ. കെ. ടി. ജലീൽ: സർ, ഇല്ലാത്ത ബഡ്ജറ്റിന്മേലുള്ള വേണ്ടാത്ത ചർച്ചയെ

ഞാൻ ശക്തമായി എതിർക്കുന്നു. ഈ സഭയിൽ ഇന്ന് ഞാൻ പ്രസംഗിക്കണമെന്ന് ഉദ്ദേശിച്ചതല്ല. പക്ഷെ വ്യക്തിനിഷ്ഠമായ ചില ആക്ഷേപങ്ങൾ ഇന്നലെ എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി പറഞ്ഞതുകൊണ്ടുമാത്രമാണ് ഇന്ന് ഞാൻ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്നത്. ബഹുമാന്യനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇന്ന് മറുപടി പറയാൻ ബാധ്യസ്ഥനാണ് എന്നുള്ളതുകൊണ്ട് എന്റെ ചില ചോദ്യങ്ങൾക്ക് മറുപടി പറയും എന്നും ഞാൻ കരുതുന്നു. എന്നെക്കുറിച്ച് ശ്രീ. കെ. എം. ഷാജി പറഞ്ഞത് ജമാ അത്തെ ഇസ്ലാമിയിൽ ജനിക്കുകയും സിമിയിൽ പ്രവർത്തിക്കുകയും ചെയ്തയാൾ എന്നാണ്. അങ്ങനെയൊരാളെയാണോ മുസ്ലീംലീഗ് മുസ്ലീംയൂത്ത് ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയാക്കി ഉയർത്തിയത്; അത്തരക്കാരനായ ഒരാളെയാണോ മുസ്ലീംലീഗ് മുസ്ലീംയൂത്ത് ലീഗിന്റെ അഖിലേന്ത്യാ കൺവീനറാക്കിയത്; അത്തരക്കാരനായിട്ടുള്ള ഒരു വ്യക്തിയെയാണോ മുസ്ലീംലീഗ് പ്രഥമ ജില്ലാ കൗൺസിലിലേയ്ക്ക് അവരുടെ ഔദ്യോഗിക സ്ഥാനാർത്ഥിയായി നിർത്തി ജയിപ്പിച്ചത്; അങ്ങനെയുള്ളൊരാളെയാണോ മുസ്ലീംലീഗ് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനാക്കിയത്? ജമാ അത്തെ ഇസ്ലാമിയിൽ ജനിക്കുകയും സിമിയിൽ പ്രവർത്തിക്കുകയും ചെയ്ത ഒരാളെ കേരളത്തിന്റെ പൊതുരാഷ്ട്രീയ മണ്ഡലത്തിലേയ്ക്ക് സംഭാവന ചെയ്യുന്ന പൊളിറ്റിക്കൽ

ഏജന്റിന്റെ പണിയാണോ മുസ്ലീംലീഗ് കൈക്കൊണ്ടത്? എനിക്ക് ചാർത്തിയ ആ പട്ടം ശ്രീ. എം. പി. അബ്ദു സമദ് സമദാനിക്കും ചേരും. മുസ്ലീംലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയാണ് ശ്രീ. എം. പി. അബ്ദു സമദ് സമദാനി. അദ്ദേഹം ജമാ അത്തെയിൽ ജനിക്കുകയും സിമിയിൽ പ്രവർത്തിക്കുകയും ചെയ്തു. ഞങ്ങൾ രണ്ടുപേരും അന്ന് ബാൻഡ് ഓർഗനൈസേഷനിൽ അല്ല പ്രവർത്തിച്ചത്. നിയമാനുസൃതം നാട്ടിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയിലാണ്. പക്ഷെ അതിന്റെ വീക്ഷണങ്ങളോട് ഞങ്ങൾക്ക് വിയോജിപ്പ് തോന്നിയപ്പോൾ ഞങ്ങൾ പടിയിറങ്ങിപ്പോന്നു. മതനിരപേക്ഷതയുടെ വഴി ഞങ്ങൾ സ്വീകരിച്ചു. ആ അബ്ദു സമദ് സമദാനി മുസ്ലീംലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയായിരിക്കുന്നു. ഫറൂഖ് കോളേജിന്റെ ചെയർമാനായി ശ്രീ. എം. പി. അബ്ദു സമദ് സമദാനി മത്സരിച്ച് ജയിച്ചത് സിമിയുടെ ബാനറിലാണ് എന്നുകൂടി നിങ്ങളോർക്കണം. ഇന്ന് മുസ്ലീംലീഗിന്റെ മതനിരപേക്ഷതയുടെയും മതസൗഹാർദ്ദത്തിന്റെയും മുഖമാണ് ശ്രീ. എം. പി. അബ്ദു സമദ് സമദാനി. ഇന്നലെ ശ്രീ. കെ. എം. ഷാജി ഇതു പറഞ്ഞപ്പോൾ കയ്യടിച്ച കോൺഗ്രസ്സിന്റെ മെമ്പർമാർ സമദാനിയുടെ ഒരു ഡേറ്റ് കിട്ടാൻ അദ്ദേഹത്തിന്റെ മതനിരപേക്ഷവാദപ്രസംഗം ഒന്നുതന്റെ മണ്ഡലത്തിൽ കേൾപ്പിക്കാൻ അദ്ദേഹത്തിന്റെകൂടെ എത്ര നടന്നിട്ടുണ്ട്. ആ സമദാനിക്കും

അങ്ങനെയൊരു ഭൂതകാലമുണ്ടായിരുന്നു എന്നു നിങ്ങൾ മറക്കരുത്, തീർച്ചയായും കോൺഗ്രസുകാരിൽ പലരും ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെടെ. ഞാൻ ചോദിക്കുന്നു, ജമാ അത്തെ ഇസ്ലാമിയിൽ ജനിക്കുകയും സിമിയിൽ പ്രവർത്തിക്കുകയും ചെയ്തു എന്നുള്ളതുകൊണ്ടാണോ എന്നെ മുസ്ലീം ലീഗിൽനിന്നും പുറത്താക്കിയത്. ആ കാരണംകൊണ്ട് എന്നെ പുറത്താക്കിയെങ്കിൽ ശ്രീ. എം. പി. അബ്ദു സമദ് സമദാനിയേയും നിങ്ങൾ പാർട്ടിയിൽനിന്ന് പുറത്താക്കണ്ടേ? നാലുകാരണങ്ങളായിരുന്നു എന്നെ ലീഗിൽനിന്ന് പുറത്താക്കാൻ അന്നത്തെ ലീഗിന്റെ സംസ്ഥാന കമ്മിറ്റി തീരുമാനിക്കുന്നതിന് ആധാരമായത്. കരിമണൽ ഖനനം സ്വകാര്യ മേഖലയിൽ പാടില്ല, അത് സർക്കാരിന്റെ നിയന്ത്രണത്തിലാകണമെന്ന് ഞാൻ പറഞ്ഞു. എക്സ്പ്രസ് ഹൈവേ യാഥാർത്ഥ്യമാക്കുമ്പോൾ ബഹിഷ്കൃതരാക്കപ്പെടുന്ന ആളുകൾക്ക് വേണ്ട നഷ്ടപരിഹാരം നൽകണം, അവരെ പുനരധിവസിപ്പിക്കണം എന്ന് ഞാൻ ആവശ്യപ്പെട്ടു. മുസ്ലീംലീഗ് ഗുജറാത്തിലെ കലാപബാധിതർക്കുവേണ്ടി പിരിച്ച ഫണ്ട് കൊടുക്കാതെ നീട്ടിക്കൊണ്ടുപോയപ്പോൾ ഞാൻ അതിനെ സംസ്ഥാന ലീഗിന്റെ കമ്മിറ്റിയിൽ ചോദ്യം ചെയ്തു. സുനാമി ഫണ്ട് സ്വരൂപിച്ചിട്ട് സമയബന്ധിതമായി അത് നൽകാതെ വന്നപ്പോൾ ഞാൻ ലീഗിന്റെ സംസ്ഥാന കമ്മിറ്റിയിൽ

അതിനെക്കുറിച്ച് ചോദിച്ചു. ഈ നാലു കാര്യങ്ങളായിരുന്നു എന്നെ മുസ്ലീംലീഗിൽനിന്ന് പുറത്താക്കുന്നതിന് അടിസ്ഥാനമായത്. സിമിയുടെ മുൻസംസ്ഥാന പ്രസിഡന്റ് ഫസലുള്ളയെ മുസ്ലീംലീഗ് അരീക്കോട് പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാൻ പദവിയിലിരുത്തിയിരിക്കുന്നു. അങ്ങ് പുറത്താക്കുമോ? ജമാ അത്തെ ഇസ്ലാമിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന ഹമീദ് വാണിമേലിനെ ചന്ദ്രികയുടെ ഡയറക്ടർ ഗൾഫിലെ കോ-ഓർഡിനേറ്ററാക്കി മുസ്ലീംലീഗ് വലിയ പദവി നൽകി ആദരിച്ചില്ലേ. അദ്ദേഹത്തെ നിങ്ങൾ മാറ്റുമോ? എന്തിനാണ് ചെയ്യാൻ പറ്റാത്തത് നിങ്ങൾ ചെയ്യുമെന്ന് വീമ്പിളക്കുന്നത്. ജമാ അത്തെ ഇസ്ലാമിയുടെ വോട്ട് ഞങ്ങൾക്കുവേണ്ട, മാധ്യമത്തിന്റെ പിന്തുണ ഞങ്ങൾക്ക് വേണ്ട, മീഡിയ വണ്ണിന്റെ ഒരു സപ്പോർട്ടും ഞങ്ങൾക്കുവേണ്ടയെന്ന ശ്രീ. ഷാജിയുടെ വാദത്തെ പിന്തുണച്ചുകൊണ്ട് ഈ സഭയിൽ പറയാൻ അങ്ങേയ്ക്ക് കഴിയുമോ? ശ്രീ. ഷാജി നിലവിളക്ക് കൊളുത്തും അത് എന്റെ വിശ്വാസത്തിന്റെ ഭാഗമായിട്ട് ഞാൻ കരുതുന്നില്ലെന്ന് പറഞ്ഞു. ലീഗിന്റെ ഔദ്യോഗികമായ നിലപാട് എന്താണ്? അങ്ങയെപ്പോലും വർഗ്ഗീയവാദിയാക്കുകയായിരുന്നു ശ്രീ. ഷാജി. മുസ്ലീംലീഗിൽ ഞാൻ മാത്രമാണ് മതേതരവാദി. നിലവിളക്ക് കൊളുത്താത്ത ശ്രീ. കുഞ്ഞാലിക്കുട്ടിയും ലീഗിലെ എം.എൽ.എ-മാരും മോശക്കാരാണെന്ന് പറയാതെ

പറയുകയായിരുന്നു അദ്ദേഹം. അത് അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. ഞാൻ സി.പി.എം-ൽ നോക്കുകൂലി വാങ്ങുകയാണത്രേ, എങ്കിൽ ശ്രീ. മഞ്ഞളാംകുഴി അലി ലീഗിൽ വാങ്ങുന്നത് ഏത് കൂലിയാണെന്ന് വ്യക്തമാക്കണം. ശ്രീ. കെ.എൻ.എ. ഖാദർ എന്തുകൂലിയാണ് ലീഗിൽ വാങ്ങുന്നതെന്ന് പറയണം. ശ്രീ. ആർ. സെൽവരാജും ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയും കോൺഗ്രസ്സിൽ വാങ്ങുന്നത് ഏത് കൂലിയാണെന്ന് വ്യക്തമാക്കണം. അവരൊക്കെ വാങ്ങുന്ന കൂലിയേ ഞാനും വാങ്ങുന്നുള്ളൂവെന്ന് വ്യക്തമാക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്നും സഭയിൽ വന്നു പറയാം എന്നു വരുകിൽ അതിന് ഉത്തരം പറയാൻ മുസ്ലീംലീഗിന്റെ നിയമസഭാ പാർട്ടി ലീഡർ ബാദ്ധ്യസ്ഥനാണ്. അതിന് അദ്ദേഹം തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ജമാ അത്തെ ഇസ്ലാമിയുടെ അനൗദ്യോഗിക വിദ്യാർത്ഥി സംഘടനയായിരുന്ന ഐ.എഫ്.എൽ.-മായി ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി സാഹിബേ, അങ്ങ് ഫറൂക് കോളേജിൽ പ്രീഡിഗ്രിക്കു പഠിക്കുന്ന സമയത്ത് സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ടല്ലോ, ഇല്ലേ, വെറുതേ പറയുകയാണ്, തെളിവ് ഞാൻ കൊണ്ടുവരാം. അടുത്ത സഭാസമ്മേളനത്തിൽ, പ്രബോധനത്തിൽ അങ്ങയുടെ ഫോട്ടോ പതിച്ച് വന്നിട്ടുള്ള സചിത്ര ലേഖനത്തിന്റെ കോപ്പി ഞാൻ ഇവിടെ ഹാജരാക്കാം. നമ്മൾ നിലപാട്

മാറ്റി മതാന്ധതയുടെ നിലപാടിൽ നിന്ന് മതനിരപേക്ഷതയുടെ നിലപാടിലേയ്ക്കാണ് ശ്രീ. സമദാനിയും ഞാനും കടന്നുവന്നത്. ഞങ്ങളുടെ വാക്കോ നോക്കോ പ്രവൃത്തിയോ കേരളത്തിൽ മതസാമുദായിക ധ്രുവീകരണമുണ്ടാക്കിയിട്ടില്ല. കോൺഗ്രസ്സിന്റെ കഴുത്തിന് കത്തി വച്ച് അഞ്ചാം മന്ത്രിസ്ഥാനം വാങ്ങി ഇവിടെ സാമുദായിക ധ്രുവീകരണം ഉണ്ടാക്കിയത് ഞാനോ സമദാനിയോ അല്ലല്ലോ, ഗംഗ എന്ന പേരിട്ട വീട്ടിൽ താമസിച്ചാൽ എന്റെ വിശ്വാസം പൊളിഞ്ഞുപോകുമെന്ന് പ്രഖ്യാപിച്ച് തന്റെ വീടിന്റെ പേരുമാറ്റിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കസേരയിൽ ഞാനോ സമദാനിയോ അല്ലല്ലോ ഇരുന്നത്. ഇങ്ങനെ എന്തൊക്കെ കാര്യങ്ങൾ........

<u>മി. സ്പീക്കർ</u>: യെസ്, പ്ലീസ് കൺക്ലൂഡ്

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ബഹുമാന്യനായ മുനീർ സാഹിബു പോലും പഞ്ചായത്തുകൾ വിഭജിച്ചപ്പോൾ സാമുദായികാടിസ്ഥാനത്തിൽ വിഭജിച്ചു. ഉത്തരേന്ത്യയിലെപോലെ ഹിന്ദു ഗല്ലികളും മുസ്ലീം ഗല്ലികളുമുണ്ടാക്കിയപോലെ ഹിന്ദു പഞ്ചായത്തും മുസ്ലീം പഞ്ചായത്തുമുണ്ടാക്കി. ഞങ്ങൾ അല്ലല്ലോ അത് ചെയ്തത്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്

<u>ഡോ. കെ. ടി. ജലീൽ</u>: മതനിരപേക്ഷതയുടെ വഴി സ്വീകരിക്കുന്നവരെ അപകീർത്തിപ്പെടുത്തുവാൻ വേണ്ടി നടത്തുന്ന ശ്രമങ്ങൾ ഈ സഭാ അംഗങ്ങൾ

വേണ്ടതുപോലെ തന്നെ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ പറയുന്നവർ .....(മൈക്ക് ഓഫ്.....) വിശുദ്ധ ഖുറാനിലെ ഒരു വചനമുണ്ട്. ഞാൻ അത് കുഞ്ഞാലിക്കുട്ടി സാഹിബിനെ ഓർമ്മിപ്പിക്കുന്നു, 'ലി മത്തകൂലൂന മലതബ്ഹയൂൻ കബറമക്കത്തൻ' ....(മൈക്ക് ഓഫ്.....) നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ ... അതുപോലെ തന്നെ ഹമീദ് വാണിമേലിനെ പുറത്താക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ ...(മൈക്ക് ഓഫ്.....) നിങ്ങൾ ഇവിടെ പറഞ്ഞതും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു തന്നെയാണ് നാമോരോരുത്തരും മനസ്സിലാക്കേണ്ടത്. രാജ്യത്തെ വിഭജിച്ച ...(മൈക്ക് ഓഫ്.....) ഈ ധനാഭ്യർഥനയെ എതിർക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, വളരെ കൃത്യമായി സാമുദായികാടിസ്ഥാനത്തിൽ പഞ്ചായത്തുകളുണ്ടാക്കിയിട്ടില്ല എന്നു വ്യക്തമാക്കിയശേഷവും എന്റെ പേരിൽ 53-ാമത്തെ വയസ്സുവരെ മതേതരത്വത്തിൽ നിന്ന് വ്യതിചലിക്കാത്ത എനിക്ക് മതേതരത്വം ജലീലിൽ നിന്നു പഠിക്കേണ്ട ഗതികേടില്ലെന്നു സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇല്ലാത്ത പരാമർശം രേഖയിലുണ്ടാവാൻ പാടില്ല. ഞാൻ അത് ഇവിടെ നിഷേധിച്ചതാണ്. 307 അനുസരിച്ച് അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: ചെയർ അത് പരിശോധിക്കും.

<u>ശ്രീ. എം. പി. വിൻസെന്റ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. ഒരു സത്യം പറഞ്ഞപ്പോൾ ഇത്രമാത്രം വേദനിക്കേണ്ട അവസ്ഥ ഡോ. കെ. ടി. ജലീലിനുണ്ടായതിൽ വലിയ വിഷമമുണ്ട്. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്നപോലെ ഈ വലിയ വാശി ഇത്ര വേണോ. ചേച്ചിയെ കല്യാണം കഴിക്കാൻ പോയി അനിയത്തിയെ കെട്ടിയപോലെയാണ് ഇന്ന് വ്യവസായ വകുപ്പിന്റെ ചർച്ചയിൽ സ്വന്തം ആരോപണത്തിന് മറുപടി പറഞ്ഞത് എന്ന കാര്യം മറക്കേണ്ട. എന്നെ സംബന്ധിച്ചിടത്തോളം അത്തരം തർക്കത്തിന് ഞാൻ ഇല്ല. ഒരു ബഡ്ജറ്റ് അവതരിപ്പിച്ചോ അത് ഇല്ലാത്തതാണോ എന്നൊക്കെ പറഞ്ഞ് ഈ സഭയിൽ അവർ പ്രസംഗിക്കുമ്പോൾ ഓരോ മാസവും കൈ വെള്ളത്തിൽ മുക്കി പൈസയും വാങ്ങി പുറകോട്ട് പോകുന്ന ഈ കേമൻമാർ എങ്ങനെയാണ് ബഡ്ജറ്റില്ലായെന്ന് സ്ഥാപിക്കുന്നത്. ബഡ്ജറ്റിന്റെ ചർച്ചയിൽ അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ലോകം മുഴുവൻ കണ്ടതാണ്. വ്യവസായ മേഖല വളരെയധികം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മേഖലയാണ്. ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിന്റെ പ്രതീക്ഷ അല്ലെങ്കിൽ വളർച്ച അതിന്റെ സാമ്പത്തിക രംഗമാണ്. ആ സാമ്പത്തിക രംഗം നല്ല രീതിയിൽ

വരണമെങ്കിൽ അതിന് ഉപോൽബലകമായി നിൽക്കുന്നത് വ്യാവസായിക മേഖലയാണ്. ആ വ്യാവസായിക മേഖലയെ ഏറ്റവും നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് കഴിഞ്ഞുവെന്നത് വളരെയേറെ സന്തോഷത്തോടെ ഈ ലോകം മുഴുവൻ അംഗീകരിക്കുന്ന വിഷയമാണ്. ഇവിടെ വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ 582.2 കോടി രൂപ വകയിരുത്തിയ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും ഞങ്ങൾ പിന്തുണയ്ക്കുകയാണ്. ഇന്ത്യാ രാജ്യത്ത് കേരളത്തിന്റെ വിസ്തൃതി 1.18 ശതമാനമാണ്. കേരളത്തിൽ വ്യവസായമേഖല വളർത്തിയെടുക്കണമെങ്കിൽ അതിന് വളരെയേറെ കാര്യങ്ങൾ തരണം ചെയ്തുമുന്നോട്ട് പോകേണ്ടതുണ്ട്. വ്യാവസായിക പ്രവർത്തനങ്ങൾ നടത്തുമ്പോൾ പാരിസ്ഥിതിക പ്രശ്നങ്ങളും പാരിസ്ഥിതിക സൗഹാർദ്ദ പ്രശ്നങ്ങളും മലിനീകരണ പ്രശ്നങ്ങളും നോക്കണം. ഇത്തരം കാര്യങ്ങൾ നോക്കിക്കൊണ്ട് ഭംഗിയായി അടുക്കും ചിട്ടയുമുള്ള ഒരു വ്യവസായ നയം രൂപീകരിച്ച് കേരളത്തെ വ്യാവസായികമായി മുന്നോട്ടുകൊണ്ടുവരാൻ ശ്രമിക്കുമ്പോൾ അതിനെ തടയുന്ന സമീപനമാണ് പ്രതിപക്ഷം ചെയ്യുന്നതെന്ന സത്യം ഇവിടെ പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഏത് വിഷയം വന്നാലും അതിനെ പുറംതിരിഞ്ഞുനിന്ന്

എതിർക്കുക മാത്രമല്ല, നല്ലവശംവരുമ്പോൾ അതിനെ പിന്തുണയ്ക്കാനും കേരളത്തിലെ ജനങ്ങൾക്ക് സഹായകരമായ നിലപാടാക്കി മാറ്റാനും ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. ഇന്ന് നമ്മൾ ഭാഷാപരമായും ആദർശപരമായും സാംസ്കാരികപരമായും വളരെ മുന്നിൽ നിൽക്കുന്നു. എല്ലാ അർത്ഥത്തിലും കേരളം മുന്നിൽ നിൽക്കുന്നു. പക്ഷെ തമിഴ്നാടിനെയും കർണ്ണാടകയേയും മറ്റും പരിശോധിക്കുമ്പോൾ അവിടെ യോജിച്ചു നിന്നു പ്രവർത്തിക്കുന്നതിന്റെ ഫലമായി വലിയ കുതിച്ചുചാട്ടമാണ് വ്യാവസായികരംഗത്ത് വരുന്നത്. ഇവിടെ ഒരു വ്യവസായം ആരംഭിച്ചാൽ വളരെ വൈകാതെ വ്യവസായ സ്ഥാപനത്തിനുമുന്നിൽ തന്നെ കൊടി കുത്തുകയും സമരങ്ങളും ഹർത്താലുകളുമായി വ്യവസായരംഗത്തെ പിടിച്ചുലയ്ക്കുന്ന വലിയ പ്രശ്നങ്ങൾ ഈ നാട്ടിലുണ്ടാകുമ്പോൾ  അത്തരം കാര്യങ്ങൾക്ക് മറുപടി നൽകാൻ കേരളത്തിന്റെ രാഷ്ട്രീയവും ജാതിയും മതവും മാറ്റിവച്ചുകൊണ്ട് നാടിന്റെ വ്യാവസായിക രംഗം വളർത്തിയെടുക്കാൻ ശ്രമിക്കേണ്ട സമയത്ത് രാഷ്ട്രീയം മാത്രമായി സ്വാതന്ത്ര്യത്തിന്റെ ഉച്ചഗതിയിൽ നിന്ന് എന്തും നടത്താവുന്നതായി കേരളം മാറിപ്പോകുന്നു. മാറി പോകുന്ന കേരളത്തെ, നാടിന്റെ രക്ഷയ്ക്കായി; സംസ്ഥാനത്തിന്റെ വികസനത്തിനായി ഒരുമിച്ച് കൊണ്ടുവരാൻ പ്രിയങ്കരനായ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അതീവ ശ്രദ്ധയോടെ മുന്നോട്ടുപോകുന്ന,

അതിന്റെ ഫലമാണ് അരുവിക്കര തെരഞ്ഞെടുപ്പിലുണ്ടായിട്ടുള്ളത്. അനാവശ്യമായ സമരങ്ങൾക്കും ഇല്ലാത്ത കുപ്രചരണങ്ങൾക്കും മറുപടി കൊടുത്തുകൊണ്ട് ജനങ്ങൾ ശബരീനാഥനെ ഇവിടെ വിജയിപ്പിച്ചുകൊണ്ടുവന്നു. എന്തെല്ലാം കഥകൾ പറഞ്ഞു, ഏതെല്ലാം പാട്ടുകൾ പാടി. ആ പാട്ടുകളും കഥകളും അസ്ഥാനത്താണെന്ന് കേരളത്തിലെ ജനങ്ങൾ പറഞ്ഞുവെങ്കിൽ ആ ജനങ്ങളുടെ ചിന്തയെ ഞാൻ അഭിനന്ദിക്കുന്നു. അവരുടെ വികാരത്തെ ഒറ്റക്കെട്ടായി പിന്തുണയ്ക്കുന്നു. വ്യാവസായ മേഖലയിലെ പ്രവർത്തനങ്ങളിൽ ബഹുമാന്യനായ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി നടത്തിയ നടപടികൾ ഒരുപിടിയുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ചെറുകിട ക്ലസ്റ്റർ വികസന പദ്ധതിയുടെ ഭാഗമായി പൊതുസൗകര്യസേവന കേന്ദ്രങ്ങളും സംരംഭക പ്രവർത്തനങ്ങളുമൊക്കെ നടത്തിക്കൊണ്ട് ഏറെയേറെ മുന്നിൽ പോയതാണ്. സംരംഭക രംഗത്ത് കോടികളുടെ നിക്ഷേപം കൊണ്ടുവരാൻ രാജ്യത്തിന്റെ മുമ്പിൽ എടുത്തുവച്ച എമർജിംഗ് കേരള, അതുപോലെ വ്യാവസായിക രംഗത്ത് പുതിയ മുന്നേറ്റങ്ങൾ, ചെറുകിട വ്യവസായികളുടെ സംരംഭങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന പ്രവൃത്തികൾ ചെയ്ത് ഏറെ മുന്നോട്ടുവരാൻ കഴിഞ്ഞു. സേവന കേന്ദ്രങ്ങൾ നടപ്പിലാക്കി. കൈത്തറി, കരകൗശല, കയർ രംഗത്ത് കൂടുതൽ പ്രചോദനം നൽകുന്ന നടപടികളുണ്ടായി. അതുപോലെ വ്യാവസായികരംഗത്ത്

ഭൂമിയുടെ സൗകര്യക്കുറവുണ്ടെങ്കിലും ആ സൗകര്യക്കുറവുകളും മറ്റു പ്രശ്നങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ട് ഏറെ മുന്നിൽ വരുവാനാണ് വ്യവസായ വകുപ്പ് എന്നും ശ്രദ്ധിച്ചിട്ടുള്ളത്. നാടിന്റെ വികസനത്തിനായി വ്യവസായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് വ്യവസായ സംരംഭകർക്ക് അവസരമുണ്ടാക്കുന്നതിനും വനിതാ സംരംഭകർക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നതിനും ശ്രമങ്ങളുണ്ടായി. യുവസംരംഭകർക്ക് കൂടുതൽ സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് വ്യവസായികമായി കേരളത്തെ മുന്നിലെത്തിക്കാനുള്ള വലിയ ശ്രമമാണ് ഇന്നും നടത്തി ക്കൊണ്ടിരിക്കുന്നത്. ഏകജാലക സംവിധാനത്തിലൂടെ, അതുപോലെ കൈത്തറി ടെക്സ്റ്റൈൽസ് രംഗങ്ങളിൽ കൂടുതൽ കൂടുതൽ സംരംഭങ്ങളും പ്രദർശനങ്ങളും ജനങ്ങൾക്ക് ആവശ്യമായ രീതിയിലുള്ള പുതിയ പ്രവർത്തനങ്ങളും നടത്തിക്കൊണ്ട് മുന്നോട്ടു പോകാൻ കഴിഞ്ഞു. കേരളത്തിലെ അഭിമാനസ്തംഭങ്ങളായ കമ്പനികൾ നിലനിർത്തിക്കൊണ്ടുപോകുന്നതിന്, എല്ലാ രംഗത്തും മുന്നിൽ നിന്ന പ്രിയപ്പെട്ട മന്ത്രിയുടെ പ്രവർത്തനങ്ങളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഐ.ടി. രംഗം ഏറെ ശ്രദ്ധിക്കുന്ന വളരെ പ്രധാനപ്പെട്ട വിവര സാങ്കേതിക വകുപ്പ് ബഹുമാന്യനായ മന്ത്രിയുടെ കീഴിലാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് നയം കൊണ്ടുവരുന്നതിനും സംസ്ഥാനത്തിന്റെ വികസന രംഗത്തിലേയ്ക്ക് ഐ.ടി.

വിവരസാങ്കേതിക വിദ്യയിൽ ശ്രദ്ധേയമായ കാഴ്ചപ്പാടുകൾ കൊണ്ടുവരുന്നതിനും കഴിഞ്ഞു. 'Challenge for innovation' എന്ന പദ്ധതി വിദ്യാർത്ഥികളെ പുതിയ സംരംഭകരായി ഈ രംഗത്ത് കൊണ്ടുവരുന്നതിനുള്ള ഏറ്റവും വലിയ ഉത്തേജനമായി മാറി. ഇതുപോലെയുള്ള കാര്യങ്ങളിൽ മുന്നിൽ നിൽക്കുന്നതിന്, സൈബർ പാർക്കുകൾ അതുപോലെ തന്നെ ഇന്ത്യയുടെ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അനവധി പ്രവർത്തനങ്ങളും പ്രദർശനങ്ങളും നടത്തി മുന്നോട്ടുകൊണ്ടുപോകുന്നു. ഖാദി മേഖലയിൽ അനവധി പ്രശ്നങ്ങൾ നിലവിലുണ്ട്. ഖാദി മേഖല ഇന്നും ചെറിയ കൂലിയും കാര്യങ്ങളും വച്ച് മുന്നോട്ടുകൊണ്ടുപോകുകയാണ്. അന്യം നിന്നുപോകാതെ നിലനിറുത്തി കൊണ്ടുപോകുവാൻ ഏറ്റവും ശ്രദ്ധയോടെ നോക്കേണ്ട ഒരു വ്യവസായ രംഗമാണ് ഖാദി മേഖല. ഖാദി രംഗത്തെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നതിന് സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും മുന്നോട്ടുവരണം എന്നാണ് പറയാനുള്ളത്. സർക്കാരിന്റെ നയങ്ങളോടൊപ്പം രാഷ്ട്രീയമായ ചിന്തകൾ മാറ്റിവച്ച്, കേരളത്തിന്റെ പ്രവർത്തനരംഗത്ത് രാഷ്ട്രീയ പാർട്ടികൾക്ക് ഒരുമിച്ച് മുന്നോട്ടുപോകാൻ ഇന്നും കഴിയേണ്ടിയിരിക്കുന്നു. മൈനിംഗ് & ജിയോളജി വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ട് യാതൊരു പ്രവർത്തനവും ആരംഭിക്കുമ്പോൾ

അതിന്റെ അടിസ്ഥാനം ഏറ്റവും പ്രധാനപ്പെട്ടത് മൈനിംഗ് തന്നെയാണ്. അതുപോലെ ജിയോളജിയുമായി ബന്ധപ്പെട്ട്, മണ്ണെടുക്കലായാലും മണ്ണ് കുഴിക്കലായാലും അല്ലെങ്കിൽ പാടം നികത്താലായാലും അതൊക്കെ ബന്ധപ്പെടുത്തിപോകുന്നത് നാടിന്റെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വ്യാകുലമായിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട വ്യതിയാനങ്ങൾ, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്കുണ്ടായിട്ടുള്ള മാറ്റങ്ങൾ രൂപാന്തരപ്പെട്ട് മഴയ്ക്കു പകരം വെയിലും വെയിലിനുപകരം മഞ്ഞുമായി മാറിക്കൊണ്ടു വരുമ്പോൾ സമൂഹത്തിനുണ്ടാകുന്ന മാറ്റങ്ങൾ ഏറെ ശ്രദ്ധേയമായി പോകേണ്ടിയിരിക്കുന്നു. ആ ഒറ്റക്കാര്യം കൊണ്ടുതന്നെ സംസ്ഥാനത്തിന് വ്യവസായികമായ മുന്നേറ്റമുണ്ടാക്കാൻ പ്രിയങ്കരനായ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ കരങ്ങൾക്ക് ശക്തിപകരാൻ ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിന്റെ വ്യവസായമേഖല വ്യത്യസ്തമായ പല വിഭാഗങ്ങളുടെ ഒരു സംയോജനമാണ്. അതിൽ കേരളം എപ്പോഴും പ്രതീക്ഷയോടെ കാത്തിരുന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങളും അതിന്റെ കാര്യക്ഷമതയുമാണ്. അതോടൊപ്പം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അന്യസംസ്ഥാനങ്ങളിലെ കേന്ദ്ര നിക്ഷേപം അടയ്ക്കടി വർദ്ധിച്ചതായി കാണാം. എന്നാൽ കേരളത്തിൽ കേന്ദ്ര നിക്ഷേപത്തിന്റെ തുക വർദ്ധിക്കുന്നില്ല എന്നുമാത്രമല്ല, കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഉദാഹരണത്തിന് കേരളത്തിന്റേത് 2.11 ആണെങ്കിൽ തമിഴ്നാടിന് 7.44 ആണ്. സംസ്ഥാനത്തിന് അർഹമായ കേന്ദ്ര മൂലധന നിക്ഷേപം നേടിയെടുക്കുന്നതിൽ നാലുവർഷമായി എന്തു നടപടി സ്വീകരിച്ചുവെന്ന് അങ്ങ് സഭയിൽ വ്യക്തമാക്കണം. അങ്ങയുടെ വ്യവസായ പോളിസിയിൽ പറഞ്ഞിരിക്കുന്നത് enabling growth, revival and diversification of the state level public enterprises എന്നാണ്. അങ്ങയുടെ വ്യവസായ നയപ്രഖ്യാപനത്തിനുശേഷം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയും അതിന്റെ ഡൈവേഴ്സിഫിക്കേഷനും നാലുവർഷം കൊണ്ട് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങയുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്, strengthening and modernization of the traditional industries എന്നാണ്. ഏത് പരമ്പരാഗത വ്യവസായമാണ് ആധുനികവൽക്കരിച്ചത്; ഏത് പരമ്പരാഗത വ്യവസായമേഖലയാണ് ശക്തി പ്രാപിച്ചത്. ആധുനിക വൽക്കരിച്ചില്ല എന്നു മാത്രമല്ല, പരമ്പരാഗത വ്യവസായ മേഖലകൾ

ദുർബ്ബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ നയത്തിൽ പറഞ്ഞിരിക്കുന്നത് '….creation of additional employment of 5 lakhs persons in the manufacturing and service sector'- 5 ലക്ഷം പേർക്ക് പുതുതായി തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞിട്ട് നാലുവർഷമായി. യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലും ഇത് ആവർത്തിച്ചു പറയുന്നുണ്ട്. എന്തെങ്കിലും നടന്നുവോ; പൊതുമേഖലയെക്കുറിച്ച് ധവളപത്രം ഇറക്കുമെന്ന് യു.ഡി.എഫ്-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. പീഡിത വ്യവസായങ്ങൾക്കായി BIFR മാതൃകയിൽ ഒരു യൂണിറ്റ് തുടങ്ങുമെന്ന് പറഞ്ഞു. എവിടെയാണ് തുടങ്ങിയത്. 10 ലക്ഷം പേർ പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് പുതിയ പദ്ധതി തുടങ്ങുമെന്ന് പറഞ്ഞു. എന്തു പദ്ധതിയാണ് ആവിഷ്ക്കരിച്ചത്. വിദ്യാലയങ്ങളിൽ പരിപൂർണ്ണമായി കൈത്തറി യൂണിഫോം നടപ്പിലാക്കുമെന്ന് പറഞ്ഞു, എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ? സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാക്കി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞു. നാലുവർഷമായിട്ടും നടന്നില്ല. കേരളത്തിന്റെ വരദാനമാണ് കരിമണൽ. value added ഉല്പന്നങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രകടനപത്രികയിൽ പറയുന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്തെ ടൈറ്റാനിയം സ്പോഞ്ചിന്റെ ഒരു യൂണിറ്റുണ്ടാക്കിയതല്ലാതെ

യാതൊന്നും ഇവിടെ നടന്നിട്ടില്ല. ഇന്ന് ധാതു നിക്ഷേപം ഫലപ്രദമായി ഖനനം ചെയ്ത് ഗവൺമെന്റിന് വിനിയോഗിക്കാൻ കഴിയുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. അതാണ് TTP യുടെ ക്രൈസിസ്, KMML-ലുള്ള വിഷയം. IRE എന്ന സ്ഥാപനം പോലും കരിമണലിന്റെ പ്രശ്നത്തിൽ ഗുരുതരമായ അവസ്ഥയെ നേരിടുകയാണ്. നമ്മുടെ കൈവശമുള്ള സംസ്ഥാന ഗവൺമെന്റിന്റെ സ്വത്തായ തീരപ്രദേശത്തെ ഈ കരിമണൽ ഖനനം ചെയ്യാനും ഫലപ്രദമായി വിനിയോഗിക്കാനും കഴിഞ്ഞാൽ ഒരു പരിധിവരെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും സാമ്പത്തികമായ വൻ വളർച്ചയ്ക്ക് വഴിതെളിക്കുകയും ചെയ്യും. അക്കാര്യത്തിൽ അങ്ങയുടെ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അങ്ങേയ്ക്ക് വലിയ കേടുപാടുകളില്ലാതെ വിവാദങ്ങളിൽപ്പെടാതെ ശാന്തമായി നാല് വർഷം പിന്നിടാൻ കഴിഞ്ഞു. ആ ശാന്തത അതീവ അപകടമായിട്ടാണ് വ്യവസായ മേഖലയിൽ പ്രതിഫലിക്കുന്നത്. പല മേഖലകൾ എടുത്താലും കാര്യമായി ഇടപെടുന്നില്ല. FACT-യുടെ പ്രശ്നം കേന്ദ്ര ഗവൺമെന്റ് ഇടപെടേണ്ടതാണ്. അമ്പലമേട്ടിലെ ആ യൂണിറ്റ് പൂട്ടി, അത് തുറക്കാൻ വേണ്ടി നമ്മളൊന്നും ചെയ്തില്ല. Hindustan Insecticides Ltd. കേന്ദ്ര സ്ഥാപനമാണ്, അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. അതുപോലെ കപ്പൽ നിർമ്മാണ കേന്ദ്രം,

കൊച്ചി തുറമുഖം ഇതിനെല്ലാം കോടാനുകോടി രൂപയുടെ നിക്ഷേപം മറ്റ് സംസ്ഥാനങ്ങളിൽ, തൂത്തുക്കുടിയിൽ വരെ ഉണ്ടാകുമ്പോൾ നമുക്ക് ലഭിക്കുന്നില്ല. ഇതുപോലെ നോക്കിയാൽ നിരവധി സ്ഥാപനങ്ങളും വാഗ്ദാനങ്ങളുമുണ്ട്. അങ്ങേയ്ക്കറിയാം കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ വാഗ്ദാനമായിരുന്ന പാലക്കാട് കോച്ച് ഫാക്ടറി. അത് വ്യവസായ മേഖലയിൽ വലിയ മാറ്റം കുറിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ കോച്ച് ഫാക്ടറി ഉണ്ടോ ഇല്ലയോയെന്ന് ആർക്കും അറിയില്ല. ആലപ്പുഴ വാഗൺ ഫാക്ടറി, ഉണ്ടോ ഇല്ലയോയെന്നുള്ളത് അറിയില്ല. പാപ്പനംകോട് റിപ്പയറിംഗ് യാർഡ് എവിടെയാണെന്ന് അറിയുന്നില്ല. ഇക്കാര്യത്തിലെല്ലാം സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിനോട് വിലപേശാൻ കഴിയുന്ന സമയത്ത് ചെയ്തില്ല. ഇപ്പോഴത്തെ സ്ഥിതിയിൽ അങ്ങേയ്ക്കൊന്നും അവിടെപോയി ഇക്കാര്യങ്ങൾ അവതരിപ്പിച്ച് ബോധ്യപ്പെടുത്താൻ കഴിയുന്ന രാഷ്ട്രീയ കാലാവസ്ഥയല്ല ഡെൽഹിയിലുള്ളത്. അനുകൂലമായ കാലാവസ്ഥയുള്ളപ്പോഴും നമുക്കൊന്നും നേടാൻ കഴിഞ്ഞില്ല. കേരളമെന്നും തൊഴിലില്ലായ്മ പരിഹരിക്കാനും ഉത്പാദനം വർദ്ധിപ്പിക്കാനും ആശ്രയിച്ചിരുന്നത് പരമ്പരാഗത വ്യവസായങ്ങളെയാണ്. പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? കയർ, അത് വേറൊരു വകുപ്പിന്റെ മന്ത്രിയും ധനാഭ്യർത്ഥനയും

ആയതുകൊണ്ട് ഞാൻ വിടുകയാണ്. കശുവണ്ടി, കേരളത്തിൽ എത്ര ദാരുണമാണ് കശുവണ്ടി വ്യവസായം? കശുവണ്ടി കോർപ്പറേഷന്റെ 30 ഫാക്ടറികളിൽ നാല് മാസമായി ജോലിയില്ല. ഏകദേശം ഗവൺമെന്റിന്റെ കണക്കിൽ തന്നെ 15000 തൊഴിലാളികൾ കൊല്ലം ജില്ലയിൽ, അങ്ങേയ്ക്ക് നേരിട്ട് ബന്ധമുള്ള ആ ജില്ലയിലെ വ്യവസായ മേഖല ശവപറമ്പാവുകയാണ്. നാല് മാസം തൊഴിലില്ല. നിങ്ങൾ കൊടുത്തത് 13 കോടി രൂപയാണ്. 10 കോടി രൂപയ്ക്ക് തോട്ടണ്ടി വാങ്ങി. അതുപോലെ അപെക്സിലും പ്രശ്നമുണ്ട്. അപെക്സിന്റെ കാര്യം ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോവുകയാണ്. ഏറ്റെടുത്ത ഫാക്ടറി തിരിച്ചുകൊടുക്കാൻ വേണ്ടിയുള്ള കേസുകൾ നടക്കുകയാണ്. ഈ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കണ്ടേ; അവരുടെ ആനുകൂല്യം കൊടുക്കാൻ സാധിക്കുമോ? 70 കോടി രൂപ ഗ്രാറ്റുവിറ്റി കിട്ടാനുണ്ട്, അവർക്ക് ഒരു ഗതിയുമില്ല. ഗ്രാറ്റുവിറ്റിയെങ്കിലും കൊടുക്കണം. ഇതായിരുന്നില്ല എൽ.എഡി.എഫ്. -ന്റെ ഭരണകാലത്ത്. ശരാശരി 150-200 ദിവസത്തെ തൊഴിലുണ്ടായിരുന്നു. തൊഴിലില്ലാത്തത് ആരുടെ കുറ്റം കൊണ്ടാണ്? ഇവിടെ ആരെങ്കിലും വ്യവസായം തുടങ്ങാൻ വന്നാൽ ഉടനെ കൊടികുത്തികളയുമെന്ന് ഇവിടെ ആരോ പറയുകയുണ്ടായി. കഴിഞ്ഞ പത്ത് കൊല്ലമായി കേരളത്തിന്റെ തൊഴിൽ മേഖല ശാന്തമാണ്. തൊഴിലാളികളുടെ

ഭാഗത്തുനിന്ന് യാതൊരു നടപടി ക്രമങ്ങളും തെറ്റുകളും വരുന്നില്ലായെന്ന് വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കറിയാം. എവിടെയാണ് തൊഴിൽ സമരം; എവിടെയാണ് തൊഴിൽ ശാലകൾ തൊഴിലാളികൾ സ്തംഭിപ്പിച്ചത്? ഈ കശുവണ്ടി മേഖലയിൽ ഇതെല്ലാം നടത്തിയിട്ടും അവിടെ തൊഴിലാളികൾ ശാന്തരായി നിൽക്കുകയാണ്. കേരളത്തിലെ ട്രാൻസ്പോർട്ട് തൊഴിലാളികൾ 30 കൊല്ലം വ്യവസായ മേഖലയിൽ പണിയെടുത്തവരാണ്. അവർ പെൻഷൻ കിട്ടാതെ തെണ്ടുകയാണ്. കേരളത്തിലെ വ്യവസായ മേഖലയോടൊപ്പം അവിടെ പണിയെടുക്കുന്ന തൊഴിലാളികളെ അനാഥരാക്കി, പട്ടിണിക്കാരാക്കി മാറ്റുകയല്ലേ ചെയ്യുന്നത്? കൈത്തറിയുടെ സ്ഥിതി എന്താണ്? കേന്ദ്ര സർക്കാർ കൈത്തറി പുനരുദ്ധരിക്കാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചു. അതിൽ 800 കോടി രൂപ കേരളത്തിൽ ലഭ്യമാക്കേണ്ടതിൽ 27.4 കോടി രൂപയാണ് ലഭിച്ചത്. അമ്പതിനായിരം പേർ പണിയെടുക്കുന്ന കൈത്തറി തകർച്ചയിലാണ്. ഓട്, ബീഡി അതെല്ലാം കാലം ചെന്ന വ്യവസായങ്ങളായി, ഓർമ്മകളായി. ഓട് വ്യവസായം, തൃശ്ശൂർ മേഖലകളിൽ പഴയ കാലത്തെ ഫാക്ടറികളല്ലാതെ ഒന്നും കാണാനില്ല. അത് മണ്ണടിഞ്ഞിരിക്കുകയാണ്. ബീഡി വ്യവസായം കേരളത്തിന്റെ മലബാർ മേഖലയിലെ വലിയ വ്യവസായമായിരുന്നു. അത് തകർന്ന് തരിപ്പണമായി.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ ശവക്കുഴി തോണ്ടുകയും ഐ.ടി.മേഖലയെന്ന് പറയുന്ന ഭ്രമത്തിലേയ്ക്ക് മന്ത്രി മാറുന്നത് കേരളത്തോടുള്ള വലിയ അവഗണനയാണ്. ഐ.ടി.വ്യവസായം വേണം. പൊട്ടിമുളച്ച് വളർന്ന യൂറോപ്യൻ രാജ്യങ്ങളിൽ saturated point ആണ് ഐ.ടി. വ്യവസായങ്ങൾ. നമ്മുടെ ഐ.ടി. വ്യവസായത്തിന്റെ വളർച്ച, അമേരിക്കക്കാർ വെളിയിൽ തള്ളുന്ന ഔട്ട് സോഴ്സിംഗിന്റെ പേരിലാണ് ഇവിടെ പടുത്തുയർത്തിയിരിക്കുന്നത്. നമ്മുടെ വ്യവസായങ്ങളെ എങ്ങനെയാണ് സംരക്ഷിക്കേണ്ടത്; അത് ഗൗരവമായി ആലോചിക്കേണ്ട കാര്യമല്ലേ? നമ്മുടെ പരമ്പരാഗത വ്യവസായം ഒരു പ്രശ്നമുള്ളതല്ല. വൈദ്യുതി വേണ്ട, പാരിസ്ഥിതിക പ്രശ്നങ്ങളില്ല, മൂലധനം വലുതായി വേണ്ട. തുച്ഛമായ മൂലധനത്തിൽ വൈദ്യുതിയുടെ സഹായമില്ലാതെ നല്ല അധ്വാനശീലരായ തൊഴിലാളികളെ കൊണ്ട് കേരളത്തിന്റെ ആ മേഖല പുഷ്ടിപ്പെടുത്തുന്നതിന് അങ്ങ് എന്തെങ്കിലും നടപടികളെടുക്കണം. എടുക്കാമെന്ന് ഈ ഗവൺമെന്റ് പറയുന്നതല്ലാതെ കാര്യങ്ങളോട് അടുക്കുമ്പോൾ ഇതൊന്നും കാണുന്നില്ല. ഇവിടെ 125 കോടി രൂപ മുടക്കി കഴിഞ്ഞ ഗവൺമെന്റ് 8 പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിച്ചു. ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി എന്താണ്? ഉണ്ടായിരുന്നത് കുറച്ച് ലാഭമായി എന്നല്ലാതെ ഏതെങ്കിലും പുതിയ

പൊതുമേഖലാ സ്ഥാപനം വന്നിട്ടുണ്ടോ? ചേർത്തലയിലെ നാഷണൽ ഹൈവേയിൽ ഒരു പൊതുമേഖലാ സ്ഥാപനം കാടുപിടിച്ച് കിടക്കുകയാണ്. അവിടെ ഒന്നും ചെയ്യുന്നില്ല, ഒന്നും നടക്കുന്നില്ല. ഏറ്റെടുത്ത കോമളപുരം സ്പിന്നിംഗ് മിൽ, കേരളത്തിന്റെ കൈത്തറി മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ മേഖലയിലുള്ള സ്പിന്നിംഗ് മില്ലുകളുടെ സ്ഥിതി എന്താണ്? അതിന്റെ ഡെവലപ്മെന്റിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ; അതിനെപറ്റി പഠിച്ചിട്ടുണ്ടോ; സ്പിന്നിംഗ് മിൽ കൂടുന്നുണ്ടോ? അടച്ചുപൂട്ടിയതല്ലേ കൂടുതലും. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളുണ്ട്. ചാത്തന്നൂർ, കായംകുളം, കണ്ണൂർ ഇവിടങ്ങളിലുള്ള സ്പിന്നിംഗ് മില്ലുകളുടെ സ്ഥിതി എന്താണ്? കേരളത്തിൽ ടെക്സ്റ്റൈൽ കോർപ്പറേഷനുണ്ട്. ആ കോർപ്പറേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? കഴിഞ്ഞ കാലങ്ങളിൽ വ്യാവസായിക രംഗത്തുണ്ടായ വളർച്ചയ്ക്ക് എന്തെങ്കിലും മാന്ദ്യം സംഭവിച്ചിട്ടുണ്ടോയെന്ന് അങ്ങ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഇവിടെ ഇപ്പോൾ പുതിയ ധനാഭ്യർത്ഥനയാണ് നടക്കുന്നത്. കഴിഞ്ഞ ധനാഭ്യർത്ഥനയിൽ അനുവദിച്ചതെല്ലാം എന്തായി; അത് ചെലവിട്ടിട്ടുണ്ടോ; അതിന്റെ കണക്കുകൾ ഞാൻ വായിക്കാം. 2014-15-ലെ ബഡ്ജറ്റിൽ ഗ്രാമീണ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് 24.44 കോടി രൂപ. മൊത്തം 639.40 കോടി രൂപ വകയിരുത്തി. ഇതിൽ എത്ര

രൂപയാണ് ചെലവഴിച്ചത്? 100 കോടി രൂപ ചെലവിട്ടതാണ് ഗ്രീൻ ഫിനാൻസ് പദ്ധതി, ആ പദ്ധതി എവിടെയാണ്? അതിനായി 10 കോടി രൂപ നീക്കിവച്ചിരുന്നു. അന്തർദേശീയ ഫർണിച്ചർ ഹബ്ബ് 6.35 കോടി രൂപ എറണാകുളത്ത്, എവിടെയാണ് ഹബ്ബ്; യുവാക്കളായ സംരംഭകർക്ക് 5 കോടി രൂപ, ആർക്ക് കൊടുത്തു; കൈത്തറി മേഖലയിൽ റിബേറ്റിന് മാത്രം 7 കോടി രൂപ, എവിടെ കൊടുത്തു? മാർജിൻ മണി നൽകാൻ 10 കോടി രൂപ, സ്പിന്നിംഗ് മില്ലുകൾക്ക് 9 കോടി രൂപ, കശുവണ്ടി വികസനത്തിന് 28 കോടി രൂപ, കാപെക്സിന് 18 കോടി രൂപ, കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ നൂതന സാങ്കേതിക വിദ്യക്ക് 10 കോടി രൂപ, കിൻഫ്രയ്ക്ക് 148 കോടി രൂപ, കയർ വ്യവസായത്തിന് 116 കോടി രൂപ, ഇതെല്ലാം 2014-15-ലെ ബഡ്ജറ്റിലെ അങ്ങയുടെ വകുപ്പിന്റെ നിർദ്ദേശങ്ങളും നീക്കിവച്ചിട്ടുള്ള തുകയുമാണ്. ഗ്രീൻ ഫിനാൻസ് എവിടെപ്പോയി, ഇതൊന്നും നടന്നിട്ടില്ല. ഐ.ടി. മേഖലയിൽ അങ്ങ് ചെയ്യുന്ന സംഭാവനകളെയെല്ലാം ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. പക്ഷേ തൊഴിൽമേഖല അങ്ങ് പരിശോധിക്കേണ്ട കാര്യമാണ്. അത്യന്തം നിർഭാഗ്യകരവും വളരെ ദയനീയവുമാണ് തൊഴിൽ മേഖല. ട്രേഡ് യൂണിയനുകൾ ശബ്ദമുയർത്തിയാൽ നിങ്ങൾ പറയും വ്യവസായങ്ങൾ അടച്ചുപൂട്ടാനാണെന്ന്. പ്രാകൃതമായ തൊഴിൽ നയമാണ് ആധുനിക വ്യവസായ

മേഖലയിൽ നടക്കുന്നത്. വ്യവസായ വകുപ്പുമന്ത്രി അതിനുനേരെ കണ്ണടച്ചിട്ട് കാര്യമില്ല. വ്യവസായ മേഖലയിലെ വളർച്ചയുടെ കണക്ക് ഞാൻ പറയാം. 2006-ലെ വ്യാവസായിക വളർച്ച 12.58 ആയിരുന്നത് 2011 വരെ 18.44 ആണ്. ഇന്ന് ആ വ്യാവസായിക വളർച്ച താഴോട്ടുപോകുകയാണ്. കമ്പനികൾ പലതും പൂട്ടുന്നു, തൊഴിൽ സമരങ്ങളില്ല, പണിമുടക്കില്ല, അനിശ്ചിതകാല പണിമുടക്കില്ല, ഘൊരാവൊകളില്ല, തൊഴിലാളികളുടെ ഭാഗത്തുനിന്നുമൊന്നുമില്ല. തൊഴിലിനുവേണ്ടിയും മാന്യമായി ജീവിക്കാൻവേണ്ടിയും ഏത് മാറ്റത്തിനുവേണ്ടിയും തയ്യാറായി നിൽക്കുന്ന തൊഴിലാളികൾക്ക് അനുകൂലമായി അങ്ങ് തൊഴിൽ കാലാവസ്ഥ വിനിയോഗിക്കണം. ഇന്ന് ഒരു വലിയ വിവാദം ഞാനിവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇന്നലെ ഇവിടെ പല ആളുകളും പ്രസംഗിച്ചു. അക്കൂട്ടത്തിൽ ഇടതുപക്ഷ പ്രസ്ഥാനത്തെ, കമ്മ്യൂണിസ്റ്റ് പാർട്ടികളെ ഇങ്ങനെയാണോ മുസ്ലീം ലീഗുകാർ ആക്രമിക്കേണ്ടത്. അങ്ങനെ ചെയ്യാമോ; എന്ത് പാടില്ലാത്ത പദപ്രയോഗങ്ങളാണ് നടത്തിയത്; ഞാൻ നിങ്ങളുടെ ശ്രദ്ധയ്ക്കുവേണ്ടി ഒരു കാര്യം വായിച്ച് അവസാനിപ്പിക്കുകയാണ്. "ലോകസഭാ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മുറ തെറ്റാതെ മത്സരിക്കുന്ന ബി.ജെ.പി. യെ ജയം എന്ന ഭാഗ്യം കടാക്ഷിക്കുകയില്ല. എങ്കിലും തളർച്ച തീരെ ബാധിക്കാതെ വളരാൻ

കഴിയുന്നവെന്ന അത്ഭുതത്തോടെയാണ് പലരും വീക്ഷിച്ചത്. 1991-ലെ തെരഞ്ഞെടുപ്പിൽ ജയിച്ചേ തീരു എന്ന ചിന്ത ശക്തിപ്പെട്ടു. ആരുമായി ചേർന്നും ലക്ഷ്യം നേടണമെന്നായിരുന്നു തീരുമാനം. മാർക്സിസ്റ്റ് ഹുങ്കിന് എതിരായി ഏറെ കഷ്ടനഷ്ടങ്ങൾ സഹിക്കുന്ന പ്രസ്ഥാനമെന്ന നിലയ്ക്ക് ബി.ജെ.പി. അവരുമായി അടുക്കുന്നതിന് ഒരു സാദ്ധ്യതയുമില്ല എന്നുള്ളത്,... ഐക്യമുന്നണി ആണ് പിന്നെയുള്ള മാർഗ്ഗം. അതിലെ കക്ഷികളും വിജയ പ്രതീക്ഷ തീരെയില്ല എന്ന കണക്കുകൂട്ടലിലായിരുന്നു. അത് ബി.ജെ.പി. വശമുണ്ടായിരുന്നില്ല. ആശങ്കയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് ഇരുകൂട്ടരും തമ്മിലുള്ള രാഷ്ട്രീയ ബാന്ധവത്തിന് കളമൊരുക്കിയത് രണ്ട് പ്രവർത്തകരാണ്. കോൺഗ്രസ്സ് മാത്രമല്ല, മുസ്ലീം ലീഗും കേരള കോൺഗ്രസ്സും ബി.ജെ.പി. യുമായി ധാരണ പ്രതീക്ഷയോടെ ഉണ്ടാക്കി. ലീഗും ബി.ജെ.പി.-യുമായി തമ്മിലടിക്കുന്നുവെന്ന് ധാരാളം വാർത്തകൾ വന്നു. മറ്റ് കക്ഷികളൊന്നും സഹകരിച്ചില്ല. ഇതിന്റെ അടിസ്ഥാനത്തിൽ പരസ്യമായ ഒരു നിലപാടിന് പുറമെ മഞ്ചേശ്വരത്ത് ശ്രീ. കെ. ജി. മാരാർ, തിരുവനന്തപുരം ഈസ്റ്റിൽ ശ്രീ. കെ. രാമൻപിള്ള, തിരുവനന്തപുരം ലോകസഭാ മണ്ഡലത്തിൽ ശ്രീ. ഒ. രാജഗോപാൽ എന്നിവർക്ക് ഐക്യ മുന്നണി പിന്തുണ നൽകാൻ ധാരണയിലെത്തിയിരുന്നു. ശ്രീ. കെ. ജി. മാരാർക്ക് ജയിക്കാനാവശ്യമായ വോട്ട്

കോൺഗ്രസും ലീഗും നൽകാമെന്ന് ഉറപ്പുണ്ടായിരുന്നു." ഇത് കുഞ്ഞിക്കണ്ണൻ എഴുതിയ 'രാഷ്ട്രീയത്തിലെ സ്നേഹസാഗരം' എന്ന പുസ്തകത്തിലൂടെ ശ്രീ. കെ. ജി. മാരാരുടെ വെളിപ്പെടുത്തലുകളാണ് (പുസ്തകം ഉയർത്തിക്കാട്ടി). കോൺഗ്രസ്സും ലീഗും ബി.ജെ.പി.യും തമ്മിൽ രാഷ്ട്രീയ ബാന്ധവമുണ്ടാക്കി വോട്ട് മറിച്ചതിന്റെ നഗ്നമായ ചിത്രമാണ് ഇതിൽ കാണുന്നത്. നിങ്ങൾക്ക് നിഷേധിക്കാമോ? ഈ പുസ്തകം ലെജിസ്ലേറ്റീവ് അസംബ്ലി ലൈബ്രറിയിലുണ്ട്. എടുത്ത് വായിക്കണം. ഈ വായിച്ചതിൽ ഒരക്ഷരം തെറ്റുണ്ടെങ്കിൽ ഞാൻ ഇത് പിൻവലിക്കാം. ഇതാണ് കേരളത്തിന്റെ രാഷ്ട്രീയ വസ്തുത. ആ കാലത്ത് ഇങ്ങനെ നടന്നുവെന്നുള്ള കാര്യം ചെയറിലിരിക്കുന്ന അങ്ങേയ്ക്കുമറിയാം. ഇത് വസ്തുത യായിരിക്കെ ഞങ്ങളുടെ നേർക്ക് ചാടരുത്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. ഈ കാലഘട്ടത്തിന്റെ 'വികസനവും കരുതലും' എന്ന ഏറ്റവും പ്രധാനപ്പെട്ട അജണ്ട മുമ്പിൽ വച്ചുകൊണ്ടാണ് കഴിഞ്ഞ നാല് വർഷം പിന്നിട്ടത്. അത്ഭുതകരമായ വിസ്മയകരമായ നേട്ടമാണ് ഈ നാല് വർഷംകൊണ്ട് നാല്പത് വർഷത്തെ നേട്ടമായി ഈ ഗവൺമെന്റിന് കാണിക്കാനുള്ളത്. ഇതിന്റെ ഏറ്റവും അടിസ്ഥാനപരമായ ശില

എന്നുപറയുന്നത് ടീം സ്പിരിറ്റാണ്. ദുർബ്ബല വിഭാഗങ്ങൾ, പിന്നോക്ക വിഭാഗങ്ങൾ അതോടൊപ്പം മെഗാപദ്ധതികൾ തുടങ്ങി ഈ രാജ്യത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും വളരെ കരുതലോടും സൂക്ഷ്മതയോടും പരസ്പര ധാരണയോടുംകൂടി പ്രവർത്തിക്കാൻ സാധിച്ചു. ചരിത്രത്തിലിന്നുവരെയില്ലാത്ത രൂപത്തിൽ ആതുര ശുശ്രൂഷ മേഖലയിലായാലും ക്ഷേമപദ്ധതികളിലൂടെയായാലും നിരവധി പദ്ധതികളും മെഗാപദ്ധതികളും ആരംഭിക്കാൻ കഴിഞ്ഞു. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. മെഗാ പദ്ധതിയിൽ കേരളത്തിന്റെ വികസനത്തിന്റെ വിളംബരമായിരുന്നു ഇന്നലെ ഒപ്പിട്ട വിഴിഞ്ഞം പദ്ധതി. ഇതൊന്നും പ്രതിപക്ഷത്തുള്ളവർ കാണുന്നില്ല. അവർക്ക് പറയാനുള്ളത് പഴയ കഥകൾ തന്നെയാണ്. ദുർബ്ബലരേയും പാവങ്ങളെയും നെഞ്ചോട് ചേർത്തുപിടിച്ച് ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതിൽ ഏറ്റവും മിന്നുന്ന പ്രകടനം കാഴ്ചവച്ച വകുപ്പ് എന്ന നിലയിലാണ് വ്യവസായ വകുപ്പിനെ കാണുന്നത്. അത് വെറുതെ പറയുന്നതല്ല. ഇവിടെ സൂചിപ്പിച്ചതുപോലെ യാതൊരു ബഹളവുമില്ലാതെ ഒരു മന്ത്രിക്ക് ഈ രാജ്യത്തിന്റെ യഥാർത്ഥ വികാരങ്ങൾക്കും വിചാരങ്ങൾക്കും നിറം കൊടുത്ത് മുന്നോട്ടുപോകാൻ സാധിച്ചു എന്നുള്ളതാണ്. ഈ രാജ്യത്ത് ക്ഷുഭിത യൗവ്വനമാണ്. ഈ രാജ്യത്തെ ചെറുപ്പക്കാരുടെ ആശയാഭിലാഷങ്ങൾക്ക് നിറം

കൊടുത്തുകൊണ്ട്, വേഴാമ്പൽ പക്ഷി വെള്ളത്തിനുവേണ്ടി ദാഹിക്കുന്നതുപോലെ തൊഴിൽ തേടി പോകുന്ന യുവതലമുറയ്ക്ക് പ്രതീക്ഷ കൊടുക്കാൻ സാധിച്ചു എന്നുള്ളതാണ്. നിരവധി ജോലി സാദ്ധ്യതകളുമായി തികഞ്ഞ ആത്മവിശ്വാസത്തോടുകൂടിയാണ് ഈ രാജ്യത്തെ യുവതലമുറ മുന്നോട്ടുപോകുന്നത്. ഈ കാലഘട്ടത്തിൽ വിവര സാങ്കേതിക വിദ്യയുടെ വളർച്ചയിൽ ബഹുദൂരം മുന്നോട്ടുപോകുകയാണ്. നമ്മളെ മാതൃകയാക്കാൻ പോലും ബാക്കിയുള്ളവർ തയ്യാറായിരിക്കുകയാണ്. കേരളത്തിലെ 'എമർജിംഗ് കേരള' ചെറിയ സംഭവമായിരുന്നില്ല. അതിലൂടെ പുതിയ പ്രതീക്ഷയുടെ വാതിലാണ് തുറക്കപ്പെട്ടത്. എമർജിംഗ് കേരളയോടുകൂടി നമ്മുടെ mindset -ൽ മാറ്റം വന്നു. ഇവിടെ ഒരു സമരവുമില്ലായെന്ന് ശ്രീ. സി. ദിവാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. അതുതന്നെയാണ് ഞങ്ങളും അടിവരയിട്ട് ഊന്നിപ്പറയുന്നത്. യുവാക്കൾക്ക് വേറെ പണിയുണ്ട്. പഴയകാലത്തെപ്പോലെ ചെങ്കൊടിയും പിടിച്ച് തുള്ളാൻ അവരെ കിട്ടുകയില്ല. Mindset -ൽ വന്ന മാറ്റത്തിന്റെ ഭാഗമായിട്ടാണ് ഈ മാറ്റം. ഒന്നും നടക്കുകയില്ലെന്നുള്ള ഒരു സ്ഥിതിയിലേയ്ക്ക് ഈ കാലഘട്ടം മാറിക്കഴിഞ്ഞിരിക്കുന്നു എന്നതാണ് ഈ ഗവൺമെന്റിന് അവകാശപ്പെടാവുന്ന നേട്ടമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇവിടെ

വൻതോതിലുള്ള നിക്ഷേപ സാദ്ധ്യത വരികയാണ്. ആരെങ്കിലും കേരളത്തിന്റെ നാലയലത്ത് അടുക്കമായിരുന്നോ? അടുക്കുകയില്ലായിരുന്നു. അത് കട്ടപുകയാണെന്നാണ് അവർ ധരിച്ചുവച്ചിട്ടുള്ളത്. അതിൽ മാറ്റം വന്നു. അതുതന്നെയാണ് ഈ ഗവൺമെന്റിന്റെ നേട്ടം. യുവതലമുറക്ക് പുതിയ പ്രതീക്ഷ കൊടുത്തു. ഈ രാജ്യത്തെ വ്യവസായ രംഗം പുതിയ സൗഹൃദ സംസ്കാരമായി രൂപപ്പെട്ടു. 2012-ൽ കൊച്ചിയിൽ നടന്ന എമർജിംഗ് കേരളയിൽ 177-ഓളം പദ്ധതികളിൽ 19-ഓളം പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു; അതിൽ പലതും തുടങ്ങാനിരിക്കുകയാണ്. അതൊക്കെ വൻപദ്ധതികളാണ്. ചെറിയ പദ്ധതികളൊന്നുമല്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ജില്ലാ/താലൂക്ക്/പഞ്ചായത്ത് തലങ്ങളിൽ സംരംഭകർക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലന കളരികൾ എന്നിവ നടന്നുവരികയാണ്. അവർക്ക് എന്തെങ്കിലും പ്രതീക്ഷ ഉളവാക്കുന്നത് കൊടുത്താൽ തീർച്ചയായും അതിന്റെ ഗുണം ലഭിക്കും എന്നതിന്റെ ബോധ്യമാണ് കാണാൻ സാധിച്ചത്. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഒരുപാട് സാങ്കേതികത്വത്തിന്റെ നൂലാമാലകൾ ഉണ്ടായിരുന്നു. സംസ്ഥാനത്ത് Single Window Clearance Board-ലൂടെ സഹായം നല്കാൻ ഈ ഗവൺമെന്റ് തയ്യാറായി. അതുകൊണ്ടുതന്നെയാണ്

സാങ്കേതികത്വത്തിന്റെ കെട്ടുപാടുകൾ പലതും കുരുക്കഴിക്കുവാൻ ഈ ഗവൺമെന്റിന് സാധിച്ചത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾ, സ്ത്രീ സംരംഭകർ ഇവരിൽ പലരും വ്യാവസായികരംഗത്ത് വളരെ അപൂർവ്വമായി മാത്രം കടന്നുവരുന്ന പ്രതിഭാസമാണ്. എന്നാൽ അതിന് മാറ്റം ഉണ്ടായി. സമൂഹത്തിൽ മടിച്ചുനില്ക്കുന്ന ജനവിഭാഗത്തിന് ആവശ്യമായിട്ടുള്ള ഒരുപാട് സൗകര്യങ്ങൾ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നല്കിയാണ് ഇവർക്ക് ആശ്വാസം നല്കാൻ സാധിച്ചത്. ഈ സാഹചര്യത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായം, ഞാൻ ഒരു റബ്ബർ കർഷകൻ കൂടിയാണ്. ഈ രംഗത്ത് കുറെക്കൂടി താല്പര്യമെടുത്തുകൊണ്ട് റബ്ബർ തൊഴിലാളി റബ്ബർ ടാപ്പിംഗ് പോലും 5-6 മാസമായി നിർത്തിവച്ചിരിക്കുകയാണ്. ഈ വിഷയത്തിലുള്ള അനന്തമായ സാധ്യതകൾ റബ്ബറൈസിംഗ് ആയാലും മറ്റു മേഖലയിൽ ആയാലും അതു പ്രയോജനപ്പെടുത്തിക്കൊണ്ട് റബ്ബർ കർഷകർക്ക് ആശ്വാസം നല്കുക വഴി വ്യാവസായികരംഗത്ത് ഈ കാര്യത്തിൽ കർമ്മനിരതനായ മന്ത്രിക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കും എന്നുതന്നെയാണ് എന്റെ പ്രതീക്ഷ. റെഡിമെയ്ഡ് വ്യവസായം, ജൈവസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മറ്റു വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ എന്നിവയ്ക്ക് ഗവൺമെന്റ് നല്കുന്ന പരിഗണന തീർച്ചയായും സ്വാഗതാർഹമാണ്. വൻകിട വ്യവസായങ്ങൾ

തുടങ്ങുന്നതിന്, ആവശ്യമായ ക്ലിയറൻസ് നല്കുന്നതിന് ഈ രംഗത്ത് കെ.എസ്.ഐ.ഡി.സി.-യുടെ ഉപദേശ/നിർദ്ദേശങ്ങൾ സാങ്കേതിക രംഗത്തായാലും സാമ്പത്തിക രംഗത്തായാലും ശ്ലാഘനീയമായിട്ടുള്ള കാര്യമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. യുവസംരംഭകർക്ക് വലിയ പ്രതീക്ഷ നല്കുന്ന ഒരു കാലഘട്ടമാണിത്. കേരളത്തിന്റെ പ്രശ്നം സാങ്കേതികത്വത്തിന്റെ നൂലാമാലകളാണെങ്കിൽ അത് ഓരോന്നായി വളരെ വേഗം പരിഹരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2015 ഫെബ്രുവരി 28-ന് ദശലക്ഷക്കണക്കിന് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചു എന്നത് ആശ്വാസകരമാണ്. ഇൻഡ്യയിലെ മികവുറ്റ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറുകയാണ്. ഇ-ഗവേണൻസ്-ൽ കേരളം വൻപുരോഗതി നേരിടുകയാണ്. നിരവധി പുരസ്കാരങ്ങൾ കേരളത്തെ തേടിയെത്തിയിട്ടുള്ളത് തീർച്ചയായും ഈ നേട്ടത്തിന്റെ പട്ടികയിൽ അഭിമാനത്തോടെ ചേർത്തുവായിക്കാൻ സാധിക്കുന്ന കാര്യമാണ്. ചെറുകിട വ്യവസായസംരംഭങ്ങൾ, അതാണ് ഏറ്റവും പരമപ്രധാനമായിട്ടുള്ളത്. നമ്മുടെ ഗ്രാമീണ മേഖലയിൽ വളർന്നുവരേണ്ട ചെറുകിട വ്യവസായ സംരംഭങ്ങളിൽ തീർച്ചയായും ഒരിക്കൽക്കൂടി ഗൗരവതരമായ ഇടപെടൽ ഉണ്ടാകണം എന്ന് സൂചിപ്പിക്കുകയാണ്. സുതാര്യതയായിരുന്നു ഏറ്റവും

അനിവാര്യമായിട്ടുള്ളത്. കേരളത്തിലുടനീളം പത്രമാധ്യമങ്ങൾ ചർച്ച ചെയ്തിട്ടുള്ള, എല്ലാ രംഗത്തും സുതാര്യത ആവശ്യമായിട്ടുള്ള കാര്യങ്ങളായിരുന്നെങ്കിൽ 5 ലക്ഷം രൂപയിലധികമുള്ള മുഴുവൻ പർച്ചേസുകളും ഓൺലൈനാക്കി മാറ്റാൻ ഈ ഗവൺമെന്റിനു സാധിച്ചു എന്നത് ചെറിയ കാര്യമല്ല. അങ്ങനെ ആയിരക്കണക്കിന് കോടി രൂപയുടെ 30,000 പർച്ചേസുകൾ നടത്തിയപ്പോൾ ഒരു പരാതിയുമില്ല; ഒരു പരിഭവവുമില്ല; ഏവർക്കും ബോധ്യമാകുന്ന തരത്തിൽ വളരെ സുതാര്യമായി നടത്തി. ഇതിൽ അക്ഷയ പദ്ധതികളുടേതായിട്ടുള്ള സഹായങ്ങൾ ആർക്കും നിഷേധിക്കാൻ സാധിക്കുന്നതല്ല. ഇ-ഡിസ്ട്രിക്റ്റ് പ്ലാറ്റ്ഫോമിലൂടെ 24 റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈനാക്കി ലഭ്യമാക്കാൻ സാധിച്ചു എന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. സർക്കാരും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന് ഒരുപാട് മുന്നോട്ടുപോകാൻ സാധിച്ചു; വിശേഷിച്ചും ഐ.ടി. മേഖലയിലെ തൊഴിൽ സാധ്യതകൾ വൻതോതിൽ വർദ്ധിക്കുകയാണുണ്ടായത്. ഒരു ലക്ഷം പേർക്കാണ് നേരിട്ട് തൊഴിൽ നല്കാൻ സാധിച്ചത്. 10,000 കോടി രൂപയുടെ കയറ്റുമതി വരുമാനം വർദ്ധിപ്പിച്ചു. ഇത് കഴിഞ്ഞ കാലത്തെ ഗവൺമെന്റുമായി താരതമ്യപ്പെടുത്താൻ സാധിക്കണം. 4 വർഷം കൊണ്ട് 300 ശതമാനം വർദ്ധനവ് ഈ രംഗത്തുണ്ടായി എന്നു പറയുമ്പോൾ കണ്ണടച്ച് ഇരുട്ടാക്കിയിട്ട് കാര്യമില്ല. 2014-ൽ അങ്കമാലിയിൽ നടന്ന യുവസംരംഭക

മിഷൻ തീർച്ചയായും ഒരു മഹാസംഭവമായി മാറി. സ്റ്റാർട്ട് അപ് വില്ലേജുകൾ വലിയ പ്രതീക്ഷയായിരുന്നു; യുവാക്കളുടെ സ്വപ്ന പദ്ധതിയായിരുന്നു. 20 ലക്ഷത്തോളം രൂപ പലിശരഹിത വായ്പ കൊടുക്കാനും സാങ്കേതികത്വത്തിന്റെ മുഴുവൻ ബുദ്ധിമുട്ടുകളും പരിഹരിച്ചുകൊടുക്കാനും അതോടൊപ്പം ആയിരക്കണക്കിന് യുവാക്കൾ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത് കൈയ്യുംകെട്ടി നോക്കി നില്ക്കാനല്ലാതെ സാധ്യമല്ല. നിഷേധിച്ചതുകൊണ്ട് കാര്യമില്ല; നേട്ടങ്ങൾ നേട്ടമായി പറയാൻ സാധിക്കണം. പോരായ്മകളുണ്ടെങ്കിൽ അത് തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണ് എന്നതുകൊണ്ടുതന്നെയാണ് ഈ യുവാക്കളുടെ കടന്നുകയറ്റം നിഷേധിക്കാൻ നിങ്ങൾക്ക് സാധ്യമല്ല എന്ന് സൂചിപ്പിക്കുന്നത്. സമൂഹത്തിലെ വനിതകൾക്ക് വനിതാസംരംഭകമിഷൻ ആരംഭിക്കാൻ സാധിച്ചത് ചെറിയ കാര്യമല്ല. അതുകൊണ്ടുതന്നെ ചരിത്രത്തിലെ ഏറ്റവും വലിയ ഫണ്ട് 563 കോടി രൂപയോളം ഇതിനുവേണ്ടി നീക്കിവച്ചത് നമുക്ക് ഓർമ്മിക്കാൻ സാധിക്കും. നമ്മുടെ തനതായ പരമ്പരാഗത വ്യവസായ മേഖലയിൽ ഓരോ രംഗത്തും ഒന്നുപോലും വിട്ടുപോകാതെ കൂടുതൽ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലായാലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യത്തിലായാലും 15,000-ത്തോളം വരുന്ന നെയ്ത്തു തൊഴിലാളികൾക്കാവശ്യമായ

കടക്കെണിയിൽ മുച്ചൂട് മുങ്ങിത്താണിരുന്ന ആ വിഭാഗത്തെ കൈപിടിച്ചുയർത്താൻ സാധിച്ചു. കശുവണ്ടി മേഖലയിൽ പഴയതുമായി താരതമ്യം ചെയ്താൽ ഒരുപാട് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചു. തൊഴിൽമേഖലയിൽ നിരവധി പദ്ധതികൾ പുതുതായി ആവിഷ്കരിക്കാൻ സാധിച്ചു. കൈത്തറിമേഖലയിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ഏഴോളം യാൺ ബാങ്കുകൾ ഈ രംഗത്ത് പ്രവർത്തിക്കാനും സാധിച്ചു എന്നത് നമുക്ക് സന്തോഷകരമായ കാര്യമാണ്. ഇവർക്ക് ആവശ്യമായ മാർജിൻ മണി, ലോൺ അനുവദിക്കാൻവേണ്ടി സാധിച്ചു. കൈത്തറി മേഖലയിൽ പഴയ ഷോറൂമുകളൊക്കെ മാറ്റി പുതിയ ഷോറൂമുകൾ ഉണ്ടാക്കാനും ആ രംഗത്ത് ഒരുപാട് മുന്നോട്ടു പോകാനും സർക്കാരിന് സാധിച്ചത് ചെറിയ കാര്യമല്ല. ബാംബൂ/ കരകൗശല/ഖാദി മേഖലയിലായാലും നേട്ടങ്ങളുടെ നീണ്ട പട്ടികകൾ വിശദീകരിക്കാൻ എനിക്ക് സമയമില്ല. വളരെ ഗൗരവത്തോടുകൂടി കാണുന്ന ഒരു മേഖലയാണ് ഭക്ഷ്യ സംസ്കരണമേഖല. നമ്മൾ രോഗങ്ങളുടെ നീരാളിപ്പിടുത്തത്തിലാണ്. വിഷലിപ്തമായ പച്ചക്കറികൾ, നിരന്തരമായി ഈ ജനാധിപത്യ ശ്രീകോവിലിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. അതുകൊണ്ടുതന്നെ ആ രംഗത്ത് ചെറുതും വലുതുമായിട്ടുള്ള ഭക്ഷ്യസംസ്കരണ പരിപാടികൾ ആവിഷ്കരിക്കുകയും അതിനാവശ്യമായ പിന്തുണ കൊടുക്കേണ്ടതും

കേവലം വ്യവസായവകുപ്പിന്റെ മാത്രമല്ല ഈ നാടിനുതന്നെ ആവശ്യമായി മാറിയിരിക്കുകയാണ്. 4 വർഷം കൊണ്ട് 50,000-ത്തിലേറെ പുതിയ സംരംഭങ്ങളാണ് ഈ സർക്കാരിന് തുടങ്ങാൻ സാധിച്ചത്. ഇതിലൂടെ 3 ലക്ഷം തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്. വഖഫ് സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടുകാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കഴിഞ്ഞദിവസം ശ്രീ. കെ.എം. ഷാജി സൂചിപ്പിച്ചു, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടിട്ടുള്ളത് ബംഗാളിലാണ്. എന്നാൽ കേരളത്തിൽ ഈ രംഗത്ത് ഒരു മന്ത്രിയുണ്ട് എന്നത് തീർച്ചയായും ജനം അറിഞ്ഞു. ഹജ്ജ് വകുപ്പും വഖഫ് വകുപ്പും കുറ്റമറ്റ രൂപത്തിൽ മാറ്റുന്നതിനുവേണ്ടി സാധിച്ചു. 2011-12-ൽ 3 കോടി രൂപയായിരുന്നു നമ്മുടെ വരുമാനമെങ്കിൽ, ശ്രീ. അബ്ദുൾ ഖാദർ വഖഫ് ബോർഡിന്റെ ചെയർമാനായിരുന്ന കാലത്ത് 3 കോടി രൂപയാണ് വരുമാനമെങ്കിൽ ഈ നാലു വർഷം കൊണ്ട് 6 കോടി 44 ലക്ഷം രൂപ വരുമാനമുണ്ടാക്കാൻ വഖഫ് ബോർഡിനും വഖഫ് മന്ത്രിക്കും നേതൃത്വപരമായി സാധിച്ചുവെന്നത് അംഗീകരിക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഹജ്ജ് യാത്രക്കാരുടെ നിരവധി പ്രശ്നങ്ങൾ ഇവിടെ പരിഹരിക്കപ്പെട്ടു. അതുകൊണ്ടുതന്നെ കരിപ്പൂർ ഹജ്ജ് ഹൗസിന് ഒരു അനക്സ് (അനുബന്ധ കെട്ടിടം)

നിർമ്മിക്കുന്നതിനാവശ്യമായ 17 കോടി രൂപയുടെ ഫണ്ട് തയ്യാറാക്കിയിട്ടുണ്ട്. ....... (ബഹളം)....ഇല്ല ..ഞാൻ അനുവദിക്കില്ല..... ആ 17 കോടിയുടെ ഫണ്ട് ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവകുപ്പുമന്ത്രിയും തയ്യാറാകണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

മി. ചെയർമാൻ: ശ്രീ. മോയിൻ കുട്ടി ....പോയിന്റ് ഓഫ് ഓർഡർ.......

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വസ്തുതാവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ സഭയിൽ പറയുന്നത് ശരിയല്ല. അദ്ദേഹം ഇവിടെ പറഞ്ഞത് ഇൻഡ്യയിൽ വഖഫ് സ്വത്തുക്കൾ ഏറ്റവും കൂടുതൽ അന്യാധീനപ്പെടുന്നത് ബംഗാളിലാണെന്നാണ്. ബംഗാൾ എന്ന് പറഞ്ഞതിന്റെ വിഷമത്തിലല്ല.

മി. ചെയർമാൻ: ..... (ബഹളം)....what is your point? ഇത് പോയിന്റ് ഓഫ് ഓർഡർ അല്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സച്ചാർ കമ്മീഷൻ നടത്തിയിട്ടുള്ള അന്വേഷണത്തിൽ പറഞ്ഞിട്ടുള്ളത് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുന്നത് ഡൽഹിയിലാണെന്നാണ്. ഇൻഡ്യാരാജ്യം ഏറ്റവും കൂടുതൽ കാലം ഭരിച്ച കോൺഗ്രസ്സാണ് ഡൽഹിയിൽ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടാൻ ഇടയാക്കിയതെന്ന കാര്യം അറിയാമോ ? അതുകൊണ്ട് വസ്തുതാ

വിരുദ്ധമായ കാര്യങ്ങൾ......

മി. ചെയർമാൻ: ..... (ബഹളം).... There is no point of order... അത് ഒരു ക്രമപ്രശ്നമല്ല.

ശ്രീ. സി. മോയിൻകുട്ടി: സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ശ്രീ. അബ്ദുൾഖാദർ ചെയർമാനായിരിക്കുന്ന കാലത്ത് മൂന്ന് കോടി രൂപ വരുമാനമുണ്ടായിരുന്ന വഖഫ് ബോർഡിന് ആറ് കോടി നാല്പത്തിനാല് ലക്ഷം രൂപ വരുമാനമുണ്ടാക്കിയത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മന്ത്രിയായതിനുശേഷമാണ്. അതിനാവശ്യമായ ഒന്നാന്തരം മാനേജ്മെന്റുണ്ടായതിന്റെ ഭാഗമായിട്ടാണ്. ഞാൻ ഇതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. കരിപ്പൂരിലെ ഹജ്ജ് ഹൗസുമായി ബന്ധപ്പെട്ട അനെക്സിന്റെ കാര്യമാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയം. 17 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അതിന് തയ്യാറാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക സഹായത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്നുകൂടി ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. പാറ-ക്വാറി ഖനനവുമായി ബന്ധപ്പെട്ട മറ്റൊരു കാര്യംകൂടി പറയാനുണ്ട്. അത് ഇരുതലമൂർച്ചയുള്ള വാളായതിനാൽ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യണം. കാരണം മനുഷ്യജീവന് വിലയുണ്ട്. ഇത് പരിസ്ഥിതിയുമായി ബന്ധപ്പെട്ട അതീവ ഗൗരവതരമായ വിഷയമാണ്.

ലക്ഷക്കണക്കിന് തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. സ്വന്തം വീട് സ്വപ്നം കാണുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾ കല്ലിനുവേണ്ടിയും മണലിനുവേണ്ടിയും ബുദ്ധിമുട്ടനുഭവിക്കുകയാണെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ ഞാൻ ആമുഖമായി സൂചിപ്പിച്ചതുപോലെ ഇരുതല മൂർച്ചയുള്ള വാൾ ഉപയോഗിക്കുന്നതുപോലെ ഈ വിഷയം കൈകാര്യം ചെയ്യണം. ഓരോ പ്രതിസന്ധിയുണ്ടാകുമ്പോഴും റോക്കറ്റിന്റെ വേഗതയിലാണ് വില വർദ്ധിപ്പിക്കുന്നത്. ഓരോ കാരണങ്ങളാൽ മണലിന്റെ വില ഓരോ ദിവസവും ആയിരങ്ങളാണ് കൂടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ തികച്ചും പ്രായോഗികമായിട്ടുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. അത് തുടരണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെന്ന് പറയുന്നത് നമ്മുടെ സർവ്വസ്വവും ആണ്. നഷ്ടത്തിൽ മുച്ചൂടും മുങ്ങിത്താണുകൊണ്ടിരിക്കുന്ന 44-ഓളം പൊതുമേഖലാ സ്ഥാപനങ്ങളെ ഓരോന്നോരോന്നായി ഇന്ന് കൈപിടിച്ചുയർത്തുകയാണ്. 37-ഓളം നിർമ്മാണമേഖലയിലുള്ള സ്ഥാപനങ്ങളാണ്. 15 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലായി. ബാക്കിയുള്ള വെള്ളാനകളെ തിരിച്ചറിയുകയും അതോടൊപ്പം കർശനമായ ഇടപെടലും നിരീക്ഷണങ്ങളും പഠനങ്ങളും നടത്തി അവയെ

മുക്തമാക്കുന്നതിനുവേണ്ടിയുള്ള ശ്രമവുമുണ്ടാകണം. ഒന്നുരണ്ട് രാഷ്ട്രീയ കാര്യങ്ങൾകൂടി പറയാനുണ്ട്. അരുവിക്കരയെക്കുറിച്ച് വീണ്ടും വീണ്ടും പറയുന്ന എന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. ഞങ്ങൾ പറയുന്നത് അരുവിക്കരയിലെ പരാജയത്തെക്കുറിച്ചല്ല. പരാജയം രാഷ്ട്രീയത്തിൽ സ്വാഭാവികമാണ്. പക്ഷേ വിഷയമതല്ല. സി.പി.എം.-ഉം എൽ.ഡി.എഫ്.-ഉം അവരുടെ നയങ്ങളിൽനിന്നും പരിപൂർണ്ണമായി കുടിയൊഴിഞ്ഞുപോയിരിക്കുന്നു. പിറവത്തും നെയ്യാറ്റിൻ കരയിലും അരുവിക്കരയിലുമൊന്നും തോറ്റതിനല്ല സി.പി.എം.-കാർ സി.പി.എം. ആയി നിലനിന്നില്ല എന്നതാണ് ഞങ്ങളുടെ പരാതി. ഇന്ന് ആരാണ് അവരെ നയിക്കുന്നത്? പിള്ളയും പിള്ളയുടെ മകൻ പിള്ളയും നമ്മുടെ സുഹൃത്ത് ശ്രീ. പി.സി. ജോർജ് അടക്കമുള്ള ആളുകൾ നിങ്ങളെ കുളിപ്പിച്ച് കിടത്തി മൂക്കിൽ പഞ്ഞിവച്ചിട്ടല്ലാതെ ഈ പരിപാടി അവസാനിപ്പിക്കുകയില്ല. നിങ്ങൾ ആലോചിക്കണം. അതുകൊണ്ടുതന്നെയാണ് അവരെ നിങ്ങളെ ഏല്പിച്ചിട്ടുള്ളത്. സഖാവ് പിണറായി വിജയൻ മാളത്തിലിരുന്നും ശ്രീ. വി.എസ്.അച്ചുതാനന്ദനും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും തോളിൽ കയ്യിട്ടുകൊണ്ട് പുറത്ത് നയിക്കുന്നു. ഇത് എവിടെപ്പോയി നിൽക്കുമെന്ന് നിങ്ങൾ ചിന്തിച്ചാൽ മതി. എന്റെ സുഹൃത്ത് ശ്രീ. കെ. ടി. ജലീലും ശ്രീ. പി.ടി.എ. റഹിമുമൊക്കെ പറഞ്ഞ കാര്യങ്ങൾ അവരുടെ

പ്രസംഗംകേട്ടിട്ട് അപ്പുറത്തുള്ളവർ നന്നായി സുഖിച്ചിട്ടുണ്ട്. അതിൽ സന്തോഷമുണ്ട്. ഞങ്ങളെല്ലാം ഒരു നിലപാടിലുറച്ചുനിൽക്കുന്നവരാണ്. വിളക്ക് കത്തിക്കണോ വേണ്ടയോ എന്ന് ഓരോരുത്തർക്കും തീരുമാനിക്കാം. അത് ഓരോരുത്തരുടേയും അവകാശമാണ്. ഇതിനാണ് മതേതരത്വമെന്ന് പറയുന്നത്. ലീഗ് വിടുന്നതുവരെ വിളക്ക് കത്തിക്കാത്ത ആളുകൾ ലീഗ് വിട്ടതിനുശേഷം വിളക്കിനടുത്തേയ്ക്ക് പാഞ്ഞടുക്കുമ്പോൾ ദുരുദ്ദേശമെന്നല്ലാതെ മറ്റെന്താണ് പറയാനുള്ളത്? ഒരു നിലപാടുവേണം. നിങ്ങൾക്ക് നിലപാടില്ല. അപ്പുറത്തുണ്ടായിരുന്നു സിമിക്കാർ. ഇപ്പുറത്ത് സിമിക്കാരില്ല. ഇവിടെ മുസ്ലീംലീഗുകാരാണ്. നല്ല ഒന്നാന്തരം അർദ്ധ ചന്ദ്രാംഗിതമായ പച്ച പതാകയുടെ ചിഹ്നം വച്ചുകൊണ്ട് മത്സരത്തിൽ വിജയിച്ചവരാണ് വേദിയിലിരിക്കുന്ന അങ്ങും (ശ്രീ. കെ.എൻ.എ. ഖാദർ), ശ്രീ. അബ്ദുസമദ് സമദാനിയും ശ്രീ. അബ്ദുൾ റസാക് സാഹിബുമടക്കമുള്ള മുഴുവൻ ആളുകളും. നിങ്ങൾ അങ്ങനെയല്ല. എ.ബി.വി.പി.-ക്കാരും സിമിക്കാരും അപ്പുറത്തുമുണ്ട്. ഇവിടെ ശ്രീ. അബ്ദുള്ളക്കുട്ടിയായാലും ശരി, ശ്രീ. സെൽവരാജായിരുന്നാലും ശരി ചിഹ്നത്തിലാണ് മത്സരിച്ചത്. അതുകൊണ്ട് നമുക്കറിയാം, ഉരലുപോലുള്ള മത്തുള്ള ആളുകൾ മൊച്ചിങ്ങപോലുള്ള മത്തുള്ള ഞങ്ങളെ മത്താ എന്ന് വിളിക്കരുത് എന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്. ഒരു

നിലപാടുമില്ലാതെ ഈ രാജ്യത്ത് കാണിക്കുന്ന...

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. മോയിൻകുട്ടി: സർ, നിങ്ങൾക്കുണ്ടായ കാതലായ മാറ്റം സഖാവ് കാനം രാജേന്ദ്രൻ തുടങ്ങിവച്ച മാറ്റമാണ്. അതുതന്നെയാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ആവർത്തിച്ചത്. എനിക്ക് അവസാനമായി പറയുവാനുള്ളത് കക്ഷത്തിലുള്ളത് ഉണ്ടാവുകയുമില്ല ഉത്തരത്തിലുള്ളത് നിങ്ങൾക്ക് കിട്ടുകയുമില്ലെന്നാണ്. ഇതാണ് സംഭവിക്കാൻ പോകുന്നത്. ഇത് നിങ്ങൾ എഴുതി വച്ചോളൂ. നിങ്ങൾ മതേതരത്വത്തിൽനിന്നും ജനാധിപത്യത്തിൽനിന്നും സമൂഹത്തിൽനിന്നും ഒളിച്ചോടുന്നത് പറക്കുന്ന പ്രാവിനുപുറകേ ഓടുന്നതിന് സമാനമാണ്. നയങ്ങളിൽനിന്നുള്ള സമൂലമായ മാറ്റമാണ് നിങ്ങൾക്ക് സംഭവിച്ചത്. ഇത് നിങ്ങളുടെ അവസാനത്തിന്റെ ആരംഭമാണ്. കല്ലായിലെ ഖലാസികൾ വന്നാൽപോലും രക്ഷപ്പെടുത്താൻ പറ്റാത്ത സ്ഥിതിയിലേയ്ക്ക് നയപരമായിട്ടുള്ള തകർച്ചയാണ് നിങ്ങൾ അഭിമുഖീകരിക്കുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, നമ്മുടെ നാട്ടിലെ പ്രശ്നം കേരളത്തിൽ ഒറിജിനൽ ലീഗ് ആണോ സിമിയാണോ ആയിരുന്നോ അല്ലയോ

എന്നുള്ളതൊന്നുമല്ല മറിച്ച് വ്യാവസായിക രംഗത്തും സാമ്പത്തിക രംഗത്തും നേരിടുന്ന പ്രശ്നങ്ങളാണ്. ഇതുസംബന്ധമായി കഴിഞ്ഞ ലക്കം ഇന്ത്യൻ എക്സ്പ്രസിന്റെ മലയാളം വാരികയിൽ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ വായിക്കാം. "കേരളം യവനരാജ്യമായ ഗ്രീസിന്റെ പാപ്പരുടുപ്പ് അണിയാൻ തയ്യാറെടുക്കുന്നുവോ എന്നാണ് ചോദ്യം. അതായത് കേരളം ഗ്രീസായി മാറുന്നുവെന്നുള്ളതാണ്. അതിൽ അഞ്ച് കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അതിൽ (1) കഴിഞ്ഞ ജൂൺ 25-ന് കേന്ദ്രമന്ത്രി ശ്രീ. വെങ്കയ്യ നായിഡു കേരളത്തോടുപറയുന്നു ആന്ധ്രയിൽ നിന്ന് അരി വാങ്ങിയ ഇനത്തിൽ സപ്ലൈകോ 3 വർഷമായി കൊടുക്കാനുള്ള 800 കോടിരൂപ ആദ്യം കൊടുക്കൂ എന്നിട്ടാവാം സ്മാർട്ട് സിറ്റി എന്നാണ്. (2) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ചുവെന്ന് അവകാശപ്പെടുന്ന ബഡ്ജറ്റ് പ്രസംഗം വിശ്വസിച്ച് പണം പിൻവലിക്കാൻ ചെന്ന കൊച്ചി മെട്രൊ റെയിൽ കോർപ്പറേഷൻകാർക്കുനേരെ ധനകാര്യവകുപ്പ് കൈ മലർത്തി. 946 കോടി രൂപയെന്ന് പ്രസംഗത്തിൽ പറഞ്ഞ ധനമന്ത്രി വിഹിതമായി നീക്കിവച്ചിരിക്കുന്നത് രണ്ട് ഹെഡ്ഡുകളിലൊന്നിൽ ഒരു കോടിരൂപയും രണ്ടാമത്തേതിൽ അമ്പതിനായിരം രൂപയുമാണ്. (3) ആളോഹരി കടത്തിൽ ഓരോ കേരളീയനും 35749 രൂപ വീതം പകുത്ത് നൽകി കേരളം പഞ്ചാബിനെ കടത്തിന്റെ കാര്യത്തിൽ പിൻതള്ളി

ഇന്ത്യയിൽ ഒന്നാമതാകുന്നു. (4) കേരളത്തിന്റെ മൊത്തം കടം 1.18 ലക്ഷം കോടി രൂപ. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 32 ശതമാനം. നികുതി വരുമാനത്തിന്റെ 52 ശതമാനം. (5) ദേശീയ ഗെയിംസ് നടത്തിയതിലൂടെ സംസ്ഥാന സർക്കാർ കേരളത്തിലെ മുഴുവൻ വീടുകൾക്കും നൽകിയത് 948 രൂപയുടെ കടം. തൊഴിലുറപ്പിൽ വർഷം 100 ദിവസത്തെ പണി കിട്ടി റേഷൻ വാങ്ങുന്നവരും വീട്ടിൽ സ്വന്തമായി വോട്ടെണ്ണൽ യന്ത്രം സൂക്ഷിക്കുന്നവരും ഇതിൽ ഉൾപ്പെടും" ഇതാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറയുന്നത്. ഭരണനേട്ടം എന്നാൽ ഭരണംകൊണ്ട് ഭരണാധികാരി സ്വകാര്യമായി നേടിയ സമ്പാദ്യമെന്നല്ല അർത്ഥം. നാടിനും ജനങ്ങൾക്കും ഒരു ഭരണംകൊണ്ട് എന്ത് ഗുണമുണ്ടെന്ന അന്വേഷണത്തിൽ ലോകത്തിലെ ഏറ്റവും മികച്ച ഉത്തരമാകണമത്. അതാണ് യഥാർത്ഥത്തിൽ വേണ്ടത്. കേരളത്തിലെ വ്യവസായങ്ങളെക്കുറിച്ച് പ്രധാനമായും നമ്മൾ ആശ്രയിക്കുന്നത്, Review of the Public Enterprises in Kerala, കേരളത്തിലെ over all industrial performance-നെക്കുറിച്ച് പറയുന്നതിന്റെ conclusion ഇങ്ങനെയാണ്. " During the year under review 47 enterprises have been reported net profits. The net possession for the year being a loss of Rs 421.79 crores as against total net loss of 1.47 crores during the year 2012-

2013. അതുതന്നെ മറ്റൊരു കാര്യത്തിലും പറയുന്നുണ്ട്. During the year 2013-14, 37 enterprises have incurred cash losses aggregating 1110.58 crores as compared with the cash losses amounting to 888.97 crores reported by 35 enterprises during the previous year. ഇതാണ് പൊതുവായ സ്ഥിതി. ഇത് ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും മാത്രം സ്ഥിതിയല്ല. കേരളത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതിയാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് നമ്മൾ ആലോചിക്കണ്ടേ; ഇവിടെ ലീഗിന്റെ കാര്യവും രാഷ്ട്രീയക്കാര്യവും സിമിയുടെ കാര്യവും പറഞ്ഞിരുന്നാൽ മതിയോ? അത് വേദികളിൽ പറഞ്ഞോട്ടെ. എന്റെ നാട്ടിലെ അങ്കമാലി ടെൽക്കിനെക്കുറിച്ചുള്ള ഒരു Report വായിക്കാം. “ During the year under review, TELK has reported an increase in gross income 170.56 crores as against 165.27 crores in 2012-13. അതുകഴിഞ്ഞിട്ട് പറയുന്നത്, The capacity utilisation of the Company has come down to 95 percent in 2013-14 as against 115 during the 2012-13. താഴോട്ടാണ്. ടെൽക്കിന്റെ കാര്യത്തെക്കുറിച്ച് ഒന്നുകൂടി പറയുവാനുണ്ട്. ടെൽക്ക് ഇന്ന് വളരെ പ്രതീക്ഷയോടുകൂടി തുടങ്ങിയ എൻ.ടി.പി.സി.-യുടെ സ്ഥാപനമാണ്. ഈ സ്ഥാപനം ഏറ്റെടുത്തതിനുശേഷം ഇന്ന് പല ഓർഡറുകളും നഷ്ടപ്പെടുന്ന

സ്ഥിതിയാണ്. എൻ.ടി.പി.സി.-യുടെ ബീഹാർ, പഹൽഗാം താപനിലയത്തിനുവേണ്ടിയുള്ള ട്രാൻസ്ഫോർമറിന്റെ ഓർഡർ ഇന്ന് അങ്കമാലിയിൽ ടെൽക്ക് സ്ഥാപനം ഉപേക്ഷിക്കുകയാണ്. 200 MVA ട്രാൻസ്ഫോർമറുകളുടെ 19 കോടി രൂപയുടെ ഓർഡർ ഇപ്പാൾ നഷ്ടപ്പെടുകയാണ്. ഇതുസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. വി.ഡി. സതീശനറിയാം. കാരണം അവിടത്തെ ട്രേഡ് യൂണിയൻ ലീഡറാണ്. ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നത് ഈ സംരംഭം നശിച്ചുപോകാതിരിക്കാൻ വേണ്ടി ഒരു യോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി 6 മാസങ്ങൾക്കുമുമ്പ് പറഞ്ഞതാണെങ്കിലും ഇതുവരെ നടത്തിയിട്ടില്ല എന്നാണ്. അതുപോലെതന്നെ മറ്റൊരു പൊതുമേഖലാസ്ഥാപനമാണ് അങ്കമാലിയിലെ ബാംബു കോർപ്പറേഷൻ. അതിന്റെ പെർഫോർമൻസും വളരെ ശോചനീയമാണ്. നേരത്തേ ഉണ്ടായിരുന്നതിനേക്കാളും വ്യത്യസ്തമായി അതിന്റെ പ്രൊഡക്ഷൻ കുറയുന്നു. ആയിരക്കണക്കിന് ആളുകൾ ആ രംഗം വിട്ടുപോവുകയാണ്. ഇതെല്ലാം കേരളത്തിലെ ഓരോരോ കാര്യങ്ങളാണ്. ഞാൻ എന്റെ നാട്ടിലുള്ള രണ്ട് കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. കേരളത്തിൽ GIM-ഉം LIM-ഉം YES-ഉം എമർജിംഗ് കേരളയും പാർട്ണർ കേരളയും സ്റ്റാർട്ട് അപ് വില്ലേജും നടത്തി. എല്ലാം നല്ലകാര്യമാണ്. പക്ഷേ ഇതെല്ലാം ഇപ്പോൾ ഡിമ്മാണ്. ഒരു ഫോളോ അപ്

ഇല്ലാതെ പോകുന്നതുകൊണ്ട് ആളുകൾ നിലനിൽക്കുന്നില്ല. ആദ്യത്തെ ആഘോഷത്തിൽ പങ്കെടുക്കുന്നുവെന്നല്ലാതെ വേറൊന്നും സംഭവിക്കുന്നില്ല. ശ്രീ. നരേന്ദ്ര മോദിയുടെ വൈബ്രന്റ് ഗുജറാത്തും മുഖ്യമന്ത്രിയുടെ എമർജിംഗ് കേരളയും ഒന്നുതന്നെയാണ് എന്ന് പറയാൻ കഴിയുമോ? രണ്ടും രണ്ടു തരത്തിലാണ്. നമ്മൾ ശ്രീ. നരേന്ദ്ര മോദിയെ കുറ്റം പറയുന്നു. അദ്ദേഹം പല കാര്യങ്ങളും ചെയ്യുന്നുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ രീതി അനുകൂലിക്കാൻ സാധ്യമല്ല. ട്രേഡ് യൂണിയൻ ഇല്ലാതാക്കുന്ന രിതി. ഇതൊന്നുമല്ല കേരളത്തിലെ സംസ്കാരം. കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ചെയ്യുമ്പോൾ കാര്യങ്ങൾ ഇങ്ങനെയല്ല നടത്തേണ്ടത്. കേരളത്തിലെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് കാര്യങ്ങൾ ചെയ്യുമ്പോൾ ഇങ്ങനെയല്ല നടത്തേണ്ടത്. ക്വാറികളും ക്രഷറുകളും ഏറ്റവും കൂടുതലുള്ള സ്ഥലമാണ് ഞങ്ങളുടേത്. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഇത് ഉയർത്തുന്നത്. അതിനെ നിയന്ത്രിക്കാൻ ആർക്കും കഴിയുന്നില്ല. സ്മാർട്ട് സിറ്റി ഒപ്പിട്ടിട്ട് എട്ടുവർഷം കഴിഞ്ഞു. അതിനിടയിൽ ഭരണം മാറി വന്നു. ഒരു കെട്ടിടത്തിന്റെ പണി പോലും പൂർത്തിയാക്കിയിട്ടില്ല. ഞാൻ ഇത് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബിനെ മാത്രം പറയുന്നതല്ല, നമ്മുടെ കേരളത്തിന്റെ പ്രശ്നമാണ്. ഇത് അവസാനിപ്പിക്കണ്ടേ; നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ

കശുവണ്ടി, കൈത്തറി, ബീഡി, മൺപാത്രം, കരകൗശലം എന്നിവയുടെയൊക്കെ സ്ഥിതി എന്താണ്? നമ്മൾ വെറുതെയിരുന്ന് വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ നാട്ടിൽ ഖാദി വ്യവസായം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. 2013-14-ൽ 89 കോടി രൂപയുടെ ഖാദി തുണിത്തരങ്ങൾ വിറ്റുവെന്നാണ് പറയുന്നത്. പക്ഷേ കേരളത്തിന്റെ ഉൽപ്പാദനം 39 കോടി രൂപ മാത്രമാണ്. 2012-ലെ ഗോപിനാഥൻനായർ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ടോ; കേരളത്തിലെ നിരവധി പ്രസ്റ്റീജിയസ് ആയിട്ടുള്ള സ്ഥാപനങ്ങളുടെയൊക്കെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? കുണ്ടറയിലെ അലിൻഡ്, ശ്രീ. എം. എ. ബേബിയുടെ നാട്ടിലുള്ളതാണ്. ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയിരുന്ന സ്ഥാപനമാണ് കെ.എം.എം.എൽ. ഇപ്പോൾ ഇതിന്റെയൊക്കെ സ്ഥിതി എന്താണ്. ഇതൊക്കെ നമ്മൾ ആലോചിക്കേണ്ട കാര്യങ്ങളും നമ്മുടെ മുൻപിലെ ചോദ്യചിഹ്നങ്ങളുമാണ്. സംരംഭകത്വത്തിന് പ്രോൽസാഹനം കൊടുക്കുന്നുണ്ടെന്ന് പറയുന്നു. അതിന്റെ വികസനത്തിന് വളരെയധികം പദ്ധതികളുമുണ്ട്. പക്ഷേ ഇതിനൊരു ഏകോപനമില്ല. പല പല ഡിപ്പാർട്ടുമെന്റുകളെ ഏകോപിച്ചുകൊണ്ടുള്ള ഒരു പ്ലാറ്റ് ഫോം നമുക്ക് ഇല്ലെന്ന് പബ്ലിക് എന്റർപ്രൈസസിന്റെ റിപ്പോർട്ടിൽ തന്നെ പറയുന്നുണ്ട്. നേരത്തെ ഇവിടെ

സംസാരിച്ച എന്റെ സുഹൃത്ത് ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ അത് ആവശ്യാനുസരണം നടത്തുന്നുമില്ല പരിപോഷിപ്പിക്കപ്പെടുന്നുമില്ല. നമ്മുടെ നാട്ടിലൊക്കെ നിസാരമെന്ന് കരുതപ്പെടുന്ന ചക്ക, ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ടോ; അതിനൊരു പ്രോത്സാഹനമുണ്ടോ; കോടികണക്കിന് രൂപയുടെ ചക്കയാണ് നശിച്ചുപോകുന്നത്. ഇതൊന്നും നേരെ ചൊവ്വെ നടത്തുന്നില്ല. ഇവിടത്തെ പ്രശ്നം എന്താണ്; ചോദ്യം ചോദിച്ചുകഴിഞ്ഞാൽ തെളിവ് എവിടെയെന്നാണ് ചോദ്യം. നാരായണൻ കുട്ടി മൂശ്ശാരിയും കുമ്പിടി ചവിട്ടി പിടിച്ച ഒരു രൂപയും എന്നതിനെക്കുറിച്ച് ഞങ്ങളുടെ എം. പി. ശ്രീ. ഇന്നസെന്റ് മാതൃഭൂമിയിൽ എഴുതിയിരുന്നു. അൻപതുവർഷം മുൻപുള്ള കഥയാണ്. ഓട്ടുപാത്രങ്ങളിൽ ഈയം പൂശാൻ വേണ്ടി നടക്കുന്ന ആളാണ് നാരായണൻകുട്ടി മൂശ്ശാരി. അയാൾ ഞൊണ്ടുകാലനാണ്. ആണി രോഗം വന്ന് നടക്കാൻ നിവർത്തിയില്ല. അയാൾക്ക് ഈയം പൂശുമ്പോൾ കിട്ടുന്നത് നിസ്സാര കാശാണ്. ഇയാൾ ഒരു ദിവസം വൈകുന്നേരം ആയുർവ്വേദ മരുന്ന് വാങ്ങിക്കാനായി ഈ കാശുംവച്ച് വൈദ്യശാലയുടെ മുൻപിൽ നിൽക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്രസിദ്ധീകരിച്ചതല്ലേ?

<u>ശ്രീ. ജോസ് തെറ്റയിൽ:</u> പറഞ്ഞ കഥയാണ്. പ്രസിദ്ധീകരിച്ചതല്ല. അന്ന്

ഞങ്ങളുടെ എം.പി. വളരെ ചെറുതാണ്. അദ്ദേഹത്തിന്റെ മുൻപിൽ വച്ച് കാശ് എണ്ണുന്നതിനിടയിൽ ഒരു തുട്ട് ഉരുണ്ടുപോകുന്നു. കുമ്പിടി എന്നുപറയുന്ന ചട്ടമ്പി അത് ചവിട്ടി പിടിച്ചു നിൽക്കുന്നു. നാരായണൻകുട്ടി മൂശ്ശാരി ചെന്ന് ആ കാശ് എന്റേതാണെന്ന് പറഞ്ഞപ്പോൾ ഇയാൾ നാരായണൻ കുട്ടി മൂശ്ശാരിയോട് തെളിവ് എന്താണെന്ന് ചോദിച്ചു. ഈ കുട്ടി കണ്ടിട്ടുണ്ടെന്ന് അയാൾ പറഞ്ഞു. ആ കുട്ടിയും ഞാൻ കണ്ടുവെന്ന് പറഞ്ഞപ്പോൾ അങ്ങനെ പറഞ്ഞാൽ പറ്റില്ല. എന്താണ് തെളിവ്, ഈ നാണയം ഏത് കൊല്ലമാണ് ഉണ്ടാക്കിയതെന്ന് പറയണം, അതാണ് യഥാർത്ഥത്തിൽ നിങ്ങളുടെ തെളിവ്, അല്ലാതെ അയാൾ കണ്ടു ഇയാൾ കണ്ടുവെന്ന് പറഞ്ഞിട്ട് കാര്യമില്ലെന്നുപറഞ്ഞു. അങ്ങനെ ആ കാശ് കൊടുക്കാതിരുന്നതുപോലെ തെളിവ് ചോദിക്കുന്ന ഒരു ഗവൺമെന്റ്, കൈക്കൂലി കൊടുത്താൽ എവിടെയാണ് തെളിവെന്ന് ചോദിക്കുന്നു. ആരാണ് കണ്ടതെന്ന് ചോദിക്കുന്നു, കണ്ടവൻ എവിടെയെന്ന് ചോദിക്കുന്നു. കണ്ടവൻ പറഞ്ഞത് ശരിയാണോയെന്ന് അറിയാൻ നുണ പരിശോധന നടത്തുന്നു. ഇതൊക്കെയാണ് നമ്മുടെ നാട്ടിലെ പ്രശ്നങ്ങൾ. വികസന സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് നാം പലരും തടസ്സമാണ്. അതുകൊണ്ട് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഊർജ്ജിതമായി പ്രവർത്തിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതാണ് കേരളത്തിന് ഏക രക്ഷ

എന്നമാത്രം ഞാൻ സൂചിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. വിവിധ വകുപ്പുകളിന്മേലുള്ള ധനാഭ്യർത്ഥനകൾ ഇന്ന് പൂർത്തീകരിക്കപ്പെടുകയാണ്. ധനാഭ്യർത്ഥന ചർച്ചകൾ നാടകീയങ്ങളാകുന്ന വിവിധ തിരകളിലൂടെ സഞ്ചരിച്ച് ഒടുവിൽ വ്യവസായവകുപ്പിൽ എത്തിച്ചേർന്ന് നിൽക്കുമ്പോൾ, വ്യവസായവകുപ്പ് കൈവരിച്ച അഭിമാനകരമായ നേട്ടങ്ങളുടെ വർണ്ണച്ചിറകിലേറി ഞാനും ഏറെ സന്തോഷിക്കുകയാണ്. കേരളത്തിന്റെ വ്യവസായ ചരിത്രത്തിൽ ഒരു സുവർണ്ണ അധ്യായം എഴുതി ചേർത്ത സർക്കാരാണ് ഇതെന്നുള്ളത് യു.ഡി.എഫ് - നെ എതിർക്കുന്ന ശത്രുക്കൾപ്പോലും അംഗീകരിക്കുന്ന ഒരു കാലഘട്ടമാണ്. ഇടതുമുന്നണിയുടെ വികസനവിരുദ്ധ നിലപാട് ഏറ്റവുമധികം തടസ്സപ്പെടുത്തുന്നത് വ്യവസായ വകുപ്പിനെയാണെങ്കിൽപ്പോലും അത്ഭുതകരമായിട്ടുള്ള കർമ്മനേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യവുമായി ഈ ധനാഭ്യർത്ഥന ചർച്ചയെ അഭിമുഖീകരിക്കുന്ന ആദരണീയനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. തൊട്ടതെല്ലാം പൊന്നാക്കാനുള്ള അദ്ദേഹത്തിന്റെ നൈപുണ്യത്തിന്റെ ബലത്തിൽ കേരളത്തിലെ വ്യവസായ വകുപ്പ് പുതിയ ഉയരങ്ങൾ

കീഴടക്കി കൊണ്ടിരിക്കുകയാണെന്നതാണ് യാഥാർത്ഥ്യം. ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ വർണ്ണശബളമായി രേഖപ്പെടുത്താൻ തക്കവിധം ഉദ്ഘാടനത്തിന് കാത്തിരിക്കുന്ന സ്മാർട്ട് സിറ്റിയാണ് ഇതിലെ പ്രാധാന്യമർഹിക്കുന്ന ഒരു പദ്ധതി. ഒരർത്ഥത്തിൽ സി.പി.എം. തല്ലിക്കൊഴിച്ച കനിയാണ് ഇത്. അതിനെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ചേർന്ന് വീണ്ടും നട്ടുവളർത്തുകയായിരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വ്യവസായ വികസനം മുരടിച്ചു നിന്ന കേരളത്തിന്റെ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഈ സർക്കാർ നടത്തിവരുന്ന നീക്കം അടുത്ത തലമുറയെക്കൂടി മുന്നിൽ കണ്ടുകൊണ്ടുള്ളതാണെന്ന് പറയുന്നതിൽ അതിശയോക്തിയുണ്ടെന്ന് ഞാൻ കരുതുന്നില്ല. കേരളത്തിൽ പെട്രോളിയം കെമിക്കൽസ് വ്യവസായശൃംഖല ഉൾപ്പെടെ വൻസംരംഭങ്ങൾ പടുത്തുയർത്താൻ ചടുലമായ നീക്കങ്ങളാണ് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ സംരംഭങ്ങൾക്ക് ഇടങ്കോലിടുന്ന ഒട്ടേറെ ഫോർമാലിറ്റികൾ ഒഴിവാക്കാൻ സഹായകരമായ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം തികച്ചും ഭാവനപൂർണ്ണമായി സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്നു. ഏകജാലക സംവിധാനം ഏറെ സ്വാഗതാർഹമായിട്ടുള്ള മറ്റൊരു കാൽവയ്പാണ്. പലയിടത്തും ബഹുനില വ്യവസായ സമുച്ചയ പദ്ധതികൾ പുരോഗമിക്കുകയാണ്.

വ്യവസായാടിസ്ഥാന നിക്ഷേപങ്ങൾക്ക് സ്വകാര്യ പങ്കാളിത്തം സ്വീകരിക്കാനുള്ള നയത്തോട് ഒരു വിഭാഗത്തിന് എതിർപ്പുണ്ടെങ്കിലും തികച്ചും കാലോചിതമായ നടപടിയാണിതെന്ന് വിവേകശാലികൾ പറയുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ബിസിനസ് ടു ബിസിനസ് മീറ്റ്, സംരംഭകത്വ പ്രോത്സാഹനത്തിന് ഏറ്റവും അനുയോജ്യമായ നിരവധി സംവിധാനങ്ങളെ കോർത്തിണക്കിക്കൊണ്ട് എൻ.ആർ.ഐ. ഉൾപ്പെടെയുള്ളവർക്ക് ഇവിടെ സംരംഭകത്വം നടത്താനുള്ള ഒരു വലിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരിക്കുകയാണ്. ചെറുകിട വ്യവസായ രംഗത്ത് കേരളത്തിന്റെ വളർച്ചാനിരക്ക് 12 ശതമാനമാണ്. യുവപങ്കാളിത്തത്തിന്റെ കരുത്തിലാണ് ഈ നേട്ടം ഉണ്ടാക്കിയതെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ദേശീയ ശരാശരിയെക്കാൾ നാം മുന്നിലാണെന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നത്. സ്റ്റാർട്ട് അപ് പ്രോത്സാഹന പദ്ധതികൾ യുവ സംരംഭകരിൽ ഉണ്ടാക്കിയിട്ടുള്ള ഉത്തേജനം വളരെ വലുതാണ്. വനിതാ സംരംഭക വികസന രംഗത്തും പ്രോത്സാഹനജനകമായ ഒട്ടേറെ കർമ്മ പരിപാടികൾ നാം നടത്തിക്കൊണ്ടിരിക്കുകയാണ്. കൈത്തറി/ടെക്സ്റ്റൈൽസ് രംഗത്ത് പുരോഗതിക്കുതകുന്ന നിരവധി പദ്ധതികൾ നടപ്പാക്കി കൊണ്ടിരിക്കുകയാണ്. വ്യവസായ വികസനരംഗത്ത് ഏതൊരു സംസ്ഥാനത്തിനും മാതൃകയാകുന്ന

നിലയിൽ കെ.എസ്.ഐ.ഡി.സി. ഇന്ന് മാറി കഴിഞ്ഞിരിക്കുകയാണ്. വ്യവസായ പാർക്കുകൾ പുതിയ സംരംഭകത്വശീലം തന്നെ വളർത്തിയിരിക്കുന്നു എന്നതിൽ യാതൊരു സംശയവുമില്ല. മെഗാഫുഡ് പാർക്കുകൾ, റൂറൽ അപ്പാരൽ പാർക്കുകൾ, ടെലികോം ഇൻകുബേറ്റർ, ഹൈടെക് പാർക്ക് തുടങ്ങി കേരളത്തിലെ വ്യവസായ രംഗത്തിന് പുതിയ കുതിപ്പ് യാഥാർത്ഥ്യമാക്കാൻ പോകുന്ന നിരവധി നവീന പദ്ധതികൾക്കാണ് വ്യവസായ വകുപ്പുമന്ത്രി രൂപം കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഹൃദ്യമായി അഭിനന്ദിക്കുകയാണ്. ചർച്ചകളിൽ പ്രതിപക്ഷം പ്രകടമാക്കിയ അപഹാസ്യമായ അടവുനയങ്ങൾ നാം ഓർക്കേണ്ടതായിട്ടുണ്ട്. ബഡ്ജറ്റിന്റെ കാര്യത്തിൽ സ്വീകരിച്ച തന്ത്രം, അത് അടവ് നയമായിരുന്നാലും അല്ലെങ്കിലും തകർന്ന് തരിപ്പണമായ സാഹചര്യം നമുക്ക് കാണാൻ കഴിയും. ശ്രീ. കെ.എം മാണി സാർ 13-ാം ബഡ്ജറ്റ് അവതരിപ്പിക്കാൻ ശ്രമിച്ചപ്പോൾ തടയാൻ ശ്രമിച്ച പ്രതിപക്ഷം സ്വീകരിച്ച ഹീനതന്ത്രങ്ങളും അക്രമങ്ങളുമൊക്കെ പിന്നീട് എങ്ങനെയായി എന്നുള്ളത് നാം ചിന്തിക്കേണ്ടതായിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ അത് അവതരിപ്പിക്കാൻ ഒരുവിധത്തിലും അനുവദിക്കാതിരുന്ന പ്രതിപക്ഷം, ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടേയില്ല എന്ന നിലപാടെടുത്ത പ്രതിപക്ഷം, അതുമായി ബന്ധപ്പെട്ട ചർച്ചകളിൽ നിന്നും കമ്മിറ്റികളിൽ നിന്നും മാറി

നിൽക്കുന്ന സാഹചര്യമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നിരവധി സബ്ജക്ട് കമ്മിറ്റികളിൽ പങ്കെടുക്കാതിരിക്കുകയുണ്ടായി. ഇവിടെ ബഡ്ജറ്റിനുശേഷം നടന്ന ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയിൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ പങ്കെടുത്തുവെന്നുള്ളതുതന്നെ ബഡ്ജറ്റിൽ പങ്കാളിത്തം വഹിക്കുന്നുവെന്നതിന് തെളിവാണ്. അതിനേക്കാളുപരി, ഈ ധനാഭ്യർത്ഥനകളിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ ഞങ്ങൾ ബഡ്ജറ്റിനെക്കുറിച്ചല്ല, രാഷ്ട്രീയമാണ് സംസാരിക്കുന്നത്, വിവിധ വകുപ്പുകളെക്കുറിച്ചാണ് പറയുന്നത് എന്നുപറഞ്ഞ പല പ്രതിപക്ഷാംഗങ്ങളും അറിഞ്ഞോ അറിയാതെയോ ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്. അതിൽ നിന്നും ഇടതുപക്ഷ സ്നേഹിതന്മാർ ഉന്നയിച്ച ഈ വാദം തികച്ചും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ കഴിയും. പ്രതിപക്ഷം ഓരോദിവസവും സഭയിൽ വരുന്നു, മുദ്രാവാക്യം വിളിക്കുന്നു, ചർച്ചയിൽ പങ്കെടുക്കുന്നു, ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്ന് പറഞ്ഞ് അവസാനം മുദ്രാവാക്യം വിളിച്ച് പോകുകയാണ് ചെയ്യുന്നത്. ഈ ബഡ്ജറ്റിന്റെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളിലും പ്രതിപക്ഷ സുഹൃത്തുക്കൾ പങ്കെടുത്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ എങ്ങനെയാണ് ബഡ്ജറ്റിനോടനുബന്ധിച്ചുള്ള കാര്യങ്ങളിൽ ഞങ്ങൾ

പങ്കെടുക്കുന്നില്ലെന്ന വാദഗതിക്ക് അർത്ഥമുണ്ടാകുന്നതെന്ന് ഒരിക്കലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഈ ബഡ്ജറ്റിന്റെ ഭാഗമായി ഓരോ വകുപ്പിൽ നിന്നും വികസനകാര്യങ്ങൾക്കായി പണം വാങ്ങുന്നതിന് പ്രതിപക്ഷാംഗങ്ങൾ കാണിക്കുന്ന താൽപ്പര്യം ബഡ്ജറ്റിനെ അംഗീകരിക്കുന്നുവെന്നതിന് ഏറ്റവും വലിയ തെളിവാണ്. കൂടാതെ ശമ്പളവും മറ്റാനുകൂല്യങ്ങളും വാങ്ങുന്നതിലൂടെയും ഈ ബഡ്ജറ്റ് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ബഹുമാന്യരായ പ്രതിപക്ഷ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത് ബഡ്ജറ്റിനെ അംഗീകരിക്കുന്നില്ലെന്ന വാദം ഉന്നയിക്കുന്നതിൽ ഒരു അർത്ഥവുമില്ല. നിങ്ങൾ അത് അംഗീകരിക്കുന്നുവെന്ന പ്രവൃത്തിയിലേയ്ക്ക് വന്നുകഴിഞ്ഞുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതൊരു യാഥാർത്ഥ്യമാണ്, അംഗീകരിച്ചേ പറ്റൂ.

അരുവിക്കര തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രത്യേകിച്ച് സി.പി.ഐ(എം)-ന്റെ നേതാക്കൾ സംസാരിക്കുന്നത് കേൾക്കുമ്പോൾ ഇവിടെ യു.ഡി.എഫ് പരാജയപ്പെട്ടോയെന്ന് സംശയിച്ചുപോകുന്നു. വിജയത്തെ വിജയമായും പരാജയത്തെ പരാജയമായും അംഗീകരിക്കാനുള്ള മാനസികാവസ്ഥയുണ്ടാകണം. എത്രയൊക്കെ കണക്ക് കൂട്ടിയാലും എത്രയൊക്കെ വ്യാഖ്യാനങ്ങൾ നടത്തിയാലും അരുവിക്കരയിൽ ഐക്യജനാധിപത്യമുന്നണി

വിജയിച്ചിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. വോട്ടിന്റെ എണ്ണം പറയുന്നതിൽ എന്താണർത്ഥം. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയിലെ സ്ഥാനാർത്ഥി 8000 വോട്ടിന് വിജയിച്ച ഒരു മണ്ഡലത്തിലാണ് ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി സ്ഥാനാർത്ഥി 10128 വോട്ടിന് ജയിച്ചത്. ഈ തെരഞ്ഞെടുപ്പ് റിസൾട്ട് വന്നതോടുകൂടി 28,128 വോട്ട് ഇടതുപക്ഷ പോക്കറ്റിന് നഷ്ടപ്പെട്ടിരിക്കുന്നുയെന്ന യാഥാർത്ഥ്യം അംഗീകരിക്കുന്ന സാഹചര്യമുണ്ടാകണം. എന്തൊക്കെ നീക്കങ്ങളാണ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിങ്ങൾ നടത്തിയിട്ടുള്ളത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മേഖലകളിലെ സി.പി.ഐ(എം)-ന്റെ ഒട്ടുമിക്ക നേതാക്കന്മാരും എം.എൽ.എ.മാരും എം.പി. മാരുമൊക്കെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി മുന്നോട്ടുവരികയുണ്ടായി. എല്ലാ സ്ഥലങ്ങളിലും കൂലംകക്ഷമായ ചർച്ചയ്ക്ക് ശേഷമാണ് അവരുടെ സ്ഥാനാർത്ഥിയെ പോലും തെരഞ്ഞെടുത്തത്. തെരഞ്ഞെടുപ്പിൽ മത്സരിച്ച്, എല്ലാ നിലയിലുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടും അവസാനമുണ്ടായ പരാജയം പരാജയമായി അംഗീകരിക്കുക എന്നുള്ളതാണ്  മാന്യത. ആ പരാജയത്തെ എത്ര വ്യാഖ്യാനിച്ചാലും പരാജയം പരാജയമല്ലാതായി മാറുന്നില്ല. നിങ്ങളെ സംബന്ധിച്ചിടത്തോളം കുറേ നാളുകളായി

അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ് ഈ പരാജയം. അത് അംഗീകരിക്കണം. 2006-ന് ശേഷം ഇത് പലവട്ടം ആവർത്തിച്ചിട്ടുള്ളതാണ്. പരാജയം മാത്രമേ സംഭവിച്ചിട്ടുള്ളൂ. 2006-ന് ശേഷം നടന്ന ലോകസഭാ തെരഞ്ഞെടുപ്പിലും അതിനുശേഷം നടന്ന എറണാകുളത്തേയും കണ്ണൂരിലേയും ആലപ്പുഴയിലേയും ഉപതെരഞ്ഞെടുപ്പുകളിലും അതിനുശേഷമുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പിന്നീട് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലും പിറവം ഉപതെരഞ്ഞെടുപ്പിലും നിങ്ങൾ പരാജയപ്പെട്ടു. നെയ്യാറ്റിൻകരയിലെ ഉപതെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട് സീറ്റ് നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. പിന്നീട് വന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുകയുണ്ടായി. എവിടെയെങ്കിലും വിജയിക്കാൻ കഴിഞ്ഞോ? അവസാനം അരുവിക്കരയിലെ പരാജയത്തെ പരാജയത്തിന്റെ അമ്മ എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. അവിടേയും പരാജയങ്ങൾ ഏറ്റുവാങ്ങിയപ്പോൾ നിങ്ങൾ പറയുന്നത് പരാജയം വിജയത്തിലേയ്ക്കുള്ള ചവിട്ടുപടിയാണെന്നാണ്. എവിടെയാണ് വിജയത്തിന് ചവിട്ടുപടിയുണ്ടായിട്ടുള്ളത്. ഓരോ സന്ദർഭത്തിലും കുഴിയിലേയ്ക്ക് നിന്ന് പടുകുഴിയിലേയ്ക്കും അവിടെ നിന്നും അഗാധഗർത്തത്തിലേയ്ക്കും വീഴുന്നു. എന്നാണ് ഇതിൽ നിന്നൊരു എഴുന്നേൽപ്പ്. എഴുന്നേൽക്കുമെന്ന ഒരു പ്രതീക്ഷയും കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന് നിങ്ങളാരും കരുതേണ്ടതില്ല. ഒരു കാര്യം വളരെ

സത്യമാണ്. ഈ രീതിയിലുള്ള കുതിപ്പ്, ജനങ്ങളുടെ വിശ്വാസം മുഴുവൻ ആർജിച്ച് മുന്നോട്ടു പോകുന്ന ഈ യു.ഡി.എഫ് ഗവൺമെന്റിൽ ജനങ്ങൾ അങ്ങേയറ്റം വിശ്വാസമർപ്പിച്ചിരിക്കുകയാണ്. ഇനി ഇത്തരത്തിലുള്ള ഒരാക്ഷേപം ഉന്നയിച്ചുകൊണ്ടല്ല ഇടതുപക്ഷമുന്നണി വരേണ്ടത്. ക്രിയാത്മകമായി സഹകരിക്കാൻ തയ്യാറാകണം. നെഗറ്റീവ് പൊളിറ്റിക്സ് നമുക്ക് ആവശ്യമില്ല. അത് കേരളത്തിലെ ജനങ്ങൾ ഇഷ്ടപ്പെടുന്ന ഒന്നല്ല. അതുകൊണ്ട് പോസിറ്റീവ് എനർജി നമുക്കുണ്ടാകണം. പോസിറ്റീവായ ചർച്ചകളുണ്ടാകണം. ഐക്യജനാധിപത്യമുന്നണി നടത്തിയിട്ടുള്ള നേട്ടങ്ങൾ അംഗീകരിക്കപ്പെടേണ്ടതാണെങ്കിൽ അംഗീകരിക്കണം. തെറ്റുണ്ടെങ്കിൽ തിരുത്തണം. അതാണ് ചെയ്യേണ്ടത്. ക്രിയേറ്റീവായ നിലയിൽ നമുക്ക് നീങ്ങാൻ കഴിയണം. നല്ല ബന്ധമുണ്ടാക്കാൻ കഴിയണം. ഈ നാടിന്റെ വികസനമാണ് എല്ലാവർക്കും ആവശ്യം. അല്ലാതെ നഷ്ടപ്പെട്ട പ്രതാപത്തെക്കുറിച്ച് ഓർത്ത് മറ്റാരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ജീവൻ നഷ്ടപ്പെട്ട കുതിരയുടെ വേഗതയെക്കുറിച്ച് എന്തിന് ഇനി അഭിമാനിക്കണം. അത് കഴിഞ്ഞുപോയി. കാലം മാറി. കാലത്തിന്റെ മാറ്റമനുസരിച്ച് ചിന്തിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിന്റെ വികസനത്തിനുവേണ്ടി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഒട്ടേറെ വികസനപദ്ധതികൾ

നടത്തിക്കൊണ്ടിരിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള വിഴിഞ്ഞം തുറമുഖ പദ്ധതി, ലോകത്തിലെ ഏറ്റവും വലിയ കപ്പൽ അവിടെ നങ്കൂരമിടാൻ പോകുകയാണ്. കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തീയതി അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. കണ്ണൂർ വിമാനത്താവളത്തിൽ വിമാനമിറങ്ങാൻ പോകുന്നു, ഡിസംബർ 31-ന് ട്രയൽ പറക്കൽ നടക്കാൻ പോകുകയാണ്. മെട്രോ സിറ്റിയുടെ പണി അതിവേഗതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ദിവസങ്ങൾക്കകം അവിടെ തീവണ്ടികൾ ചൂകിപ്പായാൻ പോകുകയാണ്. തകർന്നടിഞ്ഞുവെന്ന് കരുതിയിരുന്ന എത്രയോ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് വൻവികസന കാര്യങ്ങൾ മാത്രമല്ല ചെയ്യുന്നത്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ പാവപ്പെട്ട ആളുകളുടെ, രോഗികളുടെ കണ്ണീരൊപ്പുന്ന ഒരു ഗവൺമെന്റാണിത്. കാരുണ്യ ബെനവലന്റ് പോലുള്ള പദ്ധതികൾ ലോകത്തിന് മാതൃകയായ പദ്ധതികളാണ്. അങ്ങനെയുള്ള ഈ സാഹചര്യത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് അനുകൂലമായ നിലയിൽ ജനങ്ങൾ മാറിയിരിക്കുന്ന സാഹചര്യത്തിൽ തെറ്റുകൾ തിരുത്തി, കാര്യങ്ങൾ നല്ല നിലയിൽ, പോസിറ്റീവായി വരാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ  തയ്യാറാകണം. നട്ടാൽ

കുരുക്കാത്ത നുണകൾ നിരത്തി ജനപ്രിയ നേതാക്കന്മാരെ വേട്ടയാടുന്ന ഈ പ്രവർത്തനം അവസാനിപ്പിക്കണം. കാലത്തിന് ഒരു നിയമമുണ്ട്. കേരളം ഏറ്റെടുത്ത പ്രിയപ്പെട്ട നേതാക്കന്മാരെ അനാവശ്യമായി വേദനിപ്പിച്ചാൽ കാലം അതിന് മറുപടി തരും. അതൊക്കെയാണ് 2006 മുതൽ അരുവിക്കര വരെയുള്ള തെരഞ്ഞെടുപ്പിന്റെ കാര്യങ്ങളിൽ കണ്ടുവരുന്നത്. അതുകൊണ്ട് നിങ്ങളുടെ ശൈലി മാറണം. കൊലപാതക രാഷ്ട്രീയവും കലാപരാഷ്ട്രീയവും ബോംബ് രാഷ്ട്രീയവും അവസാനിപ്പിച്ച് പോസിറ്റീവ് പൊളിറ്റിക്സിലേയ്ക്ക് വരാൻ എല്ലാവരും തയ്യാറാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, പുതിയ ചീഫ് വിപ്പിന്റെ പ്രസംഗത്തിന് തൊട്ടുപിന്നാലെ പ്രസംഗിക്കാനുള്ള ഒരു നിയോഗമാണ് എനിക്കുണ്ടായത്. അദ്ദേഹം പ്രതിപക്ഷം എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ച് ധാരാളം ഉപദേശങ്ങൾ തന്നു. ഈ ബഡ്ജറ്റ് ഞങ്ങൾ അംഗീകരിക്കണമെന്നും അതിന്റെ ചർച്ചയിൽ പങ്കെടുക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. ഈ ബഡ്ജറ്റിനോട് ഞങ്ങൾക്ക് നിഷേധാത്മകമായ സമീപനമാണ്. ബഡ്ജറ്റ് ചട്ടപ്രകാരം എന്ന് സഭയിൽ അവതരിപ്പിക്കുന്നോ അന്ന് ഞങ്ങൾ പോസിറ്റീവായി തന്നെ ചർച്ചയിൽ പങ്കെടുക്കും.

ഇവിടെ പ്രക്ഷോഭത്തിനിടയിൽ ബഹുമാനപ്പെട്ട സ്പീക്കർ വേദിയിൽ വന്ന് ആംഗ്യം കാണിക്കുകയും നിങ്ങളെല്ലാവരും കൂടിനിന്ന് ആർത്തലയ്ക്കുകയും ലഡുവിഴുങ്ങുകയുമൊക്കെ ചെയ്തു. അതാണോ ബഡ്ജറ്റ് അവതരണം. മീഡിയ റൂമിൽ പോയിരുന്ന് ബഡ്ജറ്റ് അവതരിപ്പിച്ചാൽ അത് സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റാകുകയില്ല. അതിനോട് എങ്ങനെയാണ് പോസിറ്റീവായ സമീപനമെടുക്കാൻ കഴിയുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ധനാഭ്യർത്ഥനെ സംബന്ധിച്ച് നമ്മൾ കൂടുതലൊന്നും സംസാരിക്കാത്തത്. ഒരു വ്യാജബഡ്ജറ്റിന്റെ പേരിൽ നടക്കുന്ന വ്യഥാവ്യായാമമാണിത്. കഴിഞ്ഞ നാല് വർഷക്കാലമായി നിങ്ങൾ ഈ നാട് ഭരിച്ച് തുലച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനെക്കുറിച്ച് ഒരു വിചാരണ നടത്താനാണ് ഈ സന്ദർഭം ഞങ്ങൾ ഉപയോഗിക്കുന്നത്. അതിന് ഈ ജനാധിപത്യവേദിയുടെ സാദ്ധ്യതയെ പ്രയോജനപ്പെടുത്തുന്നു. അതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. വ്യാജ ബഡ്ജറ്റും വ്യാജ ധനാഭ്യർത്ഥനയുമാണെങ്കിലും വ്യവസായ വകുപ്പുമന്ത്രി കേട്ടുകൊണ്ടിരിക്കുന്നതുകൊണ്ട് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ചിലത് പറയുവാനുണ്ട്. നേരത്തെ ഭരണകക്ഷി അംഗങ്ങൾ വ്യവസായ വകുപ്പിന്റെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ എന്നുപറയുന്നതുപോലെ യു.ഡി.എഫ്.-ന്റെ ഭരണത്തിൽ നമ്മുടെ വ്യവസായ വകുപ്പും പൊതുമേഖലാ

സ്ഥാപനങ്ങളുമൊക്കെ പണ്ടുണ്ടായിരുന്ന അതേ അവസ്ഥയിലേയ്ക്ക് ചെന്ന് പതിച്ചിരിക്കുന്നു എന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. മുൻ വ്യവസായ വകുപ്പുമന്ത്രികൂടിയായിരുന്ന സഖാവ് ശ്രീ. എളമരം കരീം കുറച്ചു കഴിഞ്ഞ് കാര്യങ്ങൾ വിശദമായിട്ട് സംസാരിക്കുമെന്നതിനാൽ ഞാൻ ഒരുപാട് പറയുന്നില്ല. നമ്മുടെ നാടിനെ വ്യവസായ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനെക്കുറിച്ച് വ്യവസായ വകുപ്പിനു മാത്രമല്ല ഈ ഗവൺമെന്റിന് എന്തെങ്കിലും കാഴ്ചപ്പാടുണ്ടോ; ഉണ്ടെങ്കിൽ അതിന് ഏറ്റവുമാദ്യം വേണ്ടത് വൈദ്യുതിയാണ്. പുതിയ കാലത്തിനനുസരിച്ച് ഉല്പാദന വർദ്ധനവിനാവശ്യമായ ഊർജ്ജം ഉണ്ടാക്കണം. ഈ നാല് വർഷക്കാലത്തിനിടയിൽ ഒരു യൂണിറ്റ് വൈദ്യുതി പുതുതായി ഉണ്ടാക്കിയെന്ന് ചീഫ് വിപ്പിന് പറയാൻ കഴിയുമോ. 7,500 കോടി രൂപയുടെ മെഗാ പ്രോജക്ടായ എൽ.എൻ.ജി.-യുടെ കാര്യത്തിൽ എന്ത് നടപടിയാണ് എടുത്തിരിക്കുന്നത്; വിഴിഞ്ഞത്തേക്കാൾ വലിയ പദ്ധതിയാണിത്. വ്യവസായ വകുപ്പുമന്ത്രിയുടെക്കൂടി ജില്ലയായ മലപ്പുറത്താണ് അതിനെ സംബന്ധിച്ചുള്ള പ്രധാന തടസ്സമുള്ളത്. അത് പരിഹരിച്ചുകൊണ്ട് പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ? അങ്ങനെയൊന്നും ഉണ്ടായില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രീ, അങ്ങേയ്ക്ക് എന്താണ് പറ്റിയത്; ഈ മന്ത്രിസഭയിലെ ഏറ്റവും പ്രാപ്തനായ

മന്ത്രിയാണ് അങ്ങെന്നാണ് ഞങ്ങൾ കണക്കാക്കുന്നത്. അങ്ങെന്താണ് ഇങ്ങനെ മൗനം അവലംബിക്കുന്നത്; ഈ ടേമിൽ അങ്ങ് മൗനമാണ്. ശ്രീ. കെ. എം. ഷാജിയെപ്പോലുള്ള അനുയായികളുടെ വിവരക്കേടിന് മൗനം ഭൂഷണം എന്ന നിലയിൽ അങ്ങ് മൗനം അവലംബിക്കുകയാണോ?

കോഴിക്കോട് സൈബർ പാർക്കുമായി ബന്ധപ്പെട്ട പ്രശ്നം ഒരുപാട് തവണ ഞാൻ തന്നെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എന്റെ സുഹൃത്ത് കോഴിക്കോട് നിന്നുള്ള ശ്രീ. സി. മോയിൻകുട്ടി, എം.എൽ.എ. ഐ.ടി. രംഗത്തുണ്ടായിട്ടുള്ള വലിയ മുന്നേറ്റത്തെക്കുറിച്ച് ആവേശത്തോടുകൂടി പറഞ്ഞു. അദ്ദേഹം കോഴിക്കോട് നിന്നുവന്നിട്ട് അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് സങ്കടം തോന്നി. യഥാർത്ഥത്തിൽ എന്താണ് അവിടെ സംഭവിച്ചത്. എന്നേ പൂർത്തിയാകേണ്ട സൈബർ പാർക്കിന്റെ നിർമ്മാണം ഒരുപാട് കൈകാര്യംചെയ്ത് കുളമാക്കി കാലവിളംബം വരുത്തി എന്ന് പൂർത്തിയാകുമെന്ന് പറയാൻപറ്റാത്ത നിലയിലേയ്ക്കെത്തിച്ചു. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കമിട്ട യു.എൽ. സൈബർ പാർക്ക് (ഊരാലുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിയുടെ സൈബർ പാർക്ക്) നാലര ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഒരു കെട്ടിടം പണി പൂർത്തിയാക്കിയിട്ടിട്ട് ഒന്ന്-ഒന്നര വർഷമായി. യു.എൽ. സൈബർ പാർക്കിനേയും

ഗവൺമെന്റ് സൈബർ പാർക്കിനേയും നമ്മൾ ഒന്നായി കണ്ടാൽ മതി. മറ്റേത് കാലവിളംബമായി എന്നത് ശരിയാണ്. എന്നാൽ ഉണ്ടാക്കിയ ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗിച്ചുകൊണ്ട് പുതിയ കമ്പനികളെ കൊണ്ടുവന്ന് കോഴിക്കോടിനെ ഒരു ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റാൻ അങ്ങയുടെ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചോ? വെറുതേ കിടക്കുകയാണവിടെ. നമ്മൾ വരാനിടയില്ലാത്ത സ്മാർട്ട് സിറ്റിയെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതെന്നെങ്കിലും വരട്ടെ. സ്മാർട്ട് സിറ്റിയെക്കുറിച്ച് പറയുന്നതിന് പകരം ഉണ്ടാക്കിയിട്ടുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗിച്ച് ഐ.ടി. കമ്പനികളെ കൊണ്ടുവരുന്നതിനുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തറക്കല്ലിട്ട് പണിയാരംഭിച്ച സന്ദർഭത്തിൽത്തന്നെ നാസ്കോമിന്റെ സഹായത്തോടെ പ്രധാനപ്പെട്ട വൻ ഐ.ടി. കമ്പനികളുടെ സി.ഇ.ഒ.-മാരുടെ മീറ്റിംഗ് പലവട്ടം അവിടെ വിളിച്ചിരുന്നു. യു.എസ്. സോഫ്റ്റ്, വിപ്രോ, ഐ.ബി.എം., ഇൻഫോസിസ് ഇവരെല്ലാം വന്നു. നിങ്ങൾ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കിയാൽ കോഴിക്കോടിനെ പ്രിഫർ ചെയ്ത് ഇങ്ങോട്ട് വരാൻ ഞങ്ങൾ തയ്യാറാണെന്ന് കമ്പനികൾ പറഞ്ഞു. പക്ഷെ ആ ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കി നമ്മുടെ ഡെസ്റ്റിനേഷന്റെ പ്രത്യേകത ബോധ്യപ്പെടുത്തി കമ്പനികളെ ആകർഷിച്ച് കൊണ്ടുവരാൻ ഈ ഗവൺമെന്റിന്

കഴിയുന്നില്ല. അതിനാവശ്യമായ ഒരു നടപടിയും സ്വീകരിക്കുന്നില്ല. കുറ്റകരമായ അനാസ്ഥ നമ്മുടെ ഐ.ടി. വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. എവിടെയാണ്, എന്താണ് സംഭവിച്ചതെന്നതിനെ സംബന്ധിച്ച് അങ്ങ് അന്വേഷിക്കണം. ഇതിനൊന്നും മനസ്സുകൊടുക്കാൻ ഗവൺമെന്റിനോ അങ്ങേയ്ക്കോ എന്തുകൊണ്ടാണ് കഴിയാത്തത്. ആ ഐ.ടി. ഇൻഡസ്ട്രി പൂർത്തിയാക്കിയാൽ ഞങ്ങളങ്ങയെ മാലയിട്ട് സ്വീകരിച്ച് ഉദ്ഘാടനം ചെയ്യാൻ  കൊണ്ടുപോകാം. കഴിഞ്ഞ ഗവൺമെന്റാണ് അത് തുടങ്ങിയത്. . പൂർത്തിയാക്കിയാൽ ഈ ഗവൺമെന്റിന് നേട്ടം അവകാശപ്പെടാം. പക്ഷേ ഒന്നും ചെയ്യാൻ പറ്റാവുന്ന ഒരു അന്തരീക്ഷമല്ല നിങ്ങളുടെ മുന്നണിയിൽ ഇപ്പോഴുള്ളതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്.  അതുകൊണ്ടാണ് വൈദ്യുതിയുടെ പ്രശ്നത്തിലുൾപ്പെടെ ഈ സമീപനം സ്വീകരിക്കുന്നത്. മുസ്ലീം ലീഗ് വളരേണ്ടെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് ആഗ്രഹിക്കുന്ന എന്നുള്ളതുകൊണ്ട് വ്യവസായവും വളരണ്ടാ എന്നാഗ്രഹിച്ചിട്ടാണോ ഒരൊറ്റ യൂണിറ്റ് വൈദ്യുതിയും ഉണ്ടാക്കാത്തത് എന്നും വേണമെങ്കിൽ ചോദിക്കാം. ആ നിലയിൽ അവിയൽ പരുവത്തിൽ കിടക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ:  മുസ്ലീം ലീഗിന് അഞ്ചാം മന്ത്രിസ്ഥാനം കൊടുത്താൽ കേരളത്തിലെ കോൺഗ്രസിന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കും ശ്രീ. ഉമ്മൻ ചാണ്ടിയെന്നും എന്റെ വീട്ടിൽ കല്ലെറിഞ്ഞവരുടെ സത്യപ്രതിജ്ഞയ്ക്ക് ഞാൻ

പോകില്ലെന്നും ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: തീർച്ചയായിട്ടും. അത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ലീഗിന്റെ നിയമസഭാ കക്ഷി നേതാവ് നയിക്കുന്ന വകുപ്പിലൊരു പുതിയ സംരംഭം വരണ്ട. അതുകൊണ്ട് ഒരു യൂണിറ്റ് വൈദ്യുതി പോലും ഉണ്ടാകരുതെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാകും. നിങ്ങൾ തമ്മിൽ ഏകോപനമില്ലാത്തതിന്റെ ഭാഗമായാണ് യഥാർത്ഥത്തിൽ ഇതെല്ലാം കുളമായിരിക്കുന്നത്. ശ്രീ. കെ. എം. ഷാജിയെപ്പോലുള്ള ആളുകളുടെ ഓരോ ദിവസത്തെയും ആക്രോശങ്ങൾ കേട്ട് അങ്ങ് മൗനമായിട്ടിരിക്കുകയാണ്. അതിനെയൊക്കെ പിന്തുണയ്ക്കുകയാണ്. എന്തൊക്കെയാണ് പറഞ്ഞത്? കമ്മ്യൂണിസ്റ്റുകാർ ന്യൂനപക്ഷ വിരുദ്ധരാണ്, മുസ്ലീം വിരുദ്ധരാണെന്നൊക്കയാണ്. ഈ നാടിന്റെ ചരിത്രത്തെക്കുറിച്ച് വല്ലതും അറിഞ്ഞിട്ടാണോ? അങ്ങ് തിരുത്തിക്കൊടുക്കണം. ഈ സഭയിൽ തന്നെ അങ്ങ് പറയേണ്ടതാണ്. ഇന്ത്യയിൽ രൂപീകരിച്ചതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലാണ് മുസ്ലീം സമുദായത്തിലുള്ളവർ ഏറ്റവും വലിയ പങ്ക് വഹിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ചെയറിന് നല്ല ബോദ്ധ്യമുണ്ടാകും. താഷ്കെന്റിൽ വച്ച് 1920-ൽ രൂപീകരിച്ചപ്പോൾ മുഹമ്മദ് അലി, മുഹമ്മദ് ഷെഫീക്

സിദ്ധിഖി, റഫീക്ക് അഹമ്മദ്, സുൽത്താൻ അഹമ്മദ്ഖാൻ. അതുപോലെ ആദ്യകാല നേതാക്കളായ മുസാഫിർ അഹമ്മദ്, ഷൗക്കത്ത് ഉസ്മാനി, ഹസത് മൊഹാനി- പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന് എ.ഐ.സി.സി.-യിൽ ആദ്യം പ്രമേയം കൊണ്ടു വന്നയാൾ, എന്നിട്ട് അത് എ.ഐ.സി.സി. വോട്ടിനിട്ടു പരാജയപ്പെടുത്തിയതാണ്, എം.എൻ. റോയിയോടും അബനി മുഖർജിയോടൊക്കെയൊപ്പം ഇവരൊക്കെയുണ്ടായിരുന്നു. ഇവർ മുസ്ലീം മതത്തിൽ പിറന്നവരാണ്. അവരാണ് ഈ പ്രസ്ഥാനമുണ്ടാക്കിയത്. എന്നിട്ട് ഞങ്ങളെ മുസ്ലീം വിരുദ്ധരെന്ന് മുദ്ര കുത്തുകയാണ്. ശ്രീ. കെ. എം. ഷാജിയുടെ സർട്ടിഫിക്കറ്റൊന്നും ഞങ്ങൾക്കാവശ്യമില്ല.

എനിക്കൊരു കാര്യം പറയുവാനുള്ളത്, എല്ലാവരും രാഷ്ട്രീയവുംകൂടി പറയുന്നതു കൊണ്ടാണ്, അല്ലെങ്കിൽ ഞാൻ ഇതിനകത്തുനിന്ന് മാത്രം ചർച്ച ചെയ്യുമായിരുന്നു. മുസ്ലീം ലീഗ് മുസ്ലീം സമുദായത്തിന്റെ മൊത്തക്കച്ചവടം ഏറ്റെടുക്കേണ്ട. ആ ഏറ്റെടുക്കലാണ് ഇവിടെ പലതരത്തിലുള്ള പ്രശ്നമുണ്ടാക്കുന്നത്. നിങ്ങൾ ഈ സമുദായത്തിലെ സമ്പന്നരുടെ താല്പര്യം സംരക്ഷിക്കുന്ന പാർട്ടിയാണ്. സാധാരണ മനുഷ്യന്റെ താല്പര്യം സംരക്ഷിക്കുന്നില്ല. അധികാരം പ്ലസ് കച്ചവടം എന്നതാണ് മുസ്ലീം ലീഗ്. നേരത്തേ ശ്രീ. കെ. ടി. ജലീൽ സംസാരിക്കുന്ന സമയത്ത് ഗുജറാത്ത് വംശഹത്യയ്ക്ക് ഫണ്ട് പിരിച്ചുകൊടുക്കാൻ വൈകിയതിനെക്കുറിച്ച്

ആക്ഷേപിച്ചുവെന്നൊക്ക പറഞ്ഞില്ലേ. മുസാഫിർ നഗർ കലാപം ഉണ്ടായപ്പോൾ ന്യൂനപക്ഷങ്ങളാണ് ഏറ്റവും വലിയ ആക്രമണത്തിന് വിധേയരായത്. സി.പി.ഐ.(എം) ഫണ്ട് പിരിച്ച് അവിടെ 54 വീടുകളുണ്ടാക്കിക്കൊടുത്തു. ഏകതാ നഗർ കോളനി എന്നൊരു കോളനി തന്നെ അവിടെ ഉണ്ടാക്കിക്കൊടുത്തു. ഇന്ത്യയിലെ ഒരേയൊരു രാഷ്ട്രീയ പാർട്ടിയാണ് അതു ചെയ്തത്. ഞങ്ങൾ അതിന്റെ താക്കോൽ ഏൽപ്പിച്ചപ്പോൾ നിങ്ങൾക്ക് അല്പം വിഷമമുണ്ടായി. പിന്നെ നിങ്ങൾ ഒരാഴ്ച കഴിഞ്ഞ് അവിടെ തറക്കല്ലിടാൻ പോയെന്നു പറയുന്നതു കേട്ടു. പക്ഷേ ഇപ്പോഴും അത് പൂർത്തിയായില്ല. എവിടെപ്പോയി; അതിന് പിരിച്ച ഫണ്ടെവിടെ; ആ തറക്കല്ലെവിടെ കിടക്കുന്നു? യഥാർത്ഥത്തിൽ മുസാഫിർ നഗർ കലാപത്തെത്തുടർന്ന് വർഗ്ഗീയത ആളിക്കത്തിച്ച് ബി.ജെ.പി. ഉത്തർപ്രദേശിൽ വൻ വിജയം കൊയ്തു. അവിടെ ഒരു വർഗ്ഗീയ കലാപമുണ്ടായാൽ ബി.ജെ.പി.യ്ക്ക് രാഷ്ട്രീയ നേട്ടം, ലീഗിന് സാമ്പത്തിക നേട്ടം. അതിന്റെ പേരിൽ പണം പിരിക്കുക, പോക്കറ്റിലാക്കുക. ഇതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ അവിടത്തെ സമുദായം നോക്കിയൊന്നുമല്ല കാര്യങ്ങൾ ചെയ്യുന്നത്. അവിടെ കെടുതികൾ അനുഭവിക്കുന്ന ജനതയുടെ ആവശ്യം നോക്കിയാണ് സി.പി.ഐ.(എം) ഓരോ കാര്യത്തിലും, ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും ഇടപെടുന്നത്. ഉത്തരാഖണ്ഡിൽ പ്രളയമുണ്ടായപ്പോൾ

സി.പി.ഐ.(എം)-ന്റെ എം.പി.മാർ അവിടത്തെ പുനരധിവാസ പ്രവർത്തനത്തിന് 50 ലക്ഷം രൂപ നൽകി. കോൺഗ്രസിലെയോ ലീഗിലേയോ എം.പി.മാർ കൊടുത്തോ? നിങ്ങളൊന്നും ഇങ്ങനെ ചെയ്തില്ല. അവിടെ വോട്ടു കിട്ടുമെന്നു വിചാരിച്ചിട്ടാണോ ഞങ്ങൾ അത് ചെയ്തത്. വോട്ടു കിട്ടാൻ ഞങ്ങളുടെ പാർട്ടി അവിടെ അധികമൊന്നുമില്ല. ഞങ്ങൾ ശേഷിയുള്ളിടത്തു നിന്നും പണം സമാഹരിച്ച് ദുരിതമനുഭവിക്കുന്നവർക്ക് കൊടുക്കുകയാണ്. കാശ്മീരിലേക്ക് ഞങ്ങൾ ഫണ്ടു കൊടുത്തു. നിങ്ങൾ കൊടുത്തോ? നിങ്ങൾ ഇന്ത്യയിലെ ന്യൂനപക്ഷ സമുദായങ്ങൾ ജീവിക്കുന്ന പ്രദേശങ്ങളിലെ ആളുകളുടെ വേവലാതികളെക്കുറിച്ചൊക്കെ പറയുമ്പോൾ, ആ സാമൂഹിക വിഭാഗങ്ങൾ വലിയ അവഗണനയും പീഡനങ്ങളും കെടുതികളും അനുഭവിക്കുന്നിടത്ത് ഓടിയെത്താനും ആശ്വസിപ്പിക്കാനും ആരുണ്ടായിരുന്നു? യു.പി.എ. ഗവൺമെന്റ് ഭരിക്കുമ്പോൾ കാശ്മീരിൽ 120-ഓളം മുസ്ലീം ചെറുപ്പക്കാർ പട്ടാള അതിക്രമത്തിനു വിധേയമായി കൊല്ലപ്പെട്ടിട്ടുണ്ടായിരുന്നു. അന്ന് അവിടെ ഓടിയെത്തിയത് സി.പി.ഐ.(എം)-ന്റെ അന്നത്തെ ജനറൽ സെക്രട്ടറി സഖാവ് പ്രകാശ് കാരാട്ടാണ്. നിങ്ങളുടെ നേതാക്കന്മാർ ആരും അവിടെ പോയിട്ടില്ല. അദ്ദേഹം ഇന്ത്യൻ പ്രസിഡന്റിനെ പോയി കണ്ടു അവിടത്തെ കാര്യങ്ങൾ മനസ്സിലാക്കാൻ സർവ്വകക്ഷി സംഘത്തെ അയപ്പിച്ചു. അങ്ങനെയുള്ള

ഞങ്ങളെ നിങ്ങൾ ന്യൂനപക്ഷ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്റെ പാഠഭാഗങ്ങൾ പഠിപ്പിക്കേണ്ടതില്ല. നിങ്ങളിൽനിന്ന് ഞങ്ങൾക്കത് പഠിക്കേണ്ടതില്ല. ന്യൂനപക്ഷത്തിന്റെ പേരു പറഞ്ഞ് കച്ചവടം നടത്തുന്ന രാഷ്ട്രീയ പാർട്ടിയാണ് മുസ്ലീം ലീഗ്. ആ സമീപനം നിങ്ങൾ എന്ന് ഉപേക്ഷിക്കുന്നുവോ അന്ന് നിങ്ങൾക്ക് നന്മയും പുരോഗതിയും മുന്നേറ്റവുമുണ്ടാകും. ന്യൂനപക്ഷങ്ങളുടെ പ്രശ്നം എന്നുപറയുന്നത് മുസ്ലീങ്ങളുടെ പ്രശ്നം മാത്രമല്ല, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുമുണ്ട്. ഇന്നലെ ഏത് വകുപ്പിന്റെ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. എം. ഷാജി പറഞ്ഞത്; പറയുമ്പോൾ എന്തിനാണ് നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകുന്നത്? നെഞ്ചിലേയ്ക്ക് കയറുന്നുണ്ടോ; കാശ്മീരിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പ്രത്യേക സൈനികാധികാരനിയമം എടുത്തുകളയണമെന്ന് പറഞ്ഞ് ഇറോം ഷർമ്മിളയൊക്കെ സമരം ചെയ്തില്ലേ? ഇന്ത്യൻ പാർലമെന്റിൽ നിങ്ങളുടെ എം.പി.-മാരും ഉണ്ടായിരുന്നല്ലോ; ന്യൂനപക്ഷങ്ങൾ വലിയ നിലയിൽ അതിക്രമത്തിന് വിധേയരാകുന്ന പ്രദേശമാണത്. അവിടെ ആ ആവശ്യം ഉന്നയിച്ചത് സി.പി.ഐ. (എം)-ന്റെ പാർലമെന്റ് അംഗങ്ങളാണ്. നിങ്ങൾക്ക് അതിന് താൽപ്പര്യമില്ല. നിങ്ങൾക്ക് ഇവിടെ ന്യൂനപക്ഷ താൽപ്പര്യത്തിന്റെ പേരിൽ സ്കൂൾ അനുവദിക്കുക, കച്ചവടം നടത്തുക, കമ്മീഷൻ വാങ്ങുക അതുമാത്രമാണുള്ളത്. ഡോ. എം. കെ.

മുനീർ എന്റെ നല്ല സുഹൃത്താണ്, ഞാൻ ഇഷ്ടപ്പെടുന്നയാളാണ്. ഇന്നലെ ഡോ. ടി. എം. തോമസ് ഐസക് അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോഴും ഇന്ന് ഡോ. കെ. ടി. ജലീലിന്റെ ഒരു പരാമർശം വന്നപ്പോഴും അദ്ദേഹം വല്ലാതെ അസ്വസ്ഥനാകുന്നത് കണ്ടു. അദ്ദേഹം ഇപ്പോൾ ഇവിടെ വേണ്ടിയിരുന്നു. അദ്ദേഹത്തെ ഇരുത്തിക്കൊണ്ട് പറയേണ്ടതായിരുന്നു. കാരണം അദ്ദേഹം അങ്ങനെ അസ്വസ്ഥനാകേണ്ടതില്ല. ഉന്നയിച്ച പ്രശ്നങ്ങൾക്ക് വസ്തുതാപരമായി മറുപടി പറഞ്ഞാൽ മതി. എന്താണ് ഉന്നയിച്ചത്; സാമുദായികാടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ വാർഡ് തിരിച്ച എന്ന പ്രശ്നമാണ്. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ അത് ചൂണ്ടിക്കാണിച്ചത്. കോൺഗ്രസ്സുകാർക്കുപോലും ആ അഭിപ്രായം ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ചെറുകുളത്തൂർ പഞ്ചായത്ത്....... ലീഗിന് മൂന്ന് പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചു. കോൺഗ്രസ്സുകാരെപ്പോലും ഞങ്ങൾ ജയിക്കുന്ന പഞ്ചായത്തിലാക്കിയിട്ട് ലീഗിന് ഒറ്റയ്ക്ക് ജയിക്കാമെന്ന നിലയിൽ കോഴിക്കോട് ജില്ലയിലെ ചെറുകുളത്തൂർ പഞ്ചായത്ത്...... അതിന്റെ എല്ലാ ഫാക്ടും ഞങ്ങൾ കൊണ്ടുവരാം. എന്തിനാണ് അങ്ങനെ ചെയ്യുന്നത്; ഇവിടെ നേരത്തേ ലീഗിന്റെ ശ്രീ. സി. ടി. അഹമ്മദ് അലി, ശ്രീ. കുട്ടി അഹമ്മദ് കുട്ടി സാഹിബ് അവരാരെങ്കിലും അങ്ങനെയൊരു സമീപനം സ്വീകരിച്ചോ; അന്തസ്സുള്ള സമീപനം മാത്രമേ അവർ

സ്വീകരിച്ചിട്ടുള്ളൂ. എന്തുകൊണ്ടാണ് അതിൽ നിന്നും വ്യത്യസ്തമായ സമീപനം ഡോ. എം. കെ. മുനീർ സ്വീകരിക്കുന്നത്; അദ്ദേഹത്തിന്റെ മനസ്സ് എനിക്കറിയാം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു സെന്റൻസുകൂടി പറഞ്ഞ് അവസാനിപ്പിക്കാൻ ചെയർ എനിക്ക് അനുമതി തരണം. അദ്ദേഹം ചരിത്രത്തിലെ അക്ബർ ചക്രവർത്തിയെപ്പോലെ വിലയിരുത്തപ്പെടണമെന്ന് ആഗ്രഹിക്കുന്നയാളാണ്. ഞാനും അങ്ങനെ ആഗ്രഹിക്കുന്നു. പക്ഷേ അദ്ദേഹം പഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നിലപാട് തിരുത്തിയില്ലെങ്കിൽ മുഗൾ സാമ്രാജ്യത്തിലെ അക്ബർ ചക്രവർത്തിയെ പ്പോലെയല്ല ഔറംഗസീബിനെപ്പോലെയാകും അദ്ദേഹത്തെ വിലയിരുത്ത പ്പെടുന്നത്. മുഗൾ സാമ്രാജ്യത്തിന്റെ ഒടുക്കത്തിന് തുടക്കം കുറിച്ച ആളാണ് ഔറംഗസീബ്. ആ നിലയിലേയ്ക്ക് ഡോ. എം. കെ. മുനീറിന്റെ നിലപാട് പോകുക തന്നെ ചെയ്യും. ഇതോടൊപ്പം തന്നെ ഒരു കാര്യം.....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... ആറുമിനിറ്റിലധികമായി.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാനൊരു കാര്യം പറയുന്നു. ലീഗിനെ ഞങ്ങൾ വർഗ്ഗീയ പാർട്ടി എന്നൊന്നും വിളിക്കാറില്ല. ലീഗ് എന്ന രാഷ്ട്രീയ പാർട്ടിയുടെ

ജനിതകഘടന പരിശോധിച്ചാൽ അതിനകത്ത് .....(മൈക്ക് ഓഫ്)....ഒരു രാഷ്ട്രീയ ജീൻ തെറാപ്പിയിലൂടെ പരിഹാരം കാണാം. സർക്കാർ ചെലവിലൂടെ അത് കാണാം. നിങ്ങൾ വർഗ്ഗീയവാദി എന്നല്ല പറയുന്നത്. നിങ്ങളുടെ ജനിതകഘടനയിൽ വർഗ്ഗീയതയുടെ ക്രോമസോം കോമ്പിനേഷൻ ഉണ്ട്. .....(മൈക്ക് ഓഫ്)......

Shri Shafi Parambil: Sir, " The No.1 benefit of information technology is that it empowers people to do what they want to do. It leads people be creative, it leads people be productive, it leads people learn things. They didn't think that they could learn before and so in a sense it's all about potential." ഇത് സ്റ്റീവ് ബാൽമറിന്റെ ഒരു ക്വാട്ട് ആണ്. ഈ സംസ്ഥാനത്തിന്റെ യുവത്വത്തിന്റെ പൊട്ടൻഷ്യൽ തിരിച്ചറിഞ്ഞ് മുന്നോട്ടുപോകുന്ന യു.ഡി.എഫ്. സർക്കാരിന്റെ വ്യവസായ-ഐ.ടി. വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇന്ന് ജൂലൈ 21. ഇന്നലത്തെ ദിവസത്തിന് ചരിത്രത്തിൽ ഒരു പ്രത്യേകതയുണ്ട്. 1969 ജൂലൈ 20-ന് കൃത്യമായി പറഞ്ഞാൽ, 46 വർഷങ്ങൾക്കുമുമ്പ് മൈക്കൽ കോളിൻസ് എന്ന ബഹിരാകാശ ഗവേഷകൻ പറഞ്ഞ പ്രശസ്തമായ ഒരു വാക്ക് ഉണ്ട്, " That's one small step for a man and one giant leap for a mankind." നീൽ ആംസ്ട്രോങ്ങും എഡ്വിൻ. ഇ. ആൽഡ്രിൻ

ജൂനിയറും ചന്ദ്രനിൽ കാലുകുത്തിയപ്പോൾ അത് അവർക്ക് ചെറിയ കാൽവെയ്പ്പ് ആയിരുന്നുവെങ്കിൽ മാനവരാശിക്ക് അതൊരു കുതിച്ചുചാട്ടമായിരുന്നു. 46 വർഷം മുമ്പ് അപ്പോളോ 11 എന്ന ബഹിരാകാശ പേടകം ചന്ദ്രനിലേയ്ക്ക് മനുഷ്യനെക്കൊണ്ട് പറന്നപ്പോൾ, ആ ബഹിരാകാശ പേടകത്തിന്റെ ശേഷി ഇന്ന് 46 വർഷം പിന്നിട്ടപ്പോൾ നമ്മുടെ പോക്കറ്റുകളിൽ ഇരിക്കുന്ന ഒരു സാധാരണ മൊബൈൽ ഫോണിൽ, സ്മാർട്ട് ഫോണിൽ ഉണ്ട് എന്നുള്ളത് കാലഘട്ടം വരുത്തുന്ന മാറ്റങ്ങളാണ്. മാറ്റത്തിന്റെ വേഗത അത്ഭുതപ്പെടുത്തുന്ന താണ്. ഈ മാറ്റങ്ങളെ കാണാൻ കഴിയുന്ന ഒരു സർക്കാർ കേരളത്തിൽ അധികാരത്തിൽ ഉണ്ട് എന്നുള്ളത് കേരളീയ യുവത്വത്തിന്റെ ഒരു ദൃഢനിശ്ചയമാണ്. അതുകൊണ്ടാണ് ഉപതെരഞ്ഞെടുപ്പുകളിലും പാർലമെന്റ് തെരഞ്ഞെടുപ്പുകളിലും എല്ലാം യുവജനത ഈ ഗവൺമെന്റിന് നിസ്സീമമായ പിന്തുണ നൽകിയത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഡെമോക്രാറ്റിക് ഡിവിഡന്റ് എന്ന് നമ്മൾ വിളിക്കുന്ന ജനസംഖ്യാപരമായ ലാഭവിഹിതം നമ്മുടെ പ്രതീക്ഷകൾക്ക് ചിറക് വിരിക്കുകയാണ്. 24 വയസ്സിന് താഴെയുള്ളവരുടെ ജനസംഖ്യാനുപാതം പരിശോധിക്കുമ്പോൾ ജപ്പാനിൽ 22 ശതമാനവും ചൈനയിൽ 32 ശതമാനവും യു.എസ്.എ.-യിൽ 33 ശതമാനവും ഇന്ത്യയിൽ അത് 47 ശതമാനവുമാണ്. ഇന്ത്യയാണ് ലോകത്തെ ഏറ്റവും ഐ.ടി.

രാജ്യമായി മാറാൻ പോകുന്നത് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. റഷ്യയിൽ 1.3 മില്യണും ചൈനയിൽ 1.9 മില്യണും യു.എസ്.എ.യിൽ 4.5 മില്യണും ആണെങ്കിൽ 2018 ആകുമ്പോൾ 5.2 മില്യൺ ആളുകളെ ഈ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാൻ നമുക്ക് കഴിയുമെന്നുള്ളതാണ് കണക്കുകൾ പറയുന്നത്. ഇന്ത്യയിൽ ഈ സാദ്ധ്യത വലിയ പൊട്ടൻഷ്യലായി നമ്മുടെ മുമ്പാകെ നിൽക്കുമ്പോൾ അത് ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തേണ്ടത് കേരള സംസ്ഥാനമാണെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? സമ്പൂർണ്ണ സാക്ഷരതയെ സംബന്ധിച്ച് അഭിമാനിക്കുന്ന, കമ്പ്യൂട്ടർ ലിറ്ററസിയെ സംബന്ധിച്ച് അഭിമാനിക്കുന്ന, ഇന്റർനെറ്റ് പെനിട്രേഷനെ സംബന്ധിച്ച് അഭിമാനിക്കുന്ന... മാത്രമല്ല മൂന്നുകോടി മുപ്പത് ലക്ഷം ആളുകൾ താമസിക്കുന്ന ഈ സംസ്ഥാനത്ത് മൂന്നുകോടി മുപ്പത് ലക്ഷത്തോളം മൊബൈൽ ഫോൺ കണക്ഷനും ഉണ്ട് എന്നുപറയുമ്പോൾ നമ്മുടെ പെനിട്രേഷൻ എത്ര വലുതാണ് എന്നുള്ളത് മനസ്സിലാക്കണം. ഓരോ വർഷവും അഞ്ചുലക്ഷം വിദ്യാർത്ഥികളാണ് കമ്പ്യൂട്ടറിൽ പരിജ്ഞാനമുള്ള ആളുകളായി കേരളത്തിലെ സ്കൂളുകളിൽനിന്നും പുറത്തിറങ്ങുന്നത്. അനന്തസാദ്ധ്യതകളുള്ള, ഈ നാടിന്റെ യുവതലമുറ അതിലേയ്ക്ക് നടന്നടുക്കുന്നത് ഉറപ്പുവരുത്താൻ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ട് എന്നത് ഒരു വലിയ വസ്തുതയാണ്. ഈ മാനവവിഭവ ശേഷി

മുഴുവൻ യൂറോപ്പിലേയ്ക്കും അമേരിക്കയിലേയ്ക്കും മറ്റ് ഇതരസംസ്ഥാന ങ്ങളിലേയ്ക്കും ഗൾഫിലേയ്ക്കും കയറ്റി അയയ്ക്കാനുള്ളതല്ല എന്നുതന്നെയാണ് എന്നെപ്പോലെ ഒരു തുടക്കക്കാരന്റെ ആത്മാർത്ഥമായ വികാരം. ലാന്റും ലേബറും ലാൻഡ് ലോർഡും ഫണ്ടുമല്ല, ആശയങ്ങളാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ലൈഫ് ബ്ലഡ് എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. നമ്മുടെ യുവത്വത്തിനും ആശയങ്ങളുണ്ട്. ആ ആശയങ്ങൾ കേരളത്തിൽ മൊട്ടിടട്ടെ. ആ ആശയങ്ങൾ കേരളത്തിന്റെ മണ്ണിൽത്തന്നെ പൂക്കട്ടെ. കേരളത്തിന്റെ മണ്ണിൽത്തന്നെ വിടർന്ന് ഈ സംസ്ഥാനത്തിന് കായും ഫലവും നൽകുന്ന തരത്തിലേയ്ക്ക് അത് വളർന്നുവരണമെങ്കിൽ അതിന് പുതിയ സംരംഭങ്ങളുണ്ടാകണം. മാറിമാറിവരുന്ന സർക്കാരുകൾ ഒരുവർഷം നീക്കിവയ്ക്കുന്ന 25,000 വരുന്ന സർക്കാർ ജോലിയിലാണ് കേരളത്തിലെ ചെറുപ്പക്കാരന്റെ മുഴുവൻ സ്വപ്നങ്ങളും തളച്ചിടേണ്ടത് എന്ന തെറ്റിദ്ധാരണ തിരുത്തി, പകരം സംരംഭങ്ങളിലേയ്ക്ക് അവന്റെ കൈപിടിച്ചു നടത്തിയ സർക്കാർ ഏതെന്ന് കാലഘട്ടം ചോദിച്ചാൽ അതിനുള്ള മറുപടിയാണ് ഐക്യജനാധിപത്യമുന്നണിയുടെ സർക്കാരെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ സാധിക്കും. എമർജിംഗ് കേരളയുടെ ജയപരാജയങ്ങളെ സംബന്ധിച്ച് വലിയ തർക്കങ്ങൾ ഇവിടെ നടക്കുന്നുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

ഒരൊറ്റക്കാര്യം ഞാൻ പറയാം. എമർജിംഗ് കേരളയിൽ വന്ന നിക്ഷേപങ്ങളോ അവിടെ പ്രഖ്യാപിക്കപ്പെട്ട കാര്യങ്ങളോ ഒന്നുമല്ല എന്നെപ്പോലുള്ളവരെ ആകർഷിച്ചത്. പകരം അവിടത്തെ ഏറ്റവും വലിയ ഒരു പ്രഖ്യാപനം, ആ എമർജിംഗ് കേരള നടപ്പിലാക്കിയതിലൂടെ കേരളത്തിലെ കാമ്പസ്സിൽ നിന്നും ഒരു വിദ്യാർത്ഥി സംരംഭകനാകാൻ ആഗ്രഹിക്കുന്ന ണ്ടെങ്കിൽ ആ വിദ്യാർത്ഥിക്ക് 20 ശതമാനം അറ്റന്റൻസും 4 ശതമാനം ഗ്രേസ് മാർക്കും കൊടുക്കുമെന്ന വിപ്ലവകരമായ തീരുമാനമാണ് എമർജിംഗ് കേരളയുടെ ഏറ്റവും വലിയ സക്സസ് എന്ന് നെഞ്ചിൽ കൈവച്ച് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അമേരിക്കയിലെ കാലിഫോർണിയയിലെ പോൾ ജോബ്സിന്റെയും ക്ലാരാ ജോബ്സിന്റെയും മകൻ അവരുടെ ഗാരേജിൽ തുടങ്ങിയ ഒരു കമ്പനി ആപ്പിൾ എന്ന പേരിൽ ലോകത്തോളം വളർന്നു. മാർക് സുക്കെർബെർഗ് എന്ന ഒരു ചെറുപ്പക്കാരൻ ഫേസ്ബുക്കിലൂടെ ലോകത്തോളം വളരുന്നു. അതുപോലെതന്നെ ബിൽഗേറ്റ്സും മൈക്രോസോഫ്റ്റുമൊക്കെ വളർന്നത് അവരൊന്നും കുത്തകകളായിട്ടല്ല തുടങ്ങിയത്. ഗാരേജുകളിലും അടുക്കളപ്പുറത്തും തുടങ്ങിയ ചെറിയ സ്ഥാപനങ്ങൾ ലോകത്തോളം വളർന്നപ്പോൾ ഈ കൊച്ചു കേരളത്തിൽ നിന്നും കുറെ സ്വപ്നങ്ങൾ ലോകത്തോളം വളരാൻ കാത്തുനിൽക്കുന്നുണ്ട്. അതിന്റെ പ്രഭവകേന്ദ്രമായി ഒരു സ്റ്റാർട്ട് അപ്പ്

വില്ലേജ് ആരംഭിക്കാൻ കഴിഞ്ഞത് തീർച്ചയായും അഭിമാനകരമായ നേട്ടംതന്നെയാണെന്ന് ഐക്യജനാധിപത്യ മുന്നണി സർക്കാർ അഭിമാനത്തോടുകൂടി പറയുന്നു. ഇന്ത്യാ രാജ്യത്ത് ഒരു സ്റ്റാർട്ട് അപ്പ് പോളിസി ആദ്യമായി കൊണ്ടുവന്നത് ശ്രീ. നരേന്ദ്ര മോദിയുടെ ഗുജറാത്തിലോ ശ്രീ. ചന്ദ്രബാബു നായിഡുവിന്റെ ആന്ധ്രാപ്രദേശിലോ കുമാരി ജയലളിതയുടെ തമിഴ്നാട്ടിലോ ശ്രീ. മാണിക് സർക്കാരിന്റെ ത്രിപുരയിലോ അല്ല. ആ സ്റ്റാർട്ട് അപ്പ് പോളിസി ഇന്ത്യാ രാജ്യത്ത് ആദ്യമായി കൊണ്ടുവന്നത് ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുന്ന കേരളത്തിലാണ്. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി സാറിന് അഭിമാനിക്കാമെന്ന കാര്യത്തിൽ തർക്കമില്ല. നമ്മുടെ യുവാക്കളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ജോബ് ക്രിയേഷൻ തന്നെയാണ്. അത് സർക്കാരിന് മാത്രമായി നൽകാൻ കഴിയില്ല. അവിടെ പുതിയ സംരംഭങ്ങൾ ഉണ്ടാകണം. ആ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളും പരിപാടികളുമായി നമുക്ക് മുന്നോട്ടുപോകണം. ബഡ്ജറ്റിന്റെ ഒരു ശതമാനം വിഹിതം ഇതിനുവേണ്ടി നീക്കിവച്ചുവെന്ന് പറയുമ്പോൾ അതിന്റെ പ്രാധാന്യം നമ്മൾ അവിടെയാണ് മനസ്സിലാക്കുന്നത്. ഒഡീഷയിൽ നിന്നുവന്ന ഒരു കമ്മിറ്റിയുടെ സിറ്റിംഗിൽ ഞാനും പങ്കെടുത്തിരുന്നു. നമ്മുടെ വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യൻ ഇവിടെ ഉണ്ടായ

നേട്ടങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊടുക്കുമ്പോൾ അവരുടെ കണ്ണിലെ ആദരവ് അടുത്തുനിന്ന് ഞാൻ കണ്ടതാണ്. 342 കമ്പനികളിലായി 47,100 തൊഴിലവസരങ്ങളിലായി 5,100 കോടി രൂപയുടെ കയറ്റുമതി ഈ രാജ്യത്ത് ടെക്നോപാർക്ക് വഴി നടക്കുന്നുണ്ട്. അടുത്ത മൂന്ന് വർഷംകൊണ്ട് 50,000 പുതിയ തൊഴിലവസരങ്ങൾ അവിടെ ക്രിയേറ്റ് ചെയ്യാൻ നമ്മൾ ആഗ്രഹിക്കുന്നു. ഇൻഫോപാർക്ക് വഴി ഇരുപത്തിനാലായിരത്തോളം ജീവനക്കാർ 3,150 കോടി രൂപയുടെ എക്സ്പോർട്ട് നടത്തുന്നുണ്ട്. ഒരു മൈൽ സ്റ്റോൺ നമ്മൾ പിന്നിട്ടിരിക്കുകയാണ്. നമ്മുടെ ഐ.ടി. എക്സ്പോർട്ട് ചരിത്രത്തിൽ ആദ്യമായി പതിനായിരം കോടി കവിഞ്ഞിരിക്കുന്നത് ഈ ഗവൺമെന്റിന്റെ കാലഘട്ട ത്തിലാണെന്നുള്ളത് അതിന്റെ വസ്തുതകൾ പരിശോധിക്കുന്ന ആർക്കും ബോദ്ധ്യം വരും.

സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ഇവിടെ പറയുന്ന വേദനകൾ, കമ്പ്യൂട്ടർ നമുക്ക് അനിവാര്യമാണെന്ന് വിശ്വസിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ അത് ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ മുദ്രാവാക്യം വിളിച്ചവർ.... ഞാനിന്നും ഓർക്കുന്നുണ്ട്, 'ജോലി തരു കൈകൾക്ക് ആദ്യം, എന്നിട്ടാകാം കമ്പ്യൂട്ടർ' എന്നായിരുന്നു അന്നത്തെ മുദ്രാവാക്യം. കമ്പ്യൂട്ടർ മനുഷ്യൻ ചെയ്യുന്ന ഒരുപാട്

ജോലികൾ ഏറ്റെടുത്ത് ചെയ്യുന്നുണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതേ കമ്പ്യൂട്ടർതന്നെ മനുഷ്യന് പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുവെന്നുള്ള വസ്തുത മറച്ചുവച്ച് അതിനെതിരെ സമരം നടത്തിയ ആളുകൾ.... ആ സമരത്തിന്റെ സ്വഭാവംതന്നെയാണ് അഞ്ച് വർഷക്കാലം സ്മാർട്ട് സിറ്റിയെ കോൾഡ് സ്റ്റോറേജിൽ വച്ചപ്പോഴും ഉണ്ടായത്. ആ സമരത്തിന്റെ സ്വഭാവം തന്നെയാണ്, ഈ നിയമസഭയ്ക്കകത്ത് ഒരു സമരം നടത്തിയപ്പോൾ ഇതിനകത്തുള്ള ഒരേയൊരു കമ്പ്യൂട്ടർപോലും അടിച്ചുപൊളിക്കുന്ന നയമാണ് ഇന്നും വച്ചുപുലർത്തുന്നത്. അത് നിഷേധാത്മക സ്വഭാവമാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ഇടതുപക്ഷം സമത്വത്തിനുവേണ്ടി മുദ്രാവാക്യം വിളിക്കുന്നുണ്ട്. ഞാൻ അതിന് എതിരല്ല. അന്യന്റെ വാക്കുകൾ സംഗീതംപോലെ ആസ്വദിക്കുന്ന ഒരു കാലഘട്ടത്തെ സംബന്ധിച്ച് അവർ തിരിച്ചറിയേണ്ടതായ കാര്യം, ആ കാലഘട്ടം ഇനി വരാൻപോകുന്നത് ബോംബിലൂടെയും തോക്കിൻകുഴലിലൂടെയും അക്രമരാഷ്ട്രീയ ത്തിലൂടെയുമല്ല. അത് ഇനി ഈ നാട്ടിൽ കൊണ്ടുവരാൻ പോകുന്നത് ടെക്നോളജി യിലൂടെയായിരിക്കും. കാരണം, അമേരിക്കയിലുള്ള ഒരു ചെറുപ്പക്കാരനും തിരുവനന്തപുരത്തിന്റെ ഏതെങ്കിലും മൂലയിലിരിക്കുന്ന ചെറുപ്പക്കാരനും ഒരേസമയംതന്നെ ലോകത്തിന്റെ ഏത് കോണിലുള്ള ഇൻഫർമേഷനും സീക്ക്

ചെയ്യണമെങ്കിൽ അവന്റെ കയ്യിലുള്ള ശക്തമായ ഇന്റർനെറ്റ് എന്ന ആയുധത്തെ ഉപയോഗപ്പെടുത്തുമ്പോൾ പണക്കാരനും പാവപ്പെട്ടവനും ആ ലോകത്ത് തുല്യനാണ്. Access to information ഒരാൾക്കും തടയാൻ കഴിയുന്നില്ല. No longer ideas and products are geographically confined. ഒരു മൂലയിൽ നിന്ന് നമ്മൾ മുന്നോട്ടുവയ്ക്കുന്ന ഒരാശയം ലോകത്തോളം വളരുന്നത് നമ്മൾ കാണുന്നുണ്ട്. ആ സമത്വം നിങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവിടെ നിലനിൽക്കേണ്ടത് ഈ പറയുന്ന വികസന പ്രവർത്തനങ്ങളുടെ കൂടെയാണ്. അവിടെ നിങ്ങൾ സപ്പോർട്ട് ചെയ്യേണ്ടത് ഈ സംരംഭകത്വ മിഷനെയും ചെറുപ്പക്കാരനെ സംരംഭകനാക്കി മാറ്റാനുള്ള ശ്രമങ്ങളെയുമാണ്. 'When we are behind leapfrog' എന്ന് പറയാറുണ്ട്. പല കാര്യങ്ങളിലും പുറകിലാണെങ്കിൽ പിന്നെ മറ്റുള്ളവരോടൊപ്പമെത്താൻ ശ്രമിച്ചാൽ അവർ പിന്നെയും മുന്നോട്ടുപോകുമ്പോൾ പിന്നെയും പുറകിലായിരിക്കാൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. അപ്പോൾ അവരുടെ മുന്നിൽ നമ്മൾ വരണമെങ്കിൽ നമ്മുടെ സംസ്ഥാനം ഈ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തണം.

നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് കടന്നുപോകുന്ന ഈ വർഷത്തെ ബാച്ചിന് ഒരു പ്രത്യേകതയുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജനിച്ച ആദ്യത്തെ ബാച്ചാണ് നമ്മുടെ കോളേജുകളിലേയ്ക്ക് കടക്കാൻ പോകുന്നത്. അവർ ആദ്യമായി

കോളേജിലേയ്ക്ക് പോകാൻ പോകുന്നു. അവർ നമ്മുടെ കോളേജിൽ പഠനം ആരംഭിക്കുമ്പോൾ ഈ സംസ്ഥാനത്ത് മാറ്റങ്ങൾ ഉണ്ടാകണം. നമ്മുടെ സ്റ്റേറ്റിനെ ഒരു ഡിജിറ്റൽ സ്റ്റേറ്റാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് അടിയന്തരമായി നമ്മൾ നേതൃത്വം കൊടുക്കേണ്ടിവരും. അതിലും സാമൂഹ്യനീതിയുടെ ഒരുപാട് അടയാളപ്പെടുത്തലുകളുണ്ട്. പട്ടികജാതി വിഭാഗക്കാരനായ ഒരു പാവപ്പെട്ട ചെറുപ്പക്കാരൻ ഒന്നാംക്ലാസ് മുതൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ മുഴുവൻ കാലഘട്ടങ്ങളിലും പഠനവുമായി മുന്നോട്ടുപോകുമ്പോൾ ഓരോ ആറ് മാസത്തിലോ അല്ലെങ്കിൽ ഓരോ വർഷമോ പട്ടികജാതിക്കാരനാണെന്ന് തെളിയിക്കുന്നതിനു വേണ്ടിയുള്ള സർട്ടിഫിക്കറ്റ് നൽകുന്നവരുടെ മുന്നിൽ ക്യൂ നിൽക്കുന്ന സംവിധാനം അവസാനിപ്പിക്കാൻ ടെക്നോളജിക്ക് കഴിയുമെങ്കിൽ അതിനെ പുൽകാൻ കേരളം വൈകരുതെന്ന അഭിപ്രായം നെഞ്ചിൽകൈവച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സ്റ്റേറ്റിനെ ഒരു ഡിജിറ്റൽ സ്റ്റേറ്റാക്കി മാറ്റുമ്പോൾ, അതിന്റെ പ്രവർത്തന ങ്ങൾക്ക് നമുക്ക് നേതൃത്വം നൽകാൻ കഴിയുമ്പോൾ അതുണ്ടാക്കുന്ന ഗുണഫലങ്ങൾ ചെറുതല്ല. അവിടെ നമുക്ക് കളയാൻ സമയമില്ല, നിമിഷങ്ങളില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഐ.ടി. ഡിപ്പാർട്ടുമെന്റ് സ്റ്റേറ്റിന്റെ ഭരണചക്രം തിരിക്കാൻ ശ്രമിക്കുമ്പോൾ ഒരു ഡിജിറ്റൽ സ്റ്റേറ്റായി എല്ലാ സാദ്ധ്യതകളും കേരളത്തിലുള്ള

പ്പോൾ അത് മുഴുവൻ ഏറ്റെടുത്ത് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ഒരു നിമിഷം പോലും കളയരുത്. അത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളായി മാറട്ടെ. ഒരു രജിസ്ട്രേഷൻ നടത്തുമ്പോൾ, ഒരു ആപ്ലിക്കേഷൻ കൊടുക്കുമ്പോൾ എത്ര സർട്ടിഫിക്കറ്റുകളാണ് നമ്മൾ ഹാജരാക്കേണ്ടിവരുന്നത്. അതിന്റെ പിന്നിൽ നാം ചെലവഴിക്കുന്ന സമയമെത്രയാണ്; അതിന്റെ പിന്നിൽ നമ്മുടെ അദ്ധ്വാനം എത്രയാണ്; അതിന്റെ പിന്നിലുണ്ടാകുന്ന ഡിലെ എത്രയാണ്; അതൊക്കെ ചുവപ്പുനാടകളിൽ കുരുങ്ങിക്കിടക്കുമ്പോൾ ഇ-ടെക്നോളജി അനന്തമായ സാദ്ധ്യതകൾ നമ്മുടെ മുന്നിൽ തരുമ്പോൾ കേരളം എന്തിനാണ് ഇനിയും മടിച്ചുനിൽക്കുന്നത്. ഡിജിറ്റൽ സ്റ്റേറ്റായി കേരളത്തെ പരിപൂർണ്ണമായി മാറ്റാൻ കേരളത്തിന്റെ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്താൻ സാധാരണക്കാരന് ടെക്നോളജിയുടെ ഗുണഫലങ്ങൾ എത്തുന്നുവെന്ന് ഉറപ്പുവരുത്താൻ തീർച്ചയായും ഒരു ഇന്റർവെൻഷൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിന് ഐ.റ്റി. ഡിപ്പാർട്ടുമെന്റ് നേതൃത്വം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഒരിക്കൽക്കൂടി മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്ന നമ്മുടെ മഹാത്മാ ഗാന്ധിയുടെ ഒരു ക്വാട്ടുണ്ട്, “ The Future depends on what you do today.” നമ്മുടെ ഭാവി ഇന്ന് നമ്മൾ ചെയ്യുന്നതിനെ ഡിപ്പന്റ് ചെയ്തിരിക്കുന്നു

വെന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ ചെറുപ്പക്കാരന്റെ ഭാവി ശോഭനമാണ്. കാരണം, ആ ശോഭനമായ ഭാവിക്കുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യാൻ ഐക്യജനാധിപത്യ മുന്നണിയുടെ സർക്കാർ ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നുവെന്ന വസ്തുത അഭിമാനത്തോടെ സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, ചട്ടപ്രകാരം യഥാവിധി അവതരിപ്പിക്കാത്ത ബഡ്ജറ്റിനും അതിന്റെ ഭാഗമായുള്ള ഡിമാന്റ് ചർച്ചയ്ക്കും വലിയ പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്തത്. ഒരു വ്യവസായ മേഖലയിലും പുരോഗതിയില്ല. പരമ്പരാഗത വ്യവസായ മേഖലകളെ പ്രത്യേകമായെടുത്താൽ ഏതെങ്കിലും ഒരു വ്യവസായത്തിൽ പത്തോ നൂറോ ആളുകൾക്ക് പുതിയതായി തൊഴിൽ കൊടുക്കാനുള്ള അവസരം ഈ കാലത്തുണ്ടായി എന്നത് ഏത് റിക്കാർഡ് പരിശോധിച്ചാലും കാണാൻ സാധിക്കുന്നില്ല.

കേരളത്തിലെ പരമ്പരാഗത ചെറുകിട വ്യവസായ മേഖലകൾ ഉണർവിന്റെ കാലമായിരുന്നുവെന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാവരും എടുത്തുപറഞ്ഞ ഒരു കാര്യമാണ്. എന്നാൽ ഈ കാലത്ത്

ഓരോ വ്യവസായങ്ങളും, എല്ലാത്തിനെയും സംബന്ധിച്ച് ഞാൻ പറയുന്നില്ല, ഏകദേശം മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുവരുന്ന കശുവണ്ടി വ്യവസായ മേഖലയെ സംബന്ധിച്ച് എനിക്ക് മുമ്പ് ഇവിടെ സംസാരിക്കുകയുണ്ടായി. അവിടെ മിനിമം കൂലി സംബന്ധിച്ച് തീരുമാനമെടുത്തപ്പോൾ സ്വകാര്യ സ്ഥാപനങ്ങളെല്ലാം ഫാക്ടറികൾ അടച്ചുപൂട്ടി തൊഴിൽ നിഷേധിച്ചു. അതിനെ സംരക്ഷിക്കേണ്ടത് കാഷ്യൂ കോർപ്പറേഷനാണ്. എല്ലാ ഫാക്ടറികളും ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. തൊഴിലും കൂലിയും സംരക്ഷിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കശുവണ്ടിത്തൊഴിലാളികൾ കൊല്ലം ജില്ലയിൽ ഇപ്പോഴും സമരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. കശുവണ്ടി വ്യവസായത്തിൽ പ്രതിസന്ധിയില്ല. അതിൽ കൃത്രിമമായി പ്രതിസന്ധി ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ചില ഉടമകളും കാഷ്യൂ കോർപ്പറേഷനും അതിൽ പ്രധാന പങ്ക് വഹിച്ചുകൊണ്ടിരിക്കുകയാണ്. അതിലെ പ്രശ്നം പരിഹരിക്കുന്നതിന് പകരം കാഷ്യൂ കോർപ്പറേഷന്റെ ചെയർമാനായ ഐ.എൻ.റ്റി.യു.സി.-യുടെ, കോൺഗ്രസിന്റെ നേതാവായ ശ്രീ. ചന്ദ്രശേഖരൻ ഇപ്പോൾ രാജിവച്ചിരിക്കുകയാണ്. അദ്ദേഹം രാജിവയ്ക്കുന്നതിന് കാരണമായി പറയുന്നത് വ്യവസായ വകുപ്പിനോടും സർക്കാരിനോടുമുള്ള അദ്ദേഹത്തിന്റെ ചില അഭിപ്രായ വ്യത്യാസങ്ങൾ, അദ്ദേഹം പറയുന്നതിനനു

സരിച്ച് കാര്യങ്ങൾ നടക്കുന്നില്ല എന്നാണ്. അപ്പോൾ ഒരു വ്യവസായത്തെ സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട സ്ഥാപനംപോലും കൊണ്ടുനടക്കാൻ സാധിക്കാത്ത വിധത്തിൽ കശുവണ്ടിമേഖല വലിയൊരു പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുക യാണ്. എന്താണ് ഇതിന് പോംവഴി? ഇവിടെ അതിനെ സംബന്ധിച്ച് ആലോചിക്കേണ്ടതായുണ്ട്. ഇവിടെ എന്തെങ്കിലും പ്രഖ്യാപനം ഉണ്ടാകുമെന്നാണ് കരുതുന്നത്. കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് കൈത്തറി. ഈ മേഖലയുടെ അവസ്ഥയും വ്യത്യസ്തമല്ല. കൈത്തറിയുടെ ഉൽപ്പാദനം ഗണ്യമായി കുറയുന്നു. കൈത്തറി ധാരാളമായി വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതാണ്. വിദേശത്തേയ്ക്കുള്ള കയറ്റുമതിയിൽ ഗണ്യമായ കുറവ് ഇക്കാലത്തുണ്ടായി. ഇവിടെ വിറ്റഴിക്കുന്നതിന് ഒരു കാരണമുണ്ട്, റിബേറ്റ് വിൽപ്പനയാണ്. വർഷത്തിൽ 101 ദിവസം അനുവദിച്ചിരുന്ന കൈത്തറിയുടെ റിബേറ്റ് ഇപ്പോൾ 56 ദിവസമാക്കി കുറച്ചു. വിൽപ്പനയിലൂടെ റിബേറ്റിനത്തിൽ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക 2011 മുതലുള്ളത് കുടിശ്ശികയാണ്. അതിന്റെ ഭാഗമായി ഹാൻവീവ്, ഹാന്റക്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ഇപ്പോൾ പ്രതിസന്ധിയിലാണ്. ഇനി ഓണം വരാൻ പോകുന്നു. സഹകരണ സംഘങ്ങളേയും സ്ഥാപനങ്ങളേയും പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ എന്തെങ്കിലും സാമ്പത്തിക

സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇല്ലെങ്കിൽ ഓണക്കാലത്തും കൈത്തറി തൊഴിലാളികൾ പട്ടിണിയിലായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കേരളത്തിലെ മാത്രമല്ല, ബീഡി വ്യവസായം ഒരു ദേശീയ വ്യവസായമാണ്. ഇപ്പോഴും 65 ലക്ഷം തൊഴിലാളികൾ ബീഡി വ്യവസായത്തിൽ ജോലി ചെയ്തു വരുന്നുണ്ട്. കേരളത്തിൽ 42,000 തൊഴിലാളികൾ ജോലിചെയ്തു വന്നിരുന്ന ദിനേശ് ബീഡി സ്ഥാപനത്തിൽ ഇന്ന് ജോലി ചെയ്യുന്നത് 5,300 പേരാണ്. ബീഡി വ്യവസായത്തെ സംബന്ധിച്ച് ഒരിക്കൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്, ബീഡി വ്യവസായത്തിന് ഒരു സഹായവും ഗവൺമെന്റ് ചെയ്യില്ല എന്നാണ്. ബീഡി വ്യവസായത്തിന് ഒരു സഹായവും ചെയ്യില്ലെന്ന് വ്യക്തമായിക്കഴിഞ്ഞു. കോടതിയും സർക്കാരുമെല്ലാം അങ്ങനെയാണ്. പക്ഷേ ഗവൺമെന്റ് എന്തിനാണ് ഉള്ള വ്യവസായത്തെ നശിപ്പിക്കാനുള്ള നിലപാട് സ്വീകരിക്കുന്നത്; ഒരു കാര്യം മാത്രം നോക്കിയാൽ മതി. കേരളത്തിൽ ബീഡിക്ക് നാളിതുവരെ വിൽപ്പന നികുതിയുണ്ടായിരുന്നില്ല. ഇവിടെ അവതരിപ്പിക്കാത്ത ബഡ്ജറ്റിന്റെ ഭാഗമായി, ഫിനാൻസ് ബില്ലാണ് എന്നാണറിയുന്നത്, ബീഡിക്ക് പതിനാലര ശതമാനം വിൽപ്പന നികുതി ചുമത്തിയിരിക്കുകയാണ്. അതിന്റെ

ഫലമായി കേരള ദിനേശ് ബീഡി സ്ഥാപനം മാത്രം പ്രതിമാസം 70 ലക്ഷം രൂപ ടാക്സ് അടയ്ക്കണം. ഇതാണ് ബീഡി വ്യവസായത്തിന്റെ അവസ്ഥ. അതുപോലെതന്നെ ദിനേശ് ബീഡി സ്ഥാപനത്തിൽനിന്ന് പെൻഷൻ പ്രായം ആകുന്നതിന് മുൻപ് പിരിഞ്ഞു പോകുന്നവർക്ക് ഒരു ആശ്വാസ പെൻഷൻ എന്ന നിലയിൽ 500 രൂപ മുൻ ഗവൺമെന്റിന്റെ കാലത്ത് നൽകിയിരുന്നു. പിന്നീട് വളരെ പ്രയാസപ്പെട്ട് ഒരു ഗഡുകൂടി ഈ ഗവൺമെന്റ് കൊടുത്തു. പക്ഷേ 2013 മാർച്ച് മാസം മുതലുള്ള ആശ്വാസ പെൻഷൻ ഇപ്പോൾ കുടിശ്ശികയാണ്. ആ വ്യവസായത്തെ സംരക്ഷിക്കാൻ, അല്ലെങ്കിൽ ഉള്ളത് നിലനിർത്താനെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട വ്യവസായം ഖാദി വ്യവസായമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന ഒരു വ്യവസായമാണ് ഖാദി വ്യവസായം. അതിനെ സംബന്ധിച്ച് എനിക്കുമുമ്പ് ഇവിടെ പലരും സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. ഖാദിയിൽ 39 കോടിയുടെ ഉൽപ്പാദനം നടക്കുമ്പോൾ 89 കോടി... 2013-ലെ കണക്കാണ്. 2014-ലെ കണക്ക് വേറെ വരാനുണ്ട്. ഖാദി വ്യവസായത്തിന് സർക്കാർ കുറച്ചുകാശ് മുടക്കുന്നുണ്ട്. പക്ഷേ അതുകൊണ്ട് അതിനെ സംരക്ഷിച്ചു നിർത്താൻ സാധിക്കുമോ; സാധിക്കില്ല എന്ന് മനസ്സിലാക്കിയതിന്റെ

ഫലമായിട്ടാണ്... അതിലും ഒരു കാര്യമുണ്ട്. ഖാദി നിലനിൽക്കുന്നത് സർക്കാരിന്റെ സഹായംകൊണ്ടു മാത്രമാണ്. ലാഭമോ നഷ്ടമോ കണക്കാക്കാതെയാണ് ഖാദി പ്രവർത്തിപ്പിക്കേണ്ടത്. സർക്കാർ ഒരു ഭാഗത്ത് സഹായം കൊടുക്കുന്നു. ഇവിടെ കഴിഞ്ഞ വർഷം ഖാദിക്കും കൈത്തറിക്കും വാറ്റ് നികുതി ചുമത്തി. പിന്നീടതിന് exemption കൊടുത്തെങ്കിലും ഇത്തവണ അത് വീണ്ടും കൊണ്ടുവന്നിരിക്കുകയാണ്. അങ്ങനെ നികുതി ചുമത്തിയത് ഖാദിയുടെ വിൽപ്പന കുറയ്ക്കാൻ ഇടയാക്കുന്നു. റിബേറ്റിന്റെയും മറ്റും കാര്യമുണ്ട്. ഖാദിയെ നിലനിർത്തണമെങ്കിൽ അതിന് നവീകരണം ആവശ്യമാണ്. അതുമായി ബന്ധപ്പെട്ട് 2014-ലെ സാമ്പത്തിക അവലോകനത്തിൽ ഖാദി നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് പറഞ്ഞിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ അഭാവം, വർദ്ധിച്ചു വരുന്ന ഉൽപ്പാദന ചെലവ്, യന്ത്രവൽക്കരണത്തിന്റെ അഭാവം, കുറഞ്ഞ ഉൽപ്പാദന ക്ഷമത, വിലകുറഞ്ഞതും കൃത്രിമവുമായ ഉൽപ്പന്നങ്ങളുടെ കിടമത്സരം, പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം, ഉൽപ്പാദന ചെലവിലെ വൈവിധ്യമില്ലായ്മ എന്നിങ്ങനെയുള്ള കുറെ കാരണങ്ങളാണ് ഖാദി വ്യവസായം നേരിടുന്ന വെല്ലുവിളിയായി സാമ്പത്തിക അവലോകന റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുള്ളത്. ഈ പ്രശ്നങ്ങളെല്ലാം നേരത്തെ ചർച്ച ചെയ്യപ്പെട്ടതാണ്. അതിന്റെ

അടിസ്ഥാനത്തിലാണ് ഖാദിയെ നിലനിർത്താനും ഈ വ്യവസായത്തെ നവീകരിക്കുന്നതിനും വേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായി ഗാന്ധിയനായ ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായി ഒരു കമ്മിറ്റിയെ രൂപീകരിച്ചത്. ഒരു തൊഴിലാളി പ്രവർത്തകൻ എന്നുള്ള നിലയിൽ ഞാനും അതിൽ അംഗമായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തു. ഖാദിയെ നവീകരിക്കുന്നതിനുവേണ്ടി 120 കോടി രൂപയുടെ ഒരു പാക്കേജ്... അത് നടപ്പിലാക്കിയാൽ ഖാദിയെ നിലനിർത്താനും സംരക്ഷിക്കുവാനും സാധിക്കും. ഈ ഗവൺമെന്റ് രണ്ട് ഘട്ടങ്ങളിലായി 29 കോടി രൂപ കൊടുത്തു. അതുതന്നെ പൂർണ്ണമായും ചെലവഴിക്കപ്പെട്ടിട്ടില്ല. ഇതിനെ നിലനിർത്താൻ സാധിച്ചില്ല. സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞിരിക്കുന്നത് യന്ത്രവൽക്കരണത്തിന്റെ അഭാവത്തെക്കുറിച്ചാണ്. ഖാദിയെ എങ്ങനെ യന്ത്രവൽക്കരിക്കാമെന്നതിനെ സംബന്ധിച്ച് അതിലൊരു നിർദ്ദേശം വച്ചിരുന്നു. ഇപ്പോൾ ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് ഒരു സഹോദരി 10,000 തവണ കൈകൊണ്ട് ആ ഇരുമ്പു ചക്രം തിരിക്കണം. ഒരു തൊഴിലാളി ഒരു ദിവസം 24 കഴി നൂൽ ഉൽപ്പാദിപ്പിക്കണം. അങ്ങനെ വന്നാൽ 30,000 തവണ ഇരുമ്പു ചക്രം കറക്കിയാൽ മാത്രമേ ഒരു തൊഴിലാളിക്ക് ഒരു ദിവസത്തെ ഉൽപ്പാദനം നടത്താൻ

സാധിക്കുകയുള്ളൂ. ഇതിൽ മാറ്റം വരുത്തണമെന്ന് എത്രയോ കാലമായി ആവശ്യപ്പെടുന്നു. ചർക്കയ്ക്ക് അര എച്ച്.പി. മോട്ടോർ ഘടിപ്പിച്ച് പവർ ഉപയോഗിച്ചാൽ തൊഴിലാളിയുടെ അധ്വാനഭാരം കുറയ്ക്കാൻ സാധിക്കും. ക്വാളിറ്റി, ഉൽപ്പാദനക്ഷമത തുടങ്ങിയവപോലെയുള്ള കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ ഖാദിയിൽ ചെറിയ തോതിലൊരു യന്ത്രവൽക്കരണം ഏർപ്പെടുത്തിയാൽ... അധികമൊന്നും വേണ്ടതില്ല, അര എച്ച്.പി മോട്ടോർ ഘടിപ്പിച്ചാൽ മതിയാകും. ആ തരത്തിലുള്ള നിർദ്ദേശങ്ങളടക്കം ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് ഉണ്ടായിട്ടും അത് അംഗീകരിക്കുന്നതിന് സർക്കാരോ ബന്ധപ്പെട്ടവരോ തയ്യാറാകുന്നില്ല. ഖാദിയെ പൂർണ്ണമായും നശിപ്പിക്കുന്നതിനുവേണ്ടി ഏതോ ഒരു ഏജൻസി ഇതിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് ഞങ്ങൾ സംശയിക്കുന്നത്. ഖാദിയെ സംരക്ഷിക്കാൻ ഫലപ്രദമായിട്ടുള്ള നടപടികൾ ഇവിടെ ഉണ്ടാകേണ്ടതായിട്ടുണ്ട്.

നമ്മുടെ മറ്റ് വ്യവസായങ്ങളുടെ കാര്യത്തിൽ... ഞങ്ങളുടെ ജില്ലയിലുള്ള ഒരു സ്ഥാപനമുണ്ട്, ക്ലേ ആന്റ് സിറാമിക്സ്. കഴിഞ്ഞ 28 വർഷക്കാലമായി ലാഭകരമായി പ്രവർത്തിക്കുന്ന, ഡിവിഡന്റ് കൊടുക്കുന്ന ഒരു സ്ഥാപനമാണ്. നേരത്തെ സ്വകാര്യ മേഖലയിലായിരുന്ന ആ സ്ഥാപനം അടച്ചുപൂട്ടിയപ്പോൾ ഗവൺമെന്റ് ഏറ്റെടുത്ത്

പൊതുമേഖലയാക്കിയതാണ്. അതിപ്പോൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു കാര്യം പറഞ്ഞു, അതിന്റെ ഭാഗമായിട്ടുള്ള മാടായി ചൈനാ ക്ലേ സ്ഥാപനത്തിൽ ക്ലേ മൈനിംഗും പ്രോസസ്സിംഗും നിർത്തി വയ്ക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന്. ഈ പറഞ്ഞതിനർത്ഥം ആ സ്ഥാപനം അടച്ചുപൂട്ടാൻ പോകുന്നുവെന്നാണ്. നിങ്ങൾ 10 ആളുകൾക്ക് പുതുതായി തൊഴിൽ കൊടുക്കുന്നില്ല. നേരത്തെ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനങ്ങൾപോലും അടച്ചുപൂട്ടി തൊഴിലാളി കളെ തെരുവാധാരമാക്കുന്നതിന് വേണ്ടിയാണ് ഇവിടെ പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം. ആ സ്ഥാപനത്തെ സംരക്ഷിക്കണം. തൊഴിലാളികളെ രക്ഷിക്കണം എന്ന് ഞാനിവിടെ ആവശ്യപ്പെടുകയാണ്.

ഐ.ടി. മേഖലയെക്കുറിച്ചും മറ്റും പറഞ്ഞു. കണ്ണൂർ സൈബർ പാർക്ക്. എന്റെ മണ്ഡലത്തിലെ എരമം പുല്ലുപാറയാണ് അതിന്റെ സ്ഥലം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിക്കുകയുണ്ടായി. മുൻ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രിയാണ് അതിന് ശിലയിട്ടത്. നബാർഡിന്റെ ഫണ്ട് അതിനനുവദിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോഴും അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വലിയ പ്രതീക്ഷയോടുകൂടി യുവതീയുവാക്കൾ

നോക്കിക്കണ്ട ഒരു സ്ഥാപനമായിരുന്നു അവിടത്തെ സൈബർ പാർക്ക്. അതുമാത്രമല്ല ചീമേനി സൈബർ പാർക്കിന്റെ വിഷയവുമുണ്ട്. ഇതുപോലുള്ള കാര്യത്തിൽ സമയബന്ധിതമായി നടപടികൾ ഉണ്ടാകുന്നില്ല എന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. കൈത്തറി, ഖാദി, കശുവണ്ടി, ബീഡി, തുടങ്ങിയവപോലുള്ള വ്യവസായ മേഖലകളെ ഇതുപോലെതന്നെ സംരക്ഷിക്കാൻ സാധിക്കും എന്ന് ഞങ്ങളാരും കരുതുന്നില്ല. ആവശ്യമായ നവീകരണം നടത്തിക്കൊണ്ട് ആ വ്യവസായത്തെ സംരക്ഷിക്കാനും അതിൽ പണിയെടുക്കുന്നവർക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടിയും ഗവൺമെന്റ് തയ്യാറാകണം എന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്.

മറ്റ് വ്യവസായ മേഖലകളെ സംബന്ധിച്ച്, ഇവിടെ ചെറുതും വലുതുമായ നിരവധി വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയാണ്. ആരെങ്കിലും എവിടെയെങ്കിലും ഒരു പുതിയ വ്യവസായം തുടങ്ങാൻ ശ്രമിച്ചാൽ അവിടെ വൈദ്യുതി കണക്ഷൻ കിട്ടുന്നില്ല, അസംസ്കൃത സാധനങ്ങൾ കിട്ടാനില്ല, ഗവൺമെന്റിൽനിന്ന് ആവശ്യമായിട്ടുള്ള സഹായം ലഭിക്കുന്നില്ല. ഇതിന്റെ ഫലമായി സംരംഭകർ മുന്നോട്ടുവരാൻ കൂട്ടാക്കാത്ത സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. ഈ

ഗവൺമെന്റിന്റെ കാലത്ത് വ്യവസായങ്ങളെ അവയുടെ ശ്മശാനഭൂമിയാക്കി മാറ്റാനിടയാക്കുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിൽനിന്ന് പിന്തിരിയാൻ ഗവൺമെന്റ് തയ്യാറാകണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർക്കാരിന്റെ നേട്ടങ്ങൾ ഉദ്ഘോഷിച്ചുകൊണ്ട് പല മെമ്പർമാരും ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. അതിൽ തർക്കങ്ങളില്ല. സർക്കാരിന്റെ നേട്ടങ്ങൾ പറയും. പക്ഷേ അങ്ങനെ പറയുമ്പോൾ ഏതെങ്കിലും രണ്ട് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയെന്നത് മാത്രം നോക്കിയാൽ പോര. സാധാരണ ജനങ്ങൾക്ക് അവരുടെ നിത്യജീവിതവുമായി, സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ എന്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു? മുൻകാലങ്ങളിലുള്ള സൗകര്യങ്ങൾപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ടാക്കി ഏതെങ്കിലുമൊരു തെരഞ്ഞെടുപ്പിലെ വിജയംകൊണ്ടുമാത്രം സർക്കാരിന് നേട്ടങ്ങളാണ് എന്ന് ഉദ്ഘോഷിച്ചാൽ കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കാൻ പോകുന്നില്ല എന്നുകൂടി വ്യക്തമാക്കിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. അതിന് പ്രധാനപ്പെട്ട നാല് കാരണങ്ങളുണ്ട്, കഴിഞ്ഞ നാല്

വർഷമായി നമ്മുടെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ അഴിമതി വിമുക്തമാക്കാനുള്ള പരിശ്രമമാണ് വ്യവസായ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായത്. കൃത്യമായ ഓഡിറ്റിംഗിലൂടെ, ഇ-ടെൻണ്ടർ, ഇ-പേയ്മെന്റ് തുടങ്ങിയ സംവിധാനങ്ങളിലൂടെ സുതാര്യമായി കാര്യങ്ങൾ കൊണ്ടുപോകാൻ വ്യവസായ വകുപ്പിന് കഴിഞ്ഞു. രണ്ടാമത്തെ കാര്യം, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായവും കേരളത്തിൽ വേണ്ടായെന്ന വ്യവസായ വകുപ്പുമന്ത്രിയുടെ ധീരമായ നിലപാട്. മൂന്നാമതായി, സ്റ്റാർട്ട്അപ് സംരംഭങ്ങൾക്കുള്ള പ്രോൽസാഹനത്തിലൂടെ നമ്മുടെ രാജ്യത്തിന് മാതൃകയായ പുത്തൻ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ. നാലാമതായി, ഐ.ടി. വികസനം ഒരു ജംപ് ഉണ്ടാക്കിയിരിക്കുകയാണ് കേരളത്തിൽ, വളരെ വിപ്ലവകരമായ ഒരു മാറ്റമാണ് അത്. മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ പിന്നിൽ നിന്നിരുന്ന കേരളത്തിൽ ഈ കാലഘട്ടത്തിലുണ്ടായ ഐ.ടി. വികസനം, കേരളത്തിന്റെ വ്യവസായ വികസനം നമ്മുടെ എല്ലാവരുടേയും ഒരു സ്വപ്നമാണ്. എന്താണ് കേരളത്തിന്റെ വ്യവസായ വികസനത്തിനുള്ള തടസ്സങ്ങൾ: ഒന്ന്, കേരളത്തിന്റെ പ്രത്യേകതകൾ തന്നെ. നമുക്കറിയാം, ഹൈറേഞ്ചിൽ - വളരെ കർശനമായ 1980-ലെ വനസംരക്ഷണ നിയമം, ഇടനാട്ടിൽ എത്തുമ്പോൾ - നെൽവയൽ നീർത്തട നിയമം, തീരപ്രദേശത്ത്

എത്തുമ്പോൾ - അവിടെ സി.ആർ.ഇസഡിന്റെ കർശനമായ നിബന്ധനകൾ. ഈ കേരളത്തിലെ ഭൂമിയുടെ 75 ശതമാനവും ലോക്ക് ചെയ്യപ്പെട്ടിരിക്കുകയാണ്. ബാക്കിയുള്ള 25 ശതമാനം സ്ഥലത്ത് മാത്രമേ വ്യവസായങ്ങളെക്കുറിച്ച് എന്തെങ്കിലും ആലോചിക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽ വ്യാപകമായി ഉണ്ടായിരിക്കുന്ന ജലസ്രോതസ്സുകൾ, അതുകൂടാതെ കേരളത്തിന്റെ high density of population - ഉയർന്ന ജനസാന്ദ്രത ഇവയൊക്കെ നമ്മുടെ വ്യവസായ വികസനത്തിന്റെ പരിമിതികളുടെ അതിർത്തികൾ നിശ്ചയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ്. അപ്പോൾ നമുക്ക് ചില മുൻഗണനകൾ വേണം, ചില പ്രത്യേകതകൾ വേണം, നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചും പ്രാദേശിക വിഭവങ്ങളെ ഉപയോഗപ്പെടുത്തിയുമുള്ള ഒരു മുൻഗണനാക്രമം കേരളത്തിന്റെ വ്യവസായ വികസനത്തിന് ഉണ്ടായേ മതിയാകൂ. കൺവെൻഷണലായ, പരമ്പരാഗതമായ നമ്മുടെ വ്യവസായ നയത്തിന് യാഥാർത്ഥ്യങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടുള്ള സമഗ്രമായ ഒരു മാറ്റത്തിലൂടെ മാത്രമേ കേരളത്തിൽ വ്യവസായ വികസനം സാധ്യമാകൂ. വിജ്ഞാനാധിഷ്ഠിത വ്യവസായം, ഭക്ഷ്യസംസ്കരണ പദ്ധതികൾ, മറ്റു സംസ്ഥാനങ്ങൾ വളരെയധികം മുന്നോട്ടുപോയി റവന്യൂഗ്രോത്ത് ഉണ്ടാക്കിയ സർവ്വീസ് ഇൻഡസ്ട്രി തുടങ്ങിയ

കാര്യങ്ങളിൽ കൂടുതൽ കേന്ദ്രീകരണം നടത്താൻ നമ്മുടെ വ്യവസായ വികസനനയത്തിന് കഴിയണം. ഇവിടെ എന്റെ സഹപ്രവർത്തകൻ ശ്രീ. ഷാഫി പറമ്പിൽ ഡിമോഗ്രാഫിക്ക് ഡിവിഡന്റിനെക്കുറിച്ച് സൂചിപ്പിച്ചു. നമ്മളെല്ലാം ചെറുപ്പത്തിൽ പഠിച്ചത് ജനസംഖ്യ വലിയ ദോഷമാണ് എന്നാണ്. ഇന്ന് ആ ജനസംഖ്യയാണ് നമ്മുടെ രാജ്യത്തിന്റെ ഏറ്റവും കരുത്തായി മാറുന്നത്. 20-20-യിൽ അല്ലെങ്കിൽ 20-30-യിൽ ഇൻഡ്യ ലോകത്തിന്റെ നെറുകയിൽ എത്തും എന്നു പ്രവചിക്കുന്നവർ, ഒരു കാലത്ത് ഇത് പാമ്പാട്ടികളുടേയും, ധർമ്മക്കാരുടേയും രാജ്യമെന്ന് വിളിച്ച് നമ്മളെ അധിക്ഷേപിച്ച വാൾസ്ട്രീറ്റിലെ പ്രവാചകരാണ്, അതിന്റെ അടിസ്ഥാനം നമ്മുടെ മനുഷ്യശക്തിയാണ്. അതാണ് നമ്മുടെ ഡിമോഗ്രാഫിക്ക് ഡിവിഡന്റ്. ആ മനുഷ്യശക്തിയെ, ആ യുവശക്തിയെ എങ്ങനെ നമുക്ക് കർമ്മനിരതമാക്കാൻ കഴിയും. കർമ്മനിരതമാകാത്ത, കഴിവുകളില്ലാത്ത, പ്രവർത്തിക്കാത്ത ഒരു യുവശക്തികൊണ്ട് നമുക്ക് എന്താണ് പ്രയോജനം. അതെങ്ങനെയാണ് ഡിമോഗ്രാഫിക്ക് ഡിവിഡന്റാകുന്നത്. ആ യുവശക്തിയെ ഫലപ്രദമായി കർമ്മനിരതമാക്കാനുള്ള പദ്ധതികൾ വേണം. നമുക്ക് അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്കിൽഡ് മാൻപവർ ഡെവലപ്മെന്റ് ആണ്. ആ സ്കിൽഡ് ആയിട്ടുള്ള ആളുകൾക്ക് പരിശീലനം കൊടുത്ത് അവരെ പ്രാപ്തരാക്കാനുള്ള

സംവിധാനങ്ങൾ വേണം. വൊക്കേഷണൽ വിദ്യാഭ്യാസത്തെ വ്യവസായ വികസനവുമായി കൂട്ടിയോജിപ്പിക്കുവാൻ നമുക്ക് കഴിയണം. കർമ്മനിരതമായ യുവത്വം എന്നുപറയുന്നത്, വൈദഗ്ദ്ധ്യമുള്ള തൊഴിലുകൾ അറിയാവുന്ന ഒരു വലിയ സംവിധാനമാണ്. അതിനായി നമ്മുടെ സംസ്ഥാനത്ത് ഒരു ടെക്നിക്കൽ ടാലന്റ് ബാങ്ക് രൂപീകരിക്കണം എന്നുള്ള നിർദ്ദേശം ഞാൻ ഈ സഭയുടെ മുൻപാകെ സമർപ്പിക്കുകയാണ്. നമുക്കറിയാം, 1/10 മലയാളികൾ കേരളത്തിന് പുറത്ത് ജീവിക്കുന്നവരാണ്. ലോകം മുഴുവൻ ഇന്ന് ആവശ്യപ്പെടുന്നത് വൈദഗ്ദ്ധ്യമുള്ള ആളുകളെയാണ്, കർമ്മനിരതമായ യുവത്വത്തെയാണ്. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഈ മനുഷ്യശക്തിയെ കയറ്റുമതി ചെയ്യാൻ കഴിയാവുന്ന തരത്തിലുള്ള അതിശക്തമായ ഒരു ടെക്നിക്കൽ ടാലന്റ് ബാങ്ക്, നമ്മുടെ ഭാവി പ്രതീക്ഷകൾക്ക് ചിറകുകൾ വെയ്പിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല.

നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇങ്ങനെ പോയാൽ മതിയോ? നമുക്ക് ആ പൊതുമേഖലാ സ്ഥാപനങ്ങളെ പുന:സംഘടിപ്പിക്കണം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവയെ അപ്ഗ്രേഡ് ചെയ്യാൻ, കാലത്തിനനുസരിച്ച് മാറ്റാൻ നല്ല ടെക്നോളജിക്കൽ പാർട്ണർമാരെ വേണം.

ആഗോള വ്യാപകമായി സാങ്കേതിക വൈദഗ്ദ്യം കൊണ്ടുവന്ന് നമ്മുടെ ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനുള്ള നടപടികൾ വേണം. കേരളത്തിൽ പൊതുമേഖലാ വ്യവസായങ്ങളുടെ തടസ്സമായി നിന്നത് തൊഴിൽ മേഖലയിലുണ്ടായ തർക്കങ്ങളും മിലിറ്റന്റ് ട്രേഡ് യൂണിയനിസവുമാണെങ്കിൽ, കഴിഞ്ഞ നാലു വർഷക്കാലം പൊതുമേഖലാ വ്യവസായ മേഖലയിൽ നിന്ന്, തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഒരു എതിരിട്ട ശബ്ദംപോലും ഉണ്ടായിട്ടില്ല. പൂർണ്ണമായ സഹകരണമാണ് തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗവൺമെന്റിനുണ്ടായത്. കേരളത്തിന്റെ ആ പഴയ കറുത്ത ചരിത്രം, മിലിറ്റന്റ് ട്രേഡ് യൂണിയനിസമാണ് കേരളത്തിലുള്ളത് എന്നത് മാറിയിരിക്കുകയാണ്. അത് അനുകൂലമായ ഒരു അന്തരീക്ഷമാണ്. ആ അനുകൂലമായ അന്തരീക്ഷത്തെ സാങ്കേതിക വിദ്യകൊണ്ടും, പ്രൊഫഷണലിസംകൊണ്ടും എങ്ങനെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ മികവുറ്റതാക്കി മാറ്റാൻ കഴിയുമെന്ന് പരിശോധിക്കപ്പെടേണ്ട സമയമാണ്. അതുപോലെതന്നെ കേരളാ മാനേജ്മെന്റ് കേഡർ രൂപീകരിക്കണം. മികച്ച മാനേജർമാരേയും, മികച്ച ടെക്നോക്രാറ്റുകളേയും, ആ കേരളാ മാനേജ്മെന്റ് കേഡറിൽ കൊണ്ടുവന്ന് അവരെ ഈ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിച്ച് ആഗോളവ്യാപകമായി ടെക്നോളജിക്കൽ പാർട്ണർമാരെ അന്വേഷിച്ച്,

കൃത്യമായ പ്രൊഫഷണലിസം ഈ മേഖലയിൽ കൊണ്ടുവന്ന് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ ഏത് സ്വകാര്യ മേഖലയിലുള്ള കമ്പനികളുമായും, സ്ഥാപനങ്ങളുമായും മൽസരിക്കുവാൻ അവരെ പ്രാപ്തരാക്കുക എന്നുള്ളതാണ് നമുക്ക് കരണീയമായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം. ചില ടെക്നോളജി പാർട്ണർമാർ നമുക്ക് ഉണ്ടായിട്ടുണ്ട്. ടെൽക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൻ.ടി.പി.സി.-യുമായി ധാരണാപത്രം വച്ച് ഒരുമിച്ച് പോകുകയാണ്. എൻ.ടി.പി.സി.-യുമായി ഒരു ജോയിന്റ് വെഞ്ചർ ഉണ്ടായതിന്റെ ഗുണം ടെൽക്-ന് കിട്ടിയിട്ടുണ്ടോ; ടെൽക് വലിയ പ്രതിസന്ധിയിലാണെന്ന് ശ്രീ. ജോസ് തെറ്റയിൽ ഇവിടെ സൂചിപ്പിച്ചു. അങ്ങനെയുള്ള സാങ്കേതികമായ സഹകരണമല്ല. ആ സാങ്കേതികമായ സഹകരണം ഉറപ്പു വരുത്തുമ്പോൾ അവർ എത്ര ഇൻവെസ്റ്റ് ചെയ്യും, അല്ലെങ്കിൽ അവർ എന്തു സഹായമാണ് നമുക്ക് നൽകുന്നത്, ടെക്നോളജിക്കൽ അസിസ്റ്റൻസ് ആണോ, ഫിനാൻഷ്യൽ അസിസ്റ്റൻസ് ആണോ, ഏതാണ് നൽകുന്നത് എന്നതിനെക്കുറിച്ച് കൃത്യമായ നിർവ്വചനം നമുക്കുണ്ടാകണം. ടെൽക്-എൻ.ടി.പി.സി. ജോയിന്റ് വെൻച്വർ ഒരു ഫെയിലുവർ ആണ്. അത്തരം മാതൃകകളല്ല നമുക്ക് ഈ രംഗത്ത് ഉണ്ടാകേണ്ടത്. സംരംഭകരായി മുന്നോട്ടുവരുന്ന ആളുകൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം ഉണ്ടാകണം. ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ

സംസ്ഥാനങ്ങളിലെപോലെ, ഒരു വ്യവസായ സംസ്കാരം നമ്മുടെ രക്തത്തിലില്ല, അവരുടെ രക്തത്തിലതുണ്ട്. അവിടെ അവർ ഓരോ ഇൻഡസ്ട്രിയും ചെറുകിട-ഇടത്തരം വ്യവസായങ്ങളും കൊണ്ടുപോകുന്നത് നമുക്ക് അത്ഭുതത്തോടുകൂടി നോക്കിനിൽക്കാൻ മാത്രമേ കഴിയുകയുള്ളൂ. ഇവിടെ നമ്മുടെ ആളുകൾക്ക് അതറിയില്ല, അവർക്ക് കൃത്യമായ ഗൈഡൻസില്ല. 25 -ഓ, 50 -ഓ ലക്ഷം രൂപ കെ.എഫ്.സി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ആദ്യം കടമെടുക്കും, എന്നിട്ട് നഗരങ്ങളിൽ 1000 മുതൽ 2000 വരെ സ്ക്വയർഫീറ്റ് ഉള്ള ഓഫീസ് വാങ്ങും, ഈ ബിസിനസ്സിന് ഓഫീസ് വേണമോ എന്നുപോലും അവർ അന്വേഷിക്കുകയില്ല. ആ ഓഫീസ് സ്പ്ലിറ്റ് എയർകണ്ടീഷണർ വച്ച്, കറങ്ങുന്ന കസേര വച്ച്, നാല് ഫോൺ കണക്ട് ചെയ്ത്, പത്ത് സ്റ്റാഫിനെ വച്ചുകഴിയുമ്പോഴേക്കും ഉൽപ്പാദനം തുടങ്ങാനുള്ള വർക്കിംഗ് ക്യാപ്പിറ്റൽ കയ്യിലുണ്ടാകുകയില്ല. കയ്യിലുള്ള കാശുമുഴുവൻ ഈ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റുവഴി ചെലവാകും. ആറുമാസം കഴിയുമ്പോൾ കെ.എഫ.സി.-യോ, ധനകാര്യസ്ഥാപനങ്ങളോ, ബാങ്കുകളോ കഴുത്തിന് പിടിക്കുമ്പോൾ തുടക്കംപോലും കുറിക്കാൻ കഴിയാതെ ആ വ്യവസായ സംരംഭം അവസാനിക്കുകയാണ്. ഒരു വ്യവസായം തുടങ്ങുന്നതിനുമുൻപുള്ള കോസ്റ്റ് അനാലിസിസ്, കൃത്യമായ ഒരു വയബിലിറ്റി മാനേജ്മെന്റ്, ഇതൊന്നും നമ്മുടെ

പുതിയ സംരംഭകരുടെ മനസ്സിലില്ല, അല്ലെങ്കിൽ അവർക്കാവശ്യമായ തരത്തിലുള്ള ഒരു മാർഗ്ഗനിർദ്ദേശം നമ്മുടെ ഭാഗത്തുനിന്ന് കൊടുക്കുന്നില്ല. പലരും വലിയ കടക്കെണിയിലേയ്ക്കും, ആത്മഹത്യയിലേയ്ക്കും പോകുകയും ചെയ്യുമ്പോൾ, കേരളത്തെക്കുറിച്ചുള്ള നിഗമനം എന്താണെന്നുവച്ചാൽ, കേരളത്തിൽ വ്യവസായം തുടങ്ങാൻ പറ്റിയ സ്ഥലമല്ല. കേരളത്തിൽ വ്യവസായം തുടങ്ങാൻ പറ്റാഞ്ഞിട്ടല്ല, പുറത്ത് പോയിക്കഴിഞ്ഞാൽ ഒരു ക്യാബിനിൽ മാത്രം ഇരുന്നുകൊണ്ട്, ഒരു സ്റ്റൂളിൽ ഫോണുമായി ഇരുന്നുകൊണ്ട്, ഒരു ഓഫീസുപോലുമില്ലാതെ കോടിക്കണക്കിന് രൂപയുടെ ഉൽപ്പാദനം വിദൂരങ്ങളിലുള്ള ഫാക്ടറികളിൽ ഉണ്ടാക്കുകയും അതിനെ മാർക്കറ്റ് ചെയ്യുകയും ചെയ്യുന്ന, ഏറ്റവും കോസ്റ്റ് ഇഫക്ടീവ് ആയിട്ടുള്ള, എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഒട്ടുമില്ലാതെ, ഏറ്റവും ഭംഗിയായി, ലാഭകരമായി ബിസിനസ്സ് ചെയ്യുന്ന സംവിധാനങ്ങളുണ്ട്. എല്ലാ ബിസിനസ്സിനും ഈ പാരാഫെർണേലിയയുടെ ആവശ്യമില്ല, അത്തരം കൃത്യമായ നിർദ്ദേശങ്ങൾ ചെറുപ്പക്കാർക്ക് കൊടുക്കാൻ നമുക്ക് കഴിയണം.

അതുപോലെ കശുവണ്ടി വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കണം. പതിനായിരക്കണക്കിന് കശുവണ്ടിത്തൊഴിലാളികൾ ആ മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അവർക്ക് കശുവണ്ടി കൃത്യമായി

ഇറക്കുമതി ചെയ്ത് ജോലിയുണ്ടാക്കിക്കൊടുക്കുകയെന്നത് ഗവൺമെന്റിന്റെയും കശുവണ്ടി കോർപ്പറേഷന്റെയും ചുമതലയാണ്. തർക്കങ്ങളും പരാതികളുമുണ്ടാകാം. ആ പരാതികളും തർക്കങ്ങളും പരിഹരിച്ച് അവർക്ക് തൊഴിൽദിനങ്ങൾ പരമാവധി ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ് നമ്മുടെ പ്രധാനപ്പെട്ട പർപ്പസ്. ആ ലക്ഷ്യം സാധിതമാക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടാകണം. അതുപോലെ കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പരിരക്ഷ വേണം. ഈ മേഖലയിൽനിന്ന് ആളുകൾ പിൻമാറിക്കൊണ്ടിരിക്കുകയാണ്. കയർ വ്യവസായ വകുപ്പിലല്ല വരുന്നതെങ്കിലും കൈത്തറിയേയും ഖാദിയേയുംപ്പറ്റി പറയുമ്പോൾ കയറിനെപ്പറ്റി പറയാതെ പോകുവാൻ പറ്റില്ല. ഈ മേഖലയിൽ യന്ത്രവൽക്കരണവും നവീകരണമുണ്ടാക്കുകയും പുതിയ ഡിസൈനും മാർക്കറ്റിംഗിന് പുതിയ തന്ത്രങ്ങൾ മെനയുകയും വേണം. അതിനുവേണ്ടിയുള്ള സഹായം, ഒരു ഫെസിലിറ്റേറ്ററുടെ റോളാണ് പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട് ഗവൺമെന്റിനുള്ളത്. സർക്കാർ അത് നിർവ്വഹിക്കുമെന്ന് ഞാൻ കരുതുകയാണ്. പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ വേണ്ടിയുള്ള സപ്പോർട്ട് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും സാധാരണ കൊടുക്കാറുണ്ട്. പണത്തിന്റെ

ക്വാണ്ടിറ്റിയല്ല പ്രധാനപ്പെട്ട കാര്യം, ആ പണം എങ്ങനെ ഫലപ്രദമായി ചെലവഴിക്കുന്നു എന്നതിനെക്കുറിച്ചുകൂടി ആലോചിക്കണം. അനുവദിക്കുന്ന റിബേറ്റുകൾ കൃത്യമായി ചെലവഴിക്കപ്പെടുന്നുണ്ടോ എന്നും കൃത്യമായി ടാർജറ്റ് ഗ്രൂപ്പിലെത്തുന്നുണ്ടോ, നമ്മുടെ പർപ്പസ് സേർവ് ചെയ്യുന്നുണ്ടോ എന്നിവയൊക്കെ പരിശോധിക്കപ്പെടാതെ പോകുന്നു. ഇവയൊക്കെ പരിശോധിക്കപ്പെടണം, അല്ലാതെ പണത്തിന്റെ അളവല്ല പ്രധാനം. അങ്ങനെ വളരെ കൃത്യമായ ഒരു വ്യവസായ നയത്തിന്റെ പിന്തുണയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ നയത്തെ പിന്തുണയ്ക്കുന്നത്. ഇന്നലെ ഇവിടെ ചർച്ച ചെയ്തപ്പോൾ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം, ദേശീയ തലത്തിൽ എന്തുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പ്രസക്തി നഷ്ടപ്പെട്ടത് എന്നതായിരുന്നു. നിങ്ങൾ അത് പരിശോധിക്കേണ്ടതാണ്. എന്തായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ നേതാക്കന്മാർക്ക് കേന്ദ്രത്തിൽ അല്ലെങ്കിൽ ദേശീയ തലത്തിലുണ്ടായിരുന്ന സ്വാധീനം, അത് അവർക്കുണ്ടാക്കിയെടുക്കാൻ കഴിഞ്ഞത് കോൺഗ്രസ്സ് പാർട്ടിയോടൊപ്പം നിന്നപ്പോഴും കോൺഗ്രസ്സിനെ പിന്തുണച്ച് കൂടെനിന്നപ്പോഴുമായിരുന്നു. ബൈബിളിൽ ഒരു രസകരമായ കാര്യം പറയുന്നുണ്ട്. കഴുതപ്പുറത്ത് കയറി ക്രിസ്തു ജറുസലേമിലേയ്ക്ക് യാത്രയായ കഥ. കഴുതപ്പുറത്ത് കയറി

യേശു ജറുസലേമിൽ എത്തുമ്പോൾ ഇരുവശങ്ങളിൽനിന്നും ആളുകൾ പുഷ്പവൃഷ്ടി നടത്തുകയും ആഹ്ലാദസൂചകമായ ശബ്ദങ്ങൾ പുറപ്പെടുവിച്ച് അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. ഇത് എനിക്കുംകൂടി കിട്ടിയ സ്വീകരണമാണ് എന്ന് കരുതി ഒരിക്കൽ ക്രിസ്തു ഇല്ലാതെ കഴുത ജറുസലേമിലേയ്ക്ക് ഒറ്റയ്ക്ക് പോയി. അവിടെ ചെന്നപ്പോൾ ആളുകൾ ചെരുപ്പുകൊണ്ട് മുഖത്തടിക്കുകയും അതിനെ കല്ലെറിഞ്ഞ് ഓടിക്കുകയുമാണുണ്ടായത്. നിങ്ങൾ കോൺഗ്രസ്സിന്റെ കൂടെ നിന്നപ്പോൾ പ്രകാശ് കാരാട്ട്, ശ്രീ.ഡി. രാജയെന്ന് പറയുന്ന ചെന്നൈയിലെ കമ്മ്യൂണിസ്റ്റ് നേതാവ്, ശ്രീ. ബർദൻ തുടങ്ങിയ ആളുകൾക്ക് എന്തായിരുന്നു മാധ്യമ ഫോക്കസ്. അവരുടെ മുന്നിൽ നിന്ന് ദേശീയ മാധ്യമങ്ങളിലെ റിപ്പോർട്ടർമാർ മൈക്കും പിടിച്ച് മാറാതെ നിന്നു. രാവിലെ കാരാട്ടിന്റെ പത്രസമ്മേളനം, വൈകുന്നേരം വീണ്ടും പത്രസമ്മേളനം, രാത്രി പതിനൊന്ന് മണിയ്ക്ക് ബ്രീഫിംഗ്, അവർ രണ്ടുപേരുംകൂടി, ശ്രീ. പ്രകാശ് കാരാട്ടും മിസിസ് കാരാട്ടും കൂടി അവയിലബിൾ പോളിറ്റ്ബ്യൂറോ നടത്തിയാൽപോലും അത് ദേശീയ രാഷ്ട്രീയത്തിലെ പ്രധാന വാർത്ത, അങ്ങനെ എന്തൊരു ഫോക്കസ് ആയിരുന്നു. അവർ കോൺഗ്രസ്സിനുള്ള പിൻതുണ പിൻവലിച്ച് പോയിക്കഴിഞ്ഞപ്പോൾ ജറുസലേമിൽ യേശുക്രിസ്തു ഇല്ലാതെപോയ കഴുതയുടെ സ്ഥിതി ആയില്ലേ; അപ്പോൾ സി.പി.ഐ.ക്കാർ ആലോചിക്കണം, കോൺഗ്രസ്സിന്റെ

കൂടെ നിന്ന കാലത്ത് എസ്.എ. ഡാങ്കെയൊക്കെ ആരായിരുന്നു; കിടിലൻ നേതാക്കന്മാർ ആയിരുന്നു. ഇൻഡ്യ മുഴുവൻ അറിയപ്പെടുന്ന, ശ്രദ്ധിക്കപ്പെടുന്ന നേതാക്കന്മാർ ആയിരുന്നു. ഇപ്പോൾ അവരുടെയൊക്കെ സ്ഥാനമെന്താണ്. കോൺഗ്രസ്സ് പാർട്ടിയോടൊപ്പം നിന്നപ്പോൾ ഈ നേതാക്കന്മാരുടെ പേരുകൾ വരെ എല്ലാവർക്കും അറിയാമായിരുന്നു. ഇപ്പോൾ അവരുടെ പേരുകൾപോലും നമ്മുടെ നാട്ടിൽ ആർക്കും അറിയില്ല. അപ്പോൾ കോൺഗ്രസ്സിന്റെ കൂടെ നിന്നപ്പോൾ ഉണ്ടായ പ്രസക്തിയാണ് ദേശീയ രാഷ്ട്രീയത്തിൽ സി.പി.ഐ.-ക്കും സി.പി.ഐ. (എം) നും ഉണ്ടായിരുന്നത് എന്നത് മറക്കരുത് എന്നുമാത്രം ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്ന ഒരു മേഖലയാണ് വ്യവസായം. അതോടൊപ്പംതന്നെ ഇന്ന് വളർന്നുവന്നിട്ടുള്ള നിർമ്മാണ മേഖലയും ഒരു തൊഴിൽ മേഖലയായി വികസിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഈ ഗവൺമെന്റിന്റെ നാല് കൊല്ലക്കാലത്തെ ഭരണകാലയളവിൽ നിർമ്മാണ മേഖല തകർന്നുവെന്ന് മാത്രമല്ല വ്യവസായ മേഖലയും തകർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 2001 കാലഘട്ടത്തിൽ വ്യവസായ വകുപ്പ്

കൈകാര്യം ചെയ്തിരുന്ന അവസരത്തിലാണ് കേരളത്തിലേയ്ക്ക് പതിനായിരക്കണക്കിന് കോടി രൂപയുടെ വ്യവസായം വരുമെന്ന് വ്യാമോഹിപ്പിച്ചുകൊണ്ട് ഒരു ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയത്. അദ്ദേഹം മന്ത്രിസഭയിൽ നിന്ന് പോകുന്നതുവരെ ആ തരത്തിലുള്ള ഒരു വ്യവസായ സ്ഥാപനങ്ങളും കേരളത്തിൽ വന്നില്ല. ഈ പ്രാവശ്യം അധികാരത്തിൽ വന്ന ഉടൻതന്നെ GIM - ന് പുതിയ പേരിട്ട് വീണ്ടും അവതരിപ്പിക്കുകയുണ്ടായി. അതാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എറണാകുളത്തുവച്ച് നടന്ന 'എമർജിംഗ് കേരള'. ഇതൊക്കെ നടത്തിയിട്ടും കേരളത്തിന്റെ ജനശ്രദ്ധ പിടിച്ചുപറ്റുന്ന രൂപത്തിൽ ഒരു പുതിയ വ്യവസായ സ്ഥാപനവും കേരളത്തിൽ വന്നുവെന്നുപറയാൻ ഭരണകക്ഷി അംഗങ്ങൾക്ക് കഴിയില്ലയെന്നാണ് എന്റെ വിശ്വാസം. ചെറുകിട ജല സംരംഭങ്ങൾ ഉണ്ടായിട്ടുണ്ടാകാം, പക്ഷേ അതൊന്നും കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ ഒരു ശക്തമായ സാന്നിധ്യമായി അറിയപ്പെടുന്നവയായിട്ട് വികസിച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച് പത്രക്കാർ ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞത്, മുൻകാലങ്ങളെപ്പോലെ പുകക്കുഴലുള്ള വ്യവസായങ്ങളൊന്നും ഇനി വരില്ല. അതു വരണ്ട, പക്ഷേ പുകക്കുഴലുള്ള വ്യവസായങ്ങൾ പൂട്ടിയ സ്ഥാനത്ത് പുകക്കുഴലില്ലാത്ത വ്യവസായ

സ്ഥാപനങ്ങളെങ്കിലും വരണ്ടേ? ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങൾ പൂട്ടിക്കൊണ്ടിരിക്കുകയും പുതിയ വ്യവസായ സ്ഥാപനങ്ങൾ വരാത്ത സ്ഥിതിയുമാണ് ഉണ്ടായിട്ടുള്ളത്. അങ്ങ് ഈ വ്യവസായ വകുപ്പ് കൈകാര്യം ചെയ്യാൻ വൈദഗ്ദ്ധ്യമുള്ള ആളാണെന്ന കാര്യത്തിൽ എനിക്ക് അശേഷം സംശയമില്ല. പക്ഷേ അങ്ങ് അംഗീകരിച്ച് നടപ്പിലാക്കുന്ന യു.ഡി.എഫിന്റെ നയം വ്യവസായം വരുന്നതിന് സഹായകരമല്ല. ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളാണ് യു.ഡി.എഫ്-ന്റെ നയമായി അംഗീകരിച്ച് ഇവിടെ നടപ്പിലാക്കുന്നത്. എത്ര നല്ല വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചാലും ഈ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ വ്യവസായ രംഗത്ത് ഒരു പുരോഗതിയും കൊണ്ടുവരാൻ അങ്ങേയ്ക്ക് കഴിയില്ലായെന്ന് എനിക്ക് ഉറപ്പാണ്. തുപ്പുന്ന കോളാമ്പിയിൽ എത്ര നല്ല പായസം ഒഴിച്ചാലും അത് ജനങ്ങൾക്ക് ഉപകാരപ്പെടില്ല. അതുപോലെയാണ് ആഗോളവൽക്കരണ നയത്തിൽ, അത് നടപ്പിലാക്കാൻ എത്ര വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചാലും അതുകൊണ്ട് ഒരു മുന്നേറ്റവും നമ്മുടെ സംസ്ഥാനത്തിന് ഉണ്ടാകുകയില്ലായെന്നുള്ള കാര്യം ഉറപ്പാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം യു.പി.എ. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ ഇരുന്നകാലമായിരുന്നു. അന്ന് കോൺഗ്രസ്സുകാരും യു.ഡി.എഫ്.-കാരും പറഞ്ഞിരുന്നത് അത് കേരളത്തിന്റെ

സുവർണ്ണ കാലഘട്ടമായിരുന്നുവെന്നാണ്. രാജ്യരക്ഷാ വകുപ്പുൾപ്പെടെ രണ്ട് കാബിനറ്റ് മന്ത്രിമാർ, ആറ് സ്റ്റേറ്റ് മന്ത്രിമാർ, ഇവരെല്ലാം കേന്ദ്രത്തിൽ ഭരണപങ്കാളിത്തം വഹിച്ചുകൊണ്ടിരുന്ന കാലഘട്ടം. ആ കാലഘട്ടത്തിലാണ് അങ്ങ് ഇവിടെ വ്യവസായവകുപ്പ് കൈകാര്യം ചെയ്തിരുന്നത്. എന്നിട്ട് എന്തെങ്കിലുമൊരു നേട്ടം ആ കാലഘട്ടത്തിൽ ഈ സംസ്ഥാനത്തിനുവേണ്ടി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; മാത്രമല്ല അന്ന് രാജ്യരക്ഷാ വകുപ്പുമന്ത്രിയായിരുന്ന ശ്രീ.എ.കെ.ആന്റണി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വ്യവസായ വകുപ്പുമന്ത്രിയേയും ഇരുത്തിക്കൊണ്ടാണ് ഞാൻ ആരെ വിശ്വസിച്ചുകൊണ്ടാണ് കേരളത്തിലേയ്ക്ക് വ്യവസായം കൊണ്ടുവരികയെന്ന് ചോദിച്ചത്. ഈ ഗവൺമെന്റിന് വ്യവസായങ്ങൾ അനുവദിച്ചുകൊടുത്താൽ നടപ്പിലാക്കുമെന്നുള്ളതിൽ ഒരു വിശ്വാസവുമില്ല. അതോടൊപ്പം അദ്ദേഹം ഒരു കാര്യം കൂടി പറഞ്ഞു, ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചപ്പോൾ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീമിനെ വിശ്വസിക്കാമായിരുന്നു എന്ന്. അങ്ങനെ അവരെ വിശ്വസിച്ചതുകൊണ്ടാണ് ചില രാജ്യരക്ഷാ വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് അന്ന് കൊണ്ടുവരാൻ കഴിഞ്ഞത്. ഇത് അഖിലേന്ത്യാ മാധ്യമങ്ങൾ വിമർശിച്ച കാര്യങ്ങളാണ്. പക്ഷേ, ഇന്ന് അത്തരത്തിലൊരു

വ്യവസായം കൊണ്ടുവരുവാൻ എനിക്ക് വിശ്വാസമില്ല എന്ന് തറപ്പിച്ചുപറഞ്ഞത് ശ്രീ. എ. കെ. ആന്റണിയാണ്. അതുകൊണ്ട് ഒരു വ്യവസായവും നിങ്ങൾക്ക് ആ കാലഘട്ടത്തിൽ നേടിയെടുക്കാൻ കഴിഞ്ഞില്ല. ഇവിടെ വ്യവസായം വരാത്തതിന് മുമ്പെല്ലാം കുറ്റം പറഞ്ഞിരുന്നത് തൊഴിലാളികളെയാണ്. എവിടെ വ്യവസായം വന്നാലും തൊഴിലാളികളുടെ സമരംകൊണ്ട് അവിടെ കൊടികുത്തും. അതുകൊണ്ട് വ്യവസായം വരില്ല. ഇന്നത്തെ ഒരു പരിതസ്ഥിതിയിൽ തൊഴിലാളികളുടെ സമരം സംഘടിത വ്യവസായങ്ങളിലില്ല. അത് നിങ്ങളുടെ നയംകൊണ്ട് വന്നതല്ല. സമരം ചെയ്താൽ ആ വ്യവസായം പൂട്ടും. ഒരൊറ്റ വ്യവസായത്തിനും നിലനിൽപ്പില്ല. അതുകൊണ്ട് തൊഴിലാളികൾ പുതിയ ഡിമാന്റ് ഉന്നയിക്കാതെ, പണിമുടക്ക് നടത്താതെ, മറ്റ് രീതിയിലുള്ള സമരങ്ങൾ നടത്തിക്കൊണ്ട് ആ വ്യവസായത്തെ സംരക്ഷിക്കാൻവേണ്ടി പെടാപ്പാട് പെടുന്ന എന്നുള്ളതുകൊണ്ടാണ് ഇന്ന് പണിമുടക്ക് സമരങ്ങൾ ഇല്ലാത്തത്. അതല്ലാതെ തൊഴിലാളികൾക്ക് ആവശ്യങ്ങളില്ലാത്തതു കൊണ്ടായിരുന്നില്ല. സ്മാർട്ട് സിറ്റിയെ പറ്റി ഇവിടെ പ്രസംഗിക്കാത്ത ഒരു ഭരണകക്ഷി എം.എൽ.എ.-യും ഉണ്ടായിരുന്നില്ല. ഇപ്പോൾ അവർ സ്മാർട്ട് സിറ്റിയെപ്പറ്റി പറയുന്നില്ല. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിൽ സ്മാർട്ട് സിറ്റിയെ പറ്റി എന്താണ് പറയാത്തത്? ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായിട്ടായിരുന്നില്ലേ

ഇത് പ്രചരിപ്പിച്ചിരുന്നത്. 2011 - ൽ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് 136 ഏക്കർ സ്ഥലം സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി ടി.കോം കമ്പനിക്ക് രജിസ്റ്റർ ചെയ്തുകൊടുത്തത്. അന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ആറുലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടവും 18 മാസത്തിനുള്ളിൽ നിർമ്മിക്കുമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോഴും അതിന്റെ പണിയൊന്നും തീർന്നിട്ടില്ല. മാത്രമല്ല കരാറനുസരിച്ച് 9000 തൊഴിലുകൾ ഐ.റ്റി. മേഖലയിലും 5000 തൊഴിലുകൾ മറ്റ് മേഖലയിലും ടി.കോം കമ്പനി നൽകണം. ഇത്രയും കാലമായിട്ട് ടി.കോം എന്താണ് ചെയ്തത്? 88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളാണ് കരാറനുസരിച്ച് നിർമ്മിക്കേണ്ടത്. ആറുലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടംപോലും അവിടെ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. നാലു വർഷക്കാലമായിട്ടും കരാർ പൂർത്തിയാക്കാത്ത ഒരു കമ്പനിക്ക് 236 ഏക്കർ കണ്ണായ സ്ഥലം എന്തിനാണ് അനാവശ്യമായി കൊടുത്തിരിക്കുന്നത്? ആ 236 ഏക്കർ സ്ഥലം അവരിൽനിന്ന് തിരിച്ചു പിടിക്കണം. ടി.കോം- ന് പാട്ടകരാർ വ്യവസ്ഥയിൽ കൊടുത്തതാണ്. അവർ കണ്ടീഷൻ പൂർത്തിയാക്കിയിട്ടില്ല എന്നുള്ളതുകൊണ്ട് അത് തിരിച്ചുപിടിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെ 2006-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം

രോഗശയ്യയിലായിരുന്നു. 12 എണ്ണം മാത്രമായിരുന്നു ലാഭത്തിലുണ്ടായിരുന്നത്. 30 എണ്ണം നഷ്ടത്തിലായിരുന്നു. ആഗോളവത്ക്കരണ നയത്തിനെതിരെയുള്ള ബദൽനയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്രീ. എളമരം കരീമിന്റെ നേതൃത്വത്തിൽ നടന്ന ശക്തമായ പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തിനിടയിൽ 30 പൊതുമേഖലാ സ്ഥാപനങ്ങൾ വൻ ലാഭത്തിലായി. 12 എണ്ണം ലാഭത്തിന്റെ പാതയിലുമായി. മൊത്തം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം 239 കോടി രൂപയായാണ് വർദ്ധിച്ചത്. ഈ ലാഭത്തിൽ നിന്ന് 170 കോടി രൂപ മാറ്റിവച്ചാണ് പത്തു വ്യവസായങ്ങൾ പൊതു മേഖലയിൽ തുടങ്ങാൻ തീരുമാനിച്ചത്. കൂടാതെ 275 കോടി രൂപയുടെ നവീകരണ പദ്ധതികൾക്കും അന്ന് തുടക്കം കുറിക്കാൻ കഴിഞ്ഞു. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? യു.ഡി.എഫ്. ഭരണ കാലത്തെ മൊത്തം 883 കോടി രൂപ. അന്നത്തെ നഷ്ടത്തിൽ നിന്നാണ് ഈ ഉയിർത്തെഴുന്നേൽപ്പ് അന്ന് നടത്തിയത്. എന്നാൽ ഇപ്പോൾ കെടുകാര്യസ്ഥതയും അതുപോലെ പാപ്പരായ അഴിമതിയും കൊണ്ട് കൂടുതൽ നഷ്ടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ഭരണത്തിൻ കീഴിൽ സി&എ.ജി. യുടെ കണക്കനുസരിച്ച് 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ 30 എണ്ണം ഇപ്പോൾ നഷ്ടത്തിലാണ്. ലാഭമുള്ള 14 സ്ഥാപനങ്ങളുടെ ലാഭം തന്നെ ഒരു കോടി രൂപ മുതൽ

ഏഴ് കോടിരൂപവരെയാണ്. സ്വകാര്യ മേഖലയിൽ കഞ്ചിക്കോട്ടുമാത്രം 10 ഇരുമ്പുരുക്ക് ഫാക്ടറികൾ പൂട്ടി. കേന്ദ്രം പൊതു മേഖലയിൽ പ്രഖ്യാപിച്ച കോച്ച് ഫാക്ടറി എവിടെയാണ്; അത് കൊണ്ടുവരാൻ കഴിഞ്ഞോ? കൊല്ലം മീറ്റർ കമ്പനി പൂട്ടി. പല വ്യവസായങ്ങളും പൂട്ടി, അത് പുകക്കുഴലുള്ള വ്യവസായം ആയിരുന്നില്ല, എന്നിട്ടുപോലും പൂട്ടി. കേന്ദ്ര പൊതുമേഖലയിൽ പ്രഖ്യാപിക്കപ്പെട്ട ബി.ഇ.എം.എൽ. (ബെമൽ) കഞ്ചിക്കോട്ട് പ്രവർത്തിക്കുന്നുണ്ട്. ശ്രീ. എ.കെ. ആന്റണിയുള്ള കാലത്ത് ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ഉദ്ഘാടനം ചെയ്തതാണ്. 300 തൊഴിലാളികളുണ്ടായിരുന്നു. ഇപ്പോൾ ആ തൊഴിലാളികളെയെല്ലാം മറ്റ് സംസ്ഥാനങ്ങളിലെ വ്യവസായ സ്ഥാപനങ്ങളിലേയ്ക്ക് അയച്ചുകൊണ്ടിരിക്കുകയാണ്. മാസങ്ങൾക്കുള്ളിൽ അടച്ചു പൂട്ടാവുന്ന സ്ഥിതിയിലാണ് ബെമൽ നിൽക്കുന്നത്. കൊച്ചി കപ്പൽ നിർമ്മാണശാല വലിയ ലാഭത്തിലുള്ള ഒരു വ്യവസായ സ്ഥാപനമല്ലേ; അത് ഗുജറാത്തിലെ കണ്ട്ലാ തുറമുഖത്തിലേക്ക് കൊണ്ടുപോകാൻവേണ്ടിയിട്ടുള്ള പ്ലാൻ നടക്കുന്നു. എഫ്.എ.സി.റ്റി. ആണെങ്കിൽ ഊർദ്ധ്വശ്വാസം വലിച്ചുകൊണ്ടിരിക്കുകയാണ്. എവിടെയാണ് വ്യവസായങ്ങളുടെ പുരോഗതിയുണ്ടാക്കിയത്? വ്യവസായ മേഖല ആകെ തകർന്നു കൊണ്ടിരിക്കുകയാണ്. പുതിയ വ്യവസായങ്ങളൊന്നും വന്നിട്ടില്ല. ഐ.റ്റി.

മേഖലയിൽ വമ്പിച്ച വികസനമാണ് പ്രഖ്യാപിച്ചിരുന്നത്. അതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റിന്റെ മറ്റ് മേഖലകളിലെ സമീപനങ്ങളെപോലെ എല്ലാ മേഖലയും തകർന്നുകൊണ്ടിരിക്കുകയാണ്. അതിൽ നിന്നും വ്യവസായം മാത്രമായിട്ട് രക്ഷപ്പെടില്ല. കൃഷി, നിർമ്മാണ മേഖല, പരമ്പരാഗത വ്യവസായം, സാമ്പത്തിക മേഖല മുതലായവയും തകർച്ചയിലാണ്. ഇന്നലെ ഇവിടെ ശ്രീ. കെ.എം. ഷാജി ചില പ്രഖ്യാപനങ്ങൾ നടത്തുന്നത് ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞത് ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. എൻ.ഡി.എഫ്. ആർ.എസ്.എസ്. എന്നിവരുടെ വോട്ട് വേണ്ടായെന്നാണ്. അത് ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ അനുമതിയോടുകൂടിയാണ് പ്രഖ്യാപിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ യു.ഡി.എഫ്. അത് പ്രഖ്യാപിക്കുമോ? യു.ഡി.എഫ്.ന്റെ നേതാക്കന്മാർക്ക് ആ പ്രഖ്യാപനം ഏറ്റെടുക്കാൻ സാധിക്കുമോ? കോൺഗ്രസുകാർ ഇവിടെ പ്രസംഗിക്കുമ്പോൾ അവരെങ്കിലും ശ്രീ. കെ.എം. ഷാജിയുടെ പ്രഖ്യാപനം ഞങ്ങളുടെകൂടി പ്രഖ്യാപനമാണെന്ന് പറയാൻ ഞാൻ അവരെ വെല്ലുവിളിക്കുകയാണ്. ഒരു കാലത്തും കോൺഗ്രസ്സിന് അത് പറയാൻ കഴിയില്ല. കോൺഗ്രസ്സിന്റെകൂടെ മുന്നണിയായ കാലത്തൊന്നും ഈ രൂപത്തിൽ ആർ.എസ്.എസ്.-നെ എതിർക്കാൻ കോൺഗ്രസ് തയ്യാറായിട്ടില്ല.

കഴിഞ്ഞ ദിവസം കാസർഗോഡുവച്ച് എട്ടു വയസ്സായ ഫഹദ് എന്ന കുട്ടിയെ ഒരു ആർ.എസ്.എസ്.കാരൻ കൊലപ്പെടുത്തിയപ്പോൾ അയാൾ ആർ.എസ്.എസ്. പ്രവർത്തകനായിട്ടുപോലും ആർ.എസ്.എസ്.കാരനാണെന്ന് പറയാൻ മടിച്ച ഒരു ആഭ്യന്തര വകുപ്പുമന്ത്രിയാണ് കോൺഗ്രസ്സിന്റെ നേതാവായി ഇവിടെ ഇരിക്കുന്നത്. പിന്നെയദ്ദേഹം ആർ.എസ്.എസ്.ന്റെയും ജമാഅത്തെ ഇസ്ലാമിയുടെയും എസ്.ഡി.പി.ഐ.യുടെയുമൊക്കെ വോട്ട് വേണ്ടായെന്ന് പറയുമോ? അതൊന്നും പറയാൻ കോൺഗ്രസുകാർ തയ്യാറാകുകയില്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ആർ.എസ്.എസ്. ആകാൻ ഒരു മടിയുമില്ലാത്ത പാർട്ടിയാണ്. കഴിഞ്ഞ 16-ാം ലോകസഭാ തെരഞ്ഞെടുപ്പ് കാലത്ത് 50 എം.പി. മാരാണ് കോൺഗ്രസ്സിൽ നിന്ന് രാജിവച്ച് ബി.ജെ.പി.യിൽ ചേർന്നത്. അതിൽ മന്ത്രിമാരുമുണ്ടായിരുന്നു. കോൺഗ്രസ്സുകാർ ഖദർ മുണ്ടുടുക്കുമ്പോൾ അടിയിൽ എപ്പോഴും കാക്കി ട്രൗസറുണ്ടാകും. മുണ്ടഴിച്ചാൽ ആർ.എസ്.എസ്. ആകാൻ അവർക്ക് ഒരു മടിയുമില്ല. അത് കോൺഗ്രസ്സിന്റെ ചരിത്രമാണ്. ആ കോൺഗ്രസ്സിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുവേണം മതേതരത്വം നടപ്പിലാക്കാനെന്നാണ് നിങ്ങൾ വിശ്വസിക്കുന്നത്. പുതിയ ചെറുപ്പക്കാർക്ക് ഇവിടുത്തെ ചരിത്രം അറിയില്ല. 1959-ൽ വിമോചന സമരത്തിനുവേണ്ടി രൂപംകൊണ്ട മുന്നണിയുടെ പിന്തുടർച്ചയാണ്

യു.ഡി.എഫ്. 1960-ൽ 'ആർ. ശങ്കർ- പട്ടം ചാക്കോ - സീതി - സി.എച്ച് സിന്ദാബാദ് ' എന്നുവിളിച്ചവരാണ് നിങ്ങൾ. അധികാരത്തിൽ വന്നപ്പോൾ കോൺഗ്രസ്സ് സീതി സാഹിബിനേയും സി. എച്ച്. മുഹമ്മദ് കോയയേയും അധികാരത്തിന്റെ നാലയലത്ത് അടുപ്പിച്ചില്ല. അത് നിങ്ങൾ മറക്കരുത്. അവസാനം തൊപ്പി ഊരിവച്ച് സി.എച്ച്. മുഹമ്മദ് കോയയെ സ്പീക്കറാക്കി. 1967-ൽ ഞങ്ങളുടെകൂടെ വന്നപ്പോഴാണ് അയിത്തം മാറ്റി ജനാബ് സി.എച്ച്. മുഹമ്മദ് കോയ സാഹിബിനേയും അഹമ്മദ് കുരിക്കളേയും മന്ത്രിയാക്കി കേരളത്തിൽ ആദ്യമായി ലീഗിന് മന്ത്രിസ്ഥാനം കൊടുത്തത്. ആ ചരിത്രം നിങ്ങൾ മറക്കരുത്. എന്നിട്ടാണ് മാർക്സിസ്റ്റ് പാർട്ടി ആർ.എസ്.എസ്.-ന്റെ 'ബി' ടീം ആണെന്ന് അദ്ദേഹത്തിന്റെ മകൻ പറയുന്നത്. ഒന്നുകൂടി പറയട്ടെ, 2004-ൽ കോൺഗ്രസ്സിനൊപ്പം നിന്നപ്പോഴാണ് ഞങ്ങൾക്ക് അന്തസ്സുവന്നതെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. യഥാർത്ഥത്തിൽ അപ്പോഴല്ലേ കോൺഗ്രസ്സിന് അന്തസ്സുണ്ടായത്? ഏകപക്ഷീയമായി കോൺഗ്രസ്സിന് 61 പേരുടെ പിന്തുണ പ്രഖ്യാപിച്ച ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കോൺഗ്രസ്സിനോട് ഒരു മന്ത്രിസ്ഥാനം ചോദിച്ചിട്ടില്ല. അന്ന് ഞങ്ങൾ ചോദിച്ചാൽ പ്രധാനമന്ത്രിസ്ഥാനമൊഴികെ എല്ലാ മന്ത്രിസ്ഥാനങ്ങളും ഞങ്ങൾക്ക് തരുമായിരുന്നു. പക്ഷേ ഞങ്ങൾ

ചോദിച്ചിട്ടില്ലല്ലോ; അന്ന് മുസ്ലീംലീഗിന് ഒരു സഹമന്ത്രിസ്ഥാനം കിട്ടിയത് ഞങ്ങൾ എതിർക്കാതിരുന്നതുകൊണ്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. അങ്ങനെയാണ് കേന്ദ്രത്തിൽ ലീഗിന്റെ അയിത്തം മാറിയത്. നിങ്ങൾ ഒരിക്കലും ഇന്ത്യ ഭരിക്കാൻ കഴിയുന്ന പാർട്ടിയല്ല. ഞങ്ങൾ ഇന്ത്യ ഭരിക്കണമെന്ന് ആഗ്രഹിക്കുന്ന പാർട്ടിയാണ്. ഞങ്ങൾക്കൊരു ലക്ഷ്യമുണ്ട്. ലീഗിന് അത്തരം ലക്ഷ്യമുണ്ടോ; ലീഗിന് കേന്ദ്രത്തിൽ ഒരു ക്യാബിനറ്റ് മന്ത്രി...., അതുവരെയുള്ള ലക്ഷ്യമേയുള്ളൂ. അതുകഴിഞ്ഞാൽ നിങ്ങൾക്കൊരു ലക്ഷ്യവുമില്ല. കേരളത്തിൽ അഞ്ച് മന്ത്രിസ്ഥാനം കിട്ടിയപ്പോൾ നിങ്ങളുടെ ലക്ഷ്യം പൂർത്തീകരിച്ചു. ഇന്ത്യാ രാജ്യത്ത് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ഒരു ഭരണകൂടം സ്ഥാപിക്കാൻവേണ്ടി പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്ന പാർട്ടിയാണ് ഞങ്ങളുടേത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആഗോളവൽക്കരണ നയത്തിനും വർഗ്ഗീയതയ്ക്കും എതിരാണ്. അതിന് നിങ്ങളുടെ ചീട്ടൊന്നും ഞങ്ങൾക്കാവശ്യമില്ല. ആർ.എസ്.എസ്.-നെ എതിർക്കുന്നതിന് ലീഗിന്റേയോ കോൺഗ്രസ്സിന്റേയോ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് ആവശ്യമില്ല. ഞങ്ങളുടെ പ്രഖ്യാപിത നയവുമായി ഞങ്ങൾ മുന്നോട്ടുപോകും. ബി.ജെ.പി.-യെ എതിർക്കാൻ കോൺഗ്രസ്സുമായോ കോൺഗ്രസ്സിനെ എതിർക്കാൻ ബി.ജെ.പി.-യുമായോ ഒരു മുന്നണിയും ഉണ്ടാക്കില്ലെന്ന് പ്രഖ്യാപിച്ച്

പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനത്തിനുനേരെ കൊഞ്ഞനം കുത്താൻ മുസ്ലീം ലീഗ് തയ്യാറാകരുത്. ചരിത്രം പഠിച്ചുവേണം അതിനെ സംബന്ധിച്ച് പറയാൻ. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്ന് ചർച്ചയ്ക്ക് തുടക്കം കുറിച്ചത് അപ്പുറത്തുനിന്ന് ശ്രീ. കെ. ടി. ജലീൽ ആണ്. അദ്ദേഹം സംസാരിച്ച അഞ്ചുമിനിട്ടും ധനാഭ്യർത്ഥനകളെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ഇന്നലെ എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി ഉന്നയിച്ച ആരോപണങ്ങൾക്ക് കൃത്യമായഒരു മറുപടിയും പറയാതെ ലീഗിനുനേരെ ചാത്തനേറ് നടത്തുകയാണ് അദ്ദേഹം ചെയ്തത്. അതുമായി ബന്ധപ്പെട്ട രണ്ടുമൂന്നു കാര്യങ്ങൾ മാത്രമാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്. ശ്രീ. കെ. ടി. ജലീൽ സിമിയിൽനിന്നുവന്നപ്പോഴും ലീഗിൽനിന്നും തിരിച്ചുപോയപ്പോഴും ലീഗിന്റെ നയത്തിന് ഒരു മാറ്റവും ഉണ്ടായിട്ടില്ല. ലീഗ് ശ്രീ കെ. ടി. ജലീലിന് എന്തൊക്കെ നൽകിയെന്ന് ജലീൽതന്നെ ഇവിടെ പറഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ശ്രീ. കെ. ടി. ജലീൽ, സുരേഷ് ഗോപി പറയുന്ന ഡയലോഗ് പോലെ 'ദാ വന്നു ദേ പോയി'- എന്ന രീതിയാണ്. ഇവിടെ വന്ന് എന്തൊക്കെയോ വാങ്ങി എന്തൊക്കെയോ അനുഭവിച്ചു. കൊടുത്ത സ്ഥാനത്തിന് മുകളിലുള്ളത് കിട്ടാൻ

വൈകിയപ്പോൾ ശ്രീ. കെ. ടി. ജലീൽ പോയി. അതിൽ ഒരു ആദർശവുമില്ല. അപ്പുറത്തുള്ളവരെ പ്രീതിപ്പെടുത്താൻ ശ്രീ. കെ. ടി. ജലീൽ വെല്ലുവിളിക്കേണ്ടത്, ഇന്നലെ ശ്രീ. കെ. എം. ഷാജി പറഞ്ഞതുപോലെ ഷാജിയെ വിളിക്കാം, എന്നെ വിളിക്കാം, ശ്രീ. പി. കെ. ബഷീർ, ശ്രീ. പി. ഉബൈദുള്ള എന്നിവരെയൊക്കെ വിളിക്കാം. എന്നാൽ ശ്രീ. കെ. ടി ജലീൽ നേരിട്ട് വെല്ലുവിളിക്കുന്നത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെയാണ്. ഞാൻ ശ്രീ. സീതാറാം യെച്ചൂരിയേയും ശ്രീ. പ്രകാശ് കാരാട്ടിനെയും വെല്ലുവിളിച്ചാൽ എങ്ങനെയുണ്ടാകും; അവനവന്റെ റേഞ്ചിനനുസരിച്ചുവേണ്ടേ വെല്ലുവിളി നടത്താൻ? ഞങ്ങളുടെ നാട്ടിൽ സി.പി.ഐ. (എം)- ന്റെ ഒരു പ്രാദേശിക നേതാവുണ്ട്, ക്രൂഷ്ചേവ് കുഞ്ഞച്ചൻ ലൈനിലുള്ള ഒരാൾ. മൂപ്പർ നാട്ടിൽ പൊതുയോഗം നടത്തി, ധൈര്യമുണ്ടെങ്കിൽ ഇന്ദിരാഗാന്ധി ഇവിടെ വന്ന് മറുപടി പറയണം, രാജീവ് ഗാന്ധി വന്ന് മറുപടി പറയണം എന്നൊക്കെയാണ് വെല്ലുവിളിക്കുന്നത്. ശ്രീ. കെ. ടി. ജലിൽ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ വെല്ലുവിളിക്കുമ്പോൾ അതാണ് എനിക്ക് ഓർമ്മ വന്നത്. പിന്നെ ശ്രീ. കെ. ടി. ജലീലിന്റെ ജമാഅത്തെ ബന്ധം കുറച്ച് കുഞ്ഞാലിക്കുട്ടി സാഹിബിന്റെ പേരിൽ പുരട്ടാനൊരു ശ്രമം നടത്തി. അത് വിഫലമായിപ്പോയി. കാരണം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ്

എം.എസ്.എഫ്.-ന്റെ സംസ്ഥാന നേതാവായിരുന്നു. അദ്ദേഹം കോഴിക്കോട് ഫറൂഖ് കോളേജിൽ പ്രീ-ഡിഗ്രിക്ക് പഠിക്കുന്ന സമയത്ത് പ്രസിഡൻഷ്യൽ ഫോമിലുള്ള, സംഘടനാതലത്തിൽ അല്ലാതെ നടന്ന തിരഞ്ഞെടുപ്പിൽ ക്ലാസ് ലീഡറായി ജയിച്ച് പിന്നീട് കോളേജ് യൂണിയന്റെ സെക്രട്ടറിയായി. അതിൽ ഒരു രാഷ്ട്രീയവും ഉണ്ടായിരുന്നില്ല. അതിനെയാണ് ഇവിടെ തെറ്റായി വ്യാഖ്യാനിച്ചത്. പിന്നെ അദ്ദേഹം ഡിഗ്രിക്ക് പഠിച്ചത് സർ സയ്യിദ് കോളേജ്, തളിപ്പറമ്പിലാണ്. അപ്പോൾ അദ്ദേഹം എം.എസ്.എഫ്.-ന്റെ സംസ്ഥാനതല നേതാവാണ്. അതിലുപരി പാണക്കാട് കുടുംബത്തിലെ ഒരംഗത്തെപ്പോലെയാണ് അദ്ദേഹം വളർന്നത്. പൂക്കോയതങ്ങളുടെ സ്നേഹപരിലാളനങ്ങളും സംരക്ഷണവുമേറ്റ് വളർന്നുവന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് ചെറുപ്പത്തിൽ ജമാഅത്തെ ബന്ധമുണ്ടായിരുന്നുവെന്നുപറഞ്ഞാൽ അത് വിശ്വസിക്കാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ മൂക്ക് കീഴ്പോട്ടുള്ള ആളുകളെയോ അരിഭക്ഷണം കഴിക്കുവന്നരെയോ കിട്ടുകയില്ലെന്ന് ശ്രീ. കെ. ടി. ജലീൽ ഓർക്കുന്നത് നന്നായിരിക്കും എന്ന് സൂചിപ്പിക്കുകയാണ്. ലീഗിന്റെ മടിത്തട്ടിലാണ് കുഞ്ഞാലിക്കുട്ടി സാഹിബ് വളർന്നുവന്നത്. അതുകൊണ്ട് അത്തരം വെല്ലുവിളികളൊന്നും വേണ്ട. ശ്രീ. കെ. ടി. ജലീലിനെ സംബന്ധിച്ചിടത്തോളം

സിമിയിൽനിന്ന് ലീഗിൽ വന്നു, ലീഗിൽനിന്ന് സി.പി.ഐ.(എം)- ന്റെ സഹയാത്രികനായി. പാർട്ടി ചിഹ്നത്തിൽ മത്സരിക്കാൻ ശ്രീ. കെ. ടി. ജലീൽ ഇപ്പോഴും സന്നദ്ധനല്ലല്ലോ. ഇവിടേയ്ക്ക് വന്നവരൊക്ക ഇവിടെത്തന്നെയുണ്ട്. അവരൊക്കെ മുസ്ലീം ലീഗിന്റെ ഔദ്യോഗിക ചിഹ്നത്തിൽത്തന്നെയാണ് മത്സരിക്കുന്നത്. പിന്നെ ഫേസ് ബുക്കിലും വാട്ട്സ് ആപ്പിലുമൊക്കെ അവിടെനിന്ന് ചില ആളുകൾ ഇങ്ങോട്ട് വരുന്നുണ്ടെന്നുള്ള ചില പരാമർശങ്ങൾ വന്നതായി കേട്ടു. ഏതായാലും ഇനി വരുന്നവരെ ഞങ്ങൾ നോക്കിയിട്ടേ എടുക്കുകയുള്ളൂ. അത് ഉറപ്പിക്കാൻ വേണ്ടിയാണോ കൂറു തെളിയിക്കുന്ന ഇത്തരം പരിപാടികൾ സഭയ്ക്കുള്ളിൽ നടത്തിയത് എന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

വ്യവസായ വകുപ്പിന്റെ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. നാലുവർഷംകൊണ്ട് വ്യവസായ, വിവര-സാങ്കേതിക വിദ്യ വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ വളരെ മഹത്തരമാണ്. കേരളീയ സാഹചര്യങ്ങൾക്കിണങ്ങുന്ന, ഈ കാലഘട്ടത്തിന്റെ സാങ്കേതികവിദ്യയും സാഹചര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെ ക്രിയാത്മകമായി മുന്നോട്ടുനയിച്ച വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി .കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അഭിനന്ദനമർഹിക്കുന്നുണ്ട്. യുവതലമുറയുടെ അഭിരുചികൾ തിരിച്ചറിഞ്ഞ്

അവർക്കുവേണ്ടി പ്രവർത്തിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് വ്യവസായ, ഐ.റ്റി. വകുപ്പുകളുടെ കഴിഞ്ഞ നാലുവർഷത്തെ നേട്ടത്തിന്റെ കാതൽ. ഇന്ത്യയിൽ ആകെ 50 ഡിസ്ട്രിക്റ്റുകളെയാണ് ഇ-ഡിസ്ട്രിക്റ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 14 എണ്ണം കേരളത്തിലെ ഡിസ്ട്രിക്റ്റുകളാണ്. ആ നേട്ടം വ്യവസായ വകുപ്പിന്റെ നേട്ടമാണ്. അത് ദേശീയ നേട്ടമാണ്. ഒരു ജിഗാബൈറ്റ് കണക്റ്റിവിറ്റി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. ഇതോടെ രാജ്യത്തെ ഒരേയൊരു ഡിജിറ്റൽ സ്റ്റേറ്റായി കേരളം മാറാൻ പോകുകയാണ്. എമർജിങ് കേരള വ്യവസായ കേരളത്തിന് പുതിയ പ്രതീക്ഷകൾ നൽകി. എന്ത് നടന്നുവെന്ന് ഇവിടെ പലരും ചോദിക്കുന്നുണ്ട്. അതിന് കുറച്ച് സമയമെടുക്കും. ഒരു സ്വിച്ചിട്ടാൽ ലൈറ്റ് കത്തുന്നതുപോലെ വരുന്നതല്ല വ്യവസായം. എമർജിങ് കേരള വ്യവസായിക അടിത്തറ പാകിയിട്ടുണ്ട് എന്നുള്ളതിൽ ഒരു സംശയവും വേണ്ട. ബയോ ടെക്നോളജി, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിൽ വലിയ സാദ്ധ്യതകളാണ് കേരളത്തിന് തുറന്നുകിട്ടിയിട്ടുള്ളത്. അതിന്റെ പിന്നിൽ പ്രവർത്തിച്ചതും വ്യവാസായ വകുപ്പും വ്യവസായ വകുപ്പുമന്ത്രിയുമാണ്. യുവ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചതുവഴി പുതുതലമുറയെ അവർക്ക് പ്രാവീണ്യമുള്ള മേഖലകളിൽ നിക്ഷേപം നടത്താനും

തൊഴിലിനുവേണ്ടി അലയുന്നതിനുപകരം തൊഴിൽ ദാതാക്കളാകുവാനും കഴിയുന്ന സാഹചര്യം ഈ സർക്കാരുണ്ടാക്കിയതാണ്. ഇവിടെ ചൂണ്ടിക്കാണിക്കാനുള്ള വളരെ പ്രധാനപ്പെട്ട മറ്റൊരു നേട്ടം ഭക്ഷ്യ-സംസ്കരണ മേഖലയിലെ അനന്തസാദ്ധ്യതകൾ കണ്ടെത്തിയെന്നുള്ളതാണ്. നമ്മുടെ ചക്കപോലും ഇന്ന് നല്ല ഡിമാന്റുള്ള സാധനമാക്കി മാറ്റാൻ സാധിച്ചു. ധാരാളം പഴങ്ങളും പച്ചക്കറികളും സീസണലായി ഉൽപ്പാദിപ്പിക്കുന്ന, ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നവരാണ് കേരളീയർ. കാർഷികോൽപ്പന്നങ്ങൾ, മത്സ്യോൽപ്പന്നങ്ങൾ എന്നിവ മൂല്യവർദ്ധിതമായി ഉപയോഗിക്കാൻ നമുക്കാവും എന്ന് കണ്ടെത്തി. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നമ്മുടെ കിൻഫ്രയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയത് അഭിമാനകരമായ നേട്ടമാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 16 വ്യവസായ പാർക്കുകളിൽ ഒന്ന് കിൻഫ്ര-യ്ക്കും രണ്ടാമത്തേത് കെ.എസ്.ഐ.ഡി.സി.-യ്ക്കും ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ശ്രമഫലമായി നേടിയെടുക്കാൻ സാധിച്ചത് സന്തോഷകരമാണ്. വ്യവസായ വകുപ്പുമന്ത്രി മൗനിയായി ഇരിക്കുകയാണെന്നും ഒന്നും ചെയ്യുന്നില്ലായെന്നും നിങ്ങൾ പറഞ്ഞു. അദ്ദേഹത്തിന്റെ കഴിവിൽ സംശയമില്ലെങ്കിലും ഇപ്പോഴൊന്നും നടക്കുന്നില്ലായെന്ന് സാങ്കേതികമായി പറഞ്ഞ്

സമർത്ഥിക്കാൻ ശ്രമിച്ചു, തെറ്റാണത്. നമ്മുടെ ഭൂവിസ്തൃതിയും ജനസംഖ്യയുമൊക്കെ നമുക്കറിയാവുന്നതാണ്. ഇന്ത്യയിലെ ആദ്യത്തെ ഡിഫൻസ് പാർക്ക്, അതായത് പ്രതിരോധ മേഖലയ്ക്കാവശ്യമായ വ്യവസായ സാധനസാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനം കിൻഫ്രയ്ക്കുവേണ്ടി നേടിയെടുത്തതും കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നയചാതുരിയോടുകൂടി യുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ കാഴ്ചപ്പാടിലും പരിഗണനയിലുമുള്ള, കൊച്ചിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്ററും ഫൂട്ട് വെയർ ഡിസൈൻ ആന്റ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ പ്രവർത്തനം തുടങ്ങാൻ കഴിയണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആധുനിക സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകുന്നതോടൊപ്പംതന്നെ കേരളത്തിൽ നിലവിലുണ്ടായിരുന്ന വ്യവസായ -വാണിജ്യ സംസ്കാരത്തെ പുഷ്ടിപ്പെടുത്തുവാനും വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ സർക്കാർ സാമ്പത്തിക സഹായം നൽകി നമ്മുടെ പൊതുമേഖലയെ പുഷ്ടിപ്പെടുത്തുകയും അഴിമതി മുക്തമാക്കുകയും ചെയ്തു. ഇക്കാലത്ത് പൊതുമേഖലയിൽനിന്ന് അഴിമതിയുടെ ഒരപശബ്ദവും ഉണ്ടായിട്ടില്ല,

ആക്ഷേപങ്ങളുയർന്നിട്ടില്ല, തൊഴിൽ തർക്കങ്ങളുണ്ടായിട്ടില്ല. കൈത്തറി, കശുവണ്ടി തൊഴിലാളികൾക്കും എന്തിന് മലബാർ സിമന്റ്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും വർഷങ്ങളായി മുടങ്ങിക്കിടന്ന സർവ്വീസ് വെയിറ്റേജ് നൽകിയത് വ്യവസായ വകുപ്പിന്റേയും മന്ത്രിയുടേയും സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുന്ന, പാരമ്പര്യ വ്യവസായങ്ങളോടുള്ള പ്രതിബദ്ധത തെളിയിക്കുന്ന നടപടികളായിരുന്നു. അതുപോലെതന്നെ ചെറുകിട ഇടത്തരം വ്യവസായ മേഖലയിലും വനിതാ സംരംഭകത്വത്തിലും വളർച്ചയും പുരോഗതിയും നേടാനായത് അഭിമാനകരമാണ്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. മണ്ണാർക്കാട് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. സ്ഥലം നൽകാൻ തയ്യാറാണ്. അത് അനുവദിക്കണമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെ അട്ടപ്പാടിയിലെ കത്താളക്കണ്ടി എന്ന സ്ഥലത്തുള്ള ഗിരിജൻ സൊസൈറ്റിയുടെ അടഞ്ഞുകിടക്കുന്ന കൈത്തറി യൂണിറ്റിന് സാമ്പത്തിക സഹായം നൽകി പ്രവർത്തനക്ഷമമാക്കണം. ഇതാണ് മണ്ഡലവുമായി ബന്ധപ്പെട്ട രണ്ട് വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ഇവിടെ എല്ലാവരും രാഷ്ട്രീയം പ്രസംഗിച്ചപ്പോൾ ആനുകാലികമായ രാഷ്ട്രീയത്തെക്കുറിച്ച് ചില പരാമർശങ്ങൾ നടത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയം വലിയ പ്രതിസന്ധിയിലാണ്. യു.ഡി.എഫ്. സർക്കാരിനെതിരായി നിങ്ങൾ ആരോപിച്ച ന്യൂനപക്ഷ പ്രീണനത്തിന്റെ ഗുണഭോക്താക്കൾ ബി.ജെ.പി.യാണ്. നിങ്ങൾ ഇക്കാര്യം ഇനിയെങ്കിലും മനസ്സിലാക്കുക. ബി.ജെ.പി.-യിലേയ്ക്കുള്ള നിങ്ങളുടെ അണികളുടെ കൊഴിഞ്ഞുപോക്കിന് ഊർജ്ജം പകരുന്നതാണ് നിങ്ങളുടെ പ്രചരണങ്ങൾ. പച്ച ബ്ലൗസ്, പച്ച ബോർഡ്, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വീടിന്റെ പേര്, പ്ലസ്ടു ബാച്ചുകൾ തുടങ്ങി അടിസ്ഥാനരഹിതമായ എത്രയെത്ര നിസ്സാരമായ കാര്യങ്ങളാണ് നിങ്ങൾ ഉയർത്തിക്കൊണ്ടുവന്നത്; അവയിലൊന്നിലും ഒരു കഴമ്പും ഉണ്ടായിരുന്നില്ല. അതുകൊണ്ട് നിങ്ങൾ എന്താണ് നേടിയത്? ഈ പ്രചരണംകൊണ്ട് തെറ്റിദ്ധരിച്ചവരുടെ വികാരവും വോട്ടുമൊക്കെ ബി.ജെ.പി.ക്കാണ് ലഭിച്ചത്. അരുവിക്കര ഫലം വന്നപ്പോൾ സി.പി.ഐ.(എം) ന്റെയും സി.പി.ഐ.യുടെയും സമചിത്തത നഷ്ടമായി; നിങ്ങൾ ആശയക്കുഴപ്പത്തിലാണ്; എന്ത് ചെയ്യണമെന്നറിയാതെ നിങ്ങൾ കൂടുതൽ കൂടുതൽ അബദ്ധങ്ങൾ ചെയ്യുകയാണ്. ആരാണ് ഇക്കാര്യത്തിൽ മുന്നിലെന്ന് സമർത്ഥിക്കാൻ വേണ്ടി നിങ്ങൾ പരസ്പരം

മത്സരിക്കുകയാണ്, സ്വന്തം കുഴിമാടം തോണ്ടുകയാണ്. ശ്രീ. കാനം രാജേന്ദ്രൻ തന്റെ വിവാദ പ്രസ്താവനയെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞത് ഞങ്ങളുടെ വോട്ട് ബാങ്ക് സംരക്ഷിക്കാൻ ഞങ്ങൾക്ക് ബാദ്ധ്യതയുണ്ടെന്നാണ്. നിങ്ങൾ എവിടെ എത്തിനിൽക്കുകയാണെന്ന് സി.പി.ഐ. കാർ ആലോചിക്കണം. വോട്ടുബാങ്ക് ഉണ്ടാക്കാൻ ഏത് അറ്റംവരെയും പോകുമെന്ന് പറയുന്ന ബി.ജെ.പി.യുടെ മുദ്രാവാക്യം ഏറ്റെടുക്കാനും നിങ്ങൾ തയ്യാറാണെന്ന് പറയുമ്പോൾ സഹതപിക്കാനേ നിവൃത്തിയുള്ളൂ. നിങ്ങളുടെ ഈ പ്രചരണത്തിന്റെ നേട്ടവും ബി.ജെ.പി.-ക്കാണ് ലഭിക്കാൻ പോകുന്നത്. ഇക്കാര്യത്തിൽ സി.പി.ഐ.(എം)-ഉം ഒട്ടും പിന്നിലല്ലെന്ന് തെളിയിക്കാനാണ് ഇന്നലെ അടിയന്തരപ്രമേയത്തിന് അവതരാണനുമതി തേടിക്കൊണ്ട് ഡോ. ടി.എം. തോമസ് ഐസക് നടത്തിയ പ്രസംഗത്തിൽ പഞ്ചായത്ത്/ബ്ലോക്ക്/വാർഡ് വിഭജനത്തെ ഹിന്ദു പഞ്ചായത്ത്, മുസ്ലീം പഞ്ചായത്ത് എന്നൊക്കെ ചിത്രീകരിച്ചത്. ഒരു സി.പി.ഐ.(എം) നേതാവിൽനിന്ന് ഉണ്ടാകാൻ പാടില്ലാത്ത പരാമർശമാണ് അദ്ദേഹത്തിൽനിന്നുണ്ടായത്. ഇത്തരം വിഷലിപ്തമായ പരാമർശങ്ങളുടെ ഗുണഭോക്താക്കളും ഫാസിസ്റ്റുകളായിരിക്കുമെന്നതാണ് സമകാലിക ചരിത്രമെന്ന് ഡോ. ടി. എം. തോമസ് ഐസിനെ ഓർമ്മപ്പെടുത്തുകയാണ്. ബി.ജെ.പി.യെ പ്രതിരോധിക്കാൻ ബി.ജെ.പി.യുടെ വഴിയെ സഞ്ചരിക്കുന്നത്

ഇടതുപക്ഷം ചെയ്യുന്ന മറ്റൊരു ഹിസ്റ്റോറിക്കൽ ബ്ലണ്ടറായിരിക്കും. മോഡി മെയ്ഡ് തൊഗാഡിയ ബ്രാൻഡ് ഒറിജിനൽ തീവ്രഹിന്ദുത്വം കേരള രാഷ്ട്രീയത്തിന്റെ മാർക്കറ്റിൽ ഇപ്പോൾ കിട്ടുന്നുണ്ട്. അവിടെ നിങ്ങൾ ഡ്യൂപ്ലിക്കേറ്റ് കുന്നംകുളം മെയ്ഡ് ഹിന്ദുത്വവുമായി വന്നാൽ ആരും എടുക്കാൻ പോകുന്നില്ല. നിങ്ങൾക്ക് ഇക്കാര്യത്തിൽ കൺഫ്യൂഷൻ ഉണ്ടാകേണ്ട കാര്യമില്ല. മൃദുഹിന്ദുത്വവുമായി മുന്നോട്ടുവരലാണ് ബി.ജെ.പി.യെ തടുക്കാനുള്ള മാർഗ്ഗമെന്ന് നിങ്ങൾ ധരിച്ചുവച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റി. നിങ്ങൾക്ക് ചാഞ്ചാട്ടം വേണ്ട, നിങ്ങളുടെ തത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കുകയാണ് വേണ്ടത്. അതാണ് നിങ്ങൾക്ക് കരണീയമായിട്ടുള്ളത്. ഇവിടെ ഞങ്ങളെക്കുറിച്ച് പലരും വിമർശനങ്ങൾ പറയുകയുണ്ടായി. പക്ഷേ എന്ത് വിഷലിപ്തമായ പ്രചരണം നടത്തിയാലും മതേതര സമൂഹം മുസ്ലീം ലീഗിനെ അവിശ്വസിക്കില്ല. ഞങ്ങൾ ഇന്നലത്തെ മഴയിൽ പൊട്ടിമുളച്ചതല്ല. ഞങ്ങളുടെ ചരിത്രം ഒരു തുറന്നപുസ്തകമാണ്. നവകേരള നിർമ്മിതിയിൽ പങ്കാളികളായവരാണ് ഞങ്ങൾ. കേരളത്തിന്റെ ആദ്യ നിയമസഭ മുതൽ ഇപ്പോഴത്തെ 13-ാം കേരള നിയമസഭവരെ മുസ്ലീം ലീഗിന്റെ പ്രതിനിധികളുണ്ടായിട്ടുണ്ട്. ഞങ്ങൾ ഭരണരംഗത്തും പ്രതിപക്ഷത്തും ഇരുന്നിട്ടുണ്ട്. ഈ നാടിന്റെ മതേതരസംസ്കാരത്തിന് പോറലേൽപ്പിക്കുന്ന ഒന്നും ഞങ്ങളോ

ഞങ്ങളുടെ മുൻഗാമികളോ ചെയ്തിട്ടില്ല. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറുമായും ആഭ്യന്തര വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും മന്ത്രിമാരായും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. മികവുറ്റ ഭരണകർത്താക്കളായേ കേരള ജനത ഞങ്ങളെ കണ്ടിട്ടുള്ളു. ഒരു ബഹുസ്വര സമൂഹത്തിൽ ന്യൂനപക്ഷ വിഭാഗത്തിന് പ്രാമുഖ്യമുള്ള രാഷ്ട്രീയം വളരെ കരുതലോടെ മാത്രമേ ഞങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളു. ന്യൂനപക്ഷ സമൂഹത്തിൽനിന്ന് തീവ്രവാദികളും മതേതര വിരുദ്ധരുമുണ്ടായപ്പോൾ, അത് ഡൽഹി ഇമാമായാലും മദനി ആയാലും സിമി ആയാലും എൻ.ഡി.എഫ്. ആയാലും എസ്.ഡി.പി.ഐ. ആയാലും ജമാഅത്തെ ഇസ്ലാമി ആയാലും അവരോടൊക്കെ പോരാടിയത് മുസ്ലീം ലീഗ് പാർട്ടിയാണ്. ന്യൂനപക്ഷത്തെ മതേതരത്വത്തിന്റെ മാർഗ്ഗത്തിൽ നിലനിർത്തിയത് ഞങ്ങളുടെ പ്രവർത്തനങ്ങളാണെന്ന് പല സന്ദർഭങ്ങളിലും പല ചർച്ചകളിലും നിങ്ങൾപോലും ഞങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നുള്ളത് സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കുകയാണ്. മതസൗഹാർദ്ദവും മതേതരത്വവും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചാണ് ലീഗ് പ്രവർത്തിച്ചത്. ഇനിയും ഇതുതന്നെ ഞങ്ങൾ തുടരും. നിങ്ങൾ എത്ര പ്രകോപിപ്പിച്ചാലും ഏതുരീതിയിലുള്ള പ്രചരണങ്ങൾ നടത്തിയാലും ഞങ്ങൾക്ക് ഒരു മാർഗ്ഗമുണ്ട്. ആ രീതിയിൽ മാത്രമേ

ഞങ്ങൾ പ്രവർത്തിക്കുകയുള്ളൂ. ഞങ്ങളുടെ പ്രിയപ്പെട്ട നേതാവ് സി. എച്ച്. മുഹമ്മദ് കോയ കേരളത്തിന്റെ മുഖ്യമന്ത്രി ആയിട്ടുണ്ട്. കേരളത്തിൽ ഒരു രാഷ്ട്രീയ പ്രതിസന്ധിയുണ്ടായപ്പോൾ, ആരാണ് മുഖ്യമന്ത്രിയാകാൻ യോഗ്യൻ എന്ന ചോദ്യമുയർന്നപ്പോൾ, സി. എച്ച്. തന്നെയാണ് യോഗ്യനെന്ന് രാഷ്ട്രീയ കേരളം പറയുകയുണ്ടായി. അതേ സി.എച്ച്.-ന്റെ പാർട്ടിതന്നെയാണ് ഇന്നും കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സി.എച്ച്.-ൽ ആരും വർഗ്ഗീയതയും തീവ്രവാദവും കണ്ടില്ല. ഈ സംസ്ഥാനത്തിന്റെ ഉപമുഖ്യമന്ത്രി സ്ഥാനത്തും നിയമനിർമ്മാണസഭയുടെ അദ്ധ്യക്ഷസ്ഥാനത്തും മുസ്ലിം ലീഗിന്റെ പ്രതിനിധികളുണ്ടായിട്ടുണ്ട്. ഞങ്ങൾക്കറിയാം, ഞങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു ബഹുസ്വര സമൂഹത്തിലെ ന്യൂനപക്ഷ രാഷ്ട്രീയമാണ്. അതിൽ പാലിക്കേണ്ട ജാഗ്രതയോടുകൂടിത്തന്നെയാണ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ നാല് പതിറ്റാണ്ടുകാലം ഈ രാഷ്ട്രീയ നൗകയെ മുന്നോട്ടുനയിച്ചത്. ശിഹാബ് തങ്ങൾ ഈ സംസ്ഥാനത്തെ മതസൗഹാർദ്ദത്തിന്റെ അംബാസിഡറാണെന്ന് നിങ്ങൾതന്നെയാണ് പറഞ്ഞത്. ശിഹാബ് തങ്ങളുടെ രാഷ്ട്രീയത്തിൽനിന്ന് അണുവിട വ്യതിചലിക്കാതെയാണ് മുസ്ലീം ലീഗ് മുന്നോട്ടുപോകുന്നത്. മോഹഭംഗം വന്ന ചിലയാളുകൾ അപ്പുറത്തുനിന്ന് ഞങ്ങളെക്കുറിച്ച് വല്ലതും പറഞ്ഞാൽ അതിന്റെ

പേരിലൊന്നും തകർന്നുപോകുന്നതല്ല മുസ്ലീം ലീഗിന്റെ വിശ്വാസ്യത എന്ന് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

പ്രവാസികളെക്കുറിച്ച് പറയുമ്പോൾ നമുക്കെല്ലാവർക്കും നൂറ് നാവാണുള്ളത്. പ്രവാസികൾക്ക് വോട്ടവകാശം നൽകണമെന്ന് പറയാൻ തുടങ്ങിയിട്ട് കാലമേറെയായി. ഇപ്പോൾ കേന്ദ്രത്തിൽ അതിനുള്ള നിയമഭേദഗതികളും സുപ്രീം കോടതിയുടെ നടപടികളുമൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഒരു അവസരം വന്നപ്പോൾ, കേരളത്തിലെ പഞ്ചായത്ത് വകുപ്പും മുനിസിപ്പാലിറ്റി വകുപ്പുമൊക്ക പ്രവാസികൾക്ക് വോട്ടവകാശം നൽകാമെന്ന് തീരുമാനിച്ചതാണ്. പക്ഷേ സർവ്വകക്ഷിയോഗത്തിൽ സി.പി.ഐ.(എം) സ്വീകരിച്ച നിലപാട് പ്രവാസികളോടുള്ള വഞ്ചനയാണ്. പ്രവാസികളുടെ വോട്ടിനെ നിങ്ങൾ ഭയപ്പെടുകയാണ്. ഓരോ സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞ് പ്രവാസികളുടെ വോട്ട് മുടക്കരുത്. നിങ്ങൾ ആ ശ്രമത്തിൽനിന്ന് പിന്മാറണം. പ്രവാസികൾക്ക് വോട്ടവകാശം കൊടുക്കുന്നതിനുള്ള തുടക്കമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് മാറണമെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. നമ്മൾ ഒന്നിച്ചുനിന്ന്, കേരളത്തിന് അഭിമാനം നൽകിയ, നമുക്ക് സമ്പത്തുണ്ടാക്കിത്തന്ന, നമ്മുടെ സാമ്പത്തിക സ്രോതസ്സായി മാറിയിട്ടുള്ള

പ്രവാസി സമൂഹത്തെ വോട്ടവകാശം നൽകി ആദരിക്കേണ്ടതുണ്ട്. നിങ്ങൾ അക്കാര്യത്തിൽ സഹകരിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

വ്യവസായ വകുപ്പ് കഴിഞ്ഞ നാലുവർഷക്കാലങ്ങളിൽ വളരെ മനോഹരമായി, കേരളത്തിനാവശ്യമുള്ള, ഈ കാലഘട്ടത്തിനനുസൃതമായ വ്യവസായ നയം സ്വീകരിച്ചുകൊണ്ട് വളരെ വലിയ വ്യാവസായിക പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ നേട്ടം വർഷങ്ങൾ കഴിയുമ്പോഴാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അങ്ങനെയുള്ള നേട്ടങ്ങൾക്ക് നേതൃത്വം നൽകിയ വ്യവസായ വകുപ്പുമന്ത്രിയേയും വകുപ്പിനെയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. വർക്കല കഹാർ:</u> സർ, വ്യവസായത്തിനും ഖാദിക്കും കയറിനുംവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിന്റെ പ്രഗത്ഭനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നമ്മുടെ വ്യവസായ സംരംഭങ്ങളെ അതിശക്തമായ ദിശയിലേയ്ക്ക് നയിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആഡിറ്റും കണക്കുമൊന്നുമില്ലാതെ കുറച്ച് വ്യവസായങ്ങൾ ലാഭത്തിലാണെന്ന് കൊട്ടിഘോഷിക്കുകയും

പെരുപ്പിച്ചുകാണിക്കുകയും ചെയ്തു. പിന്നീട് ഞങ്ങൾ പരിശോധിച്ചപ്പോൾ അക്യൂമലേറ്റഡ് ലോസ്സും തൊഴിലാളികളോടുള്ള ലയബിലിറ്റിയും മറ്റ് കാര്യങ്ങളുമൊന്നും നോക്കാതെ, ആഡിറ്റ് നടത്താതെ അവതരിപ്പിച്ച കള്ളക്കണക്കുകൾ ആയിരുന്നു അതെന്ന് മനസ്സിലായി. നമ്മുടെ വ്യവസായ സംരംഭങ്ങൾ അതിശക്തമായ നിലയിൽ മുന്നോട്ട് നീങ്ങുമ്പോഴും അവിടെ തൊഴിലാളി സമരങ്ങൾ ഇല്ല എന്ന പ്രധാനപ്പെട്ട കാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. നഷ്ടത്തിലോടുന്ന വ്യവസായങ്ങളിലും തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് നല്ല കാഴ്ചപ്പാടോടുകൂടിത്തന്നെ മുന്നോട്ടുപോകുന്നു. ഇവിടെ ശ്രീ. വി. ഡി. സതീശൻ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങളെ ഞാനും സ്വാഗതം ചെയ്യുകയാണ്. ടെക്നിക്കൽ ടാലന്റ് ബാങ്ക് എന്ന ആശയത്തെ ഞാനും പിന്താങ്ങുന്നു. അഭിപ്രായവ്യത്യാസമില്ലാതെ ഈ ആശയം കരുപ്പിടിപ്പിച്ചെടുക്കാൻ കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ നമ്മളെല്ലാവരും ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പരിസ്ഥിതിക്ക് ദോഷം വരുന്ന ഒരു വ്യവസായവും കേരളത്തിന് വേണ്ട എന്ന ശക്തമായ തീരുമാനമെടുത്ത മന്ത്രിയാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. അത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. മറ്റൊരു കാലത്തുമില്ലാത്ത രീതിയിലുള്ള കേന്ദ്ര നിക്ഷേപം ഈ കാലഘട്ടത്തിലുണ്ടായി

എന്നത് പ്രകീർത്തിക്കപ്പെടേണ്ട കാര്യമാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്തുണ്ടായ പിന്തുണയുടെ ഫലമായി കേന്ദ്ര നിക്ഷേപത്തോടുകൂടി ഫുഡ് പാർക്ക്, ഐ.ടി പാർക്ക്, ഹാർഡ് വെയർ പാർക്ക് എന്നിവ സ്ഥാപിക്കാൻ സാധിച്ചു. ഇന്ത്യയിൽ ആദ്യമായി ഒരു ഹാൻഡ്‌ലൂം പാക്കേജ് അനുവദിക്കപ്പെട്ടുന്നത് കേരളത്തിലാണ്. 207.16 കോടി രൂപ ചെലവഴിച്ച് (കേന്ദ്ര സർക്കാർ 163.4 കോടി രൂപയും സംസ്ഥാന സർക്കാർ 44.12 കോടി രൂപയും) ഒരു ഹാൻഡ്‌ലൂം പാക്കേജിന് രൂപം നൽകി. പ്രശസ്ത ചലച്ചിത്ര നടൻ ശ്രീ. മോഹൻ ലാലിനെ അംബാസിഡറാക്കി ഹാൻഡ്‌ലൂമിന് പുതിയൊരു അഡ്രസ്സുണ്ടാക്കി എന്നത് എല്ലാവരും പ്രകീർത്തിച്ച കാര്യമാണ്. അതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടും സർക്കാർ ജോലിയും ബാങ്ക് ടെസ്റ്റുമായി നടന്ന ഈ നാട്ടിലെ ചെറുപ്പക്കാർക്ക് സ്വയംസംരംഭകത്വത്തിനുള്ള അവസരമുണ്ടാക്കി എന്നത് പ്രകീർത്തിക്കപ്പെടേണ്ട കാര്യമാണ്. കേരളത്തെ എല്ലാവരും വ്യവസായങ്ങളുടെ ശവപ്പറമ്പായാണ് കരുതിയിരുന്നത്. ഒരു കാലത്ത് ആലപ്പുഴ കിഴക്കിന്റെ വെനീസ് എന്നാണ് അറിയപ്പെട്ടിരുന്നത്. പുകക്കുഴലുള്ള വ്യവസായങ്ങളൊക്കെ ആദ്യമായി ആരംഭിച്ചത് ആലപ്പുഴയിലായിരുന്നു. ആലപ്പുഴയിലെ ഒരു പാലത്തിന്റെ പേര് ശവക്കോട്ട പാലം എന്നാണ്. ആലപ്പുഴയെ ആ അവസ്ഥയിലേയ്ക്ക്

കൊണ്ടെത്തിച്ചതിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളുള്ള പങ്ക് വളരെ വലുതാണ്. ശ്രീ. എം. ചന്ദ്രൻ ഖാദിയുടെയും കൈത്തറിയുടെയും കാര്യം പറഞ്ഞപ്പോൾ ഞങ്ങളുടെ മേൽവസ്ത്രം മാറ്റിനോക്കിയാൽ അടിയിൽ കാവി കാണുമെന്ന് പറഞ്ഞു. അദ്ദേഹം എവിടംവരെ നോക്കി എന്ന് ഞാൻ ആലോചിക്കുകയാണ്. കേരളം വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറിക്കൊണ്ടിരുന്ന കാലം ഇന്ന് പഴങ്കഥയായി എന്നതാണ് സത്യം.

കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, ബേപ്പൂർ കിൻഫ്ര മറൈൻ പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക്, രാജകുമാരി റൂറൽ അപ്പാരൽ പാർക്ക്, കളമശ്ശേരി ഹൈടെക് പാർക്ക്, ടെലികോം ഇൻക്യൂബേറ്റർ, കാക്കനാട് ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, ഗ്ലോബൽ ആയുർവ്വേദിക് വില്ലേജ്, കൊരട്ടി കുന്നന്താനം സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി തുടങ്ങി വ്യവസായത്തിന്റെ അനന്തമായ പുതിയ സാധ്യതകളിലേയ്ക്ക് വാതിൽ തുറക്കുന്ന ഒട്ടനവധി വ്യവസായങ്ങൾക്ക് ശില പാകാൻ ഈ കാലയളവിൽ കഴിഞ്ഞു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉണർവിന്റെ മേഖലയിലാണ്. മലബാർ സിമന്റ്സും കെ.എം.എം.എൽ.-ഉം റെക്കോർഡ് വിറ്റുവരവ് നേടി. അവഗണിക്കപ്പെട്ട്

കിടന്നിരുന്ന കെൽട്രോണിന്റെ ഗതകാല സ്മരണകൾ നമ്മൾ ഓർക്കുകയാണ്. ടി.വി. തോമസ് കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ശ്രീ. കെ.പി.പി. നമ്പ്യാരെ ഇവിടെ കൊണ്ടുവന്ന് കെൽട്രോൺ എന്ന സ്ഥാപനം തുടങ്ങി, അത് ലോകത്തിനുമുഴുവൻ മാതൃകയായി. കെൽട്രോൺ സ്ഥാപിതമായ കാലത്തുതന്നെ വെസ്റ്റ് ബംഗാളിൽ മറ്റൊരു സ്ഥാപനമുണ്ടായി, വെസ്റ്റ് ബംഗാൾ ഇലക്ട്രോണിക് കോർപ്പറേഷൻ (WEBEL). ഇവിടെ ആഗോളവൽക്കരണത്തിനെതിരെയും ഉദാരവൽക്കരണത്തിനെതിരെയും ഇപ്പോഴും ചിലർ പ്രസംഗിക്കുന്നുണ്ട്. കേരളത്തിലോ മറ്റ് സംസ്ഥാനങ്ങളിലോ നടപ്പിലാക്കുന്നതിനുമുമ്പ്, പശ്ചിമ ബംഗാളിലെ വെബൽ എന്ന ഇലക്ട്രോണിക് സ്ഥാപനത്തെ സ്വകാര്യ മേഖലയ്ക്ക് ആദ്യം വിറ്റഴിച്ചത് ജ്യോതി ബസുവിന്റെ ഗവൺമെന്റായിരുന്നു. പശ്ചിമ ബംഗാളിലായിരുന്നു ഏറ്റവും കൂടുതൽ സ്വകാര്യവൽക്കരണവും ഉദാരവൽക്കരണവും നടപ്പിലാക്കിയത്. ലോകം മുഴുവൻ നടക്കുന്ന കാര്യം ഇവിടെ മാത്രം നടപ്പാക്കണ്ട എന്നുപറഞ്ഞാൽ എങ്ങനെയാണ്? തൊഴിലാളികളുടെ കാര്യം പറഞ്ഞു, കഴിഞ്ഞ ദിവസം പത്രങ്ങളിലൂടെ പുറത്തുവന്ന ഒരു കാര്യം, ഇന്ത്യൻ സംസ്ഥാനങ്ങളിൽ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ കൂലി (65 രൂപ) കൊടുക്കുന്നത് 30 സംവത്സരങ്ങളായി സി.പി.എം. ഭരിക്കുന്ന

ത്രിപുരയിലാണ്. അതുകൊണ്ടാണ് വെസ്റ്റ് ബംഗാളിലുള്ളവർ തൊഴിലിനായി ഇവിടേയ്ക്ക് വരുന്നത്. വെസ്റ്റ് ബംഗാളിലുള്ള ജനങ്ങളിൽ കൂടുതൽ പേരും ഇപ്പോൾ ഇവിടെയുണ്ട്. അവിടത്തെ ജില്ലാ സെക്രട്ടേറിയറ്റ് മെമ്പറായ നീലോയ് മുഖർജി നാവായിക്കുളത്ത് റോഡ് പണി ചെയ്യുന്നുണ്ട്. സി.പി.ഐ.(എം) ന്റെ വെസ്റ്റ് ബംഗാളിലെ ജില്ലാ സെക്രട്ടറിയേറ്റ് മെമ്പർ, ഏരിയ കമ്മിറ്റി സെക്രട്ടറിമാർ തുടങ്ങി പലരും ഇവിടെയുണ്ട്. അവിടെ സ്വസ്ഥതയില്ലാത്തതിനാൽ അവർ ഇവിടെവന്ന് സന്തോഷത്തോടെ കഴിയുകയാണ്. അവർ റോഡ് പണി ചെയ്യുന്ന പ്രദേശത്ത് മറ്റൊരു രസകരമായ സംഭവമുണ്ടായി. അവിടെ സി.പി.ഐ.(എം.) ന്റെ ബോർഡുകൾ കാണാതെപോകുന്നു. യു.ഡി.എഫ്. പ്രവർത്തകരാണ് ബോർഡുകൾ മാറ്റുന്നതെന്നുപറഞ്ഞ് അവർക്കെതിരെയാണ് കേസ് കൊടുത്തത്. അന്വേഷിച്ചപ്പോൾ വെസ്റ്റ് ബംഗാളിൽനിന്ന് വന്ന ഇവരാണ് സി.പി.ഐ.(എം)-ന്റെ ബോർഡുകൾ അടിച്ചുമാറ്റിയതെന്നാണ് മനസ്സിലായത്. അവർ അവിടെനിന്ന് ഇവിടെ വരാൻ കാരണം ഇങ്ങനെയുള്ള കാര്യങ്ങൾ അവിടെ ചെയ്തതുകൊണ്ടാണ് എന്നാണ് അവർ പറയുന്നത്. അതുകൊണ്ട് കാണുന്ന ബോർഡുകളെല്ലാം അവർ തന്നെ എടുത്തുമാറ്റുകയാണ്. എന്നിട്ട് പഴി യു.ഡി.എഫ്. പ്രവർത്തകർക്കും.

ജി.പി.എസ്. ട്രാക്കിംഗ് സിസ്റ്റം മുതലായ ഒട്ടേറെ മേഖലകളിൽ കേരളം

ശക്തമായ സാന്നിദ്ധ്യം തെളിയിച്ചുകഴിഞ്ഞു. രാജ്യത്തെ ഏറ്റവും മികച്ച സുരക്ഷാ സംവിധാനം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകാൻ കെൽട്രോണിന് സാധിച്ചു. അങ്ങനെ കെൽട്രോൺ പഴയ നിലയിലേയ്ക്ക് തിരിച്ചുവരുന്നു. എന്നുമാത്രമല്ല കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെയും നവോത്ഥാനത്തിന്റെയും കാലഘട്ടമായി ഈ കാലം മാറുകയാണ്. നമ്മുടെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ വാണിജ്യവൽക്കരണത്തിന്റെ അതിനൂതന സാധ്യതകളെ കഴിഞ്ഞ നാല് വർഷംകൊണ്ട് പ്രാവർത്തികമാക്കാൻ സാധിച്ചു. അതോടൊപ്പം നമ്മുടെ നാട്ടിലെ കയർ വ്യവസായം ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധി നേരിടാൻ തുടങ്ങിയിട്ട് ഏകദേശം രണ്ട് പതിറ്റാണ്ടോളമായി. ചിറയിൻകീഴ്, ആറാട്ടുപുഴ, വൈക്കം തുടങ്ങിയ മേഖലകളിലെല്ലാം കയർ ക്ലസ്റ്റുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. 8 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് സഹായം ലഭിക്കും. അതുകൊണ്ട് ഈ മേഖലകളിൽ കയർ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. കയർ ഉല്പാദനത്തിനായി മുൻ കാലങ്ങളിൽ തൊണ്ട് അഴുക്കിയാണ് ചകിരി എടുത്തിരുന്നത്. ഇപ്പോൾ പച്ചത്തൊണ്ടിൽനിന്നും കയർ ഉല്പാദിപ്പിക്കാവുന്നതാണ്. അതുകൊണ്ട് അതിനുള്ള സാധ്യതകൾ നടപ്പാക്കണം. കയർ തൊഴിലാളികളുടെ

മിനിമം കൂലി വർദ്ധിപ്പിക്കണം. ബംഗാളിലും ഒറീസ്സയിലും മറ്റും ജൂട്ടും കയറുംകൂടി ചേർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. നമ്മൾ റബ്ബർകൂടി ചേർന്ന വാല്യൂ ബേസ്ഡ് ഉല്പന്നങ്ങളുണ്ടാക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപണി കണ്ടെത്താൻ ശ്രമിക്കണം.

അതുപോലെ ഒന്നുരണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാം. ഇന്ത്യയിൽ ഇതൊരു പ്രത്യേക കാലഘട്ടമാണ്. അഴിമതി ആരോപണത്തിലെ സാക്ഷികളും അന്വേഷണ ഉദ്യോഗസ്ഥരും പത്രപ്രവർത്തകരുമുൾപ്പെടെ 42 പേർ കൊല്ലപ്പെട്ട സംഭവമുണ്ടായി. ഈ സന്ദർഭത്തിലാണ് തങ്ങൾക്കെതിരെയുണ്ടായ ആരോപണത്തെ ആർജ്ജവത്തോടെ നേരിട്ട യു.ഡി.എഫ്. സർക്കാരിനെതിരെ കുരിശുയുദ്ധം നടത്തുമ്പോൾ അഴിമതി കേസുകളിൽ ഈ സർക്കാർ നടത്തിയ സുതാര്യമായ അന്വേഷണം കണ്ടില്ലെന്ന് നടിക്കുന്നത്. അഴിമതിയാരോപണം ഉന്നയിച്ചവരെല്ലാം ഇവിടെ സ്വാതന്ത്ര്യത്തോടെ നടക്കുന്നു, അവർക്കാർക്കും ഒരു കുഴപ്പവും പറ്റിയിട്ടില്ല. സി.പി.ഐ.(എം) മന്ത്രിമാർക്കെതിരായാണ് ഇങ്ങനെയൊരു ആരോപണം ഉന്നയിച്ചതെങ്കിൽ ആരോപണമുന്നയിച്ച ആരെങ്കിലും റോഡിൽക്കൂടി നടക്കുമായിരുന്നോ? എന്നാൽ അവരെല്ലാം സ്വതന്ത്ര്യത്തോടെ നടക്കുന്നു. പക്ഷേ ഇച്ഛാശക്തിയോടുകൂടി സുതാര്യമായ അന്വേഷണം നടത്തിയ ഗവൺമെന്റാണ്

കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളാരും പാർട്ടി കമ്മിറ്റി കൂടി അവരെല്ലാം വിശുദ്ധൻമാരാണെന്ന് പ്രഖ്യാപിച്ചില്ല. സി.പി.ഐ(എം)-ൽ അങ്ങനെയൊരു കാര്യമുണ്ട്. കൊലക്കേസ്സുകളും അഴിമതി ആരോപണങ്ങളും ഉണ്ടാകുമ്പോൾ, പാർട്ടി കമ്മിറ്റി കൂടി പ്രതികളെ വിശുദ്ധരായും അവർക്ക് യാതൊരു കുഴപ്പമില്ലെന്നും അഴിമതിയില്ലെന്നും പ്രഖ്യാപിക്കും. ഞങ്ങൾ പാർട്ടി കമ്മിറ്റി കൂടി, അഴിമതി ആരോപണം ഉണ്ടായവരെല്ലാം വിശുദ്ധരാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ? അരുവിക്കര ഉപതെരഞ്ഞെടുപ്പ് സംബന്ധിച്ച് എന്റെ സ്നേഹിതന്മാർക്ക് ചില കണ്ടുപിടിത്തങ്ങളുണ്ടായി. അവർ പറയുന്നത് അരുവിക്കരയല്ല, നെയ്യാറ്റിൻകരയല്ല, പിറവമല്ല കേരളമെന്നാണ്. പിന്നെ കേരളം എവിടെയാണ്? എന്റെ കയ്യിൽ ഇലക്ഷന് മുമ്പുള്ള ദേശാഭിമാനി പത്രങ്ങളുണ്ട്. ജൂൺ 24-ാം തീയതിയിലെ ദേശാഭിമാനിയിലെ വാർത്ത 'അരുവിക്കരയ്ക്ക് ശേഷം ഉമ്മൻ ചാണ്ടി സർക്കാർ തകരും - കാനം' എന്നാണ്. പാവത്തിന്റെ മനസ് അതൊന്നുമല്ലെങ്കിലും അദ്ദേഹം പറഞ്ഞിരിക്കുന്നതതാണ്. 'അഴിമതിക്കെതിരായ രോഷം - വിധിയെഴുത്തുണ്ടാകും', 'അരുവിക്കര പോസ്റ്റ്പോൾ സർവ്വെയിൽ എൽ.ഡി.എഫ്-ന് മുൻതൂക്കം', 'യു.ഡി.എഫ്. ശിഥിലമാകും - പിണറായി' 'അരുവിക്കര ഫലത്തോടെ സർക്കാർ ഇല്ലാതാകും - പിണറായി' എന്നിവ

ദേശാഭിമാനിയിൽ വന്ന വാർത്തകളാണ്. നേരറിയാൻ, നേരത്തെയറിയാൻ എന്നാണ് പറയുന്നത്. രണ്ട് കാര്യങ്ങൾക്കാണ് വായ് തുറക്കുന്നത്; ഒന്ന് കഞ്ഞി കുടിക്കാനും രണ്ട്, കള്ളം പറയാനും. ടൈംസ് ഓഫ് ഇന്ത്യ നടത്തിയ സർവ്വെയിലും വിജയകുമാറിന് ജനപിന്തുണ, അടിവരയിട്ട്. ഞങ്ങൾ സർവ്വാദരണീയനായ സ്ഥാനാർത്ഥിയെയാണ് അരുവിക്കരയിൽ നിർത്തിയിരിക്കുന്നതെന്നാണ് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത്. സർവ്വാദരണീയനായ സ്ഥാനാർത്ഥിയായിരുന്നു ശ്രീ. കെ.എസ്. ശബരീ നാഥൻ എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. അതുകൊണ്ടാണ് ശ്രീ. എം. വിജയകുമാർ 10000 വോട്ടുകൾക്ക് തോറ്റത്. ശ്രീ. ഇ.പി. ജയരാജനോ, ശ്രീ. എ.കെ. ബാലനോ ആയിരുന്നു സ്ഥാനാർത്ഥിയെങ്കിൽ 20000 വോട്ടുകൾക്ക് തോക്കുമായിരുന്നു. എൻ.ആർ. പണിക്കരുടെ കമ്പം പോലെ പൊട്ടുമായിരുന്നു. സർവ്വാദരണീയനായ ശ്രീ. എം. വിജയ കുമാറിനെ പോലൊരാൾ മത്സരിച്ചതുകൊണ്ടാണ് ഈ ഭൂരിപക്ഷം കിട്ടിയത്. പാർലമെന്റ് ഇലക്ഷന്റെ കണക്കുകൾ നിങ്ങൾ പറയുകയുണ്ടായി. ഒരു വർഷത്തിന് മുമ്പ് നടന്ന പാർലമെന്റ് ഇലക്ഷനിൽ അഡ്വ. എ. സമ്പത്തിന് ലഭിച്ച 52000 വോട്ടുകൾ എങ്ങനെയാണ് 46000 ആയി കുറഞ്ഞത്. Anti-incumbency നിങ്ങൾക്ക് എതിരെ വന്നോ? പ്രതിപക്ഷം മോശമായതുകൊണ്ടും ഏര്യ

കമ്മിറ്റിയിലേയ്ക്ക് തരംതാഴ്ത്തിയ ഒരു പ്രതിപക്ഷനേതാവ് ആയതുകൊണ്ടും ജനങ്ങൾക്ക് പ്രതിപക്ഷത്തെ ഇഷ്ടമില്ല. ഭരണവിരുദ്ധ വികാരം അരുവിക്കരയിൽ കത്തുകയായിരുവെന്നാണ് പറഞ്ഞത്. അവിടെ ഒന്നും കത്തിയില്ല. ഇലക്ഷന്റെ 18-ാം മണിക്കൂറിൽ കണ്ണൂരിൽ ബോംബ് പൊട്ടി. പിന്നെ ആർക്കെതിരെയാണ് ഫലം വരുന്നത്. പ്രതിപക്ഷത്തിനെതിരെ കേരളത്തിൽ ജനവികാരം ആഞ്ഞടിക്കുകയാണ്. ഇനിയിവിടെ സംഭവിക്കാൻ പോകുന്നത് ഇതൊന്നുമല്ല. 2016-ൽ സംഭവിക്കുന്നത് ഇതിനെക്കാളും ഭീകരമായിരിക്കുമെന്ന് മാത്രം നിങ്ങൾ മനസ്സിലാക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എളമരം കരീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ 2015-16 വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട്, വ്യവസായ മേഖലയിലെ വളർച്ചയെ സംബന്ധിച്ച് കാര്യമായി ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് എന്റെ ബഹുമാന്യ സുഹൃത്ത് വർക്കല കഹാർ ഉൾപ്പെടെ ഒരു ബസ്സ്റ്റാന്റ്/മൈതാന പ്രസംഗത്തിലേയ്ക്ക് പോയത്. കഴിഞ്ഞ നാല് വർഷക്കാലത്തെ ഈ മേഖലയിലെ നേട്ടങ്ങൾ എന്താണെന്ന് അവലോകനം ചെയ്താണ് യഥാർത്ഥത്തിൽ ഇവിടെ

പ്രസംഗിക്കേണ്ടിയിരുന്നത്. അക്കൂട്ടത്തിൽ കാര്യമാത്ര പ്രസക്തമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് മുമ്പിൽ വച്ചുകൊണ്ട് ഈ മേഖലയെ മെച്ചപ്പെടുത്താനുള്ള ഒരു അഭിപ്രായ പ്രകടനം ആകാമായിരുന്നു. വളരെ ഗൗരവമായി എല്ലാവരും ചർച്ച ചെയ്യേണ്ട മേഖലയാണ് വ്യവസായ മേഖല. കേരളത്തിന്റെ സമ്പദ്ഘടന ഗുരുതരമായ പ്രതിസന്ധിയിലാണ്. കാർഷിക വ്യവസായ മേഖല വളർച്ചയിലല്ല. കേരളത്തിലെ ജീവിത നിലവാരത്തിന്റെ വളർച്ചയും കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ നമ്മുടെയെല്ലാ സൂചികകളും ഉയർന്നു നിൽക്കുന്നതുമൊക്കെ അഭിമാനകരമാണെങ്കിലും സമ്പത്ത് ഉൽപ്പാദന രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുറകിലാണ് കേരളം. ഇക്കാര്യം വളരെ ഗൗരവമായി എടുക്കുന്നില്ലെങ്കിൽ നമ്മുടെ വളർച്ച നിലനിൽപ്പില്ലാത്ത, പൊയ്ക്കാലിൽ നിൽക്കുന്ന വളർച്ചയായി അവശേഷിക്കാൻ സാധ്യതയുണ്ട്. പ്രധാനമായും ഉൽപ്പാദന മേഖല കേരളത്തിൽ പുറകോട്ടാണ്. ആസിയാൻ കരാറിന്റെ ഭാഗമായി റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവും കൂടി വന്നപ്പോൾ കേരളത്തിന്റെ സാമ്പത്തിക മേഖല വലിയ പ്രതിസന്ധിയിലേയ്ക്കാണ് നീങ്ങുന്നത്. കേരളത്തിലെ തൊഴിലാളികളിൽ വലിയ ഒരു വിഭാഗം ജോലി ചെയ്യുന്നതും ഉപജീവനം നടത്തുന്നതും പരമ്പരാഗത മേഖലകളിലാണ്. അതേ നിലയിൽ കാലാകാലവും

നിലനിൽക്കുന്നതല്ലെങ്കിലും നിലവിലുള്ളവരെ സംരക്ഷിക്കാൻ, നിലനിൽപ്പിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ മാത്രമേ, പരമ്പരാഗത മേഖലകൾ നിലനിൽക്കുകയുള്ളൂ. അതിൽ നവീകരണവും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും മാർക്കറ്റിംഗിനുള്ള സഹായവും ആവശ്യമാണ്. നിക്ഷേപിക്കുന്നതിൽ നിന്നും എന്ത് ലാഭം കിട്ടുമെന്ന് നോക്കിയിട്ടല്ല. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവൻ നിലനിർത്താൻ ഗവൺമെന്റിന്റെ ഇടപെടൽ എന്ന കാഴ്ചപ്പാടോടുകൂടി ഇടപെട്ടാൽ മാത്രമേ സാധിക്കുകയുള്ളൂ. അതുപോലെ പ്രധാനമാണ് ചെറുകിട വ്യവസായങ്ങൾ. കേരളത്തിൽ പുതിയതായി വിദ്യാഭ്യാസം നേടിവരുന്ന ചെറുപ്പക്കാരിൽ ഒരു വലിയ വിഭാഗം, ഹയർ സെക്കണ്ടറി വരെയെങ്കിലും എത്തി പഠിത്തം നിർത്തുന്നവരും ഐ.ടി.ഐ./ഐ.ടി.സി./പോളിടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ പഠിച്ച് പുറത്തുവരുന്നവരുമാണ്. എല്ലാവരും സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ ഉയർന്ന ബിരുദം നേടി പോകുന്നവരോ സ്റ്റാർട്ട്-അപ് വില്ലേജുകൾ തുടങ്ങാനുള്ള യോഗ്യത നേടുന്നവരോ അല്ല. ഇവിടെയുള്ള ആളുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിട്ടാൽ നേരെ ഗൾഫ് രാജ്യങ്ങളിലേയ്ക്കോ, മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കോ പോകേണ്ട അവസ്ഥയിലാണ്. അവർക്ക് കൂലിവേല ചെയ്യാൻ

കഴിയുന്ന തൊഴിൽ മേഖലകൾ വികസിപ്പിക്കാൻ കഴിയുന്നത് ചെറുകിട വ്യവസായങ്ങളിലാണ്. പുതിയ സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തി, നല്ല മുതൽമുടക്കോടുകൂടി ആധുനിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പുതിയ മാതൃകകൾ വ്യവസായ പാർക്കുകളിൽ വികസിപ്പിച്ചുകൊണ്ടുവരാനുള്ള ഭാവനാപൂർണ്ണമായ നടപടികൾ അതിന് അത്യാവശ്യമാണ്. തായ്‌വാനെപ്പോലെയോ, ദക്ഷിണ കൊറിയയെ പോലെയോ ഉയർന്ന ഉൽപ്പാദന വളർച്ചയിലേയ്ക്ക് നമ്മുടെ രാജ്യത്തെ നയിക്കാൻ പറ്റാവുന്ന വിധത്തിലുള്ള വീക്ഷണം ചെറുകിട വ്യവസായ മേഖലയിൽ നമുക്ക് ആവശ്യമാണ്. പഴയ രീതിയിലുള്ള സാങ്കേതിക വിദ്യയും സംവിധാനങ്ങളുമായി അധിക കാലം മുന്നോട്ട് പോകാൻ കഴിയില്ല. കേന്ദ്ര പൊതുമേഖലയിൽ നമുക്കുണ്ടായിരുന്ന നിക്ഷേപം നാമമാത്രമായിരുന്നു. 1947 മുതൽ കേന്ദ്രം ഭരിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം നൽകിയ ഗവൺമെന്റുകൾ എക്കാലവും ചിറ്റമ്മ നയമാണ് ഈ സംസ്ഥാനത്തോട് കാണിച്ചത്. അതിന്റെ ഭാഗമായിട്ടാണ് കേന്ദ്ര പൊതുമേഖലാ നിക്ഷേപം കുറഞ്ഞത്. ഇവിടെ ഉണ്ടായിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ഗുരുതരമായ പ്രതിസന്ധിയിലാണ്. കൊച്ചി തുറമുഖം വലിയ ഭീഷണി നേരിടുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നമ്മൾ ഉദ്ദേശിച്ചതുപോലെ വികസിച്ചിട്ടില്ല. അവിടെ

കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ എന്ന നിലയിൽ മദർഷിപ്പ് വരുന്നില്ല. **ഡി.പി. വേൾഡും** കൊച്ചിൻ തുറമുഖവുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് നമ്മുടെ വരുമാനം കുറയുകയും രാജീവ് ഗാന്ധി കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ നിശ്ചലമാവുകയും ചെയ്തതോടുകൂടി കൊച്ചി തുറമുഖത്തിന്റെ ഭാവി തന്നെ തുലാസിലാണ്. ഗവൺമെന്റ് അടിയന്തരമായി ഇടപെടേണ്ടതാണ്. കൊച്ചി തുറമുഖം തകർന്നുപോയാൽ എന്താകും സ്ഥിതി? എഫ്.എ.സി.റ്റി. ഇന്ന് ഊർധശ്വാസം വലിക്കുകയാണ്. ഒരു പാക്കേജും നടപ്പാകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ പാക്കേജ് അംഗീകരിച്ചതായി രാജ്യം മുഴവൻ പ്രചരണം നടത്തി ശ്രീ. കെ. വി. തോമസ് വലിയ രാഷ്ട്രീയ പ്രചാരവേല നടത്തിയിരുന്നു. ഒന്നും നടന്നില്ല. പുതിയ ഗവൺമെന്റ് വന്നിട്ട് എന്തെങ്കിലും മാറ്റമുണ്ടോ? കൊച്ചിൻ ഷിപ്പിയാർഡ് സന്ദർശിച്ച കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരി വികസനം പ്രഖ്യാപിച്ച് നേരെ ഡൽഹിയിൽചെന്ന് പറഞ്ഞത്, കൊച്ചിൻ ഷിപ്പിയാർഡിന്റെ ഓഹരി വിറ്റ് മൂലധനം സംഭരിക്കണമെന്നാണ്. സ്വകാര്യവൽക്കരണമാണ് അദ്ദേഹത്തിന്റെ മനസ്സിൽ. 'എച്ച്.എം.ടി.' പ്രവർത്തിക്കുന്നത് നല്ല നിലയിലല്ല. 'ഇൻഡ്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന്റെ' പാലക്കാട് യൂണിറ്റ് പ്രതിസന്ധിയിലാണ്. ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് പ്രതിസന്ധിയിലാണ്,

എച്ച്.ഒ.സി.എൽ. അടച്ചുപൂട്ടി. കേന്ദ്ര പൊതുമേഖലയിൽ ഇന്ന് 'ഹിന്ദുസ്ഥാൻ ലാറ്റക്സ്' മാത്രമാണ് അതിന്റെ ഉൽപ്പന്നത്തിന് ഡിമാന്റുള്ളതുകൊണ്ട് ഇവിടെ പ്രവർത്തിച്ചുപോരുന്നത്. ബാക്കിയുള്ളതെല്ലാം ഗുരുതരമായ സ്ഥിതിയിലാണ്. ഇതിനെന്തെങ്കിലും മാറ്റമുണ്ടാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനേ നമുക്ക് സാധിക്കൂ. ആ ഇടപെടൽ കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ടോയെന്ന് വിമർശനപരമായി പരിശോധന നടത്തണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലയിലെ ഏതാനും സ്ഥാപനങ്ങളെ, ചെറിയ യൂണിറ്റുകളാണെങ്കിലും ഇവിടെ കൊണ്ടുവരാൻ സാധിച്ചു. പാലക്കാട് ബി.എം.എൽ., കൊച്ചിയിലൊരു ചെറിയ യൂണിറ്റാണെങ്കിലും ഭാരത് ഇലക്ട്രോണിക്സിന്റെ ഒരു യൂണിറ്റ്, എച്ച്.എ.എൽ.-ന്റെ കാസർഗോഡ് യൂണിറ്റ്, ബ്രഹ്മോസ് ഇതെല്ലാം കഴിഞ്ഞ കുറെ വർഷങ്ങൾക്കുശേഷം ആദ്യമായിട്ടാണ് ചെറിയ നിലയിലാണെങ്കിലും ഇത്രയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം കേരളത്തിലുണ്ടാക്കാൻ സാധിച്ചത്. അന്ന്, കേന്ദ്രപ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി അതിൽ വഹിച്ച പങ്കിനെ സംബന്ധിച്ച് എപ്പോഴും ഞാൻ പറയാറുണ്ട്. അത് അനിഷേധ്യമാണ്. അദ്ദേഹത്തിന്റെ നല്ല സഹായമുണ്ടായിട്ടുണ്ട്. പക്ഷെ

അതുപോലുള്ള പുതിയ സ്ഥാപനങ്ങൾ യാതൊന്നും 2011 മുതൽ 2014 വരെ അധികാരത്തിലുണ്ടായിരുന്ന യു.പി.എ. ഗവൺമെന്റിൽനിന്ന് നേടിയെടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞില്ല. അതിനുശേഷമുള്ള കേന്ദ്രഗവൺമെന്റ്, വലിയ വികസന വായ്ത്താരി പറയുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്താകട്ടെ നമുക്ക് അടുത്ത് പോകാൻ പോലും സാധിക്കുന്നില്ല. കോടാനുകോടി രൂപയുടെ നിക്ഷേപം ഇൻഡ്യാ രാജ്യത്ത് ഓരോ വർഷവും വരുന്നു. എന്താണ് നമ്മുടെ കേരളത്തിന്റെ അവസ്ഥ; അത് ഗൗരവമായി കാണേണ്ടതല്ലേ? നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന് എപ്പോഴും അഭിമാനമാണ്. എല്ലാ ഗവൺമെന്റുകളുടെ കാലത്തും ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുന്നവയുണ്ട്, വെൽഫയർ രംഗത്ത് പ്രവർത്തിക്കുന്നവയുണ്ട്, ഇൻഫ്രാസ്ട്രക്ചർ മേഖലയിലുള്ളവയുണ്ട്, മാനുഫാക്ചറിംഗ് രംഗത്തുള്ളവയുമുണ്ട്. ഏത് വ്യവസായവും ഏത് മേഖലയെന്നുള്ളതിന്റെ പ്രത്യേകത കൊണ്ടല്ല നിലനിൽക്കുന്നതും വികസിക്കുന്നതും തകരുന്നതും. പൊതുമേഖലയിലായതുകൊണ്ട് ഒരു വ്യവസായം തകരണമെന്നില്ല. ഇൻഡ്യാ രാജ്യത്ത് ലോക പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന 'ബി.എച്ച്.ഇ.എൽ.'-നെപ്പോലെയുള്ള പൊതുമേഖലാ

സ്ഥാപനങ്ങൾ നമുക്കും തുടങ്ങാൻ സാധിക്കും. എന്നാൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഗ്രാഫ് താഴോട്ടാണ് പോകുന്നത്. 2013-14-ലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2015-ലെ റിപ്പോർട്ടിൽ ലാഭമുണ്ടാക്കിയ സ്ഥാപനങ്ങളുടെ എണ്ണവും ലാഭവും ടേൺഓവറും കുറവുവന്നുവെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ ഔദ്യോഗിക കണക്കാണിത്. 2013-14-ൽ ഉണ്ടാക്കിയ ലാഭം, ആകെ കമ്പനികൾ ലാഭത്തിലുള്ളതും നഷ്ടത്തിലുള്ളതും എല്ലാംകൂടി ചേർത്ത് ലാഭമുണ്ടാക്കിയ കമ്പനികളുടെ ലാഭം 2012-13-ൽ നേടിയ ലാഭത്തെക്കാൾ 4.55% കുറവാണ്. 2012-13-ൽ നഷ്ടമുണ്ടായിരുന്നത് 1044.9 കോടി രൂപയാണെങ്കിൽ 2013-14-ൽ അത് 1278 കോടി രൂപയായി വർദ്ധിച്ചു. ടേൺഓവറിന്റെ കാര്യത്തിൽ പോലും കുറവുണ്ടായതെങ്ങനെയെന്ന് പരിശോധിക്കണം. 2013-ൽ 26,220 കോടി രൂപയായിരുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ടേൺഓവറെങ്കിൽ 2014-ൽ 26,120 കോടി രൂപയായി കുറഞ്ഞു. ടേൺഓവറിലും ലാഭത്തിലും പടിപടിയായി എങ്ങനെ താഴോട്ടുപോയി എന്നത് ഗൗരവമായ പ്രശ്നമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽപ്രശ്നം കൊണ്ട്

കുഴപ്പമുണ്ടായി എന്ന് പറയാൻ സാധിക്കില്ല. പിന്നെ മാനേജ്മെന്റിന്റെ പ്രൊഫഷണലിസം, സാമ്പത്തിക സഹായത്തോടുകൂടി ടെക്നോളജി അപ്ഗ്രേഡ് ചെയ്യൽ, മാർക്കറ്റിംഗിന് സഹായിക്കൽ, വിവിധ ഗവൺമെന്റ് വകുപ്പുകൾ തമ്മിലുള്ള ഇന്റഗ്രേഷൻ എന്നിവയിലൂടെയാണ് അതിനെ രക്ഷപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പരസ്പരം വാങ്ങുന്നത് സംബന്ധിച്ച് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള സഹകരണത്തിന്റെ അവസ്ഥയെന്താണ്? ഇലക്ട്രിസിറ്റി ബോർഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സപ്പോർട്ട് ചെയ്യുന്നില്ല. കെ.എസ്.ഡി.പി.യെ ആരോഗ്യവകുപ്പ് സപ്പോർട്ട് ചെയ്യുന്നില്ല. ഈ നിലപാട് സ്വീകരിച്ചാൽ എങ്ങനെയാണ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ മുന്നോട്ട് പോകുന്നത്? ഈ നിലപാടിൽ അടിയന്തരമായി മാറ്റം കൊണ്ടുവരണം. നിരവധി സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. സ്റ്റീൽ കോംപ്ലക്സ് കോഴിക്കോട്, SAIL-മായി ജോയിന്റ് വെൻച്വറുണ്ടാക്കിയതാണ്, റീ-റോളിംഗ് മില്ല് ഏതാണ്ട് പണി പൂർത്തിയായി വരുന്നു. പക്ഷെ ഒരുവർഷമായി അവിടത്തെ പ്രൊഡക്ഷൻ നിന്നിരിക്കുകയാണ്, വർക്കിംഗ് ക്യാപിറ്റൽ ഇല്ലാത്തതുകൊണ്ടാണെന്നാണ് അവർ പറയുന്നത്. മലബാർ സ്പിന്നിംഗ് ആന്റ്

വീവിംഗ് മിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുറന്ന് നവീകരിച്ച ഫാക്ടറിയാണ്. ഇപ്പോൾ വർക്കിംഗ് ക്യാപിറ്റലില്ലാതെ അത് വളരെ ഗുരുതരമായ അവസ്ഥയിലാണ്. ടെക്സ്റ്റൈൽ ഇൻഡസ്ട്രി പൊതുവെ വലിയ ഗുരുതരമായ അവസ്ഥയിലാണ്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കുണ്ടറ സെറാമിക്സ് എന്നിവയെല്ലാം പ്രതിസന്ധിയിലാണ്. കേരളാ ക്ലെയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് അടച്ചുപൂട്ടാൻ പോകുന്നു എന്ന ഒരു പ്രഖ്യാപനം ഗവൺമെന്റ് നടത്തി. കേരളത്തിൽ ദീർഘകാലമായി ലാഭകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ്. അടച്ചുപൂട്ടുമ്പോൾ അവിടത്തെ തൊഴിലാളികളുടെ ഭാവിയെന്തെന്ന് ആളുകൾക്ക് ആശങ്കയുണ്ട്. ഒരു സ്ഥാപനവും നടത്താൻ കഴിയാത്ത വിധത്തിലുള്ള പ്രതിരോധം ഉയർന്നുവരുമ്പോൾ അതിനെയെല്ലാം അടച്ചുപൂട്ടികൊണ്ട് പരിഹാരം കാണാൻ പോകാമെന്ന് പറഞ്ഞാൽ കേരളത്തിൽ ഒരു സ്ഥാപനവും നിലനിൽക്കുകയില്ല. അക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. 'റ്റി.റ്റി.പി.' ഭീമമായ നഷ്ടത്തിലാണ്. 50 കോടി രൂപവരെ വർഷം ലാഭമുണ്ടാക്കിയ 'ടെൽക് 'എന്തോ പ്രതിസന്ധിയിലേയ്ക്ക് പോകുന്നു. എന്താണ് കാരണമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവ്വമായി ആലോചിക്കേണ്ടതായിട്ടുണ്ട്. 'ഓട്ടോകാസ്റ്റ് ലിമിറ്റഡ്' അതുപോലെതന്നെ വലിയ

പ്രതിസന്ധിയെ നേരിടുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതുതായി പണി പൂർത്തീകരിച്ച കോമളപുരം സ്പിന്നിംഗ് മിൽ, പിണറായിയിലെ ടെക്സ്റ്റൈൽ മിൽ, ഉദുമ ടെക്സ്റ്റൈൽസ് എന്നിവയൊന്നും പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. അതിന് ഗവൺമെന്റ് അടിയന്തരമായ നടപടി സ്വീകരിക്കേണ്ടതാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ടേക്ഓവർ ചെയ്ത 'ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്-ൽ' ഒരു നടപടിയും പിന്നീട് ഉണ്ടായിട്ടില്ല. അന്നത്തെ കേന്ദ്രഗവൺമെന്റ് അതിന് അനുമതി തന്നില്ല, പക്ഷെ അതിന്റെ തുടർച്ചയായി ഒരു നടപടിയുമുണ്ടായില്ല. തൊഴിലാളികളുടെ പ്രശ്നംപോലും സെറ്റിൽ ചെയ്യാതെ കിടക്കുകയാണ്. കോഴിക്കോട് 'കോമൺ വെൽത്ത്' അതുപോലെതന്നെയാണ്. വലിയ പ്രക്ഷോഭം നടത്തിയാണ് 'കോമൺ വെൽത്ത്' ഏറ്റെടുക്കാൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. അന്ന് ആ കമ്പനിയുടെ മുമ്പിൽ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രി സമരം നടത്തിയത് അദ്ദേഹം ഓർക്കുന്നുണ്ടാകും. അങ്ങനെയുള്ള സമ്മർദ്ദമെല്ലാം ഉപയോഗിച്ചുകൊണ്ടാണ് ഞങ്ങളത് ഏറ്റെടുക്കാൻ തീരുമാനിച്ച് ഓർഡിനൻസ് കൊണ്ടുവന്നത്. പക്ഷെ, അത് അന്നത്തെ യു.പി.എ. ഗവൺമെന്റ് അംഗീകരിച്ചില്ല. വീണ്ടും നമ്മൾ അസംബ്ലിയിൽ ഐക്യകണ്ഠേന ഒരു ബിൽ പാസ്സാക്കി

അയച്ചുകൊടുത്തു. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് അത് അംഗീകരിക്കുന്നില്ല. അടിയന്തരമായി ആ കാര്യത്തിൽ ഗവൺമെന്റിന്റെ സമ്മർദ്ദമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പരമ്പരാഗത മേഖലയെക്കുറിച്ച് പറഞ്ഞാൽ, കാഷ്യൂ മേഖല- കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികൾ തോട്ടണ്ടിയില്ലാത്തതുകൊണ്ട് അടഞ്ഞുകിടക്കുകയാണ്. കാഷ്യൂ കോർപ്പറേഷന്റെ ഭരണസമിതിയെന്ന് പറഞ്ഞാൽ ട്രേഡ് യൂണിയൻ നേതാക്കന്മാരും വിവിധ സംഘടനകളുടെ നേതാക്കന്മാരുമടങ്ങുന്നതാണ്. ഇത്തരം പരമ്പരാഗത വ്യവസായങ്ങൾ പരിഷ്ക്കരിക്കുന്നതിനെസംബന്ധിച്ച ഗവൺമെന്റിന്റെ ചില നിർദ്ദേശങ്ങൾ, രാഷ്ട്രീയ പ്രവർത്തകർ ഇതിനൊന്നും കൊള്ളാത്തവരാണ്; അതിനെല്ലാം പ്രൊഫഷണൽസ് മതിയെന്ന രൂപത്തിലുള്ള സമീപനം എടുക്കുന്നതായി കേട്ടു. ഒട്ടും യോജിക്കാൻ കഴിയാത്ത നിർദ്ദേശമാണത്. രാഷ്ട്രീയ പ്രവർത്തകരുടെയോ അല്ലെങ്കിൽ ട്രേഡ് യൂണിയൻ നേതാക്കന്മാരുടെയോ പങ്കാളിത്തംകൊണ്ട് മോശമാകുന്നതല്ല. അതൊരു വെൽഫയർ കമ്പനിയാണ്. അതിലെന്തെങ്കിലും അരുതാത്തത് നടക്കുന്നുണ്ട് എന്ന് ഗവൺമെന്റിന് പരാതിയുണ്ടെങ്കിൽ അത് അന്വേഷിച്ച് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. പക്ഷെ, ഉത്തരവാദപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കന്മാർ നേതൃത്വം കൊടുക്കുന്ന അത്തരം സ്ഥാപനങ്ങളിൽ ചുമതല

വഹിക്കുന്നവരെ അപമാനിക്കുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ സർക്കാർ ഉദ്യോഗസ്ഥന്മാരെ അനുവദിക്കാൻ പാടില്ല. അതിലൊക്കെ കർശനമായ നിലപാട് സ്വീകരിക്കണം. ഇവിടെ വികസനരംഗത്ത് കാര്യമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഇവിടെ കൊട്ടിഘോഷിച്ച കോച്ച് ഫാക്ടറി, പിറവം തെരഞ്ഞെടുപ്പിന് രണ്ടുമാസങ്ങൾക്കുമുമ്പ് പാലക്കാട് കോട്ടമൈതാനത്ത് ഒരു കല്ലിട്ടതൊഴിച്ചാൽ എന്താണ് നേടാൻ സാധിച്ചത്? പാലക്കാട് തെരുവുകളിൽ അന്തിയുറങ്ങുന്ന പാവപ്പെട്ടവർ പറയുന്നത് ഒരു കല്ലുകൂടി അതിന്റെ അടുത്തിട്ടാൽ എന്തെങ്കിലുമൊരു ഉപകാരത്തിന് കൊള്ളാമെന്നാണ്. വേറെയൊന്നും സംഭവിക്കുന്നില്ല. GAIL-ന്റെ പദ്ധതിയെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടക്കുന്നു. അതിന് ബ്ലാങ്കറ്റ് പെർമിഷൻ കൊടുത്തുകൊണ്ട് ഞങ്ങളുടെ മന്ത്രിസഭ തീരുമാനിച്ചതായിരുന്നു. ഒന്നും വേണ്ടേ, GAIL വേണ്ട, പ്രകൃതിവാതകം വേണ്ട, എവിടേയ്ക്കാണ് കേരളം പോകുന്നത്? നമ്മുടെ വൈദ്യുത ഉൽപ്പാദന പദ്ധതികളെവിടെ? ചീമേനി പദ്ധതിയെക്കുറിച്ചെന്താണ് ഗൗരവമായി ചർച്ച ചെയ്യാത്തത്; ഒരു ചർച്ച മാത്രം മതിയോ? ഒന്നിൽ ഫോക്കസ് ചെയ്ത് എല്ലാവരിലും അഭിപ്രായ സമന്വയമുണ്ടാക്കി ഒരു തീരുമാനമെടുത്ത് പോകാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കണ്ടെ? കൂടംകുളം വൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം കേരളത്തിന് കിട്ടേണ്ട

വിഹിതംപോലും എത്തിക്കാൻ കഴിയാത്ത വിധത്തിലുള്ള ദൗർബ്ബല്യങ്ങൾ കാണിച്ചാൽ എന്താണ് ഈ ഭരണത്തെക്കുറിച്ച് പറയാനുള്ളത്? ഏകോപനമില്ല. ഇവിടെ നേട്ടമായി ചൂണ്ടിക്കാണിക്കുന്ന പ്രോജക്ടുകളായ കൊച്ചിൻ മെട്രോ, എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് അതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ച് അനുമതി കിട്ടി പ്രവർത്തി തുടങ്ങാവുന്ന സ്റ്റേജിലേയ്ക്കെത്തിയത്. കണ്ണൂർ വിമാനത്താവളത്തിന്റെ 800 ഏക്കർ സ്ഥലം ഏറ്റെടുത്ത് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന കമ്പനിയുണ്ടാക്കി അതിന്റെ ശിലാസ്ഥാപനം വരെ നടത്തിയിട്ടാണ് എൽ.ഡി.എഫ്. സർക്കാർ പോയത്. വിഴിഞ്ഞം പദ്ധതിയുടെയും പ്രാരംഭപ്രവർത്തനങ്ങളെല്ലാം നടത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണികാലത്താണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു മേജർ വികസനപദ്ധതിയെന്ന് പറഞ്ഞ് ഏത് പദ്ധതിയാണ് ചൂണ്ടിക്കാണിക്കാനുള്ളത്? ഇവിടെ പഠിച്ച് പാസ്സായിവരുന്ന കുട്ടികളെന്ത് ചെയ്യും; സ്ഫോടാനാത്മകമായ അവസ്ഥയാണ് കേരളത്തിൽ. എല്ലാവരും രാജ്യത്തിന് പുറത്ത് പോകണം. ഒരു കുടുംബത്തിലാകെ ഒന്നോ രണ്ടോ മക്കളുണ്ടാകും, അവർ നന്നായി പഠിക്കുന്നവരാണെങ്കിൽ രണ്ടുപേരും നാടുവിട്ടുപോകുമെന്നതല്ലേ അവസ്ഥ; വാർദ്ധക്യ കാലത്ത് കുടുംബത്തിന്റെകൂടെ മക്കളെ കിട്ടുമോ? ഇങ്ങനെ നാം പണം ചെലവഴിച്ച്

വികസിപ്പിക്കുന്ന മാനവ വിഭവശേഷി മറ്റുള്ളവർക്ക് ദാസ്യവേല ചെയ്യാൻ അയച്ചുകൊടുക്കുന്ന ഒരു റിക്രൂട്ട്മെന്റ് സെന്ററായി കേരളം മാറിയില്ലേ? അവരെ കേരളത്തിൽ പിടിച്ചുനിർത്താൻ കഴിയത്തക്ക വിധത്തിലുള്ള ഭാവനാപൂർണ്ണമായ എന്തു വികസനപദ്ധതിയാണുള്ളത്. നമ്മളെല്ലാപേരും ഐ.ടി.യെക്കുറിച്ച് പറയും. എന്താണ് ഐ.ടി; ഐ.ടി.യിൽ അന്തർദേശീയ പ്രാധാന്യമുള്ള ഏതെങ്കിലുമൊരു കമ്പനി ഇക്കാലംവരെ കേരളത്തിൽ വന്നോ? ഐ.ബി.എം.-നെ പോലെ, ആക്സെഞ്ചറിനെപ്പോലെ എടുത്തുപറയത്തക്ക, T.C.S, Infosys എന്നീ കമ്പനികൾക്ക് ഇവിടെ ചില ക്യാമ്പസുകൾ ഉണ്ടെന്നല്ലാതെ അതിന്റെ വളർച്ചയെന്താണ്? ടെക്നോപാർക്കിൽപ്പോലും വലിയ ഒരു ഏരിയ വേക്കന്റായി കിടക്കുകയാണ്. ഞാനാരെയും വ്യക്തിപരമായി കുറ്റപ്പെടുത്താനല്ല, നമ്മുടെ കേരളത്തിന്റെ പൊതുസ്ഥിതിയാണിത്. ഇന്നെന്തുകൊണ്ട് ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കാൻ ഐ.ടി. കമ്പനികൾ അല്ലെങ്കിൽ ഐ.ടി. അധിഷ്ഠിത ഫേമുകൾ മടികാണിക്കുന്നു? എവിടെ സ്മാർട്ട് സിറ്റി? 246 ഏക്കർ ഭൂമി എൽ.ഡി.എഫ്. കാലത്തും അതിനുശേഷം മൾട്ടി സർവ്വീസസ് SEZ പദവി കിട്ടാൻവേണ്ടി 4 ഏക്കർകൂടി ചേർത്ത് 250 ഏക്കർ ടീകോമിന് കൊടുത്തല്ലോ. 85 ലക്ഷം സ്ക്വയർഫീറ്റ് ബിൽറ്റപ്പ് ഏരിയ ഉണ്ടാക്കി 90,000 പേർക്ക് ജോലി കൊടുക്കണമെന്ന് നമ്മൾ തമ്മിൽ കരാറില്ലേ? ആ കരാർ

ഒപ്പിട്ട്, ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഫൈനൽ എഗ്രിമെന്റ് ഉണ്ടാക്കിയിട്ട് 5 വർഷം പിന്നിട്ടു. ആറ് ലക്ഷം സ്ക്വയർ ഫീറ്റ് വരുന്ന ഒരു കോഴിക്കൂട് ഉണ്ടാക്കിയിട്ട് അതിന്റെ ഉദ്ഘാടനത്തിന്റെ മഹിമയല്ലെ പറഞ്ഞുകൊണ്ടുനടക്കുന്നത്. അവർ കേരള ഗവൺമെന്റിനെ വഞ്ചിച്ചു. അവർക്ക് സാധിക്കില്ലെങ്കിൽ ആ ഭൂമി ഏറ്റെടുത്ത് മറ്റ് സംരംഭകർക്ക് കൊടുക്കണം. എന്തിനാണ് നമ്മൾ അവരെ താങ്ങിനടക്കുന്നത്. അവർക്ക് കിട്ടിയ ഭൂമി സബ്‌ലെറ്റ് ചെയ്തിട്ട് പണമുണ്ടാക്കാനുള്ള ഗൂഢാലോചന നടത്തുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതാണ് ഐ.ടി രംഗത്തെ വളർച്ച. ഇവിടെ സ്റ്റാർട്ട് അപ്പ് വില്ലേജുകളിലൂടെ സ്വയംസംരംഭകത്വ വികസനം എത്രത്തോളം വളർന്നു; എത്രപേർക്ക് ജോലികൊടുക്കാൻ സാധിക്കുന്നുണ്ട്? എല്ലാം ഭാവനയിലാണ്. യാഥാർത്ഥ്യത്തിലേയ്ക്ക് വരുന്നില്ല. യാഥാർത്ഥ്യത്തിലേയ്ക്ക് സംഗതികൾ വരണമെങ്കിൽ, ഇനിയും ഒരുപാട് നമുക്ക് മുന്നോട്ടുപോകണമെങ്കിൽ ഇച്ഛാശക്തിയോടുകൂടി തീരുമാനമെടുക്കാൻ  സാധിക്കണം. എല്ലാ വ്യവസായ മേഖലയിലും പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല. കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയിൽ നമുക്ക് തൊടാൻ സാധിക്കുന്നില്ല. കേരളത്തിൽ വലിയ മുതൽമുടക്ക് വന്നതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും കൺസ്ട്രക്ഷൻ

ഇൻഡസ്ട്രിയിലാണ്. എന്റെ സുഹൃത്ത് പറഞ്ഞതുപോലെ അന്യസംസ്ഥാനങ്ങളിൽനിന്ന് ഇവിടെ ആളുകൾ ജോലിക്കുവന്നിരുന്നതും കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയിലാണ്. അവസാനമായി ഒരു ഉദ്യോഗസ്ഥൻ വന്ന ഫയർ എൻ.ഒ.സി. കൊടുക്കുന്നതിന് ഇന്ത്യാരാജ്യത്ത് ഒരു സ്റ്റേറ്റിലുമില്ലാത്ത പുതിയ നിബന്ധനകൾ നിങ്ങളുടെ തലയ്ക്കുമീതെ അടിച്ചേൽപ്പിച്ചില്ലേ. എന്തുചെയ്യാൻ സാധിച്ചു. ചില ഉദ്യോഗസ്ഥൻമാരുടെ മുമ്പിൽ നമ്മൾ അസ്തപ്രജ്ഞരായി നിൽക്കുകയാണ്. മറ്റൊരു ഉദ്യോഗസ്ഥൻ ഏതോ ഒരു ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങളാകെ ഭാഗീഗമായി സ്തംഭിപ്പിക്കുന്ന നിർദ്ദേശമിറക്കി. അത് മുഖ്യമന്ത്രിക്കുവരെ വിമർശിക്കേണ്ടിവന്നില്ലേ. ഇവിടെ ആരാണ് ഭരിക്കുന്നത്; ഗവൺമെന്റിന് ഇതിലൊക്കെ നിയന്ത്രണം വേണ്ടെ? തൊഴിൽ കൊടുക്കണമെങ്കിൽ കൺസ്ട്രക്ഷൻ മെറ്റീരിയൽസ് വേണം. അത് കിട്ടാൻ എന്തെങ്കിലും അവസരമുണ്ടോ? എല്ലാ തൊഴിലാളി സംഘടനകളും ചേർന്ന് അത് കിട്ടാൻ എത്രമാത്രം സമരം നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത മീറ്റിംഗിലെടുത്ത തീരുമാനങ്ങളിൽ ഏതെങ്കിലും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുന്നൊരു മേഖലയാണ് കയർ മേഖല. ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രിയിവിടെയുണ്ട്. ആലപ്പുഴയാണ് കയറിന്റെ നാട്. വയലാർ

രാമവർമ്മ കയറിനെക്കുറിച്ച് കവിതയെഴുതിയത് ആലപ്പുഴയുടെ പശ്ചാത്തലത്തിലാണ്. പക്ഷെ കോന്നിയാണ് ഇന്ന് അതിന്റെ കേന്ദ്രമെന്ന് തെളിയിച്ച മന്ത്രിയാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി. അവിടെയാണ് കയർ മേള സംഘടിപ്പിച്ചത്. കയറിന്റെ നാട്ടിലല്ല. കയർ തൊഴിലാളികൾക്ക് ജോലി നൽകുകയെന്നതിനും അവരുടെ ജോലി സംരക്ഷിക്കുക എന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ളൊരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഐ. ടി പാർക്കുകൾ മറ്റ് ജില്ലകളിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി പല സ്ഥലങ്ങളിലും പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. പണിയെല്ലാം പൂർത്തീകരിച്ച അതിലൊരു പ്രോജക്ടാണ് 'വെളിയം ടെക്നോ ലോഡ്ജ്'. പക്ഷെ നമുക്ക് ഒരു സംരംഭകരെയും കൊണ്ടുവരാൻ സാധിച്ചില്ല. ആ കാര്യങ്ങളിൽ കുറച്ചുകൂടി ഫോക്കസുചെയ്തുകൊണ്ടുള്ള മാർക്കറ്റിംഗ് ശക്തിപ്പെടുത്താൻ വ്യവസായ വകുപ്പും ഗവൺമെന്റും ആലോചിക്കേണ്ടതുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ മേഖല സ്വകാര്യ കുത്തകകൾക്ക് കൊടുക്കരുത്, അത് രാജ്യത്തിന്റെയും സ്റ്റേറ്റിന്റെയും താല്പര്യത്തിന് ഹാനികരമാണ്. എന്നാൽ നമുക്കില്ലാത്ത ടെക്നോളജിയും കൂടുതൽ മുതൽമുടക്ക് ആവശ്യമുള്ളതുമായ സവിശേഷമായ ചില മേഖലകളിൽ സെലക്ട് ചെയ്ത് സ്വകാര്യ നിക്ഷേപങ്ങളെ

ഒഴിവാക്കാനാവില്ല. എന്നാൽ റോഡ്, തുറമുഖങ്ങൾ, വൈദ്യുതി പദ്ധതികൾ തുടങ്ങിയ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്സ് സെക്ടർ ഒരു കാരണവശാലും കുത്തകകളെ ഏൽപ്പിക്കുന്നത് രാഷ്ട്രത്തിന്റെ താല്പര്യത്തിന് ഉതകില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് നിലപാടിൽ പുനർവിചിന്തനം വേണം. മലിനീകരണം സൃഷ്ടിക്കുന്നതും കൂടുതൽ ഭൂമി ആവശ്യമുള്ളതും കേരളത്തിന് അനുയോജ്യമല്ല എന്ന അഭിപ്രായത്തിൽ നിന്നുകൊണ്ടുതന്നെ കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ മേഖലയേതെന്ന് മനസ്സിലാക്കി അതിൽ ഫോക്കസ് ചെയ്തുകൊണ്ട് വളർച്ചയ്ക്കാവശ്യമായ നിലപാടിലേയ്ക്ക് ഈ ഗവൺമെന്റ് വരണമെന്നാണ് ആ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ദേശീയതലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പ്രാമുഖ്യം നഷ്ടപ്പെട്ടതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് പ്രതിസന്ധി നേരിട്ട ഘട്ടങ്ങളിലെല്ലാം ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സഹായംകൊണ്ടാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിലനിന്നതെന്നോർക്കണം. 1969-ൽ പിളർപ്പിന്റെ കാലത്ത് ഇന്ദിരാഗാന്ധി കോൺഗ്രസിന് നേതൃത്വംകൊടുക്കാൻ ഒരു വിഭാഗമായി മാറിയപ്പോൾ ബാങ്ക് ദേശവത്കരണവും പ്രിവിപേഴ്സ് നിർത്തലാക്കലുമുൾപ്പെടെയുള്ള നടപടികൾ, വി.വി.ഗിരി പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിച്ച ഘട്ടത്തിൽ കമ്മ്യൂണിസ്റ്റ്

പാർട്ടികളാണ് ആ ഇടതുപക്ഷത്തിന് പിന്തുണ നൽകി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിന് അഖിലേന്ത്യാതലത്തിൽ പ്രസക്തിയുണ്ടാക്കിയത്. 2004 നിർണ്ണായകമായൊരു സമയമായിരുന്നു. 1998 മുതൽ 1999 – ലെ തെരഞ്ഞെടുപ്പിൽ ജയിച്ചുവന്ന വാജ്പേയിയുടെ ഭരണം തുടരാതിരിക്കാൻ മതനിരപേക്ഷതയ്ക്കുവേണ്ടി ഇടതുപക്ഷ പാർട്ടികൾ കോൺഗ്രസിന് പിന്തുണ നൽകിയിരുന്നു. ആ ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയുടേയും ഇടതുപക്ഷത്തോട് ആഭിമുഖ്യമുണ്ട് എന്ന് ജനങ്ങളെ ധരിപ്പിച്ച കോൺഗ്രസിന്റെ നിലപാടുകളുമാണ് കോൺഗ്രസിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ മാന്യത സൃഷ്ടിച്ചുകൊടുത്തതും അന്തസ്സുണ്ടാക്കികൊടുത്തതും. ആ അവസ്ഥയിൽനിന്ന് പിൻമാറിയപ്പോൾ 2014-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് എവിടെ എത്തിനിൽക്കുന്നുവെന്ന് ആത്മപരിശോധന നടത്തണം എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർക്കുകമാത്രമല്ല, ഈ സർക്കാരിന്റെ നയങ്ങൾ കേൾക്കാൻപോലും കഴിയാത്തയത്രയും ദുസ്സഹമായതുകൊണ്ട് ഞങ്ങൾ ഈ സഭയിൽനിന്ന് ഇറങ്ങിപ്പോകുകയാണ്.

(ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗം ബഹിഷ്കരിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായ വകുപ്പിനെക്കുറിച്ച് ഇന്ന് നടന്ന ചർച്ചയിൽ എനിക്ക് വളരെ സന്തോഷമുണ്ട്. കാരണം, ഈ കഴിഞ്ഞ മൂന്നുനാല്യ വർഷം എല്ലാം വളരെ ട്രാൻസ്പാരന്റായിരുന്നുവെന്നും വിവാദങ്ങളും അഴിമതിയൊന്നുമില്ലാതെ നല്ല ഇമേജ് നിലനിർത്തിയെന്നും ചർച്ചയിൽ പൊതുവെ എല്ലാവരും പറഞ്ഞു എന്നതുതന്നെ ഒരു നേട്ടമാണ്. കഴിഞ്ഞ കാലങ്ങളിലൊക്കെ പലപ്പോഴും വരുന്ന വിമർശനം ഇതായതുകൊണ്ട് അത്തരമൊരു വിമർശനം ഒന്നില്ല എന്നുള്ളത് പരക്കെ അംഗീകരിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വ്യവസായ വാണിജ്യ രംഗത്ത് നിരവധി ഇടപാടുകൾ നടക്കുന്നതാണ്. അത് ട്രാൻസ്പാരന്റായി കൊണ്ടുപോകാൻ കഴിഞ്ഞുവെന്ന് പൊതുവെ സമ്മതിക്കുന്നത് സന്തോഷമുള്ള കാര്യമാണെന്നാണ് ഞാൻ പറഞ്ഞത്. വ്യവസായ രംഗത്ത് പ്രതിപക്ഷ വിമർശനങ്ങൾ അധികവും പൊതുമേഖലയെ ആധാരമാക്കിയാണ്. പൊതുമേഖലയിലുള്ള വ്യവസായങ്ങളെ സംബന്ധിച്ച് അവർ കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ക്ലെയിമുകൾക്കൊക്കെ യാതൊരു അടിസ്ഥാനവുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം അക്കൗണ്ട്സ് ഫൈനലാക്കി ഓഡിറ്റ് ചെയ്ത് നോക്കുമ്പോൾ ആ പറഞ്ഞ കണക്കുമുഴുവൻ അടിസ്ഥാനരഹിതമായ കണക്കുകളായിരുന്നു. ഇപ്പോൾ

ഓഡിറ്റ് ചെയ്ത് അക്കൗണ്ട് അപ്ഡേറ്റ് ആക്കിയതിനുശേഷമുള്ള കണക്കുകളാണ് ശരിയായ കണക്ക് എന്നാണ് ഞങ്ങൾ പറയുന്നത്. ഇപ്പോൾ 10-15 കമ്പനികൾ ലാഭത്തിലുണ്ട്. 8-9 കമ്പനികൾ ഈ കൊല്ലം ലാഭത്തിന്റെ വഴിയിലാണ്. അതുപോലെ ഈ കൊല്ലം മലബാർ സിമന്റ്സും കെ.എം.എം.എൽ-ലുമൊക്കെ വലിയ ലാഭമുണ്ടാക്കുകയാണ്. കഴിഞ്ഞകൊല്ലം കുറവായിരുന്നു. മാർക്കറ്റിംഗ് അനുസരിച്ച് ഏറ്റക്കുറച്ചിലുകളുണ്ടാകും. കെ.എം.എം.എൽ ഈ വർഷം റെക്കോർഡ് ലാഭമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര നിക്ഷേപം കഴിഞ്ഞ കാലത്ത് പൊതുമേഖലയിലും ജോയിന്റ് സെക്ടറിലുമൊക്കെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി യോജിച്ചുവെന്നൊക്കെ പറയുന്നുണ്ട്. അത് അത്രവലിയ ഇൻവെസ്റ്റ്മെന്റായിരുന്നോ, അത് പിന്നീട് ഗുണകരമായോ എന്നൊക്കെ ഇപ്പോൾ വിലയിരുത്തുകയാണെങ്കിൽ തിരിഞ്ഞുനോക്കുമ്പോൾ കാസർഗോഡ് യൂണിറ്റ് KEL-ഉം BHEL-ഉം രണ്ടുംകൂടി കൂടിച്ചേർന്നു. അതുപോലെ സ്റ്റീൽ കോംപ്ലക്സ്, ടെൽക് എന്നിവിടങ്ങളിലൊന്നും പിന്നീട് സെൻട്രൽ ഗവൺമെന്റ് പണം നിക്ഷേപിക്കുന്നില്ല. നമുക്കുള്ളതിനെക്കാൾ വലിയ പ്രതിസന്ധിയായിട്ടാണ് ഇപ്പോൾ വന്നിരിക്കുന്നത്. അന്ന് ശ്രീ. എ. കെ. ആന്റണി അവിടെയിരുന്നതുകൊണ്ടും അദ്ദേഹം ഉത്സാഹിച്ചതുകൊണ്ടും കുറച്ചുകാര്യങ്ങൾ നടന്നുവെന്നല്ലാതെ ഇപ്പോൾ

കേന്ദ്രഗവൺമെന്റ് ആ പോളിസിതന്നെ നിർത്തി. പിന്നെയൊക്കെ പി.പി.പി. ആക്കി. ഇപ്പോൾ റെയിൽവെ പോലും ധാരാളം ബഡ്ജറ്റ് സപ്പോർട്ട് കൊടുക്കുന്നില്ല. പലതും ജോയിന്റ് സെക്ടറിലും പി.പി.പി.യിലും മാറ്റിക്കൊണ്ടിരിക്കുകയാണ്. അതാണ് വ്യവസായ രംഗത്തുള്ള നേട്ടം എന്നിങ്ങനെ പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. ഇപ്പോൾ എഫ്.എ.സി.ടി-യ്ക്ക് അവരുടേതായ പ്രശ്നങ്ങളുണ്ട്. എഫ്.എ.സി.ടി.യുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായൊരു പരിഹാരം ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. അതാണ് വസ്തുത. അതിന് വൻഫണ്ട് കേന്ദ്രഗവൺമെന്റിൽനിന്ന് കിട്ടണം. പക്ഷെ എഫ്.എ.സി.ടി.ക്ക് നമ്മൾ പറഞ്ഞകാര്യങ്ങളൊക്കെ ചെയ്തുകൊടുത്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ നിലയിലും സഹായിക്കാൻ തയ്യാറാണെന്നു പറയുകയും ആ ശ്രമങ്ങളുമായി മുന്നോട്ടുപോകുകയുമാണ്. ഷിപ്പിയാർഡ്, എഫ്.എ.സി.ടി., എച്ച്.എം.ടി എന്നിവിടങ്ങളിലൊക്കെ ശ്രീ. എളമരം കരീമിന്റെ കാലത്ത് ചില കാര്യങ്ങൾ നടത്തിയെന്നു പറഞ്ഞു. എന്ത് കാര്യങ്ങളാണ് നടന്നതെന്ന് തിരിഞ്ഞുനോക്കിയാൽ മനസ്സിലാകും. വ്യവസായ വികസനം എന്നുപറഞ്ഞാൽ പൊതുമേഖലയെ കേന്ദ്രീകരിച്ചുള്ള കാര്യങ്ങൾ മാത്രമാണ് എന്ന നിലയിൽ പറയുന്നത് ശരിയല്ല. കാലം മാറുന്നതോടൊപ്പം ട്രെൻഡും മാറുകയാണ്. കേന്ദ്ര നിക്ഷേപമെന്ന് പറയുന്നത്

വേറൊരു രീതിയിലാണ് വരുന്നത്. ആ രീതിയിൽ നോക്കിയാൽ കേന്ദ്ര നിക്ഷേപം ധാരാളം വാങ്ങിയ ഒരു സമയമാണ് കഴിഞ്ഞ നാലുകൊല്ലം. അത് അതിന്റേതായ രീതിയിലാണ് കിട്ടുന്നത്. ഉദാഹരണത്തിന് മെഗാ ഫുഡ് പാർക്ക്. ഇന്ത്യയിൽ മെഗാ ഫുഡ് പാർക്കുകൾ അനുവദിച്ചപ്പോൾ അതിലൊന്ന് കേരളത്തിനാണ്. അതിൽ വൻ നിക്ഷേപം വരും. കാരണം, ആ രംഗത്താണ് വ്യവസായ സാധ്യതയുള്ളത്. ഡിഫൻസ് പാർക്ക്, ഡിഫൻസാണ് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള രംഗം. കേരളത്തിൽ ഡിഫൻസ് പാർക്ക് ഉണ്ട്. ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് രംഗത്ത്, ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയും എക്സ്പോർട്ടിംഗ് സാധ്യതയും വർദ്ധിച്ചു വരികയാണ്. പഴയകാര്യം തന്നെ പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. ഇന്ത്യയിലെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഡിമാന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡിമാന്റിനെക്കാൾ കൂടുതലാണ്. ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് കേരളത്തിൽ വലിയ സാധ്യതയുള്ള മേഖലയാണ്. അതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. ലാന്റും മറ്റ് സപ്പോർട്ടും കൊടുക്കാൻ കഴിഞ്ഞാൽ അത് വരും. ആമ്പല്ലൂരും, ശ്രീ. അനൂപ് ജേക്കബിന്റെ മണ്ഡലത്തിലും നാളുകളായി പറയുന്നുണ്ടെങ്കിലും പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുന്നില്ല. എന്തൊക്കെ പേരിലാണ് തടസ്സങ്ങൾ വരുന്നതെന്ന് പറയാൻ കഴിയില്ല. ധാരാളം പ്രോജക്ടുകൾ

നമുക്ക് ലഭിച്ചിട്ടുണ്ട്. കേന്ദ്ര നിക്ഷേപവും കേന്ദ്ര സഹായവും വരുന്നത് ഇത്തരം മേഖലകളിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് സഹായം നൽകുമെന്ന് വാക്കുകൊണ്ട് പറഞ്ഞാൽപോരാ. കാഷ്യൂ കോർപ്പറേഷന് ഏറ്റവും കൂടുതൽ ഫണ്ട് കൊടുത്തിരിക്കുന്നത് ഈ സർക്കാരിന്റെ സമയത്താണ്. കൈത്തറി, സെൻട്രൽ റിവൈവൽ പാക്കേജ് 207 കോടി രൂപയുടെ പദ്ധതിയാണ്. കേരളമാണ് ഇത് ആദ്യമായി നടപ്പിലാക്കുന്നത്. അതുപോലെ തന്നെ എല്ലാ പരമ്പരാഗത വ്യവസായ മേഖലയിലും നമ്മൾ കേന്ദ്രത്തിൽ നിന്ന് സഹായങ്ങൾ നേടിയെടുക്കുന്നുണ്ട്. കേരളത്തിൽ അഭിമാനം കൊള്ളാവുന്ന ഒരു മേഖലയാണ് ചെറുകിട വ്യവസായമേഖല. ഇന്ത്യയിലെ വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ചാനിരക്കുള്ളത് കേരളത്തിലാണ്. 18 ശതമാനമാണ് വളർച്ചാ നിരക്ക്. ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്നതും കേരളത്തിലാണ്. 2010-11 ൽ 8840 ആയിരുന്ന രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ, അത് 67,000 ആവുകയും 2014-15 ആയപ്പോൾ അത് 83,000 ആവുകയും ചെയ്തു. മുതൽമുടക്ക് 2392 കോടി രൂപയായി. എംപ്ലോയ്മെന്റ് 83501 ഉം ആയി. ചെറുകിട വ്യവസായമേഖലയിൽ വമ്പിച്ച നേട്ടമാണ് ഉണ്ടായിട്ടുള്ളത്. കൃഷിക്കുശേഷം ഏറ്റവും കൂടുതൽ ജനങ്ങൾ ഏർപ്പെടുന്നത് ചെറിയ ചെറിയ വ്യവസായങ്ങളിലാണ്. ഐ.റ്റി മേഖലയുടെ സഹായത്തോടുകൂടി

ചെറുകിട മേഖല വളരെ ശക്തിപ്പെട്ടുവരുന്നുണ്ട്. ആ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ വരുന്നുണ്ട്. ശ്രീ. എളമരം കരീമും ചില മെമ്പേഴ്സും ഐ.ടി. മേഖലയിൽ ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങളെപ്പറ്റി പറഞ്ഞു. വ്യവസായരംഗത്തും മറ്റ് എല്ലാം രംഗങ്ങളിലും നമ്മൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. കേരളത്തിൽ ഐ.ടി. എക്സ്പോർട്ട് രണ്ട് ബില്യൻ കഴിഞ്ഞു. മൂവായിരം കോടിയായിരുന്നത് പതിനായിരം കോടിയും കഴിഞ്ഞ് പതിനയ്യായിരത്തിലേക്ക് കടന്നിരിക്കുകയാണ്. കേരളത്തെ ഇന്ത്യയുടെ ഡിജിറ്റൽ സ്റ്റേറ്റായി കേന്ദ്ര ഗവൺമെന്റിന് പ്രഖ്യാപിക്കേണ്ടതായി വരുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഐ.ടി. ലിറ്ററസിയിലും, ഐ.ടി. ഉപയോഗത്തിലും ഇ-ഗവേണൻസിലും കണക്ടിവിറ്റിയിലും ഇ-കോമേഴ്സിലും ഇ-ടെൻഡറിലും ഇ-പ്രൊക്യൂർമെന്റ്സിലും കേരളം മുൻപിലാണ്. വിദ്യാഭ്യാസ മേഖലയിലെ ഐ.ടി.@സ്കൂൾ ഇന്ത്യയ്ക്ക് മാതൃകയാണ്. എല്ലാം രംഗത്തും ഐ.ടി. ഉപയോഗത്തിൽ നമ്മൾ മുന്നിലാണ്. ഇക്കാര്യത്തിൽ ഗോവ സംസ്ഥാനം കേരളത്തിനുപിന്നിലുണ്ടെങ്കിലും മറ്റൊരു ഇന്ത്യൻ സ്റ്റേറ്റിനും എത്താൻ കഴിയില്ല. മുൻ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച അക്ഷയ പദ്ധതിയോടുകൂടി ഇ-ലിറ്ററസി കേരളത്തിലുണ്ടായതുകൊണ്ടാണ് ഈയൊരു സ്റ്റാറ്റസ് കേരളത്തിലുണ്ടായത്. അന്തർദേശീയ തലത്തിൽ എല്ലാ

അവാർഡും നമുക്കാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതൊന്നും അത്ര വലിയ വാർത്തയായി വരുന്നില്ല. മത്രമല്ല പ്രതിപക്ഷം ഈ വകകാര്യങ്ങൾ പഠിച്ച് വിലയിരുത്തുന്നുമില്ല. അവർ ഇപ്പോഴും പഴയ പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി മാത്രം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത വ്യവസായ രംഗത്തെ അങ്ങേയറ്റം സപ്പോർട്ട് ചെയ്യേണ്ടതാണ്. അതിന് ധാരാളം പണം കൊടുക്കുകയും സപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുമുണ്ട്. പുതിയ തലമുറയും അവിടെത്തന്നെ നിൽക്കണമെന്ന് നിർബന്ധിക്കാൻ നമുക്ക് കഴിയുമോ? പുതിയ തലമുറ വിദ്യാഭ്യാസം നേടി പുതിയ മേഖലയിലേയ്ക്ക് പോകും. പൊതുമേഖലയെയും പരമ്പരാഗത വ്യവസായത്തെയും ശക്തിപ്പെടുത്തുന്നതോടൊപ്പം തന്നെ മാറിക്കൊണ്ടിരിക്കുന്ന ട്രെൻഡ് ഉൾക്കൊള്ളാനും കഴിയണം. എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യുന്നത് ഗവൺമെന്റ് മേഖലയിലാണോ, സർക്കാർ കുറച്ച്പേർക്കു മാത്രമേ തൊഴിൽ കൊടുക്കുന്നുള്ളൂ. അതിനെക്കാൾക്കൂടുതൽ ജോലി ടെക്നോപാർക്കിന്റെയും ഇൻഫോപാർക്കിന്റെയും കാമ്പസുകളിൽ ഉണ്ടാകുന്നുണ്ട്. ടെക്നോപാർക്കിൽ ജോലി ചെയ്യുന്നവരുടെ എണ്ണം അമ്പതിനായിരത്തിൽ നിന്ന് ലക്ഷത്തിലേയ്ക്ക് കടക്കുകയാണ്. സെക്രട്ടേറിയേറ്റിലുള്ളതിനെക്കാളും കൂടുതൽ ജോലി അവിടെയുണ്ടാകുന്നുണ്ട്. ഭാവിയിൽ ജോലി സാധ്യത വരുന്നത് പുതിയ

ടെക്നോളജി ഉപയോഗിക്കുന്നിടത്താണ്. അതുകൊണ്ട് ഈ രംഗം കൈവിട്ടുപോകാൻ പാടില്ല. ഭാഗ്യത്തിന് ഈ മേഖലയിൽ പണിമുടക്കോ മറ്റു പ്രശ്നങ്ങളോ ഇല്ലാതെ നന്നായി മുന്നോട്ട് പോകുന്നുണ്ട്. ഈ ട്രെൻഡ് പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.

സ്മാർട്ട് സിറ്റി പദ്ധതിക്ക് യാതൊരു കുഴപ്പവും സംഭവിച്ചിട്ടില്ല. അത് ഉദ്ഘാടനം ചെയ്തിട്ടേ പോവുകയുള്ളൂവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഒരു ലക്ഷം ആളുകൾക്ക് ജോലി നൽകാൻ ഒറ്റയടിക്ക് സാധിക്കുമോ? സ്മാർട്ട് സിറ്റി പൂർത്തയാകുമ്പോൾ നിശ്ചിത എണ്ണം ആളുകൾക്ക് തൊഴിൽ നൽകാൻ സാധിക്കും. അടിസ്ഥാന സൗകര്യ വികസനവും മാർക്കറ്റിംഗും പൂർത്തിയാകുമ്പോൾ അവിടെ ധാരാളം കമ്പനികൾ വരും. കേരളത്തിലെ ഐ.ടി. മേഖലയിലെവിടെയാണ് പ്രമുഖ കമ്പനികളുള്ളതെന്ന് ചോദിച്ചു. പ്രമുഖ കമ്പനികൾ ഒട്ടും ഇല്ലാതിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് കേരളത്തിലെ സ്ഥിതിയിൽ മാറ്റം വന്നിട്ടുണ്ട്. അതിനുവേണ്ടിയായിരുന്നു അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയും നമ്മളും ചില ഡെലിഗേറ്റ്സും ഒരുമിച്ച് ബാംഗ്ലൂരിൽ പോയി ഇൻഫോസിസിനെയും ഐ.ബി.എം.-നെയും മറ്റും ക്ഷണിച്ചു കൊണ്ടുവരേണ്ടി വന്നത്. അതുപോലെ സ്പെയ്സൊന്നും എവിടെയും ഒഴിഞ്ഞുകിടക്കുന്നില്ല.

ഇൻഫോപാർക്ക് പോലെയുള്ള സ്ഥാപനങ്ങളിൽ സ്പെയ്സ് ഇല്ലാത്ത ഇഷ്യൂവാണ് ഉള്ളത്. ഇന്ന് കേരളത്തിലേയ്ക്ക് വരാൻ കൂടുതൽ ഡിമാന്റാണ്. Young entrepreneurs-നെ പ്രോത്സാഹിപ്പിക്കുന്നതിന്റെ പ്രസക്തി അപ്പുറത്ത് പലർക്കും മനസ്സിലായിട്ടില്ല. എന്നാൽ ഇവിടെ നിന്നും പ്രസംഗിച്ച പല ആളുകളും അതിനെക്കുറിച്ച് പഠിച്ച് സംസാരിക്കുകയും ചെയ്തു. എമർജിംഗ് കേരളയിൽ Young entrepreneurs-നെ പ്രോത്സാഹിപ്പിക്കുന്നതിൽ എന്താണ് നേട്ടം; എമർജിംഗ് കേരളയിൽ, ലോകത്തെമ്പാടും ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ തമ്മിൽ നടന്ന interaction-ന്റെ ഫലമായി ഇന്ത്യയിലാദ്യമായി സ്റ്റാർട്ട് അപ് സംരംഭമുണ്ടായത് കേരളത്തിലാണ്. സ്റ്റാർട്ട് അപ് സംരംഭങ്ങളെക്കുറിച്ച് പഠിക്കാൻ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇങ്ങോട്ടാണ് വരുന്നത്. സ്റ്റാർട്ട് അപ് വില്ലേജിന്റെ ആളുകളോട് ആന്ധ്രയിൽ പോയി അത് സെറ്റ്അപ് ചെയ്തു കൊടുക്കാൻ ശ്രീ. ചന്ദ്ര ബാബു നായിഡു പറയുന്ന സ്ഥിതിയിലേയ്ക്കും കേരളം വളർന്നു കഴിഞ്ഞു.

<u>ശ്രീ. ഹൈബി ഈഡൻ</u>: സ്റ്റാർട്ട് അപ് വില്ലേജ് തുടങ്ങിയതിനെക്കുറിച്ച് ഇവിടെ ധാരാളംപേർ സംസാരിച്ചു. 7000 കമ്പനികളാണ് സ്റ്റാർട്ട് അപ് വില്ലേജിനുവേണ്ടി അപേക്ഷകൾ കൊടുത്തത്. അതിൽ നിന്ന് ഏകദേശം ആയിരത്തോളം കമ്പനികളെ സെലക്ട് ചെയ്തു. എന്നാൽ വളരെ ചുരുക്കം

കമ്പനികൾക്ക് മാത്രമേ സ്പെയ്സ് പ്രൊവൈഡ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ, അങ്ങനെ സ്റ്റാഗ്നൻസിയിൽ എത്തിനിൽക്കുകയാണ്. ധാരാളം ചെറുപ്പക്കാർ പുതിയ കമ്പനികൾ തുടങ്ങാൻ താല്പര്യപ്പെട്ട് അപേക്ഷകൾ നൽകിയിട്ടുണ്ട്. അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ നമുക്ക് കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തീർച്ചയായും ഡിമാന്റിനനുസരിച്ച് നമ്മൾ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊടുത്തേ മതിയാകൂ. ഗവൺമെന്റ് അക്കാര്യത്തിൽ പിറകോട്ടുപോകില്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. നമ്മൾ നടത്തിയ കുറേ പരിപാടികളെ അവർ വിമർശിച്ചു. 'Young Entrepreneurs Summit' ഉണ്ടാക്കിയ inspiration ഇവർ ക്യാമ്പസുകളിൽ പോയി നോക്കട്ടെ. സ്മാർട്ടായ കുട്ടികൾ ഇത് അനുകരിച്ചുകൊണ്ട് Entrepreneurs club ഉണ്ടാക്കുകയാണ്. ആ ക്ലബുകൾ വഴി ബുദ്ധിയുള്ള കുട്ടികൾ, അവർക്ക് വിതരണം ചെയ്ത കിറ്റും കമ്പ്യൂട്ടറും ബാക്കിയുള്ള സാമഗ്രികളും ഉപയോഗിച്ച്, അവരുടെ ആശയങ്ങൾ യാഥാർത്ഥ്യമാക്കാൻ വേണ്ടി പരിമിതമായ രീതിയിൽ ശ്രമിക്കുകയാണ്. വളരെ ഇന്റലിജന്റായ കുട്ടികൾ റിസൾട്ടുണ്ടാക്കുന്നുമുണ്ട്. അതുകൊണ്ടാണ് സ്റ്റാർട്ട് അപ് വില്ലേജിന് ഡിമാന്റുണ്ടെന്ന് ഞാൻ പറഞ്ഞത്. ചെറിയ ചെറിയ ഐഡിയകളാണ് വലിയ വലിയ

സംരംഭങ്ങളായി മാറുന്നത്. ചെറിയ കുട്ടികളും ചെറുപ്പക്കാരുമൊക്കെയുമാണ് പിന്നീട് വലിയ നിലയിലേയ്ക്ക് പോകുന്നത്. എമർജിംഗ് കേരളയിൽ വച്ച് മുഖ്യമന്ത്രി മാർക്കിന്റെ കാര്യം പ്രഖ്യാപിച്ചതിനുശേഷം ക്യാമ്പസുകളിൽ കുട്ടികൾ വലിയ രീതിയിലുള്ള inspiration പ്രകടിപ്പിക്കുന്നു. എന്നാൽ കുട്ടികളുടെ വിഷനും ഉത്സാഹത്തിനുമൊപ്പമെത്താനും അവർക്കാവശ്യമായ സ്പെയ്സ് കൊടുക്കാനും നമുക്ക് കഴിയുന്നില്ല. ഇവിടെ നേരത്തെ സംസാരിച്ചവർ പറഞ്ഞത്, ചെറുപ്പക്കാരിൽ അധികവും ഇന്ത്യയിലാണെന്നാണ്. അങ്ങനെ ചെറുപ്പക്കാരുടെ ലോകം വരുമ്പോൾ അവർക്ക് തൊഴിൽ കൊടുക്കുന്നതും അവർക്ക് ഏർപ്പെടാവുന്നതുമായ രംഗം എന്ന് പറയുന്നതാണ് ഇപ്പോൾ വളർന്നു വരുന്നത്. നമ്മുടെ സമയത്ത് അതിന് പ്രോത്സാഹനം കൊടുക്കാതിരുന്നാൽ സാധിക്കുമോ; അതുകൊണ്ട് ഈ 'YES' വലിയ ഒരു സക്സസായിരുന്നു. അതിന്റെ റിസൾട്ടും അതിനെത്തുടർന്ന് വന്നുകൊണ്ടിരിക്കുന്ന സംഗതികളും വളരെ ഉത്സാഹപൂർവ്വം ചില വിദ്യാർത്ഥികളും ചെറുപ്പക്കാരും സ്വീകരിച്ചിട്ടുണ്ട്. അതുപോലെ women entrepreneurship-നെയും നമ്മൾ ഇപ്പോൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: നമ്മൾ ഏറ്റവും പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഒരു ഫാക്ടറാണ് ലോകത്തിലെ ഏറ്റവും മികച്ച സാങ്കേതിക സർവ്വകലാശാലയായ MIT-

യുടെ സാങ്കേതിക സഹായത്തോടെ ടെക്നോപാർക്കിലും സ്റ്റാർട്ട് അപ് വില്ലേജിലും സജ്ജീകരിച്ചു കൊണ്ടിരിക്കുന്ന ഫാബ് ലാബുകൾ. കാർപെന്ററിയും പ്ലംബിംഗും ഫിറ്റിംഗും ലെയ്ത്തുമൊക്കെയാണ് നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിലെ കുട്ടികളെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നത്. ടെക്നോപാർക്കിലും സ്റ്റാർട്ട് അപ് വില്ലേജിലും തുടങ്ങിയ ഫാബ് ലാബുകളുടെ ഗുണം ഉല്പാദനത്തിന്റെ പുതിയ മേഖലകളിൽ കുട്ടികളെ സഹായിക്കുന്നതിനായി നമ്മുടെ ക്യാമ്പസുകളിലേയ്ക്കും ലഭിക്കുന്ന തരത്തിൽ വ്യവസായ വകുപ്പിന്റെ ഇനിഷ്യേറ്റീവിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെങ്കിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് പ്രയോറിറ്റിയിലുള്ള ഒരു കാര്യമാണ്. ക്യാമ്പസുകളിൽ മുഴുവൻ ഫാബ് ലാബുകൾ വേണം. കാരണം ഐ.ടി.ഐ.-കളിലും എഞ്ചിനീയറിംഗ് കോളേജിലുമൊക്കെയുണ്ടായിരുന്ന കൺവെൻഷനലായ ഇൻസ്ട്രുമെന്റ്സൊന്നും ഇനി പോരാ. കുട്ടികൾക്ക് പുതിയ മോഡലുകളുണ്ടാക്കാനും ഫാബ്രിക്കേഷൻ പഠിക്കാനുമെല്ലാം ലേറ്റസ്റ്റ് സംവിധാനങ്ങളുണ്ടായേ മതിയാകൂ. അതിനാൽ ഫാബ് ലാബുകൾ എല്ലാ ക്യാമ്പസുകളിലുമുണ്ടാക്കുക എന്നത് ഗവൺമെന്റിന്റെ ലക്ഷ്യമാണ്. എഡ്യൂക്കേഷൻ, ഐ.ടി. ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഇക്കാര്യം ചെയ്യുമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പുതരാൻ

ആഗ്രഹിക്കുകയാണ്. വ്യവസായ രംഗത്ത്, ഐ.ടി. രംഗത്ത് ഈ വക കാര്യങ്ങളൊക്കെ ദീർഘകാലാടിസ്ഥാനത്തിൽ നോക്കിക്കൊണ്ടാണ് പോകുന്നത്. കേന്ദ്ര നിക്ഷേപമൊക്കെ പുതിയ മേഖലകളിലാണ് വരുന്നത്. തൊഴിലവസരങ്ങൾ ഉണ്ടാകുന്നത് പുതിയ സാങ്കേതിക വിദ്യയിലും പുതിയ രീതിയിലൊക്കെയുമാണ്. പ്രകൃതിക്കനുയോജ്യമായതേ സാധ്യമാകുകയുള്ളൂ. അതു മാത്രമാണ് സാധിക്കുന്നത്. അല്ലാത്തത് ആരെങ്കിലും സമ്മതിക്കുമോ; നല്ലത് ഇത് തന്നെയുണ്ടാക്കണമെങ്കിൽ വലിയ ബുദ്ധിമുട്ടാണ്. കാരണം നമുക്ക് ലാന്റ് കുറവാണ്. തീർച്ചയായും വ്യവസായ രംഗത്ത് റിസൾട്ട് ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് നൽകിയ one time settlement-നുള്ള സമയം കുറച്ചുകൂടി നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. കടക്കെണിയിൽപ്പെട്ട ചെറിയ ചെറിയ മാർജിനൽ മണി എടുത്തവർക്ക് one time settlement-ന്റെ സമയം കുറച്ചുകൂടി നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. 30 വർഷം ലീസ് എന്നുപറയുന്നത് പല കാര്യത്തിലും കേരളത്തിൽ നടക്കില്ല. അതുകൊണ്ട് കുറച്ച് കൂടി lease period നീട്ടാൻ വേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

പിറവം തെരഞ്ഞെടുപ്പും നെയ്യാറ്റിൻകര തെരഞ്ഞെടുപ്പും ഇപ്പോൾ അരുവിക്കര

തെരഞ്ഞെടുപ്പും കഴിഞ്ഞതോടുകൂടി അവർ വല്ലാതെ വിരണ്ടുപോയിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. വിരണ്ടവൻ അങ്ങോട്ടും വെട്ടും ഇങ്ങോട്ടും വെട്ടും എന്നുപറഞ്ഞതുപോലെ ആകെപ്പാടെ ആ കാർഡു കൊടുക്കും, ഈ കാർഡ് കൊടുക്കും.....അല്ലെങ്കിൽ തന്നെ കാർഡ് മാറി മാറി എടുക്കാറുണ്ട്. ഇപ്പോൾ രണ്ടു കാർഡും ഒരേ സമയം എടുത്തുനോക്കി പലതും ചെയ്യുന്നുണ്ട്. എവിടെ ചെന്ന് നിൽക്കുമെന്ന് എനിക്കുതന്നെ അറിയില്ല. ഏതായാലും കേരളത്തിന് ദോഷമൊന്നും വരാതിരിക്കട്ടെ; അവർക്ക് നല്ല ബുദ്ധി തോന്നിക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, പരമ്പരാഗതവ്യവസായമായ കയറിനെക്കുറിച്ച് ഇന്ന് ഈ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ കാര്യമായി വിമർശിച്ചിട്ടുമില്ല, കാര്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമില്ല. എന്നിരുന്നാലും ചില കാര്യങ്ങൾ ഇവിടെ പറയേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട വർക്കല കഹാർ, അദ്ദേഹത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ക്ലസ്റ്ററുകൾ രൂപീകരിക്കണമെന്ന ആവശ്യമാണ് ഇവിടെ പ്രധാനമായും ഉന്നയിച്ചത്. അതിനുള്ള നടപടി ഇപ്പോൾ തന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ചിറയിൻകീഴ്, മങ്ങാട് (കൊല്ലം), വൈക്കം, ബേപ്പൂർ, പാലക്കാട് എന്നിവിടങ്ങളിൽ നിലവിലുള്ള

ക്ലസ്റ്ററുകൾ കൂടാതെ ഇപ്പോൾ പുതുതായി ഹരിപ്പാട്, കൊടുങ്ങല്ലൂർ, കണ്ണൂർ എന്നിവിടങ്ങളിലും ക്ലസ്റ്ററുകൾക്കുള്ള അംഗീകാരം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. തൊണ്ടുസംഭരണത്തെക്കുറിച്ചും ചകിരി ഉല്പാദനത്തെക്കുറിച്ചുമാണ് അദ്ദേഹമിവിടെ സൂചിപ്പിച്ചത്. ഈ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അതിനുള്ള നടപടികളൊക്കെ തന്നെ കാലോചിതമായി ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കയർ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചില പ്രധാന പദ്ധതികളെക്കുറിച്ചാണ് ഈ ധനാഭ്യർത്ഥന വേളയിൽ പരാമർശിക്കാനുള്ളത്. ഇതിലേറ്റവും പ്രധാനപ്പെട്ട വിഷയം, ചകിരി ദൗർലഭ്യം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ചാണ്. കയർ വ്യവസായത്തിന്റെ അടിസ്ഥാന അസംസ്കൃത വസ്തുവാണ് ചകിരി. 2013-14-ൽ 592 കോടിയോളം നാളികേരം പ്രതിവർഷം കേരളത്തിൽ ഉല്പാദിപ്പിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഇതിന്റെ ഒരു വിഹിതം തൊണ്ട് എങ്കിലും സംഭരിച്ച് ചകിരി ഇവിടെത്തന്നെ ഉല്പാദിപ്പിക്കാവുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്ത് കഴിഞ്ഞിട്ടുണ്ട്. 05.02.2015-ൽ സർക്കാർ പുറപ്പെടുവിച്ച 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന പദ്ധതി ഇന്ന് നടപ്പാക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ചകിരി ദൗർലഭ്യം

പരിഹരിക്കുന്നതിനുള്ള ശാശ്വതമായ ഒരു പരിഹാരമായിട്ടാണ് ഈ പദ്ധതിയെ ഞങ്ങൾ കാണുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന തൊണ്ടുസംഭരണ പദ്ധതി പ്രകാരം 35 കയർ കൺസോർഷ്യങ്ങൾ അവർ രൂപീകരിച്ചു. 5 ലക്ഷം രൂപ വീതം നൽകിക്കഴിഞ്ഞിട്ടുമുണ്ട്. പക്ഷേ അത് പച്ചത്തൊണ്ടൊന്നിന് 10 പൈസ സബ്സിഡി നൽകിയിരുന്നു. അത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കയർ മേഖലയിൽ ആവശ്യമുള്ള അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വില വ്യതിയാനവുമാണ് നമ്മുടെ സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. മിതമായ വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞാൽ മാത്രമേ കയർ വ്യവസായം നമ്മുടെ സംസ്ഥാനത്ത് നിലനിർത്താൻ കഴിയുകയുള്ളൂ. തമിഴ്നാട്ടിലെ ചകിരിയെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന കയർ യൂണിറ്റുകളാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇന്ന് ഒരു വർഷം രണ്ടേകാൽ ലക്ഷം ടൺ ചികിരി നാര് നമുക്ക് ആവശ്യമായി വരുന്നുണ്ട്. ഇതിൽ 45000 ലക്ഷം ടൺ ചകിരി നാര് മാത്രമാണ് നമുക്ക് ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുന്നത്. ഈ വർഷാവസാനത്തോടുകൂടി 70000 ടൺ ചകിരി നാര് ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ചിന്തിക്കുന്നത്. അതിനാവശ്യമായ നടപടികൾ ഇതിനോടകം

സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. "തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും" എന്ന പദ്ധതിയിലൂടെ ചകിരി ദൗർലഭ്യം പരിഹരിക്കുക, മിതമായ വിലയ്ക്ക് ചകിരി ലഭ്യമാക്കുക, പാഴായി കളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉത്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതി കയർ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ പദ്ധതി പ്രകാരം തൊണ്ട് സംഭരണത്തിനും ചകിരി ഉത്പാദനത്തിനും ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ട്. തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക്, പച്ച തൊണ്ടിന് 25 പൈസയും ഉണക്ക തൊണ്ടിന് 15 പൈസയും ഇൻസെന്റീവായി നൽകുന്നുണ്ട്. കയർ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ അവർ നേരിട്ടോ ഏജൻസി മുഖാന്തരമോ സംഭരിച്ചാൽ 5000 തൊണ്ട് സംഭരിക്കുന്നവർക്ക് വാഹന വാടകയിനത്തിൽ 250 രൂപയും, കൂടുതലായി സംഭരിക്കുന്ന ആയിരം തൊണ്ടിന് 50 രൂപ എന്ന കണക്കിലും വാഹന വാടക നൽകുന്നതാണ്. അതുപോലെ ചെറുകിട ഡീഫൈബറിങ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ച് നൽകുമ്പോൾ പ്രതിദിന വേതനമായി 400 പച്ച തൊണ്ടിന് 160 രൂപയും,

കൂടുതലായി സംഭരിക്കുന്ന 50 പച്ച തൊണ്ടിന് 20 രൂപ വീതവും ഉണക്ക തൊണ്ടാണെങ്കിൽ 600 ഉണക്ക തൊണ്ടിന് 150 രൂപയും, കൂടുതലായി 100 ഉണക്ക തൊണ്ടിന് 25 രൂപയും വീതം നൽകുന്നതാണ്. അതുപോലെ ചകിരി ഉത്പാദിപ്പിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പച്ച തൊണ്ടിൽനിന്ന് ചകിരി ഉത്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് 3 രൂപ സബ്സിഡിയും ഉണക്ക തൊണ്ടിൽ നിന്ന് ചകിരി ഉത്പാദിപ്പിക്കുമ്പോൾ ഒരു കിലോയ്ക്ക് രണ്ട് രൂപ സബ്സിഡിയും നൽകുന്നു. ഡീഫൈബറിങ് വലിയ മെഷീനുകൾ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് 50000 രൂപ പ്രതിവർഷം മെയിന്റനൻസ് ചാർജ് കൊടുക്കും. പലയിടങ്ങളിലും വലിയ ഡീഫൈബറിങ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ മെയിന്റനൻസ് നടത്താൻ കഴിയുന്നില്ലായെന്ന പരാതികൾ പലപ്പോഴും വരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. 50000 രൂപ പ്രതിവർഷം മെയിന്റനൻസ് ഫീസ് എന്ന നിലയിൽ കൊടുക്കുകയാണ്. മിനി ഡീഫൈബറിങ് മെഷീനുകൾ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പതിനായിരം രൂപ പ്രതിവർഷം മെയിന്റനൻസ് ഗ്രാന്റ് നൽകുന്നതാണ്. അടിസ്ഥാന സൗകര്യമുള്ള സംഘങ്ങൾക്ക് മിനി ഡീഫൈബറിങ് മെഷീൻ പൂർണ്ണമായും സൗജന്യ നിരക്കിലും അതുപോലെ സ്വയം സഹായ

സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കും സബ്സിഡി നിരക്കിലും മിനി ഡീഫൈബറിങ് മെഷീനുകൾ നൽകുന്നതാണ്. ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളെല്ലാം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്ന കയർ സംഘങ്ങൾക്ക് മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി കൂടുതൽ ധനസഹായം നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കും. തൊഴിലാളികളുടെ കൂലി, പെൻഷൻ, എന്നിവ ഇരട്ടിയാക്കി. ഈ സർക്കാരിന്റെ കാലത്ത് 66000 കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് 144 കോടി രൂപ അനുവദിക്കുകയും തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കയറ്റുമതി 2009-10 -ൽ 9,92,000 രൂപയായിരുന്നത് 2014-15-ൽ 4,95,00,000 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉത്പന്നങ്ങളുടെ കയറ്റുമതി 2010-11 ൽ 807 കോടി രൂപയിൽ നിന്ന് 2013-14 ആയപ്പോൾ 1476 കോടി രൂപയായും ഏറ്റവും അവസാനത്തെ കണക്ക് വന്നപ്പോൾ 2014-15-ൽ 1630.34 കോടി രൂപയായും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുന്ന അവസരത്തിൽ 807 കോടി

രൂപയിൽ നിന്ന് അതിന്റെ ഇരട്ടിയിലധികം കയറ്റുമതി നടത്തുവാൻ കഴിഞ്ഞുവെന്ന് പറയുമ്പോൾ ഈ ഗവൺമെന്റിന്റെ നേട്ടമായി തന്നെ അത് കാണേണ്ടതായിട്ടുണ്ട്. 'കയർ കേരള'യുടെ വിജയകരമായ നടത്തിപ്പിലൂടെയും എക്സിബിഷനുകളിൽ പങ്കെടുത്തും ബയർ സെല്ലർ മീറ്റുകൾ നടത്തിയതിന്റെയും പരിണതഫലമായാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട എളമരം കരീമിന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ കയർ മേഖലയിൽ കോന്നിയെന്ന പ്രദേശത്ത്, ഇതൊന്നുമില്ലാത്തിടത്ത് ഇത് എന്തിന് നടത്തുന്നുവെന്നതിനെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചിട്ടാണ് പോയത്. കേൾക്കാൻ അദ്ദേഹമില്ലെങ്കിൽ പോലും ഇങ്ങനെയുള്ള മേഖലകളിൽ നടത്തുന്നതുകൊണ്ടാണ് കയർ ഉത്പന്നങ്ങൾ ഏറ്റവും കൂടുതൽ വിറ്റഴിക്കാനുള്ള സാഹചര്യങ്ങൾ കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. മുൻ വ്യവസായ വകുപ്പുമന്ത്രി കൂടിയായിരുന്ന ശ്രീ. എളമരം കരീമിനെപ്പോലുള്ള ആളുകൾ ഇത് ഉൾക്കൊള്ളുന്നില്ലായെന്ന് പറയുമ്പോൾ വലിയ കഷ്ടമാണെന്ന് മാത്രമേ പറയാൻ കഴിയുന്നുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കയർ ഫെഡ് ആകെ 1,23,300 ക്വിന്റൽ കയർ സംഭരിച്ചപ്പോൾ ഈ ഗവൺമെന്റിന്റെ കാലയളവിൽ ഇപ്പോൾ തന്നെ 2,71,000 ക്വിന്റൽ കയർ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2012-13-ൽ 49.21 ലക്ഷം രൂപയുടെയും 2013-14-ൽ

190.83 ലക്ഷം രൂപയുടെയും 2014-15-ൽ 181.51 ലക്ഷം രൂപയുടെയും ലാഭം ഉണ്ടാക്കാൻ കയർഫെഡിന് കഴിഞ്ഞിട്ടുണ്ട്. 2011-12-ൽ കയർ ഫെഡിന്റെ സഞ്ചിത നഷ്ടം 82.06 കോടി രൂപയായിരുന്നത് 2014-15-ൽ 77.85 കോടി രൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ കയർ കോർപ്പറേഷന് 2012-13-ൽ ഒരു കോടി ഇരുപത് ലക്ഷം രൂപയുടെയും 2013-14-ൽ ഒരു കോടി അമ്പത് ലക്ഷം രൂപയുടെയും 2014-15-ൽ ഒരു കോടി എൺപത്തിനാല് ലക്ഷം രൂപയുടെയും ലാഭം ഉണ്ടാക്കാനും, 2010-11-ൽ പത്തുകോടി അമ്പത്തിയാറ് ലക്ഷം രൂപയുടെ സഞ്ചിത നഷ്ടം ഉണ്ടായിരുന്നത് 2014-15-ൽ മൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷം രൂപയായി കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ഫോംമാറ്റിക്സ് ഇന്ത്യ ലിമിറ്റഡിന് 2014-15ൽ 22 ലക്ഷം രൂപയുടെ ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ കോർപ്പറേഷൻ 2007-08 മുതൽ 2010-11 വരെ പി.പി.എസ്. പദ്ധതി പ്രകാരം 160.18 കോടി രൂപയുടെ കയർ ഉത്പന്നങ്ങൾ സംഭരിച്ചപ്പോൾ 2011-12 മുതൽ 2015 ജൂൺ വരെ 330 കോടി രൂപയുടെ കയർ ഉത്പന്നങ്ങൾ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട ഉത്പാദക സഹകരണ സംഘങ്ങൾക്ക് പി.പി.എസ്. പദ്ധതി പ്രകാരം മൂന്ന് ശതമാനം ഇൻസെന്റീവും അഞ്ച് ശതമാനം എം.ഡി.എ.യും അനുവദിച്ചിട്ടുണ്ട്. കയർ മേഖലയിലെ സഹകരണ സംഘം

ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ചു. പ്രകൃതി ദത്ത നാരുകളുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും അന്താരാഷ്ട്ര മേളയായ 'കയർ കേരള' 2011 മുതൽ തുടർച്ചയായി സംഘടിപ്പിക്കുക വഴി വിദേശ ആഭ്യന്തര വിപണി ശക്തമാക്കാൻ സാധിച്ചിട്ടുണ്ട്. 2011-ൽ നടന്ന കയർ മേളയിൽ 47 വിദേശ പ്രതിനിധികൾ മാത്രമാണ് പങ്കെടുത്തതെങ്കിൽ 2015-ൽ 170 വിദേശ പ്രതിനിധികളാണ് മേളയിൽ പങ്കെടുത്തത്. കയർ തൊഴിലാളികളുടെ വേതന വർദ്ധനവിനെക്കുറിച്ച് ബഹുമാന്യനായ വർക്കല കഹാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത്, സഹകരണസംഘങ്ങളിലൂടെ എട്ട് മണിക്കൂർ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 90 - 100 രൂപ മാത്രം കൊടുത്തുകൊണ്ടിരുന്ന സ്ഥാനത്ത് അമ്പത് രൂപ കൂടി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി 150 രൂപയാക്കി നൽകി. എന്നാൽ ഇന്ന് 300 രൂപ അടിസ്ഥാന വേതനമാക്കി ഉയർത്താനുള്ള നിർദ്ദേശം കൊടുത്ത് അത് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. കയർ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമുതകുന്ന യന്ത്രങ്ങൾ NCRMI (National Coir Research Management Institute) ഇന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഒരു ദിവസം 3600 തൊണ്ട് വരെ ചകിരിയാക്കാൻ

സാധിക്കുന്ന ക്രഷറോട്ടുകൂടിയ മിനി ഡീഫൈബറിംങ് മെഷീനാണ് ആദ്യത്തേത്. അതുപൊലെ കയർ നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം വളരെ അധികം ലഘൂകരിക്കുന്നതിനും ഒരു ദിവസം രണ്ട് മീറ്റർ വീതിയിൽ 120 മീറ്റർ നീളത്തിൽ കയർഭ്രവസ്ത്രം നിർമ്മിക്കാൻ സാധിക്കുന്ന Pneumatic type loom ഉം രൂപകൽപ്പന ചെയ്തിട്ടുണ്ട്. കഴിഞ്ഞ 'കയർ കേരള'യിൽ അത് പ്രദർശിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി കയർ കേരളയുടെ ഉദ്ഘാടനത്തിന് വന്നപ്പോൾ എങ്ങനെയാണ് നെയ്തെടുക്കുന്നതെന്ന് അവിടെ നിന്നുകൊണ്ട് ന്യൂമാറ്റിക് മെഷീൻ പ്രവർത്തിപ്പിച്ച് കാണിച്ചുതന്നു. പുതിയ നൂതനമായ മാർഗ്ഗങ്ങളിലൂടെ കടന്നുപോകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയുവാൻ വേണ്ടി പറഞ്ഞതാണ്. ഇതുകൂടാതെ ചരിവുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനും മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും സാധ്യമാകുന്ന കയർ ജിയോ സെല്ലും എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. എൻ.സി.ആർ.എം.ഐ. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റീരിയർ ഡിസൈനേഴ്സുമായി ചേർന്ന് ശബ്ദ നിയന്ത്രണത്തിനുള്ള ആധുനികമായ രീതിയിലുള്ള കയർ ഉത്പന്നം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ വാണിജ്യവത്ക്കരണം പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആരംഭിക്കുന്നതിന് പ്രാരംഭ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും

ഓൺലൈൻ വിപണന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കയർ മേഖലയുടെ ആധുനികവൽക്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉപയുക്തമാകുന്ന പുതിയ ആശയങ്ങളും സാങ്കേതിക വിദ്യകളും വികസിപ്പിച്ചെടുക്കുന്നതിന് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ഇൻക്യുബേഷൻ സെൽ എൻ.സി.ആർ.എം.ഐ.യിൽ ആരംഭിക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 36000 തൊഴിലാളികൾക്ക് 110 -120 രൂപ നിരക്കിൽ പ്രതിദിന വേതനമായി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സർക്കാർ നൽകി. ഏതാണ്ട് 49 കോടി രൂപ ഇതിനോടകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന സഹകരണ ബാങ്കിൽ കയർഫെഡിനുണ്ടായിരുന്ന 80 കോടി രൂപയുടെ കടബാദ്ധ്യത തീർപ്പാക്കുന്നതിന് ഈ സർക്കാർ ധനസഹായം നൽകി. കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 40 കോടി രൂപ മുതൽമുടക്കുള്ള ഒരു ഫാക്ടറി സമുച്ചയം 2015 ഓഗസ്റ്റ് 19-ന് ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. ആലപ്പുഴയിൽ 25 കോടി രൂപ മുതൽമുടക്കുള്ള കയർ മെഷിനറി ഫാക്ടറി ഉല്പാദനക്ഷമമാക്കി. എൻ.സി.ആർ.എം.ഐ.-യുമായി രൂപകല്പന ചെയ്ത മിനി ഡീ-ഫൈവറിംഗ്

മെഷീനുകൾ കയർ മെഷിനറി ഫാക്ടറിയിൽ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരികയാണ്. ഇതുകൂടാതെ 5700 ഇലക്ട്രോണിക് റാട്ടുകൾ ഉല്പാദിപ്പിക്കുകയും സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ 16 കോടി രൂപ മുതൽമുടക്കി ആധുനിക രീതിയിലുള്ള പി.വി.സി. ടഫ്റ്റഡ് ഫാക്ടറി സ്ഥാപിക്കുന്നതാണ്. കയർ മേഖലയുടെ വികസനവും സംരക്ഷണവും ലക്ഷ്യമാക്കി പ്രോജക്ടുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി മലബാർ മേഖലയിൽ അനുവദിച്ച പ്രോജക്ടുകൾ നടപ്പിലാക്കുകയും ചിറയിൻകീഴ് മേഖലയിൽ പ്രോജക്ട് അനുവദിച്ചത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കയർ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറച്ചും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തൊഴിലും വേതനവും ലഭ്യമാക്കുന്നതിനുള്ള വിവിധതരം പദ്ധതികളാണ് ഈ സർക്കാർ അതീവ ശ്രദ്ധയോടെ നടപ്പിലാക്കിവരുന്നത്. കയർ മേഖലയിൽ ഇന്നലെകളിലുണ്ടായിരുന്ന പരാധീനതകൾ പരിഹരിച്ചു കൊണ്ടുപോകുന്നതിനുള്ള നടപടികൾ, കഴിഞ്ഞ നാല് വർഷക്കാലമായി ഈ ഗവൺമെന്റിന് നടപ്പാക്കുവാൻ കഴിഞ്ഞുവെന്ന അഭിമാനബോധത്തോടെയാണ് ഇന്ന് ഈ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട്

അതിനുള്ള മറുപടി ഞാനിവിടെ പറയുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഖാദി വ്യവസായത്തെ സംബന്ധിച്ച് മെമ്പർമാരാരും കാര്യമായിട്ടൊന്നും പറഞ്ഞിട്ടില്ല. ശ്രീ. സി. കൃഷ്ണനും ശ്രീ. ജോസ് തെറ്റയിലുമാണ് ഖാദി വ്യവസായത്തെക്കുറിച്ച് പറഞ്ഞത്. ശ്രീ. വർക്കല കഹാർ പറയുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ അദ്ദേഹം ഒന്നും പറഞ്ഞില്ല. കേന്ദ്രഖാദി കമ്മീഷൻ കഴിഞ്ഞ 15 മാസമായി (പുതിയ ഗവൺമെന്റ് വന്നതിനുശേഷം) സംഘടിപ്പിച്ചിട്ടില്ല. ഇന്ത്യയിലെ ഖാദികമ്മീഷന് ചെയർമാനുമില്ല കമ്മീഷണറുമില്ല. ഖാദി ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നേതൃത്വം കൊടുക്കുന്നതിനുംവേണ്ടി കാലാകാലങ്ങളിൽ ഇന്ത്യാ ഗവൺമെന്റ് സംഘടിപ്പിക്കുന്ന ഖാദികമ്മീഷൻ ഇപ്പോൾ നിലവിലില്ല. പക്ഷേ അവിടെ ഇല്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് ഖാദി വ്യവസായത്തിനുവേണ്ടി കഴിഞ്ഞ നാലുകൊല്ലവും വലിയ സാമ്പത്തിക സഹായം തന്ന് ആ വ്യവസായത്തെ നിലനിർത്താൻ ശ്രമിക്കുന്നുണ്ട്. ഖാദി കമ്മീഷൻ ഇപ്പോൾ ഖാദിക്ക് റിബേറ്റ് നിർത്തിയിരിക്കുകയാണ്. പക്ഷേ കേരളത്തിൽ റിബേറ്റ് നൽകുന്നുണ്ട്. ഇന്ത്യയിൽ കേരളത്തിനുമാത്രമാണ് ഖാദിക്ക്

റിബേറ്റ് തരുന്നത്. ഓണം പോലുള്ള വിശേഷ ദിവസങ്ങളിൽ ഖാദിക്ക് പ്രത്യേക റിബേറ്റ് തരുന്നതും കേരളത്തിൽ മാത്രമാണ്. അതുകൊണ്ട് കേരളത്തിൽ ഖാദി നല്ല രീതിയിൽ നിലനിൽക്കുകയാണ്. പക്ഷേ ഖാദിയുടെ വിൽപ്പന ഏകദേശം 120 കോടി രൂപയോളം എത്തിയിരിക്കുകയാണ്. അതനുസരിച്ചുള്ള ഉല്പാദനം വർദ്ധിക്കുന്നില്ല. അതിനുള്ള പ്രധാന കാരണം, തൊഴിലാളികളുടെ ജീവിത നിലവാരം വർദ്ധിക്കുന്നതോടൊപ്പം അവരുടെ ഉല്പാദന സാമഗ്രികളിൽ പുതിയരീതിയിലുള്ള മാറ്റങ്ങൾ വരുന്നില്ല. ഖാദി വ്യവസായത്തിൽ പഴയതുപോലെ തറിയും ചർക്കയുമൊക്കെയാണ് നിലനിൽക്കുന്നത്. പുതിയ രീതിയിലുള്ള ഉല്പാദന സാമഗ്രികൾ കൊണ്ടുവരുന്നതിന് കേരള ഗവൺമെന്റ് ഗോപിനാഥൻ നായർ ചെയർമാനായുള്ള കമ്മിറ്റിയെ വയ്ക്കുകയും ആ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് 120 കോടി രൂപയുടെ ഒരു പ്രോജക്ട് ഗവൺമെന്റിൽ കൊടുക്കുകയും ഗവൺമെന്റ് അത് അംഗീകരിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ 30 കോടി രൂപ അംഗീകരിക്കുകയും 2014-15- സാമ്പത്തിക വർഷം പതിനാലര കോടി രൂപ തരുകയും ചെയ്തു. അതനുസരിച്ച് പ്രൊഡക്ഷൻ രീതിയിൽ മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുപോകുകയാണ്. ഖാദി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിന് പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള

ചർക്കകളും തറികളും അത്യാവശ്യമാണ്. സ്ത്രീകളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. കൈകൊണ്ടാണ് അവർ പിരിക്കുന്നത്. അവരുടെ ജോലിഭാരം കൂടുതലാണ്. പവർ ഉപയോഗിക്കാമെന്ന തീരുമാനമെടുത്ത് കമ്മിറ്റി റിപ്പോർട്ട് തന്നിട്ടുണ്ട്. യാതൊരു കാരണവശാലും ഖാദി കമ്മീഷൻ സമ്മതിക്കുന്നില്ല. ഖാദിക്ക് റിബേറ്റ് തരുന്നില്ലെങ്കിലും ഖാദി ഉല്പാദനത്തിൽ എം.ഡി.എ. (മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റന്റ്) തരുന്നുണ്ട്. പക്ഷേ അതും കഴിഞ്ഞ ഒരു വർഷമായി തരുന്നില്ല. ഖാദി സ്ഥാപനങ്ങൾ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടിലാണ്. കേരളത്തിലെ തൊഴിലാളികൾക്ക് മിനിമം വേതനം കൊടുക്കുന്നുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ഇങ്ങനെ കൊടുക്കുന്നില്ല. അതിനും കേരളത്തിൽ പണം തരുന്നുണ്ട്. ഒരു വർഷം ഏകദേശം 22 കോടി രൂപ മുതൽ 25 കോടി രൂപ വരെ തരുന്നുണ്ട്. ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കുന്നത് കേരളത്തിൽ മാത്രമേയുള്ളു. അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗോപിനാഥൻ നായർ റിപ്പോർട്ടനുസരിച്ച് ഓരോ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതുകൊണ്ട് കുറെ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന്റെ വളരെയധികം സഹായമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും, വ്യവസായ വകുപ്പുമന്ത്രിയും, മുഖ്യമന്ത്രിയും

ഖാദി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ സഹായങ്ങളും തരുന്നുണ്ട്. ഖാദിയുടെ ഭാവി പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക വിദ്യകളൊക്കെ ഉപയോഗിക്കുമ്പോൾ പവർ ഉപയോഗിക്കാതെ സാധിക്കില്ല. പഴയ ശൈലിയിൽ നിന്ന് അതിനൊരു മാറ്റം വന്നില്ലെങ്കിൽ ഉല്പാദനത്തിനനുസരിച്ചുള്ള ജീവിതനിലവാരം ഉയർത്തുന്നതിനുള്ള സാമ്പത്തിക ഭദ്രത, ചിലപ്പോൾ കൂലി കൂടുതൽ കിട്ടാനുള്ള സാദ്ധ്യത കുറയും. അതുകൂടി പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടുകൂടി ഖാദി വ്യവസായത്തെ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

അതുപോലെ ഖാദിക്ക് ഇപ്പോൾ ടാക്സ് ഏർപ്പെടുത്തി. ഇന്ത്യയിൽ ഒരു സ്ഥലത്തും ഖാദിക്ക് ടാക്സ് ഏർപ്പെടുത്തിയിട്ടില്ല. ദയവായി ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്തിച്ചേരണം. ഇതിനൊന്നും ടാക്സ് പാടില്ല. ഇത് നല്ല രീതിയിൽ കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പാരമ്പര്യമായിട്ടുള്ളതും സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടുള്ളതാണ് ഖാദി. അതിനെ നിലനിർത്താനുള്ള ചുമതല യു.ഡി.എഫ്. സർക്കാരിനുണ്ട്. കാലാകാലങ്ങളിലുള്ള ഗവൺമെന്റുകളൊക്കെ അത് പരിഹരിച്ചുപോകുന്നുമുണ്ട്. ഈ ഗവൺമെന്റും അത് പരിഹരിച്ചുപോകുമെന്ന് ഞാൻ

പ്രതീക്ഷിക്കുന്നു. ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളൊക്കെ ഖാദി മേഖലയിൽ വളരെ നല്ല രീതിയിൽ ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഖാദി മേഖലയിൽ മൂവായിരത്തോളം ആളുകൾക്ക് പുതുതായി തൊഴിൽ കൊടുത്തിട്ടുണ്ട്. ഇനിയും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും. സാങ്കേതികവിദ്യ യുപയോഗിച്ച് ജോലിക്കാർക്ക് ആശ്വാസം കൊടുക്കത്തക്ക രീതിയിലുള്ള പ്രവർത്തനം നടത്തുമ്പോൾ ഈ വ്യവസായത്തെ കുറേക്കൂടി നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അതിന് ഗവൺമെന്റ് എല്ലാ പ്രോത്സാഹനവും നൽകുന്നുണ്ട്. ഇനിയും അത് ലഭിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ അവസാനിപ്പിക്കുന്നു.

## 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

മി. സ്പീക്കർ: വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥന, ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥന, പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥന, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥന, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന, പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | |
|---|---|---|---|---|
| ധനാഭ്യർത്ഥന | ധനാഭ്യർത്ഥനയുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | ആകെ (രൂപ) |

| നമ്പർ | | ത്തുക<br>റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ രൂപ | മൂലധനം (രൂപ) | |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXXVII | വ്യവസായങ്ങൾ | 147,25,97,000 | 194,97,33,000 | 294,51,93,000 | 389,94,68,000. | 684,46,61,000 |
| I | സംസ്ഥാന നിയമസഭ | 29,38,55,000 | -- | 58,77,09,000 | -- | 58,77,09,000 |
| IV | തെരഞ്ഞെടുപ്പുകൾ | 37,41,49,000 | -- | 74,82,98,000 | -- | 74,82,98,000 |
| X | ട്രഷറികളും അക്കൗണ്ടുകളും | 79,34,55,000 | -- | 158,69,11,000 | -- | 158,69,11,000 |
| XVI | പെൻഷനും പലവകയും | 6070,97,01,000 | -- | 12141,94,02,000 | -- | 12141,94,02,000 |
| XXIII | വാർത്താ വിതരണവും പ്രചരണവും | 23,51,06,000 | 4,15,01,000 | 47,02,13,000 | 8,30,01,000 | 55,32,14,000 |
| XXVIII | പലവക സാമ്പത്തികസർവ്വീസു | 46,97,60,000 | 696,29,36,000 | 93,95,20,000 | 1392,58,71,000 | 1486,53,91,000 |

| | | | | | | |
|---|---|---|---|---|---|---|
| | കൾ | | | | | |
| **XLIII** | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2164,34,98,000 | -- | 4328,69,95,000 | -- | 4328,69,95,000 |
| **XLV** | പലവക വായ്പകളും മുൻകൂറുകളും | -- | 73,60,21,000 | -- | 147,20,43,000 | 147,20,43,000 |

<u>മി. സ്പീക്കർ:</u> സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016

സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 22-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.43-ന് പിരിഞ്ഞു).

***********